# CATECHISM

OF

# MALAYALAM GRAMMAR

BY

H. GUNDERT, D. Ph.

REVISED, RE-ARRANGED, ENLARGED, AND TRANSLATED

BY

L. GARTHWAITE

# മലയാള വ്യാകരണ

ചോദ്യോത്തരം

PUBLISHED BY ORDER OF THE
DIRECTOR OF PUBLIC INSTRUCTION

CANNANORE
GOVERNMENT BOOK-DEPOT
1867

A

# CATECHISM

OF

# MALAYALAM GRAMMAR

BY

H. GUNDERT, D. Ph.

REVISED, RE-ARRANGED, ENLARGED AND TRANSLATED

BY

L. GARTHWAITE

UNIV. BIBL. TÜBINGEN

വ്യാകരണ

# ചോദ്യോത്തരം

PUBLISHED BY ORDER OF THE
DIRECTOR OF PUBLIC INSTRUCTION

MANGALORE
PRINTED BY PLEBST & STOLZ, BASEL MISSION PRESS
1867

Ci XIV 68 c

# LIST OF ERRATA (ENGLISH.)

N. B. It is particularly requested that the following errors may be corrected before the book is used.

This is especially necessary in schools.

(Some merely typographical errors of an unimportant nature are not noticed here.)

| Answer | Line | Instead of | Read |
|---|---|---|---|
| 86 | 3 | ni | ní. |
| 109 | 13, 14, 15 | kuṭikkavór, kuṭikkava, kuṭikkavír, kuṭikkavam | kuṭikkuvór, kuṭikkuva, kuṭikkuvír, kuṭikkuvam. |
| 117 | 1 | After crude-forms ending in r, ru, zhu | After crude-forms of strong verbs ending in r, ru, zhu. |
| 120 | (question) | Is 'tu' affixed to form &c. nasals | Has 'tu' ever a nasal prefixed. |
| 121 | 2 | Ending in 'a' | Ending in labial 'a'. |
| 123 | (question) | ra, la, ṟa, zha, ḷa | r, l, ṟ, zh, ḷ. |
| 123 | 8 | tín | tin. |
| 123 | 12 | pukaṇṇu (pukaḷnnu) (=spat) | pukaṇṇu (pukaḷnnu) (=praised). |
| 125 | (heading) | | [Omit "Weak Verb"]. |
| „ | „ | | [Omit "Strong Verb"]. |
| 135 | 6 | pulling | putting. |

| Answer | Line | Instead of | Read |
|---|---|---|---|
| 140 | 5 | 'varunnu' | 'varunna'. |
| 140 | 8 | 'varunnu' | 'varunna'. |
| 147 | 1 | (=ákil) | (=ákil, if I etc. be). |
| 149 | 7 | ákilum (=if I etc. be) | ákilum (=although I etc. be). |
| 157 | page 114 (plu. num.) | 3rd person Mas. | 3rd person Mas. & Fem. |
| 157 | „ 116 | cheyyáyvu | cheyyá. |
| 157 | „ 116 | 3rd person Mas. | 3rd person Mas. & Fem. |
| 163 | line 5 | Verbal personal noun | Participial noun. |
| 189 | „ 10 | | [Omit "ular (=dry)"]. |
| 204 | „ 11 | feed | food. |
| 226 | „ 7 | (done or suffered) or | done or suffered by, or. |
| 229 | „ 4 | kollappeṭṭŭ | kollappeṭṭu. |
| 233 | „ 5-6 | | [Omit "kaḷichchum puḷachchum irunnu (=they played and amused themselves)"]. |
| 239 | „ 36 | here | hither. |
| 243 | „ 15 | avannu | avannáy. |
| 266 | „ 14 | her | his. |
| 280 | „ 7 | conditional | subjunctive. |
| Parsing. | page 138 | kaṇṭu (=having seen) | kaṇṭa (=when they saw). |
| Do. | „ 288 | agrajan (=elder brother) | agrajan (=the elder brother). |
| Do. | „ 288 | verb 'chonnán' | verb-predicate 'chonnán. |
| Do. | „ 288 | verb 'alla' | predicate 'sugrahanmár.. |
| Do. | „ 296 | infinitive of | infinitive verb-predicate of. |
| Analysis. | „ 316 | (choll) m | (choll)ám. |

# ശുദ്ധപത്രം.

☞ എഴുത്തുപള്ളികളിൽ ഠരം പുസ്തകം വായിക്കുന്നതിന്നുമുമ്പെ താഴെ കാണിച്ച അബദ്ധങ്ങളെ തെററ തീൎക്കേണ്ടത അത്യാവശ്യം.

| ഉത്തരം | മേൽ വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 83 | 13 | അന്തങ്ങൽ | അന്തങ്ങൾ |
| 121 | 1 | വിശേഷാൽ 'അ' | വിശേഷാൽ ഓഷ്ഠ്യ 'അ' |
| 125 | 1 | അബലം | [എന്നിവയെവ വിടെണം] |
| 125 | 6 | ബലം | |
| 158 | 2 | തന്നെ· ഊനക്രിയകൾ | തന്നെ ഊനക്രിയകൾ |
| 189 | 5 | ഉലർ | [എന്നതിനെവിടെണം] |
| 222 | 3 | നാലു | മൂന്നു |
| 233 | 4 | കളിച്ചും പുളച്ചും ഇരുന്നു | [എന്നതിനെവിടെണം] |
| 244 | 8 | ത്ര | അതുകൊണ്ടു |
| 244 | 9—10 | ത്രതുകൊണ്ടു | [എന്നതിനെ വിടെണം] |
| 256 | 8 | 'പകൽ' കകളന്നവനെ; 'രാത്രി' കണ്ടാൽ | 'പകൽ' കാക്കുന്നവനെ 'രാത്രി' കണ്ടാൽ |
| 269 | — | പകരമായാൻ സഹായമായാൻ | പകരമായ്യാൻ സഹായമായ്യാൻ |
| 306 | 7 | അനുവാദകാൎത്ഥക 'ഇ', 'ഉം' | അനുവാദകാൎത്ഥക ഈ 'ഉം' |

| ഉത്തരം | മേൽ വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| | ഭാഗം | | |
| | 115ാം ഭാഗം (ബ: വ:) | പു: പ്ര: | പു: സ്ത്രീ: പ്ര: |
| | 117ാം ഭാ: | ചെയ്യായ്യു | ചെയ്യാ |
| | 117ാം ടി | പു: പ്ര: | പു: സ്ത്രീ: പ്ര: |
| | 135ാം ടി | ക്രിയാപരിച്ഛേദന രീതി | പദപരിച്ഛേദനരീതി |
| വ്യാകരിക്കൽ | 139ാം ടി | കുണ്ടു | കു'ണ്ടു' |
| ടി | 293ാം ടി | എന്നല്ലതുതിന്നു ഇക ൎമ്മാകുന്നു | എന്നല്ലതു ഇതിന്നു കൎമ്മാകുന്നു |
| ടി | 295ാം ടി | ക്രിയാനാമം ഏ: വ: | ക്രിയാനാമം നപു: ഏ: വ: |

1. Complaints have been numerous from both teachers and pupils that the former editions of this grammar were exceedingly difficult to understand. It has therefore been carefully and fully revised, a large part of it re-written, the whole of it re-arranged, and considerable additions have been made, so that it is now almost a new work. Besides this, an explanatory translation has been given. It is hoped that the work as it now stands will be found adapted to use in schools, and that most of the obscurities before complained of will have disappeared. One of the most perplexing of these was the difficulty of determining what were indeclinables (അവ്യയങ്ങൾ) and what were not, on which subject the editor has endeavoured by a rigorous application of the definition to make the doctrine clear. And it may here be stated that the doctrine, on this point, of this smaller grammar is that of Dr. Gundert's large Grammar, but distinctly stated and strictly carried out. Of course for the work as it now stands, the reviser alone must be considered responsible.

2. Those accustomed to the grammars of European tongues only, must remember that Malayálam, belonging to quite another family of languages, must necessarily present many contrasts to the grammatical systems with which they have hitherto been familiar. The very fact that there are only three parts of speech in the language instead of nine, is one of those contrasts, and the cause

of many others still more startling. For the usages by which the language is enabled to dispense with adjectives and adverbs, the reader may consult among other places the questions on adnounal participles and questions 221 and 238 seqq. and for those by which the want of prepositions and conjunctions is supplied questions 268 and 310 seqq. So in analysing sentences it will be found that the use of nouns and verbs to supply the place of other parts of speech often makes the number of sentences in a Malayálam period greater than it would be in an English period expressing the same ideas, since every verb which has a separate subject, makes a separate sentence, either principal or subordinate. This is the only rule that can be relied on in the analysis of Malayálam sentences. Nor can it be confined as in English, to finite verbs, for the genius of the language tends to long periods in which one solitary finite verb comes at the end only.

3. The examples in the original work from their brevity and the ambiguity caused by want of their context were often very difficult to translate, and some renderings will no doubt be found capable of amendment.

4. Many errors escaped notice till it was too late to correct them. These are noticed in the errata, and it is requested that the corrections indicated may be made before the work is used.

*L. G.*

A

CATECHISM OF

# Malayalam Grammar

---

## I. ORTHOGRAPHY.

1. Of how many kinds are the Malayálam letters?
Two, Vowels and Consonants.

2. Which are the vowels?
a, á, i, í, u, ú, ru, lu, e, é, ei, o, ó, au, am, ah.

3. How many of these are short?
The following seven are short vowels: a, i, u, ru, lu, e, o.

4. How many of these are long?
The following seven are long: á, í, ú, é, ei, ó, au.
The two long vowels rú, lú occur only in Sanskrit.

# മലയാള വ്യാകരണ

## ചോദ്യോത്തരം.

---

### I. അക്ഷരകാണ്ഡം.

1. മലയാള ഭാഷയുടെ അക്ഷരങ്ങൾ എത്ര വിധം ഉള്ളവ?
സ്വരങ്ങൾ ആകുന്ന ഉയിരുകൾ, വ്യഞ്ജനങ്ങൾ ആകുന്ന മെയ്യുകൾ ഈ രണ്ടു വിധം ഉള്ളവ.

2. സ്വരങ്ങൾ ആകുന്ന ഉയിരുകൾ ഏവ?
അ, ആ, ഇ, ഈ, ഉ, ഊ, ഋ, ഌ, എ, ഏ, ഐ, ഒ, ഓ, ഔ, അം, അഃ, ഈ പതിനാറും സ്വരങ്ങൾ തന്നെ.

3. ഇവററിൽ ഹ്രസ്വങ്ങൾ ആകുന്നതു എത്ര?
അ, ഇ, ഉ, ഋ, ഌ, എ, ഒ, ഈ ഏഴും ഹ്രസ്വങ്ങൾ തന്നെ.

4. ദീൎഘങ്ങൾ ആകുന്നതു എത്ര?
ആ, ഈ, ഊ, ഏ, ഐ, ഓ, ഔ, ഈ ഏഴും ദീൎഘങ്ങൾ ആകുന്നു. ൠ, ൡ, ഈ രണ്ടു ദീൎഘങ്ങൾ സംസ്കൃതത്തിൽ മാത്രം നടപ്പു.

5. Which are the semi-consonants?
'Am' and 'ah'.

6. How many consonants are there?

ka, kha, ga, gha, n̲g̲a,
cha, chha, ja, jha, ńa,
ṭa, ṭha, ḍa, ḍha, ṇa,
ta, tha, da, dha, na,
pa, pha, ba, bha, ma,
ya, ra, r̥a, la, va, zh̲a, ḷa.
ša, sha, sa, ha, ksha.

These thirty-seven are consonants.

7. Of these consonants how many are pure Dravidian letters?

ka, cha, ṭa, ta, pa, r̥a,
n̲g̲a, ńa, ṇa, na, ma, (n),
ya, ra, la, va, zh̲a, ḷa.

These eighteen are pure Dravidian letters.

8. How many of these are Sanskrit letters?

| | |
|---|---|
| kha, ga, gha, | tha, da, dha, |
| chha, ja, jha, | pha, ba, bha, |
| ṭha, ḍa, ḍha, | ša, sha, sa, ha, ksha. |

These twenty are Sanskrit letters.

---

N. B. The short vowel 'a' is inherent in all consonants that have not any other vowel expressed. Hence these so-called letters are really syllables. Consonants destitute of a following vowel have another form.

5. വ്യഞ്ജന ശക്തി കലൎന്നിരിക്കുന്ന സ്വരങ്ങൾ ഏവ?

ഋ, ൠ ഈ രണ്ടത്രെ.

6. വ്യഞ്ജനങ്ങൾ എത്ര?

ക, ഖ, ഗ, ഘ, ങ,
ച, ഛ, ജ, ഝ, ഞ,
ട, ഠ, ഡ, ഢ, ണ,
ത, ഥ, ദ, ധ, ന,
പ, ഫ, ബ, ഭ, മ,
യ, ര, റ, ല, വ, ഴ, ള,
ശ, ഷ, സ, ഹ, ക്ഷ

ഈ മുപ്പത്തേഴും വ്യഞ്ജനങ്ങൾ തന്നെ.

7. ഈ വ്യഞ്ജനങ്ങളിൽ തമിഴക്ഷരങ്ങൾ ആകുന്നു എത്ര?

ക, ച, ട, ത, പ, റ,
ങ, ഞ, ണ, ന, മ, ഩ,
യ, ര, ല, വ, ഴ, ള,

ഈ പതിനെട്ടും തമിഴക്ഷരങ്ങൾ തന്നെ.

8. സംസ്കൃതാക്ഷരങ്ങൾ ആകുന്നു എത്ര?

| | |
|---|---|
| ഖ, ഗ, ഘ | ഥ, ദ, ധ, |
| ഛ, ജ, ഝ | ഫ, ബ, ഭ, |
| ഠ, ഡ, ഢ | ശ, ഷ, സ, ഹ, ക്ഷ |

ഈ ഇരുപതും സംസ്കൃതാക്ഷരങ്ങൾ തന്നെ.

9. Which are the surd letters?

ka, cha, ṭa, ta, pa. These are the surds.

10. Which are the aspirated surds?

kha, chha, ṭha, tha, pha. These five are aspirated surds.

11. Which are the sonants?

ga, ja, ḍa, da, ba. These five are sonants.

12. Which are the aspirated sonants?

gha, jha, ḍha, dha, bha. These five are aspirated sonants.

13. What are the first twenty-five consonants called?

They are called the Sanskrit-*vargas*, each containing five letters respectively.

14. Which are the gutturals?

ka, kha, ga, gha, n̲g̲a. As these five sounds are formed in the throat (=Latin *guttur*) they are called gutturals.

15. Which are the palatals?

cha, chha, ja, jha, and ńa. As these five are formed at the palate they are called palatals.

16. Which are the cerebrals?

ṭa, ṭha, ḍa, ḍha, ṇa, ḷa, sha, z̲h̲a. As these eight are formed at the back of the roof of the mouth (near the *cerebrum*) they are called cerebrals.

9. ഖരങ്ങൾ ആകുന്നവ ഏവ?

ക, ച, ട, ത, പ, ഇവ ഖരങ്ങൾ ആകുന്നു.

10. അതിഖരങ്ങൾ ആകുന്നവ ഏവ?

ഖ, ഛ, ഠ, ഥ, ഫ, ഇവ അഞ്ചും അതിഖരങ്ങൾ.

11. മൃദുക്കൾ ആകുന്നവ ഏവ?

ഗ, ജ, ഡ, ദ, ബ, ഇവ അഞ്ചും മൃദുക്കൾ.

12. ഘോഷങ്ങൾ ആകുന്നവ ഏവ?

ഘ, ഝ, ഢ, ധ, ഭ, ഇവ അഞ്ചും ഘോഷങ്ങൾ തന്നെ.

13. ഒന്നാമത്തെ 25 വ്യഞ്ജനങ്ങൾക്കു എന്തുപേർ നടക്കുന്നു?

അവ ഐയ്യഞ്ചു എഴുത്തുകൾ ഉള്ള സംസ്കൃത വർഗ്ഗങ്ങൾ അഞ്ചും.

14. കണ്ഠ്യങ്ങൾ ഏവ?

ക, ഖ, ഗ, ഘ, ങ, ഈ അഞ്ചും തൊണ്ടയാകുന്ന കണ്ഠത്തിൽ നിന്നു ജനിക്കയാൽ കണ്ഠ്യങ്ങൾ എന്നവ തന്നെ.

15. താലവ്യങ്ങൾ ഏവ?

ച, ഛ, ജ, ഝ, ഞ, ഈ അഞ്ചും താലു ആകുന്ന അണ്ണാക്കിൽനിന്നു ജനിക്കയാൽ, താലവ്യങ്ങൾ എന്നവ.

16. മൂർദ്ധന്യങ്ങൾ ഏവ?

ട, ഠ, ഡ, ഢ, ണ, ള, ഷ, ഴ, ഈ എട്ടും മൂർദ്ധാവിൽ നിന്നു ജനിക്കയാൽ മൂർദ്ധന്യങ്ങൾ എന്നവ.

17. Which are the dentals?

ta, tha, da, dha, na. These five being formed between the teeth are called dentals.

18. Which are the labials?

pa, pha, ba, bha, ma. As these five are formed by the use of the lips they are called labials.

19. Which are the semi-vowels?

'ya, va' are semi-vowels in consequence of their having a connection with the two classes of vowels i, e, etc. and u, o, etc.

20. Which are the liquids?

ra, la, r̥a, z̲h̲a and ḷa. These five are liquids.

21. Which are the sibilants?

ša, sha, sa, ha, ksha. These five are sibilants.

22. Which are the nasals?

n̲g̲a, ńa, ṇa, na, (n), ma. These five (or six) are called nasals, their sound coming from the nose.

23. Which are the palatal vowels?

i, í, e, é, ei, palatal a. These six are palatal vowels.

24. Which are the labial vowels?

17. ദന്ത്യങ്ങൾ ഏവ?

ത, ഥ, ദ, ധ, ന, ഈ അഞ്ചും പല്ലുകളുടെ ഇടയിൽനിന്നു ജനിക്കയാൽ ദന്ത്യങ്ങൾ എന്നവ.

18. ഓഷ്ഠ്യങ്ങൾ ഏവ?

പ, ഫ, ബ, ഭ, മ, ഈ അഞ്ചും ഓഷ്ഠം ആകുന്ന അധരപ്രയോഗം കൊണ്ടു ജനിക്കയാൽ ഓഷ്ഠ്യങ്ങൾ എന്നുള്ളവ.

19. ഉയിർവ്യഞ്ജനങ്ങൾ ഏവ?

യ, വ, ഈ രണ്ടിന്നും, ഇ, ഏ, എന്നും, ഉ, ഒ, എന്നും ഇങ്ങിനെ രണ്ടു വിധം സ്വരങ്ങളോടു സംബന്ധം ഉണ്ടാകയാൽ ഉയിർവ്യഞ്ജനങ്ങൾ തന്നെ.

20. രലാദികൾ ഏവ?

ര, ല, റ, ഴ, ള, ഈ അഞ്ചും രലാദികൾ തന്നെ.

21. ഊഷ്മാക്കൾ ഏവ?

ശ, ഷ, സ, ഹ, ക്ഷ, ഇവ അഞ്ചും ഊഷ്മാക്കൾ.

22. അനുനാസികങ്ങൾ ഏവ?

ങ, ഞ, ണ, ന (ൻ) മ, ഈ അഞ്ചോ ആറോ മൂക്കിനെ ആശ്രയിച്ചതാകകൊണ്ടു അനുനാസികങ്ങൾ എന്നു വരും.

23. താലവ്യസ്വരങ്ങൾ ഏവ?

ഇ, ഈ, എ, ഏ, ഐ, താലവ്യ അ, എന്നു ഈ ആറും താലവ്യസ്വരങ്ങൾ തന്നെ.

24. ഓഷ്ഠ്യസ്വരങ്ങൾ ഏവ?

The labial vowels are the six following: u, ú, o, ó, and 'au' and labial 'a'.

25. How many kinds are there of the letter 'a'?

Two, viz. pure 'a' and palatal 'a'. The final 'a' in 'nalla', 'pala', 'tara' is pure 'a'. The final 'a' which is heard in 'par̥a', 'aṇa', 'tala' etc. is the Malayálam palatal 'a', which in Tamil would be written 'ei' (parei, aṇei, talei). When any addition is made to the word this 'a' may become 'e'.

Ex: talekku, malekkal, aṇechchu, (but par̥aññu).

26. How many kinds are there of the letter 'u'?

Two, viz. full 'u' and half 'u'.

Ex: šišu, teru, vannu; in these and similar words, the final 'u' has its full sound; the half 'u' occurs also at the end of words; on account of its shortness some people when writing omit it.

Ex: kaṇ, kaṇṇu, kaṇṇa. If an accent be written above the usual form for the half 'u' this letter will be sufficiently indicated. In poetry it is always written just like full 'u'.

Ex: atu pozhutu víṇu marichchu,
*read* atŭ pozhutŭ víṇŭ marichchu.

27. Are there any peculiarities in the pronunciation of the other vowels?

The letter 'a', in 'an', 'ar', and with 'ga', 'ja', 'ḍa', 'da', 'ba' etc. or their aspirates, as well as with the

ഉ, ഊ, ഒ, ഓ, ഔ, ഓഷ്ഠ്യ അ, ഠം ആറും ഓഷ്ഠ്യസ്വരങ്ങൾ തന്നെ.

25. അകാരം എത്രവിധം ഉള്ളതു?

ശുദ്ധ അകാരം താലവ്യാകാരം ഠം രണ്ടു വിധം ഉള്ളതു; 'നല്ല,' 'പല,' 'തര' എന്നിങ്ങിനെയുള്ള അകാരങ്ങളിൽ ആന്ത്യസ്വരം ശുദ്ധ അകാരം തന്നെ; 'പറ,' 'അണ,' 'തല' ഇത്യാദികളിൽ തമിഴിൽ ഐകാരവും മലയാഴ്മയിൽ താലവ്യാകാരവും കാണുന്നു; പദത്തെ നീട്ടിയാൽ അതു എകാരമായിമാറും.

ഉ-ം. 'തലെക്കു', 'മലെക്കൽ', 'അണെച്ചു' (എന്നാലും 'പറഞ്ഞു')

26. ഉകാരം എത്രവിധം ഉള്ളതു?

മുററുകാരം, അരയുകാരം ഠം രണ്ടുവിധം ഉള്ളതു.

ഉ-ം. 'ശിശു', 'തെരു', 'വന്നു', ഇങ്ങിനെ ചില പദങ്ങളിൽ മുററുകാരം കേൾക്കുന്നു: അരയുകാരം എന്നതു അതിന്റെ ഹ്രസ്വത നിമിത്തം ചിലരുടെ എഴുത്തിൽ ലോപിച്ചു പോകുന്നതുണ്ടു:

ഉ-ം. 'കൺ', കണ്ണു', 'കണ്ണു', 'കണ്ണ്', മിത്തൽ തൊട്ടുകുറിച്ചാലും മതി.

പാട്ടിൽ നിത്യം മുററുകാരം പോലെ തന്നെ എഴുതുമാറുണ്ടു.

ഉ-ം. അതു-പൊഴുതു വീണു മരിച്ചു.

27. മററു സ്വരങ്ങളുടെ ഉച്ചാരണത്തിൽ ഏതു വിശേഷമെങ്കിലും ഉണ്ടോ?

അകാരം 'അൻ,' 'അർ' എന്നതിലും 'ഗ,' 'ജ,' 'ഡ,' 'ദ,' 'ബ' എന്നവകളോടും അവകളുടെ ഘോ

letters 'ya', 'ra', and 'la', takes a palatal sound near to that of the vowel 'e'.

Ex: 'gajapati' is pronounced nearly the same as 'gejapati'

| | | | | |
|---|---|---|---|---|
| 'janmi' | „ | „ | „ | 'jenmi' |
| 'daridran' | „ | „ | „ | 'deridren' |
| 'yati' | „ | „ | „ | 'yeti' |
| 'rati' | „ | „ | „ | 'reti' |
| 'lata' | „ | „ | „ | 'leta' |

28. What peculiarity is there in the pronunciation of the letter 'a' when it connected with the labials, and the letter 'am' when it comes at the end of a word?

'A' when connected with labials is pronounced nearly like 'o', and 'am' when it comes at the end of a word is pronounced nearly like 'om'.

Ex: 'amšam' is pronounced nearly the same as 'amšom'

| | | | | |
|---|---|---|---|---|
| 'bahu' | „ | „ | „ | 'bohu' |
| 'nammuṭe' | „ | „ | „ | 'nommuṭe' |

29. How are 'e' and 'o' pronounced when they stand at the beginning of a word?

When they stand at the beginning of a word they are pronounced like 'ye' * and 'wo' respectively.

Ex: 'ellám' pronounced like 'yellám'; 'oru' as if 'woru'.

* This applies to the long 'é' also which is pronounced 'yé'.

ഷങ്ങളോടൊ, 'യ,' 'ര,' 'ല' എന്നവകളോടൊ, ചേൎന്നിരിക്കുമ്പോൾ 'എ' സ്വരത്തിന്നു അധികം അടുത്തതായ ഒരു താലവ്യസ്വരത്തിൽ ഉച്ചരിക്കുന്നു.

ഉ-ം. 'ഗജപതി' എന്നതു 'ഗെജപതി' എന്നപോലെ ഉച്ചരിക്കേണ്ടതു.

| | | | | | |
|---|---|---|---|---|---|
| 'ജന്മി' | ,, | 'ജെന്മി' | ,, | ,, | ,, |
| 'മരിച്ചവൻ' | ,, | 'മെരിച്ചെവൻ' | ,, | ,, | ,, |
| 'യതി' | ,, | 'യെതി' | ,, | ,, | ,, |
| 'രതി' | ,, | 'രെതി' | ,, | ,, | ,, |
| 'ലത' | ,, | 'ലെത.' | ,, | ,, | ,, |

28. ഓഷ്ഠ്യങ്ങളോടു സംബന്ധിച്ചു വരുന്ന 'അ'കാരത്തിന്റെയും, പദാന്തത്തിൽ ഇരിക്കുന്ന 'അം' എന്നതിന്റെയും, ഉച്ചാരണത്തിൽ എന്തു വിശേഷം ഉണ്ടു?

ഓഷ്ഠ്യങ്ങളോടു സംബന്ധിച്ചു വരുന്ന അകാരത്തിൽ 'ഒ' കാരം സംശ്രയിച്ച സ്വരം കേൾക്കുന്നതുണ്ടു; പദാന്തത്തിൽ ഇരിക്കുന്ന 'അം' ഏകദേശം 'ഒം' എന്നതിന്റെ ശബ്ദത്തെ പോലെയും ഉച്ചരിക്കേണ്ടതാകുന്നു.

ഉ-ം. 'അംശം' എന്നതു ഏകദേശം 'അംശൊം' എന്നപോലെ.

| | | | | |
|---|---|---|---|---|
| 'ബഹു' | ,, | ,, | 'ബൊഹു' | ,, |
| 'നമ്മുടെ' | ,, | ,, | 'നൊമ്മുടെ.' | ,, |

29. വാക്കിന്റെ ആദ്യം 'എ' 'ഒ' ഉണ്ടായിരുന്നാൽ ഉച്ചരിക്കേണ്ടതു എങ്ങിനെ?

ഒരു വാക്കിന്റെ ആദ്യം 'എ' ആയിരുന്നാൽ ആയു 'യെ' എന്നതു പോലെ ഉച്ചരിക്കേണ്ടതാകുന്നു.

(ഉ-ം. എല്ലാം='യെല്ലാം'.) വാക്കിന്റെ ആദ്യത്തിൽ വരുന്ന 'ഒ' 'വോ' എന്നതു പോലെ ശബ്ദിക്കുന്നു.

(ഉ-ം. ഒരു=വൊരു)

30. How are 'i' and 'u' pronounced when they stand before ṭa, ṉa, la, ḷa, ṟa, zha?

'I' and 'u' when they stand before 'ṭa', 'ṉa', 'la', 'ḷa', 'ṟa', 'zha' (N. B. with a following 'a') are cerebralized and pronounced more like 'e' and 'o'.

Ex: 'iṭam' is pronounced 'yeṭam',

uṟappu „ oṟappu.

31. In how many ways are surds pronounced?

In two ways; the five surds have their proper pronunciation, only when they stand at the beginning of a word, or when they are doubled.

Ex: kal, chakka, ṭankam, tachchan, paṭṭar, pattu, tappu.

32. How are surds pronounced when they stand in the middle of a word?

They are pronounced like the corresponding sonants.

Ex: 'vaka' is pronounced 'vaha', *

arachu „ araṡu,

shaḍanggam „ (derivative form = shaṭangngu),

atu „ adu.

So also 'pápam' may also be pronounced 'pávam'.

33. What are the consonants called when they are not followed by a vowel?

The forms which the consonants ṉ, n, r, l, ḷ assume when the inherent vowel is suppressed are called (in Malayálam) half-letters.

34. What peculiarity is there in the half 'l'?

* N. B. *Gh*, representing the sonant of the German or Scotch 'ch' would more nearly represent this sound to a European.

30. ട, ണ, ല, ള, റ, ഴ എന്നവകളുടെ മുമ്പെ ഇരിക്കുന്ന ഇ, ഉ, എന്നവകൾ ഉച്ചരിക്കുന്നതു എങ്ങിനെ?

അവകൾ മൂൎദ്ധന്യസ്വരങ്ങളായി, 'എ' 'ഒ' എന്നവകളുടെ ഉച്ചാരണം കലൎന്നിട്ടു ശബ്ദിച്ചുവരും.

ഉ-ം. 'ഇടം' എന്നതു 'യെടം' എന്നുച്ചരിക്കുന്നു.
'ഉറപ്പു' ,, ഒറപ്പു. ,, ,,

31. ഖരങ്ങൾക്കു എത്ര ഉച്ചാരണങ്ങൾ ഉണ്ടു?

രണ്ടുണ്ടു; അഞ്ചുഖരങ്ങൾക്കും പദാദിയിലും ദ്വിത്വത്തിലും മാത്രമെ പൂൎണ്ണമായ ഉച്ചാരണം വരൂ.

ഉ-ം. കൽ, ചക്ക, ടങ്കം, തച്ചൻ, പട്ടർ, പത്തു, തപ്പു.

32. പദമദ്ധ്യത്തിൽ ഖരങ്ങൾക്കു എന്തു ഉച്ചാരണം ഉണ്ടു?

മൃദൂച്ചാരണം തന്നെ നടപ്പു.

ഉ-ം. 'വക' എന്നുള്ളതു ഉച്ചാരണം നിമിത്തം 'വഹ' എന്നായി തീരുന്നു; 'അരച്ചു' എന്നതു 'അരശ്ശു' എന്നായി തീരുന്നു; ഷഡംശം (എന്നതിന്റെ തത്ഭവം=ഷടങ്ങു.) 'അതു' എന്നതു ഏകദേശം 'അദു' എന്നപോലെ ശബ്ദിക്കുന്നു. അപ്രകാരം 'പാപം' എന്നതു 'പാവം' എന്നു ശബ്ദിക്കുമാറുണ്ടു.

33. സ്വരം ചേരാത്ത വ്യഞ്ജനങ്ങൾക്കു പേർ എന്താകുന്നു?

ൺ, ൻ, ർ, ൽ, ൾ. ഇങ്ങിനെ സ്വരം കൂടാതെ വരുന്നവ അൎദ്ധാക്ഷരങ്ങൾ തന്നെ.

34. അഌലകാരത്തിന്നു എന്തു വിശേഷം ഉണ്ടു?

Half 'l' having its inherent vowel suppressed is used in place of any of the Sanskrit dentals having their inherent vowels suppressed.

Ex: 'malsaram' in Sanskrit 'matsaram',

ulbhavam „ udbhavam.

35. What peculiarity is there of half ḷ?

Half 'ḷ' may be substituted for half 'zh'.

Ex: appoḷ = appozh (as in appozhékku),

tamiḷ = tamizh.

36. What is to be noticed regarding the half répham, that is, the 'r' without a vowel?

The half 'r' is used instead of the half 'ṟ'. *

Ex: véṟu + viṭuka = vérviṭuka,

áṟu + mukham = ármukham.

## SANDHI. (Euphonic combination.)

37. What is *sandhi* (euphonic combination)?

*Sandhi* is the union in pronunciation of two words which come together.

38. How many kinds of *sandhi* are there?

The two following: vowel *sandhi* and consonant *sandhi*.

39. What is chiefly to be noticed in vowel *sandhi*?

The chief thing to be noticed in vowel *sandhi* is the use of augmentation and elision.

---

* It should also be noticed that double 'ṟ' (ṟṟ) is pronounced like the English double 'tt'.

അൎദ്ധലകാരം സംസ്കൃതത്തിലെ 'ത' വൎണ്ണങ്ങൾക്കു പകരം വരും.

ഉ-ം മൽസരം സംസ്കൃതത്തിൽ മത്സരം, ഉൽഭവം, സംസ്കൃതത്തിൽ ഉദ്ഭവം.

35. അൎദ്ധളകാരത്തിന്നു എന്തു വിശേഷം ഉണ്ടു?
അതു അൎദ്ധഴകാരത്തിന്നും പകരം വരും.
(ഉ-ം. 'അപ്പോൾ'='അപ്പൊഴ,' (അപ്പൊഴെക്കു); 'തമിഴ' എന്നതിനെ 'തമിൾ' എന്നു എഴുതും.)

36. അൎദ്ധരേഫം എന്ന അൎദ്ധരകാരത്തിന്നു എന്തു വിശേഷം ഉണ്ടു?

അതു അൎദ്ധറകാരത്തിന്നും പകരം വരും.
ഉ-ം. വേറു+വിടുക=വേർവിടുക,
ആറു+മുഖം=ആർമുഖം.

## സന്ധി.

37. സന്ധി എന്നുള്ളതു എന്തു?
രണ്ടു ശബ്ദങ്ങൾ കൂടിവന്നാൽ ഉച്ചാരണത്തിൽ ഒന്നാക്കി ചൊല്ലുന്നതു തന്നെ.

38. സന്ധി എത്രവിധം ഉള്ളതു?
സ്വരസന്ധി, വ്യഞ്ജനസന്ധി ഇങ്ങിനെ രണ്ടു വിധം ഉള്ളതു.

39. സ്വരസന്ധിയിൽ പ്രമാണം ആയതു എന്തു?
അതിൽ ആഗമം, ലോപം ംരം രണ്ടു പ്രയോഗങ്ങൾ തന്നെ പ്രമാണം.

40. What is augmentation?

Augmentation is when one of the consonants is inserted between two vowels, the consonant thus inserted is generally either 'ya' or 'va'.

41. What is elision?

Elision is when one of the letters of a word is dropped.

42. Give some examples of augmentation after the letter 'a'.

'V' is used in augmentation as follows:

pala + áṇḍum = palaváṇḍum,
a + iṭam = aviṭam,
cheyta + ár̥u = cheytavár̥u.

'Y' is used in augmentation as follows:

alla + ó = allayó,
vanna + áḷ = vannayáḷ.

43. Is 'a' ever elided?

'A' is elided.

Ex: illa + étum = illétum.

Examples such as the following are found in poetry:*
veṇṇakaṭṭa + uṇṇi = veṇṇakaṭṭuṇṇi.

44. When does 'ya' come in augmentation?

'Ya' comes in augmentation after palatal vowels.

Ex: vaz̲hi + arike = vaz̲hiyarike,
tí + itu = tíyitu,
tala + óṭu = talayóṭu,
kei + iṭṭu = keiyiṭṭu.

---

* That is, the elision of 'a', the affix of the adnounal participle. This example is however *not* to be imitated in prose.

40. ആഗമം എന്നതു എന്തു?

രണ്ടു സ്വരങ്ങളുടെ നടുവെ വ്യഞ്ജനങ്ങളിൽ ഒന്നു ചേൎത്താൽ ആഗമം തന്നെ; സാധാരണമായി ഇങ്ങിനെ ചേരുന്നതു 'യ,' 'വ' എന്നവററിൽ ഒന്നു തന്നെ.

41. ലോപം എന്നതു എന്തു?

എഴുത്തുകളിൽ ഒന്നു പോയ്പോയാൽ ലോപം തന്നെ.

42. അകാരത്തിൽ പിന്നെ വരുന്ന ആഗമത്തിന്റെ ഉദാഹരണങ്ങളെ ചൊല്ലുക?

| | |
|---|---|
| പല + ആണ്ടും = പലവാണ്ടും, | അല്ല ഓ = അല്ലയോ. |
| അ + ഇടം = അവിടം, | വന്ന ആൾ = വന്നയാൾ. |
| ചെയ്യു + ആറെ = ചെയ്യുവാറെ. | ഇങ്ങിനെ യകാരവും. |
| ഇങ്ങിനെ + വകാരവും | ആഗമമായ്വരും. |

43. അകാരം ലോപിച്ചു പോകുമൊ?

അകാരം ലോപിച്ചു പോകും.

ഉ-ം. ഇല്ല ഏതും = ഇല്ലേതും.

'വെണ്ണ കട്ട ഉണ്ണി' = 'വെണ്ണകട്ടുണ്ണി'.

എന്നിങ്ങിനെ പാട്ടിൽ ലോപിച്ചു പോകിലുമാം.

44. യകാരം എവിടെ ആഗമമായി വരും?

യകാരം താലവ്യ-സ്വരങ്ങൾക്കു തുണയായിട്ടു തന്നെ വരും.

ഉ-ം. വഴി + അരികെ = വഴിയരികെ,
തീ + ഇതു = തീയിതു,
തല + ഓടു = തലയോടു,
കൈ + ഇട്ടു = കൈയിട്ടു.

45. Where does 'va' come in augmentation?

'Va' comes in augmentation after labial vowels.

Ex: teru + um = teruvum,
pókunnu + ó = pókunnuvó,
pú + áṭa = púváṭa,
kó + il = kóvil.

But 'uṇṭó + ennu' sometimes occurs as 'uṇṭóyennu.'

46. After 'á' what letter comes in augmentation?

Formerly 'vá' was used.

Ex: vá + ennu = vávennu,
vrithá + ákki = vrithávákki.

But now 'ya' is commonly used.

Ex: ollá + itu = olláyitu,
bhaktyá + avan = bhaktyáyavan.

47. In *sandhi* what vowel is always suppressed?

The half 'u'.

Ex: enikku + alla = enikkalla, kaṇṭu + eṭuttu = kaṇṭeṭuttu.

But the two forms 'atum' and 'atuvum' are equally common.

48. What are the principal usages when *sandhi* occurs in the case of consonants?

The three following usages occur in consonant sandhi: elision, substitution, and duplication.

49. Give some examples of elision.

Ex: vaśam + ákkuka = vaśákkuka,
chinna + bhinnamáya = chinnabhinnáya.

45. വകാരം എവിടെ ആഗമമായി വരും?

വകാരം ഓഷ്ഠ്യസ്വരങ്ങൾക്കു തുണയായിട്ടുതന്നെ വരും.

ഉ-ം- തെരു + ഉം = തെരുവും,

പോകുന്നു + ഓ = പോകുന്നുവൊ,

പൂ + ആട = പൂവാട,

കൊ + ഇൽ = കോവിൽ.

എങ്കിലും ഉണ്ടോ എന്നു = ഉണ്ടോയെന്നു. ഇപ്രകാരവും കാണും.

46. 'ആ' കാരത്തിൽ പിന്നെ എന്തു ആഗമം വേണം?

പണ്ടു വകാരം തന്നെ.

ഉ-ം. വാ + എന്നു = വാവെന്നു; വൃഥാ + ആക്കി = വൃഥാവാക്കി. ഇപ്പോൾ യകാരവും നടപ്പായി വന്നു.

ഉ-ം. ഒല്ലാ + ഇതു = ഒല്ലായിതു, ഭക്ത്യാ + അവൻ = ഭക്ത്യായവൻ.

47. സന്ധിയിൽ നിത്യം ലോപിച്ചുപോകുന്ന സ്വരം എന്തു?

അരയുകാരം തന്നെ.

ഉ-ം. എനിക്കു + അല്ല = എനിക്കല്ല; കണ്ടു + എടുത്തു = കണ്ടെടുത്തു;

എങ്കിലും അതും = അതുവും ംരം രണ്ടും സാധു.

48. വ്യഞ്ജനസന്ധി എങ്ങിനെ?

അതിൽ ലോപം, ആദേശം, ദ്വിത്വം ഈ മൂന്നു പ്രയോഗങ്ങൾ ഉണ്ടു.

49. ലോപത്തിന്റെ ഉദാഹരണങ്ങൾ എങ്ങിനെ?

ഉ-ം. വശം ആക്കുക = വശാക്കുക,

ഛിന്ന ഭിന്നമായി = ഛിന്നഭിന്നായി.

But in such words as these 'am' at the end of the word is sometimes elided in accordance with the change usually made in naturalizing Sanskrit words in Malayálam; a consonant is sometimes elided at the beginning of a word also.

Ex: cheyya + vénam = cheyyénam,
angngu + ninnu = angngunnu,
cheyyáté + kantu = cheyyántu,
kízhu + pettu = kízhóttu.

50. What is substitution in consonant sandhi?

When one letter is put in place of another it is called substitution of consonants.

This substitution occurs chiefly in the case of nasal consonants.

Ex: man + chira = manchira,
álin + kízhu = álingkízhu,
en + pórri = enpórri,
varum + tórum = varuntórum,
chákum + néram = chákunnéram,
perum + kóvil = perinkóvil.

Substitution in the case of other consonants is rare, but does sometimes occur.

Ex: en + diša = endiša,
pin + talam = pintalam,
mun + kázhcha = mulkázhcha,
pil + pátu = pinpátu,
nel + mani = nenmani,
ul + móham = unmóham.

എന്നിങ്ങിനെ ഉള്ളവററിൽ തത്ഭവമൎയ്യാദയാൽ പദാന്തത്തിൽ 'അം' എന്നുള്ളതു ചിലപ്പോൾ ലോപിച്ചുപോയി; പദാരംഭത്തിലും ചിലപ്പോൾ ലോപം ഉണ്ടാകും.

ഉ-ം. ചെയ്യു + വേണം = ചെയ്യേണം,
അങ്ങു + നിന്നു = അങ്ങുന്നു,
ചെയ്യാതെ + കണ്ടു = ചെയ്യാണ്ടു,
കീഴ + പെട്ടു = കീഴോട്ടു.

50. വ്യഞ്ജനസന്ധിയിൽ ആദേശം എങ്ങിനെ?

ഒരു വ്യഞ്ജനത്തിന്നു പകരം മറെറാരു വ്യഞ്ജനത്തെ ചേൎക്കുന്നതു വ്യഞ്ജന-ആദേശം തന്നെ; ഇതു പ്രത്യേകം അനുനാസികങ്ങളിൽ നടപ്പു.

ഉ-ം. മൺ + ചിറ = മഞ്ചിറ,
ആലിൻ + കീഴ = ആലിങ്കീഴ,
എൻ + പോററി — എമ്പോററി,
വരും + തോറും = വരുന്തോറും,
ചാകും + നേരം = ചാകുന്നേരം,
പെരും + കോവിൽ = പെരിങ്കോവിൽ.

മററു അക്ഷരങ്ങളിലും ദുൎല്ലഭമായി കാണും.

ഉ-ം. എൺ + ദിശ = എണ്ധിശ,
പിൺ + തലം = പിണ്ടലം,
മുൻ + കാഴ്ച = മുങ്കാഴ്ച,
പിൻ + പാട്ടു = പില്പാട്ടു,
നെൽ + മണി = നെന്മണി,
ഉൾ + മോഹം = ഉണ്മോഹം.

51. When does the duplication of consonants occur?

Duplication is often necessary in the case of surds standing at the beginning of a word and preceded by a long vowel, a palatal vowel or a full 'u', and in some other cases.

Ex: tí + par̥r̥i = tippar̥r̥i,

pilá + kíz̲h̲u = pilákkíz̲h̲u,

puḷḷi + puli + tól = puḷḷippulittól,

putu + chol = putuchchol,

pór + kaḷam = pórkkaḷam.

Duplication of consonants sometimes also occurs in the sonants.

Ex: paṭa + janam = paṭajjanam,

or̥r̥a + šaram = or̥r̥aššaram.

When a syllable ends in a consonant, and has its vowel short, the final consonant must be doubled when a vowel follows.

Ex: kaṇ + illa = kaṇṇilla.

52. Can the duplication of consonants occur with elision?

Yes.

Ex: maṇal + tiṭṭa = maṇaltiṭṭa = maṇattiṭṭa,

kaṭal + puram = kaṭalpuram = katappuram,

makkaḷ + dáyam = makkaḷttáyam = makkattáyam.

It is in such cases that duplication occurs with elision.

## PUNCTUATION.

53. Are there any signs of punctuation in the writing of Malayálam?

51. ദ്വിത്വം എവിടെ വരും?

താലവ്യസ്വരങ്ങളിലും, ദീൎഘസ്വരങ്ങളിലും, മുററകാരത്തിലും, പിന്നെയും, മററം പദാദിയിൽ ഒരുഖരം കൂടിയാൽ, ദ്വിത്വം പലപ്പൊഴും വേണ്ടി വരും.

ഉ-ം. തീ + പററി = തീപ്പററി,
പിലാ + കീഴ = പിലാക്കീഴ,
പുള്ളി + പുലി + തോൽ = പുള്ളിപ്പുലിത്തോൽ,
പുതു + ചൊൽ = പുതുച്ചൊൽ,
പോർ + കളം = പോൎക്കളം.

(പട ജനം='പടജ്ജനം'; ഒററ ശരം='ഒററശ്ശരം.' മുതലായ മൃദുക്കളിലും അതു ചിലപ്പോൾ വരും.) അൎദ്ധാക്ഷരാന്തമായ ഏകാക്ഷരഹ്രസ്വത്തിൻ മേൽ സ്വരം വന്നാൽ ദ്വിത്വം വരും.

ഉ-ം. കൺ + ഇല്ല = കണ്ണില്ല.

52. ദ്വിത്വം ലോപത്തോട്ടും കൂടെ പ്രയോഗിക്കുമൊ?

ദ്വിത്വം ലോപത്തോട്ടു കൂടെ പ്രയോഗിക്കാം.

ഉ-ം. മണൽ + തിട്ട = മണത്തിട്ട, മണതിട്ട,
കടൽ + പുറം = കടല്പുറം, കടപ്പുറം,
മക്കൾ + തായം = മക്കൾത്തായം, മക്കത്തായം.

എന്നിങ്ങിനെ ലോപം കൂടിയ ദ്വിത്വം.

## ചിഹ്നങ്ങൾ.

53. ഭാഷയെ എഴുതുന്നതിൽ ഉപയോഗിക്കേണ്ടുന്ന ചിഹ്നങ്ങൾ വല്ലതും ഉണ്ടോ?

Formerly there were none; but now the undermentioned signs are to be found in printed Malayálam books. These should be used in writing also.

| | |
|---|---|
| , Comma. | — Dash. |
| ; Semicolon. | ( ) Brackets. |
| : Colon. | " " Marks of Quotation. |
| . Full Stop. | + Plus. |
| ? Note of Interrogation. | = Equals. |
| ! Note of Exclamation. | |

# II. ETYMOLOGY.

## CLASSIFICATION.

54. How many parts of speech are there?

There are three parts of speech. The Noun, the Verb, and the Indeclinable.

55. What is a noun?

That part of speech which expresses a name is a Noun.

Ex: Ráman, manushyan (= a man), strí (= a woman), vastu (= a thing), buddhi (= sense), dêśam (= hamlet), uṇma (= existence, truth), kaṟappu (=blackness).

56. What is a verb?

That part of speech which expresses doing, being or suffering is a Verb.

Ex: cheyyunnu (=I do), áyi (= I became), varum (= it will come), peṭuván (= about to suffer), áka (= to become), varikil (= if it comes), peṭunnatu (= suffering or that which suffers).

ഷണ്ടില്ല; എങ്കിലും ഇപ്പൊൾ താഴെ പറയുന്ന വിരാമങ്ങൾ അച്ചടിപ്പുസ്തകങ്ങളിൽ കാണും; അവറ്റെ എഴുതുന്നതിലും ഉപയോഗിച്ചാൽ കൊള്ളാം.

| | |
|---|---|
| , അല്പവിരാമം. | ! സംബോധനചിഹ്നം. |
| ; അൎദ്ധവിരാമം. | – സംയോഗചിഹ്നം. |
| : അപൂൎണ്ണവിരാമം. | ( ) ആവരണചിഹ്നം. |
| . പൂൎണ്ണവിരാമം. | " " വിശേഷണചിഹ്നം. |
| ? ചോദ്യചിഹ്നം. | + കൂട്ടുന്നതിന്റെചിഹ്നം. |
| | = സമാൎത്ഥകചിഹ്നം. |

---

## II. പദകാണ്ഡം.

### ത്രിപദങ്ങൾ.

54. പദങ്ങൾ എത്ര വിധം ഉള്ളവ?

നാമം, ക്രിയ, അവ്യയം ഈ മൂന്നുവിധങ്ങൾ ഉണ്ടു.

55. നാമം എന്നതു എന്തു?

ഒന്നിന്റെ പേർ ചൊല്ലുന്ന പദം നാമം തന്നെ.

ഉ-ം. 'രാമൻ', 'മനുഷ്യൻ', 'സ്ത്രീ', 'വസ്തു', 'ബുദ്ധി', 'ദേശം', 'ഉണ്മ', 'കറുപ്പു'.

56. ക്രിയ എന്നതു എന്തു?

ഒന്നു ചെയ്യുന്നതും, ഇരിക്കുന്നതും, അനുഭവിക്കുന്നതും, അറിയിക്കുന്ന പദം ക്രിയ തന്നെ.

ഉ-ം. 'ചെയ്യുന്നു,' 'ആയി,' 'വരും,' 'പെടുവാൻ,' 'ആക,' 'വരികിൽ,' 'പെടുന്നതു.'

57. What is an indeclinable?

An indeclinable is a part of speech which does not admit of inflection.

Ex: é, ó, um.

## INFLECTION.

### CRUDE FORM AND AFFIXES.

58. What is the crude-form?

The radical letter remaining after taking away the inflectional affixes from a word is the crude-form.

Ex: In 'maranggaḷ', 'poṟutu'; 'mara' and 'poṟu' are crude-forms.

59. What is an inflectional affix?

An inflectional affix consists of those letters which are added on at the end of words to express various slight variations in the meaning of those words. In the above examples 'angaḷ' and 'tu' are affixes.

## INFLECTION OF NOUNS.

### GENDER AND NUMBER.

60. How many variations are there in nouns in consequence of their gender?

Three, viz. for the masculine, feminine, and neuter genders.

61. What is the masculine gender?

The masculine gender is that used to betoken the male sex; it is frequently indicated by the affix 'an'.

57 അവ്യയം എന്നതു എന്തു?

രൂപത്തിന്നു ഭേദം വരാത്ത പദം തന്നെ.

ഉ-ം. 'ഏ,' 'ഒ,' 'ഉം'.

## രൂപഭേദം.

### പ്രകൃതിപ്രത്യയങ്ങൾ.

58. പ്രകൃതി എന്നതു എന്തു?

ഒരു പദത്തിന്റെ പ്രത്യയങ്ങളെ എടുത്താറെ ശേഷമായി നില്ക്കുന്ന മൂലാക്ഷരങ്ങൾ പ്രകൃതി തന്നെ.

ഉ-ം. 'മരങ്ങൾ,' 'പൊരുതു,' എന്നുള്ളവററിൽ 'മര,' 'പൊരു'. എന്നുള്ളവ പ്രകൃതികൾ തന്നെ.

59. പ്രത്യയം എന്നതു എന്തു?

അൎത്ഥത്തിൽ അല്പമായിട്ടുള്ള വേറെ വേറെ ഭേദങ്ങളെ വരുത്തിയതിനെ കാണിക്കേണ്ടതിന്നായിട്ടു അന്തത്തിൽ ചേരുന്ന അക്ഷരങ്ങൾ പ്രത്യയം തന്നെ; മേൽ പറഞ്ഞ ഉദാഹരണത്തിൽ 'അങ്ങൾ,' 'തു' എന്നവ പ്രത്യയങ്ങൾ തന്നെ.

## നാമരൂപഭേദം.

### ലിംഗവചനങ്ങൾ.

60. ലിംഗത്താൽ നാമങ്ങൾക്കുണ്ടാകുന്ന ഭേദം എത്രവകയുള്ളതു?

പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം, ഈ മൂന്നുവകയുണ്ടു.

61. പുല്ലിംഗം എന്തു?

പുരുഷനെ അറിയിക്കുന്നതു പുല്ലിംഗം; [പലപ്പോഴം 'അൻ' പ്രത്യയം പുല്ലിംഗത്തെ കുറിക്കുന്നു]

Ex: Dévan (=a god), makan (=a son), tíyan* (=a toddy-drawer), rájávŭ (=king).

62. What is the feminine gender?

The feminine gender is that which betokens the female sex; the most common affixes for this are 'aḷ' and 'i'.

Ex: makaḷ (=a daughter), dévi (=a goddess), tíyatti (=fem. of tíyan), tamburáṭṭi (=a princess).

63. What is the neuter gender?

That which betokens what is neither male nor female, and also all irrational beings; the most common neuter affix is 'am'.

Ex: déśam (=hamlet), maram (=tree), áṭŭ (=sheep), pakshi (=bird), puzhu (=insect, worm), kallŭ (=stone).

64. How many distinctions are there arising from number?

Two, viz: the singular and the plural.

65. What is the singular number?

That variety of the noun which shews only one thing.

Ex: 'makan', 'makaḷ', 'maram'.

66. What is the plural number?

That variety of the noun which shews more than one.

Ex: 'makkaḷ' (=children), 'maranggaḷ' (=trees), 'bráhmaṇar' (=brahmins).

---

* Literally, an islander, the Tiyans having, it is said, originally come from Ceylon.

ഉ-ം. 'ദേവൻ,' 'മകൻ,' 'തീയ്യൻ,' 'രാജാവു.'

62. സ്ത്രീലിംഗം എന്തു?
സ്ത്രീയെ അറിയിക്കുന്നതു സ്ത്രീലിംഗം; [സാധാരണയായി ഇതിനുള്ള പ്രത്യയങ്ങൾ 'അൾ,' 'ഇ,' എന്നിവ തന്നെ.]

ഉ-ം. 'മകൾ,' 'ദേവി,' 'തീയ്യത്തി,' 'തമ്പുരാട്ടി.'

63. നപുംസകലിംഗം എന്തു?
ആണും പെണ്ണും അല്ലാത്തതിനേയും, വിശേഷബുദ്ധി ഇല്ലാത്തതിനേയും അറിയിക്കുന്നതു നപുംസകലിംഗം; [ഇതിന്നു 'അം' എന്ന പ്രത്യയം പ്രധാനം]

ഉ-ം. 'ദേശം,' 'മരം,' 'ആട്ടു,' 'പക്ഷി,' 'പുഴ,' 'കല്ലു.'

64. വചനത്താൽ ഉണ്ടാകുന്ന ഭേദം എത്രവകയുള്ളതു?
ഏകവചനം, ബഹുവചനം, ഈ രണ്ടു വകയുണ്ടു.

65. ഏകവചനം എന്തു?
ഒന്നിനെ കുറിക്കുന്ന നാമഭേദം.

ഉ-ം. 'മകൻ,' 'മകൾ,' 'മരം.'

66. ബഹുവചനം എന്തു?
പലരേയും കുറിക്കുന്ന നാമഭേദം.

ഉ-ം. 'മക്കൾ,' 'മരങ്ങൾ,' 'ബ്രാഹ്മണർ.'

67. What affixes are added on to indicate the plural number?

'Kaḷ' 'ar'. These two affixes make the plural.

68. How is the affix 'kaḷ' added on?

After a palatal vowel it is sufficient to put 'kaḷ' alone.

Ex: 'tíyattikaḷ', 'stríkaḷ', 'talakaḷ' (=heads), 'teikaḷ' (=plants).

So also after half 'u'.

Ex: 'kálŭkaḷ' (=legs), 'pérŭkaḷ' (pérkaḷ) (=names), 'kallŭ-kaḷ' (=stones).

After words ending in á, ṟu, ú, ó, and full u, 'kkaḷ' is used by duplication.

Ex: pitákkaḷ (=fathers), pitṟukkaḷ (=fathers), púkkaḷ (=flowers), gókkaḷ (=cows), terukkaḷ (=streets).

But we may also say 'púvukaḷ' (=flowers), 'teruvukaḷ' (=streets), 'rávukaḷ' (=nights).

Am + kaḷ = aṉggaḷ.

Ex: maraṉggaḷ, práṇaṉggaḷ (=lives).

69. To what nouns is 'ar' affixed to form the plural?

It is affixed to nouns denoting rational beings.

Ex: Dévar, bráhmaṇar, tíyar, mátar (=mothers).

70. Are the affixes 'avar', 'ár' and 'már' also used with nouns denoting rational beings?

These affixes are used honorifically.

Ex: rájávavar (=rájákkaḷ)

nampiyár = nampiyavar (=nampikaḷ)

putrimár (=daughters) (=putrikaḷ)

67. ബഹുവചനത്തെ വരുത്തുവാൻ എന്തു പ്രത്യയങ്ങളെ ചേൎക്കുന്നു?
'കൾ,' 'അർ,' ഈ രണ്ടു പ്രത്യയങ്ങളെ ചേൎത്തു ബഹുവചനത്തെ ഉണ്ടാക്കുന്നു.

68. 'കൾ' എന്ന പ്രത്യയത്തെ എങ്ങിനെ ചേൎക്കും?
താലവ്യസ്വരത്തിൽ പിന്നെ 'കൾ' ചേൎത്താൽ മതി.

ഉ-ം. 'തീയ്യത്തികൾ,' 'സ്ത്രീകൾ,' 'തലകൾ,' 'തൈകൾ.'

അരയുകാരത്തിൽ പിന്നെയും അങ്ങിനെ തന്നെ.

ഉ-ം. 'കാലു്'കൾ 'പേരുകൾ' (പേർകൾ) 'കല്ലുകൾ.'

'ആ', 'ഈ', 'ഊ', 'ഓ' മുറ്റുകാരം എന്നീ പദാന്തങ്ങളോടു ദ്വിത്വസന്ധിയിൽ 'ക്കൾ' എന്നതു വരും.

ഉ-ം. 'പിതാക്കൾ', 'പിതൃക്കൾ' 'പൂക്കൾ,' 'ഗോക്കൾ,' 'തെരുക്കൾ';

എങ്കിലും പൂവുകൾ, തെരുവുകൾ, രാവുകൾ, എന്നും പറയും.

'അം+കൾ' എന്നതു 'അങ്ങൾ' ആകും.

ഉ-ം. 'മരങ്ങൾ' 'പ്രാണങ്ങൾ.'

69. 'അർ' എന്ന പ്രത്യയത്തെ ഏതു നാമങ്ങൾക്കു പറ്റും?
സബുദ്ധികൾക്കെ പറ്റുന്നുള്ളൂ.

ഉ-ം. 'ദേവർ,' 'ബ്രാഹ്മണർ,' 'തീയ്യർ,' 'മാതർ.'

70. 'അവർ,' 'ആർ,' 'മാർ' എന്ന പ്രത്യയങ്ങൾ കൂടെ സബുദ്ധികൾക്കു പറ്റുമൊ?
'അവർ,' 'ആർ,' 'മാർ.' ബഹുമാനത്തിന്നായിവയും ചേൎക്കുന്നുണ്ടു.

| | | |
|---|---|---|
| ഉ-ം. രാജാവവർ | | (=രാജാക്കൾ) |
| നമ്പിയാർ | =നമ്പിയവർ | (=നമ്പികൾ) |
| പുത്രിമാർ | | (=പുത്രികൾ) |

71. May 'ár' and 'kaḷ' be used together?

The two affixes may be used together; as, 'sishyarkaḷ'= sishyar + kaḷ; rájákkanmár = rájákkaṇmár = rájákkaḷ + már.

72. Are there any irregular plurals?

Yes; of these we may mention,

| | | | |
|---|---|---|---|
| náya (=dog) | náykkaḷ | | |
| maku (=child) | makkaḷ | | |
| piḷḷa (=child) | piḷḷakaḷ | or | piḷḷar |
| kiṭá (=young one) | kiṭákkaḷ | or | kiṭáṉggaḷ |
| peital (=boy) | peitaṉggaḷ | | |
| áṇ (=male) | áṉgṉgaḷ | or | áṇaṉggaḷ |
| píśáchu (=devil) | piśáchukaḷ | or | piśáchukkaḷ |
| tampurán (=prince) | tampurákkaḷ | | tampurákkanmár |

THE CASES.

73. What is case?

The various ways in which the form of the noun is changed by assuming various affixes according to its relations to other words in a sentence are called cases.

74. How many cases are there?

There are seven cases.

71. 'അർ,' 'കൾ.' ഈ രണ്ടു പ്രത്യയങ്ങളെ കൂട്ടി ചേർക്കാമൊ?
ശിഷ്യകൾ=ശിഷ്യർകൾ; രാജാക്കന്മാർ=രാജാക്കന്മാർ;=രാജാക്കൾ+മാർ.
ഇത്യാദി രണ്ടുപ്രകാരത്തിലും കൂട്ടിച്ചേർക്കാം.

72. സൂക്ഷ്മക്രമം തെററി ഉണ്ടാക്കിയ ബഹുവചനരൂപങ്ങളും ഉണ്ടൊ?
ഉണ്ടു, ചിലതു പറയാം.
ഉ-ം.

| | | |
|---|---|---|
| നായ | നാച്ചൂൾ | |
| മക | മക്കൾ | |
| പിള്ള | പിള്ളകൾ | പിള്ളർ |
| കിടാ | കിടാക്കൾ | കിടാങ്ങൾ |
| പൈതൽ | പൈതങ്ങൾ | |
| ആൺ | ആങ്ങൾ | ആണുങ്ങൾ |
| പിശാച്ച | പിശാച്ചുകൾ | പിശാച്ചുക്കൾ |
| തമ്പുരാൻ | തമ്പുരാക്കൾ | തമ്പ്രാക്കന്മാർ |

## വിഭക്തികൾ.

73. വിഭക്തി എന്നതു എന്തു?
വാചകത്തിലുള്ള അനുഭവത്തിന്നു തക്കവണ്ണം ചില പ്രത്യയങ്ങളെ ചേർത്തു നാമരൂപത്തെ മാററുന്നവിധം വിഭക്തി എന്നു പറയുന്നു.

74. എത്ര വിഭക്തികൾ ഉണ്ടു?
ഏഴ വിഭക്തികൾ ഉണ്ടു.

75. What are their names and affixes?

As follows:

| | Cases | Names | Affixes |
|---|---|---|---|
| i | The First | The Nominative (case of the Agent or Subject) . . | an, aḷ, am, (sometimes the crude-form is used without any affix). |
| ii | „ Second | The Accusative (or Objective) | é. |
| iii | „ Third | The Instrumental . . | ál. |
| | | The Associative . . . | óṭŭ. |
| iv | „ Fourth | The Dative . . . . . | kŭ, nŭ. |
| | | The Dative of Locality . | ilékkŭ, ékkŭ. |
| v | „ Fifth | The Ablative . . . . | ilninnŭ, unnŭ. |
| vi | „ Sixth | The Genitive (or Possessive) | uṭe, nṟe. |
| vii | „ Seventh | The Locative . . . . | il, inkal, kkal. |

Perhaps the nominative of address, or vocative may be regarded as an eighth case.

Ex: 'achchá', 'achchané' (= O father!)

75. അവററിൻ പേരുകളും, പ്രത്യയങ്ങളും ഏവ?

താഴെ പറഞ്ഞത്തു.

| | വിഭക്തി. | നാമങ്ങൾ. | പ്രത്യയങ്ങൾ. |
|---|---|---|---|
| i | പ്രഥമ | കർത്താവു | അൻ, അൾ, അം, ഇത്യാദി; ചിലപ്പോൾ പ്രകൃതി മാത്രം കാണും. |
| ii | ദ്വിതീയ | കർമ്മം | എ |
| iii | തൃതീയ | കരണം | ആൽ ' |
| | | സാഹിത്യം | ഓടു |
| iv | ചതുർത്ഥി | സമ്പ്രദാനം | കു, നു. |
| | | സ്ഥലചതുർത്ഥി | ഇലെക്കു, എക്കു. |
| v | പഞ്ചമി | അപാദാനം | ഇൽനിന്നു, ഉന്നു |
| vi | ഷഷ്ഠി | സംബന്ധം | ഉടെ, ന്റെ. |
| vii | സപ്തമി | അധികരണം | ഇൽ. ഇങ്കൽ, കൽ. |

പക്ഷെ സംബോധനയെന്ന പ്രഥമയുടെ വിളിരൂപത്തെ എട്ടാം വിഭക്തി എന്നു പറയാം.

ഉ-ം. 'അച്ഛാ,' 'അച്ഛനെ.'

76. How are the affixes of the oblique cases added to the crude-form? *

Some nouns (and in particular all plurals) add them to the nominatives.

Ex: Ráman, Rámanál (=by Ráman); gurukkaḷ (=preceptors), gurukkaḷuṭe (=of preceptors).

Some however have a crude-form which is peculiar to the oblique cases; this is called the substituted-form, and it is to this that they affix their case-endings.

77. What is this substituted-form?

Nouns whose nominative singular ends in 'am' and some other nouns add 'ttŭ' to the crude-form.

Ex: The substituted-form of 'maram' is 'mara + ttŭ = marattŭ'.

---

* The nominative (of which the vocative is only another form) is the *Casus Rectus* (=upright case), all other cases are classed together as *oblique* cases thus:

| | | |
|---|---|---|
| Nominative. . . . . . . . . . | Ex: | Ráman |
| Accusative. . . . . . . . . | | Ráman |
| Instrumental. . . . . | | by or with Ráman |
| Dative . . . . . | | to or for Ráman |
| Ablative. . . . | | from Ráman |
| Genitive . . | | Ráman's, of Ráman |
| Locative. | | in Ráman |

76. വളവിഭക്തിപ്രത്യയങ്ങളെ പ്രകൃതിയോടു ചേൎക്കുന്നതു എങ്ങിനെ? *

ചില നാമങ്ങൾ (പ്രത്യേകം എല്ലാ ബഹുവചനങ്ങൾ) പ്രഥമയോടു തന്നെ ചേൎക്കും.

ഉ-ം. രാമൻ, രാമനാൽ; ഗുരുക്കൾ ഗുരുക്കളുടെ;

ചിലതിന്നു ആദേശരൂപം എന്നുള്ള ഒരു വളവിഭക്തിയുടെ പ്രകൃതി ഉണ്ടു; വളവിഭക്തിപ്രത്യയങ്ങളെ ചേൎക്കുന്നതു ഇതോടു തന്നെ.


77. ആദേശരൂപം എങ്ങിനേ?

അമന്തങ്ങളും മററും അനുസ്വാരം വെടിഞ്ഞു 'ത്തു' ധരിക്കുന്നു.

ഉ-ം. മരം എന്നതിന്റെ ആദേശരൂപം മര+ത്തു=മരത്തു.

---

* പ്രഥമനേർവിഭക്തി തന്നെ (സംബോധനപ്രഥമ പ്രഥമയുടെ ഒരു ഭേദം); പ്രഥമ ഒഴികെയുള്ള എല്ലാ വിഭക്തികൾക്കും വളവിഭക്തികളെന്നു പേർ, എന്നാൽ.




എന്നിവിടെ കാണിച്ചപ്രകാരം പ്രഥമവിഭക്തി മാത്രം നെരെ നില്ക്കുന്നതുള്ളു; മററുള്ള വിഭക്തികളെല്ലാം വളഞ്ഞു വരുന്നവ തന്നെ.

Some nouns take 'in'.

Ex: rájávu, rájávin; kaṇṇŭ (=eye), kaṇṇin.

In some nouns the substituted-form is formed by duplication also.

Ex: áṭŭ (=sheep), áṭṭŭ; chórŭ, chórru (=boiled rice).

78. Can the substituted-form be used alone?

The substituted-form can be used alone.

Ex: avan 'akattŭ' chennu (=he went inside).

79. Can the signs of two different cases occur together in one word?

Yes; in the case called the dative of locality, such instances occur.

Ex: déśattilékkŭ, déśattékkŭ (=into the hamlet).

80. How many declensions have nouns?

There are two principal declensions.

81. How may these be distinguished?

Some form the dative by adding 'kŭ' and then the genitive affixes 'uṭe', others have the affix 'nŭ' in the dative and 'inre' in the genitive.

ചില നാമങ്ങളും 'ഇൻ' ധരിക്കുന്നു; ചിലതിന്നു ദ്വിത്വം വരുന്നതും ഉണ്ടു.

ഉ-ം. 'രാജാവു, രാജാവിൻ'; 'കൺ കണ്ണിൻ'; 'ആടു ആട്ടു', 'ചോറു ചോററു'.

78. ആദേശരൂപം തനിയായി വരുമൊ?
ആദേശരൂപം തനിയായി വരും.

ഉ-ം. അവൻ 'അകത്തു' ചെന്നു.

79. രണ്ടു വിഭക്തികൾ ഒരു പദത്തിൽ ചേൎന്നു കാണുമൊ?

സ്ഥലചതുൎത്ഥി എന്ന വിഭക്തിയിൽ തന്നെ കാണുന്നുണ്ടു.

ഉ-ം. 'ദേശത്തിലേക്കു', 'ദേശത്തേക്കു'.

80. എല്ലാ നാമങ്ങളേയും എത്ര രൂപവകകളായി വിഭാഗിക്കാം?
വിശേഷാൽ രണ്ടു രൂപവകകൾ ഉണ്ടു.

81. അവററിൻ ഭേദം എങ്ങിനെ നിശ്ചയിക്കാം?
ചിലതിങ്കൽ ചതുൎത്ഥിക്കു 'ക്കു' പ്രത്യയം വരും, അപ്പോൾ ഷഷ്ഠിക്കു 'ഉടെ' പ്രത്യയം പററും; മററതിന്നു ചതുൎത്ഥിയിൽ 'നു' പ്രത്യയവും, ഷഷ്ഠിയിൽ 'ൻെറ' പ്രത്യയവും വരും.

82. How is the 'ků' declension declined?

As follows:

| | | | | | | | |
|---|---|---|---|---|---|---|---|
| Nominative | makkaḷ | | putrar | tí | kei | váy | mala |
| Accusative | makkaḷe | | putrare | tíye | keiye | váye | malaye |
| | | | | tíyine | keiyine | váyine | |
| Instrumental | makkaḷál | (by) | putrarál | tíyál | keiyál | váyál | malayál |
| | | | | tíyinál | keiyinál | váyinál | |
| Dative | makkaḷkků | (to) | putrarkků | tíkků | keikků | váykků | malekků |
| | | | | | | | malaykků |
| Ablative | makkaḷilninnů | (from) | putrarilninnů | tíyilninnů | keiyilninnů | váyilninnů | malayilninnů |
| Genitive | makkaḷuṭe | (of) | putraruṭe | tíyuṭe | keiyuṭe | váyuṭe | malayuṭe |
| Locative | makkaḷil | (in) | putraril | tíyil | keiyil | váyil | malayil |
| | | | | tíkkal | keikkal | | malakkal |
| | (children) | | (sons) | (fire) | (hand) | (mouth) | (hill) |

In this declension are included all plurals and all nouns ending in 'aḷ', 'e', 'i', 'í', 'ei', 'y', and palatal 'a', and others.

82. 'ക' വക എങ്ങിനെ?

അതു താഴെ കാണിച്ച പ്രകാരം തന്നെ.

| | | | | | | |
|---|---|---|---|---|---|---|
| പ്ര: | മക്കൾ | പുത്രർ | തീ | കൈ | വായ | മല |
| ദ്വി: | മക്കളെ | പുത്രരെ | തീയെ | കൈയെ | വായെ | മലയെ |
| | | | തീയിനെ | കൈയിനെ | വായിനെ | |
| തൃ: | മക്കളാൽ | പുത്രരാൽ | തീയാൽ | കൈയാൽ | വായാൽ | മലയാൽ |
| | | | തീയിനാൽ | കൈയിനാൽ | വായിനാൽ | |
| ച: | മക്കൾക്കു | പുത്രർക്കു | തീക്കു | കൈക്കു | വായ്ക്കു | മലെക്കു |
| | | | | | | മലയ്ക്കു |
| പ: | മക്കളിൽനിന്നു | പുത്രരിൽനിന്നു | തീയിൽനിന്നു | കൈയിൽനിന്നു | വായിൽനിന്നു | മലയിൽനിന്നു |
| ഷ: | മക്കളുടെ | പുത്രരുടെ | തീയുടെ | കൈയുടെ | വായുടെ | മലയുടെ |
| സ: | മക്കളിൽ | പുത്രരിൽ | തീയിൽ | കൈയിൽ | വായിൽ | മലയിൽ |
| | | | തീക്കൽ | കൈക്കൽ | | മലക്കൽ |

ഇതിൽ എല്ലാ ബഹുവചനങ്ങളും, 'അം' 'യ' എന്നന്തമുള്ളവയും, താലവ്യസ്വരാന്തം ഉള്ളവയും മററും അടങ്ങിയിരിക്കുന്നു.

83. How is the 'nŭ' declension declined?

As follows:

| | | | | | | |
|---|---|---|---|---|---|---|
| Nominative | makan | kaṇ | neńchŭ | teru | pitá (vŭ) | maram |
| Accusative | makane | káṇṇe | neńche | teruve | pitáve | maratte |
| | | kaṇṇine | neńchine | teruvine | pitávine | marattine |
| Instrumental | makanál | (by) kaṇṇál | neńchál | teruvál | pitávál | marattál |
| Dative | makannŭ<br>makanŭ | (to) kaṇṇinnŭ | neńchinnŭ | teruvinnŭ | pitávinnu | marattinnŭ |
| Ablative | maknilninnŭ | (from) kaṇṇilninnŭ | neńchilninnŭ | teruvilninnŭ | pitávilninnŭ | marttilninnŭ |
| Genitive | makanṟe | (of) kaṇṇinṟe | neńchinṟe | teruvinṟe | pitávinṟe | marattinṟe |
| Locative | makanil<br>makankal | (in) kaṇṇil<br>kaṇṇinkal | neńchil<br>neńchinkal | teruvil<br>teruvinkal | pitávil<br>pitávinkal | marattil<br>marattinkal |
| | (a son) | (eye) | (breast, heart) | (street) | (father) | (tree) |

In this declension are included nouns ending in 'an', 'án', 'ón', in the semi-vowels, in 'u' and 'ŭ', nouns ending in 'a' nouns ending in 'am' and others.

83. 'ന' വക എങ്ങിനെ?

ഇതു താഴെ കാണിച്ചിരിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| പ്ര: | മകൻ· | കൺ· | നെഞ്ചു. | തെരു. | പിതാ (വു) | മരം· |
| ദ്വി: | മകനെ· | കണ്ണെ. | നെഞ്ചെ· | തെരുവെ· | പിതാവെ· | മരത്തെ. |
| | | കണ്ണിനെ· | നെഞ്ചിനെ· | തെരുവിനെ· | പിതാവിനെ· | മരത്തിനെ· |
| തൃ: | മകനാൽ· | കണ്ണാൽ· | നെഞ്ചാൽ· | തെരുവാൽ· | പിതാവാൽ. | മരത്താൽ· |
| ച: | മകന്നു· | കണ്ണിന്നു· | നെഞ്ചിന്നു· | തെരുവിന്നു· | പിതാവിന്നു· | മരത്തിന്നു· |
| | മകനു· | കണ്ണിനു· | നെഞ്ചിനു· | തെരുവിനു· | പിതാവിനു· | മരത്തിനു· |
| പ: | മകനിൽനിന്നു· | കണ്ണിൽനിന്നു· | നെഞ്ചിൽനിന്നു | തെരുവിൽനിന്നു | പിതാവിൽനിന്നു | മരത്തിൽനിന്നു. |
| ഷ: | മകന്റെ· | കണ്ണിന്റെ· | നെഞ്ചിന്റെ | തെരുവിന്റെ· | പിതാവിന്റെ | മരത്തിന്റെ· |
| സ: | മകനിൽ· | കണ്ണിൽ· | നെഞ്ചിൽ· | തെരുവിൽ· | പിതാവിൽ | മരത്തിൽ· |
| | മകങ്കൽ· | കണ്ണിങ്കൽ· | നെഞ്ചിങ്കൽ· | തെരുവിങ്കൽ· | പിതാവിങ്കൽ | മരത്തിങ്കൽ. |

ഇതിൽ, 'അൻ,' 'ആൻ,' 'ഓൻ,' എന്നന്തമുള്ള വയും, അർദ്ധവ്യഞ്ജനം 'ഉ,' കാരം, ആകാരം, അന്തമുള്ള വയും, 'അം,' അന്തങ്ങൾ ഉള്ള വയും മററും അടങ്ങീരിക്കുന്നു.

## PRONOMINAL NOUNS.

84. What are the Pronominal nouns?

**Nouns standing universally instead of particular nouns are called pronominals.**

85. Which are the personal pronouns?

**The three epicenes ńán (= I), ni (= thou), tán (= myself, thyself, himself &c.)**

86. How are these declined?

As follows:

| | | 1st Person | 2nd Person | Reflexive |
|---|---|---|---|---|
| Singular | Nom. | ńán | ní | tán |
| | Cr. F. | en | nin | tan |
| | Acc. | enne | ninne | tanne |
| | Instr. | ennál | ninnál | tannál |
| | Dative | enikku, inikku | ninakku, ninukku | tanikku |
| | Abl. | enkalninnu | ninkalninnu | tankalninnu |
| | Gen. | enṟe | ninṟe | tanṟe |
| | Loc. | ennil, enkal | ninnil, ninkal | tannil, tankal |

## പ്രതിസംജ്ഞാനാമങ്ങൾ.

84. പ്രതിസംജ്ഞാനാമങ്ങൾ എന്നവ ഏവ?

പ്രത്യേകനാമങ്ങൾക്കു പകരം ചൊല്ലുന്ന സൎവ്വനാമങ്ങൾ അത്രെ പ്രതിസംജ്ഞാനാമങ്ങൾ.

85. പുരുഷപ്രതിസംജ്ഞകൾ ഏവ?

അലിംഗങ്ങളായ 'ഞാൻ' 'നീ' 'താൻ' ഈ മൂന്നു തന്നെ.

86. ഇവററിൽ രൂപം എങ്ങിനെ?

ഏകവചനം.

| | | | |
|---|---|---|---|
| പ്ര: | ഞാൻ | നീ | താൻ |
| ആദേശരൂപം | എൻ | നിൻ | തൻ |
| ദ്വി: | എന്നെ | നിന്നെ | തന്നെ |
| തൃ: | എന്നാൽ | നിന്നാൽ | തന്നാൽ |
| ച: | എനിക്കു-ഇനിക്കു | നിനക്കു-നിണക്കു | തനിക്കു |
| പ: | എങ്കൽ നിന്നു | നിങ്കൽ നിന്നു | തങ്കൽനിന്നു |
| ഷ: | എന്റെ | നിന്റെ | തന്റെ |
| സ: | എന്നിൽ-എങ്കൽ | നിന്നിൽ-നിങ്കൽ | തന്നിൽ-തങ്കൽ |

| Plural | 1st Person | | 2nd Person | Reflexive | |
|---|---|---|---|---|---|
| Nominative | ńánkaḷ / ńanggaḷ | nám | ninggaḷ | tánkaḷ / tanggaḷ | tám |
| Cr. Form | ńanggaḷ | nám | ninggaḷ | tanggaḷ | tam |
| Accusative | ńanggaḷe | namme | ninggaḷe | tanggaḷe | tamme |
| Instru. | ńanggaḷál | nammál | ninggaḷál | tanggaḷál | tammál |
| Dative | ńanggaḷkku | namukku | ninggaḷkku | tanggaḷkku | tamukku |
| Ablative | ńanggaḷilninnu | nammilninnu | ninggaḷilninnu | tanggaḷilninnu | tammilninnu |
| Genitive | ńanggaḷuṭe | nammuṭe | ninggaḷuṭe | tanggaḷuṭe | tammuṭe |
| Locative | ńanggaḷil | nammil | ninggaḷil | tanggaḷil | tammil |
| | (enggaḷil) | (emmil) | (nimmil) | | |

## ബഹുവചനം.

| | | | | | |
|---|---|---|---|---|---|
| | ഞാങ്കൾ | | | താങ്കൾ | |
| പ്ര: | ഞങ്ങൾ | നാം | നിങ്ങൾ | തങ്ങൾ | താം |
| ആദേശരൂപം | ഞങ്ങൾ | നാം | നിങ്ങൾ | തങ്ങൾ | തം |
| ദ്വി: | ഞങ്ങളെ | നമ്മെ | നിങ്ങളെ | തങ്ങളെ | തമ്മെ |
| തൃ: | ഞങ്ങളാൽ | നമ്മാൽ | നിങ്ങളാൽ | തങ്ങളാൽ | തമ്മാൽ |
| ച: | ഞങ്ങൾക്കു | നമുക്കു | നിങ്ങൾക്കു | തങ്ങൾക്കു | തമുക്കു |
| പ: | ഞങ്ങളിൽ നിന്നു | നമ്മിൽ നിന്നു | നിങ്ങളിൽ നിന്നു | തങ്ങളിൽനിന്നു | തമ്മിൽനിന്നു |
| ഷ: | ഞങ്ങളുടെ | നമ്മുടെ | നിങ്ങളുടെ | തങ്ങളുടെ | തമ്മുടെ |
| സ: | ഞങ്ങളിൽ | നമ്മിൽ | നിങ്ങളിൽ | തങ്ങളിൽ | തമ്മിൽ |
| | (എങ്ങളിൽ) | (എമ്മിൽ) | (നിമ്മിൽ) | | |

87. Which are the demonstrative letters?

'A' and 'i' which serve to shew what is remote or near in either place or time.

| | |
|---|---|
| a + tira = a(tra) = (that measure, that much). | i + tira = i(tra) (= this measure, this much). |
| a + iṭe = a(viṭe) (= that place, there). | i + iṭe = i(viṭe) (= this place, here). |

88. What demonstrative nouns are formed from these demonstrative letters?

The most common are:

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Sing. | avan (=this man, he). | Plu. | avar (= those persons, they). | Sing. | ivan | = this man etc. he, she, it. | Plu. | ivar | = these persons or things, they. |
| | avaḷ (=this woman, she). | | | | ivaḷ | | | | |
| | atu (= that thing, it.) | | ava (= those things, they). | | itu | | | iva | |

89. What peculiarity is there in the declension of 'ava' and 'iva' and the forms derived from them?

'Ava' and the rest take 'ṟṟu' as the affix of the substituted-form.

87. ചുട്ടെഴുത്തുകൾ ഏവ?

സ്ഥലത്തിന്നാകട്ടെ കാലത്തിന്നാകട്ടെ ദൂരത്തിലും, സമീപത്തിലും, ആയിരിക്കുന്നതിനെ ചൂണ്ടിക്കാണിക്കുന്ന 'അ' 'ഇ' എന്നവ

ഉ-ം.

| | |
|---|---|
| അ+തിര =അ (ത്ര) | ഇ+തിര =ഇ (ത്ര) |
| അ+ഇടെ=അ (വിടെ) | ഇ+ഇടെ=ഇ (വിടെ) |

88. ചുട്ടെഴുത്തുകളിൽ ഉത്ഭവിക്കുന്ന ചൂണ്ടുപേരുകൾ ഏവ?

പുരുഷാർത്ഥം പറവാന്നായുള്ളൂണ്ടു.

ഉ-ം.

| | | | | | | | |
|---|---|---|---|---|---|---|---|
| | അവൻ | | അവർ | | ഇവൻ | | ഇവർ |
| ഏ: | അവൾ | ബ: | | ഏ: | ഇവൾ | ബ: | |
| | അതു | | അവ | | ഇതു | | ഇവ |

എന്നിവ പ്രധാനം.

89. 'അവ' 'ഇവ' എന്ന രൂപങ്ങൾക്കും, ആയതിൽ നിന്നു ജനിക്കുന്ന രൂപങ്ങൾക്കും, എന്തുവിശേഷം ഉണ്ടു?

'അവ' മുതലായതിന്റെ ആദേശരൂപത്തിന്നായി 'റ്റ' പ്രത്യയം ചേൎക്കണം.

| | | | | |
|---|---|---|---|---|
| Nom. | ava, avakal | palava (=many things) | ellávum (=all things) | ellám (= all things) |
| S. F. | avarru | palavarru | ellávarrum | ellárrum |
| Dat. | avarrinnu | palavarrinnu | ellávarrinnum | ellárrinnum |
| Loc. | avarril | palavarril | ellávarrilum | ellárrilum |
| etc. | | (palarril) | (elláyilum) | |

90. Which are the interrogative letters?

E, é, ya, these give rise to forms similar to those derived from the demonstrative letters.*

| | | |
|---|---|---|
| e-ttira = e-tra (= what measure, how much?) | | |
| e-ppuram (=which side?) | é - vazhi (=what way?) | yá - tonnu (=which one?) |

91. Which are the interrogative pronominal nouns?

* The demonstrative letters 'a', 'á', 'i', 'í', and the interrogative letters 'e' and 'é' when joined with a noun form a compound noun.

ഉ-ം.

| | | | | |
|---|---|---|---|---|
| പ്ര: | അവ, അവകൾ | പലവ | എല്ലാവും | എല്ലാം |
| ആദേശം | അവറ്റു | പലവറ്റു | എല്ലാവറ്റും | എല്ലാറ്റും |
| ച: | അവറ്റിന്നു | പലവറ്റിന്നു | എല്ലാവറ്റിന്നും | എല്ലാറ്റിന്നും |
| സ: | അവറ്റിൽ | പലവറ്റിൽ | എല്ലാവറ്റിലും | എല്ലാറ്റിലും |
| | | (പലറ്റിൽ) | (എല്ലായിലും) | |

90. ചോദ്യ എഴുത്തുകൾ ഏവ?

'എ' 'ഏ', 'യാ', എന്നുള്ളവതന്നെ; അതിന്റെ രൂപം ചുട്ടെഴുത്തുകൾക്കൊത്തവണ്ണമെ. *

ഉ-ം.

| | | |
|---|---|---|
| എ (ത്തിര) = എ (ത്ര) | ഏ (വഴി) | യാ (തൊന്നു) |
| എ (പ്പുറം) | | |

91. ചോദ്യപ്രതി സംജ്ഞാനാമങ്ങൾ ഏവ?

* ചുട്ടെഴുത്തുകളായ 'അ', 'ആ', 'ഇ', 'ഈ', എന്നവയും, ചോദ്യഎഴുത്തുകളായ 'എ', 'ഏ', എന്നവയും നാമങ്ങളോടു ചേരുന്നതിനാൽ സമാസം ഉണ്ടാകും.

The most important are:

| | | | | | | | |
|---|---|---|---|---|---|---|---|
| Sing. | évan (=which man, who?) | Plur. | évar (=which persons, who?) | Sing. | yávan | Plur. | yávar |
| | éváḷ (=which woman, who?) | | | | yáváḷ | | |
| | étu (=which thing, what?) | | éva (=which things, what?) | | yátu | | yáva |

'Yávan' etc. are only another form of 'evan' etc. The neuter has two forms we may say 'etu' (yátu) or 'entu' (=what?).

92. Are there any other pronominal nouns formed by the demonstrative and interrogative letters in composition?

Yes; for example, 'annatu' ('annavan' 'annavaḷ') 'innatu' (=that, this sort of thing, person etc.); 'ennatu' (= what sort of thing? etc.); 'angngu' (=that place); 'annu' (=that day); 'atra'; 'aviṭe'; 'angine' (=in that way); 'appóḷ' (= that time, then); and there are many other demonstrative or interrogative words denoting place, time, and manner.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഏവൻ | | ഏവർ | | യാവൻ | | യാവർ |
| ഏ. | ഏവൾ | ബ. | | ഏ. | യാവൾ | ബ. | |
| | ഏതു | | ഏവ | | യാതു | | യാവ |

എന്നിവ പ്രധാനം.

നപുംസകം രണ്ടു പ്രകാരത്തിൽ നടപ്പു; ഏതു, 'യാതു,' എന്നും, എന്തു, എന്നും പറയുന്നു.

92. ചുട്ടു ചോദ്യയെഴുത്തുകളുടെ സമാസത്തിൽ നിന്നു ജനിച്ച മററു പ്രതിസംജ്ഞകൾ ഉണ്ടോ?

'അന്നതു,' (അന്നവൻ, അന്നവൾ) 'ഇന്നതു,' 'എന്നതു,' 'അങ്ങു,' 'അന്നു,' 'അത്ര,' 'അവിടെ,' 'അങ്ങിനെ,' 'അപ്പോൾ,' മുതലായ അനേകം ചുട്ടു ചോദ്യാർത്ഥമായുള്ള സ്ഥലകാലപ്രകാരം വാചകങ്ങൾ ഉണ്ടു.

## INDEFINITE NUMERAL NOUNS.

93. What are the indefinite numeral nouns?

Certain pronominals used instead of numeral nouns.

94. Which is the principle of these indefinite numeral nouns?

'Ellá' (= all); from this, various indefinite numeral compound nouns are formed by the addition (as in the case of the demonstrative and interrogative letters) of affixes or of various nouns joined in composition. 'Um' is added by composition as a final affix.

Ex: 'ellávarum' (= all persons), 'ellávarreyum', 'ellátavum' (= all places, everywhere), (= ellá + iṭam [= place] + um), elláypozhum (= all times) etc.

95. Are there any other indefinite numeral nouns of universality?

Yes; 'muzhuvanum' (=the whole), 'murrum' (= the whole), 'sarvarum' (=all persons, every one), 'sakalarum' (=all persons) etc.

96. Are there any indefinite numeral nouns of universality derived from the interrogative pronominals?

A great number may be made by simply adding the affix 'um' (=soever).

Ex: 'évanum' (= whosoever, any one), 'évarum' (= every one), 'árum' (=whosoever),'étum' (=whatsoever, any thing), 'enggum, (wheresoever, anywhere), 'ennum' (= any day, every day), 'ennékkum' (= on what day soever, for ever).

## പ്രതിസംഖ്യാനാമങ്ങൾ.

93. പ്രതിസംഖ്യാനാമങ്ങൾ എന്നതു എന്തു?

സംഖ്യാ നാമത്തിന്നു പകരം ചൊല്ലുന്ന സൎവ്വനാമം തന്നെ.

94. പ്രതിസംഖ്യയിൽ പ്രധാനമായതു ഏതു?

'എല്ലാ' എന്നുള്ളതു തന്നെ; ആയതു ചുട്ടുചോദ്യ എഴുത്തുകളുടെ മാതിരി പ്രകാരം പ്രത്യയങ്ങളോടും, സമാസത്താൽ വെവ്വേറെ നാമങ്ങളോടും, ചേൎന്നു സൎവ്വാൎത്ഥമുള്ള സമാസിത പ്രതി സംഖ്യകളെ ജനിപ്പിക്കും; അററത്തിൽ 'ഉം' അവ്യയം സമാസത്താൽ ചേരുകയും വേണം.

ഉ-ം. 'എല്ലാവരും,' 'എല്ലാവറേറയും,' 'എല്ലാടവും' (=എല്ലാ+ഇടം+ഉം,) 'എല്ലാപ്പോഴും, ഇത്യാദി.

95. സൎവ്വാൎത്ഥമുള്ള വേറേ പ്രതിസംഖ്യ നാമങ്ങൾ ഉണ്ടോ?

'മുഴുവനും,' 'മുററും,' 'സൎവ്വരും' 'സകലരും,' മുതലായവ തന്നെ.

96. ചോദ്യപ്രതി സംജ്ഞയിൽ നിന്നും സൎവ്വാൎത്ഥമുള്ള പ്രതിസംഖ്യ നാമങ്ങളെ ഉണ്ടാക്കാമോ?

'ഉം' ചേൎക്കുന്നതിനാൽ വളരെ ഉണ്ടാക്കാം.

ഉ-ം. 'ഏവനും,' 'ഏവരും,' 'ആരും,' 'ഏതും,' 'എങ്ങും,' 'എന്നും,' 'എന്നേക്കും.'

97. Which are the pronominal nouns shewing severality?

The two following: 'chila' (= some), 'pala' (= many), and also 'anékam' (= several) (derived from the Sanskrit). 'Chilatu' (= some), and 'palatu' (= many) like the demonstratives can take the affixes of gender, number, and case.

98. Are there any indefinite numerals to express indefiniteness plurality, and other senses?

To express plurality the noun 'érram * (= much) etc., to express deficiency the nouns 'kurachchu', 'cherru', 'ottu', 'tellu',* 'alpam (= all meaning, a little, a few) and other Sanskrit derivatives, and to express difference the nouns 'marru' 'veru' * (= other, another) may be taken as indefinite numeral nouns.

NUMERAL NOUNS.

99. What word is included both amongst the numeral, and amongst the indefinite numeral nouns?

'Onnu' (= one).

100. In what form does this come in composition?

'Oru' and 'or'.

Ex: 'oru pašu (= a cow), 'orána' (= an elephant) (i. e. oru before consonants, ഓർ before vowels).

---

* These are verbal nouns, particulars respecting which will be found under the head of derivations.

97. നാനാത്വ പ്രതിസംഖ്യ നാമങ്ങൾ ഏവ?

'ചില,' 'പല,' എന്ന ഈ രണ്ടു തന്നെ; സംസ്കൃതത്തിൽ നിന്നു എടുത്ത 'അനേകം' കൂടേ ഉണ്ടു. 'ചിലതു,' പലതു എന്നവ ചൂണ്ടു പേർകൾ പോലെ ലിംഗവചന വിഭക്തി പ്രത്യയങ്ങളെ ധരിക്കാം.

98. ഏകദേശത, ആധിക്യം, മുതലായ അൎത്ഥങ്ങളുള്ള പ്രതിസംഖ്യാനാമങ്ങൾ ഉണ്ടോ?

ആധിക്യത്തിന്നു, 'ഏററം' ഇത്യാദി.
അല്പതക്കു, 'കുറച്ചു,' 'ചെററ,' 'ഒട്ടു,' 'തെല്ലു,' സംസ്കൃതത്തിൽനിന്നു ജനിച്ച 'അല്പം' ഇത്യാദി.
അന്യതക്കു, 'മററ,' 'വേറ.'
ഈ നാമങ്ങൾ * പ്രതിസംഖ്യകളായി എടുത്തു കൊള്ളാം

## സംഖ്യാനാമങ്ങൾ

99. സംഖ്യനാമങ്ങളിലും, പ്രതി സംഖ്യനാമങ്ങളിലും, കൂടുന്നതു എന്തു?

'ഒന്നു' എന്നുള്ളതു തന്നെ.

100. സമാസത്തിൽ ഇതിന്റെ രൂപം എങ്ങിനെ വരും?

'ഒരു,' 'ഒർ' എന്നു തന്നെ.

ഉ-ം. 'ഒരു' പശു 'ഒര്'ാന·

(വ്യഞ്ജനം പരമായാൽ, 'ഒരു' എന്നതും സ്വരമ പരമായാൽ ഓർ എന്നതും വേണം.

---

* ഇവകൾ പഴയ ക്രിയാനാമങ്ങൾ തന്നെ; ഇതിന്റെ വിവരം പദജനനത്തിൽ കാണും.

The following derivatives 'oruvan' 'oruvaḷ' 'orutti', etc. are used as pronominal nouns.

101. What are the other numeral nouns?

Rantu (=two), (in composition iru, ir); múnu (=three), (in composition mu, mun, mún, mú); nál, nálu (=four); anchu (=five), (in composition ei, eim, am); áru, ár (=six); é<u>zh</u>u (=seven); eṭṭu (=eight), (in composition eṇ); onpatu (=nine), (in composition toṇṇ, tóḷ); pattu (=ten), (in composition pati, panti) from the Sanskrit pankti (=a point or dot); etc. etc.

From these many other numbers are derived pattu and áyiram (= a thousand) (=sahasram) are derived from the Sanskrit; laksham (=a hundred thousand), kóṭi (=ten millions) etc. are pure Sanskrit numeral nouns. *

## CLASSIFICATION AND INFLECTION OF VERBS.

102. Into how many classes are verbs divided according to their form?

Into two; strong verbs and weak verbs.

i.) 'póku' (=go), 'keṭu' (= spoil), etc. are weak verbs.

ii.) Those which take 'kku' at the end are strong verbs.

---

* 'Or, ir, mu, mú, nál, ei, eim, en' etc. are nouns used as numerals. When joined with another noun, the numeral and the noun together, the noun and the numeral should be parsed as one compound noun. Again in 'onnam', 'rentam', ám (= ákum) is a verb.

ഇതിൽ നിന്നു ജനിച്ച 'ഒരുവൻ', 'ഒരുവൾ,' 'ഒരുത്തി', 'ഓരൊരുത്തൻ', ഇത്യാദി, പ്രതിസംഖ്യകളായിട്ടു നടക്കും.

101. ശേഷം സംഖ്യകളുടെ രൂപം എങ്ങിനെ?

രണ്ടു ('ഇരു', ഈൗർ); മൂന്നു (മൂ, മുൻ, മൂൻ, മൂ); നാലു, (നാൽ); അഞ്ചു (ഐ, ഐം, അം); ആറു, ആർ; ഏഴ, എട്ടു (എൺ); ഒമ്പതു, (തൊൺ, തൊൾ,); പത്തു, (പതി=പങ്കതി, പന്തി); നൂറു, ആയിരം. മുതലായവതന്നെ; അതിൽ നിന്നുത്ഭവിച്ച സംഖ്യകൾ പലതും ഉണ്ടു; പത്തു, ആയിരം (=സഹസ്രം) സംസ്കൃതത്തിൽനിന്നുജനിച്ചതു; ലക്ഷം കോടി. ഇത്യാദി ശുദ്ധ സംസ്കൃത സംഖ്യാനാമങ്ങളും ഉണ്ടു. *

## ക്രിയാരൂപഭേദം.

102. ക്രിയകൾ ഒക്കെയും പ്രകൃതികൊണ്ടു എത്രവകയുള്ളവ?

ബലക്രിയ, അബലക്രിയ, ഈരണ്ടു വകയുണ്ടു.

i.) 'പോകു', 'കെട്ട', മുതലായവ അബലക്രിയകൾ തന്നെ.

ii.) 'ക്കു' എന്നന്തമുള്ളവ ബലക്രിയകൾ തന്നെ.

---

* ഒന്നു, രണ്ടു, മുതലായവ, സംഖ്യകളായി നടക്കുന്ന നാമധാതുക്കൾ തന്നെ; മററൊരു നാമത്തോടു ചേൎന്നതാകുമ്പോൾ സംഖ്യെയും നാമവും കൂടി ഓരെ സമാസനാമമെന്നെടുത്തു വ്യാകരിക്കെണം; പിന്നെ. "ഒന്നാം" "രണ്ടാം" മുതലായവററിൽ, ആം(=ആകും) എന്നതുക്രിയാപദം തന്നെ.

Ex: koṭukk (u) (= give), kéḷkk (u) (= hear), kaḷikk (u) (= play) are strong. After this 'kku' has been added to the crude-form, the two together are called the strengthened crude-form.

103. How may verbs be divided acccording to the meaning?

Verbs are divided into transitive and intransitive according as the action does or does not pass over to an object.

Ex: irikka (= to be), varika (= to come), cháka (= to die), not requiring an object or accusative are intransitive, while koṭukka (= to give), tarika (= to give), etc. are evidently transitives.

Ex: pustakatte koṭuttu (= he gave the book), ariyé tarunnu (= he is giving [me] rice).

There is also a division of verbs into negative, and affirmative, according as the action is stated to have taken place, or not to have taken place.

Ex: 'vannu' (= having come) is affirmative, 'varáññu' (= not having come) is negative.

THE TENSES OF THE FINITE VERB.

104. How many tenses have verbs?

The following three: the present, the past, and the future.

THE FUTURE TENSE, (FINITE).

105. How many forms has the future?

The future has two forms.

ഉ-ം. 'കൊടുക്ക', 'കേൾക്ക', 'കളിക്ക' എന്നുള്ളവ ബലം തന്നെ; പ്രകൃതിക്ക ഈ 'ക്ക' എന്നു ചേൎന്നാറെ ഉണ്ടായതിന്നു ബലപ്രകൃതി എന്നും പറയാം.

103. അൎത്ഥത്തെ വിചാരിച്ചാൽ ക്രിയകൾ എത്രവകയുള്ളവ?
ക്രിയ, ഒരു കൎമ്മത്തിൽ ചേരേണ്ടതൊ ചേരേണ്ടാത്തതൊ എന്നു വിചാരിക്കുന്ന സംഗതിയിൽ മെൽ അകൎമ്മകം, സകൎമ്മകം, ഈ രണ്ടുവകയുണ്ടു; 'ഇരിക്ക', വരിക 'ചാക' മുതലായതിന്നു ദ്വിതീയയാകുന്ന കൎമ്മം ഇല്ലായ്കകൊണ്ടു അകൎമ്മകങ്ങൾ തന്നെ, 'കൊടുക്ക', 'തരിക' മുതലായവ സകൎമ്മകങ്ങൾ സ്പഷ്ടം.

ഉ-ം. 'പുസ്തകത്തെ 'കൊടുത്തു', അരിയെ 'തരുന്നു'.
ക്രിയ ഉണ്ടായൊ, ഉണ്ടായിട്ടില്ലയൊ, എന്നു വിചാരിക്കുന്ന സംഗതിയിൽ അനുസരണം, നിഷേധം എന്നു രണ്ടുവകയായിട്ടു വിഭാഗിക്കാം.

ഉ-ം. 'വന്നു' എന്നുള്ളതു അനുസരണം; 'വരാഞ്ഞു' എന്നുള്ളതു നിഷേധം.

## ത്രികാലങ്ങൾ.

104. ക്രിയക്ക എത്ര കാലങ്ങൾ ഉണ്ടു?
ഭൂതകാലം, വൎത്തമാനകാലം, ഭാവികാലം, ഈ മൂന്നു തന്നെ.

## ഭാവികാലം.

105. ഭാവികാലത്തിന്നു എത്ര രൂപങ്ങൾ ഉണ്ടു?
ഭാവികാലത്തിന്നു രണ്ടു രൂപങ്ങൾ ഉണ്ടു.

106. What is the first future?

**The first future is formed by adding the affix 'um' to the root, or in the case of strong verbs to the strengthened root.**

Ex: 'kelkkum' (= will hear), parakkum (= will fly), kúṭṭum (= will join).*

**In weak verbs both 'um' and 'kum' occur.**

Ex: Not only 'keṭum' (= will spoil), 'chuṭum (= will get hot, burn); but also such forms as chákum (= will die), 'ákum' (= will become), perukum (= will become big, increase), pazhakum (= will grow old or accustomed) etc. also occur.

107. What is the form of the second future?

**The second future is formed with the affixes 'u', and 'ú'.**

Ex: uḷḷu (= will be), okku (will agree); nallú (= will be good), póru (= will fight), varú (= will come).

108. Can the second future be formed with a consonant prefixed to the affix 'u'?

**Yes, by affixing 'vu' to weak verbs, and 'ppu' to strong verbs.**

Ex: 1. ávu (= will become), koḷvu (= will take).

2. koṭuppu (= will give), veppu (= will cook).

**After roots ending in nasals 'vu' becomes 'mu'.**

Ex: káṇmu (= will see).

---

**Note by the translator.* Some verbal roots are strengthened by adding 'tt' to the root. This 'tt' assumes various forms according to the consonant it follows: thus we have from kúṭu, kúṭṭu from káyu, káchchu; from akalu, akaṟṟu.

106. ഒന്നാം ഭാവിരൂപം എങ്ങനെ?

പ്രകൃതിയോടൊ, ബലക്രിയയാൽ ബലപ്രകൃതിയോടൊ, 'ഉം' പ്രത്യയം ചേൎത്താൽ ഒന്നാം ഭാവികാലം ആയ്വരുന്നു.

ഉ-ം. 'കിട്ടും', 'കേൾക്കും', 'പറക്കും'.

അബലക്രിയകളിൽ 'ഉം' എന്നും 'കും' എന്നും വരും.

ഉ-ം. 'കെട്ടും', 'ചുട്ടും', എന്നല്ലാതെ 'ചാകും', 'ആകും', 'പെരുകും', 'പഴകും'. മുതലായവ ഉണ്ടു.

107. രണ്ടാം ഭാവിക്കു എന്തുരൂപം ഉണ്ടു?

'ഉ,' 'ഊ,' എന്നീ വരുന്ന ഭാവിരൂപം ഉണ്ടു.

ഉ-ം. 'ഉള്ളു,' 'ഒക്കു,' 'നല്ലു,' 'പോരു,' 'വരു.'

108. ഉകാരത്തോടു വ്യഞ്ജനം ചേൎത്തിട്ടും രണ്ടാം ഭാവിയെ ഉണ്ടാക്കാമൊ?

അബലക്രിയ പ്രകൃതികളിൽ 'വു,' ബലക്രിയ പ്രകൃതികളിൽ 'ക്കു' നീക്കി, 'പ്പു' ചേൎക്കുന്നതിനാൽ തന്നെ.

ഉ-ം. 1. 'ആവു,' 'കോൾവു'

2. 'കൊടുപ്പു,' 'വെപ്പു.'

അനുനാസികാന്തങ്ങളിൽ 'വു' എന്നതു 'മു' എന്നതാകും.

ഉ-ം. 'കാണ്മു.'

The vowel of the affix is sometimes lengthened.

Ex: irippú (= will be).

109. What is the form of the future with the personal affixes?

This occurs only in poetry.

Its form is as follows:

Weak verbs.

| | Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|---|
| Singular. | Masculine | kúṭuvón (=he will join) | kúṭuváya (=thou etc.) | kúṭuvan (=I etc.) |
| | Feminine | kúṭuvoḷ (=she will join) | | |
| | Neuter | kúṭuvatu (=it will join) | | |

Strong verbs.

| | Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|---|
| Plural. | Masculine, Feminine | kuṭikkavór (=they will drink) | kuṭikkavír (=you will drink) | kuṭikkavam (=we etc.) |
| | Neuter | kuṭikkava (=they will drink) | | |

N. B. The singular of the strong verbs can easily be formed on the model of that of the weak verbs, and the plural of the weak verbs on that of the strong verbs.

ദീൎഘത്വവും ആം.

ഉ-ം. 'ഇരിപ്പൂ.'

109. ത്രി പുരുഷന്മാരെ കുറിക്കുന്ന ഭാവിരൂപം എങ്ങനെ?

അതു പാട്ടിൽ വരും—അതിൻ രൂപം എന്തെന്നാൽ,

അബലം.

| ലിംഗം. | | പ്രഥമ പുരുഷൻ. | മദ്ധ്യമ പുരുഷൻ. | ഉത്തമ പുരുഷൻ. |
|---|---|---|---|---|
| ഏകവചനം. | പു: | കൂടുവോൻ. | കൂടുവായ്. | കൂടുവൻ. |
| | സ്ത്രീ: | കൂടുവോൾ. | | |
| | ന: | കൂടുവതു. | | |

ബലം.

| ലിംഗം. | | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|---|
| ബഹുവചനം. | പു: സ്ത്രീ: | കടിക്കുവോർ. | കടിക്കുവീർ. | കടിക്കുവം. |
| | ന: | കടിക്കുവ. | | |

## THE PRESENT TENSE FINITE.

110. How is the present tense formed?

The present tense is formed by adding the present affix 'unnu'* to the root, or in case of strong verbs to the strengthened root.

Ex: pókunnu, varunnu, valikkunnu.

111. What is the form of the present shewing the three persons?

As follows:

Weak verbs.

| | Gender | 3rd Person | | 2nd Person | 1st Person |
|---|---|---|---|---|---|
| Singular. | Masculine | kúṭunnán | (= he, she, it joins) | kúṭunnáya (= thou joinest) | kúṭunnén (= I join) |
| | Feminine | kúṭunnáḷ | | | |
| | Neuter | kúṭunnatu | | | |

Strong Verbs.

| | Gender | 3rd Person | | 2nd Person | 1st Person |
|---|---|---|---|---|---|
| Plural. | Mas. | kuṭikkunnár | (= they drink) | kuṭikkunnír (= you drink) | kuṭikkunnam (= we drink) |
| | Fem. | | | | |
| | Neu. | kuṭikkunnava | | | |

* The present affix was anciently 'innu'; it is still found in the negative verb.

## വൎത്തമാനകാലം.

**110.** വൎത്തമാന കാലം എങ്ങനെ വരുത്താം?

പ്രകൃതിക്കു, (ബലക്രിയയായാൽ ബലപ്രകൃതിക്കു,) വൎത്തമാന പ്രത്യയമായ 'ഉന്നു' ചേൎക്കയാൽ ഉണ്ടാകും.

ഉ-ം. 'പോകുന്നു,' 'വരുന്നു,' 'വലിക്കുന്നു,'

**111.** ത്രി പുരുഷന്മാരെ കുറിക്കുന്ന വൎത്തമാന രൂപം എങ്ങനെ?

അബലം.

| | ലിംഗം. | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|---|
| ഏകവചനം. | പു: | കൂടുന്നാൻ. | കൂടുന്നായ. | കൂടുന്നേൻ. |
| | സ്ത്രീ: | കൂടുന്നാൾ. | | |
| | ന: | കൂടുന്നു. | | |

ബലം.

| | ലിംഗം. | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|---|
| ബഹുവചനം. | പു:, സ്ത്രീ: | കുടിക്കുന്നാർ | കുടിക്കുന്നീർ | കുടിക്കുന്നാം? |
| | ന: | കുടിക്കുന്നവ | | |

THE PAST TENSE (FINITE).

112. How is the past tense formed?

The past tense is formed in some cases by adding 'tu' and in some cases by adding 'i' to the *root*. The *strengthened* root is never used in the past tense.

113. What verbs make their past tense in 'i'?

i.) When the root ends in a double consonant, the past tense is formed by adding 'i'.

Thus, of the crude-form 'tanggu' (= stay) the past tense is 'tanggi' (=stayed). Similarly we have 'manṭu' (=run), 'manṭi, (=ran); 'chintu' (=spill), 'chinti' (=spilt); 'tuppu' (=spit), 'tuppi' (=spat).

ii.) In the case of crude-forms which consist of a syllable whose vowel is long, or of two syllables in both of which the vowel is short, the past tense is formed by adding 'i'.

Ex: kúṭu, kúṭi; máṟu, máṟi; karutu, karuti; maruvu maruvi.

iii.) Intransitive verbs ending in 'ku' 'nggu' and the transitive verbs formed from them and ending in 'kku' make their past tense by adding 'i'.

### ഭൂതകാലം.

112. ഭൂതകാലത്തെ വരുത്തുന്നതു എങ്ങിനെ?

ഇകാരം തുകാരം ഠരം രണ്ടക്ഷരങ്ങളിൽ ഒന്നു പ്രകൃതിയോടു ചേൎക്കുന്നതിനു തന്നെ.

ഭൂതത്തിൽ ബലപ്രകൃതി നടക്കുന്നില്ല.

113. ഇകാരത്താലുള്ള ഭൂതകാലം ഏതു ക്രിയകളിൽ വരും?

i.) പ്രകൃതി വ്യഞ്ജനദീൎഘമായാൽ അതിൽ പിന്നെ ഇകാരം ചേൎത്താൽ മതി.

ഉ-ം. 'തങ്ങു' എന്നുള്ള പ്രകൃതിയിൽ നിന്നു തങ്ങി എന്ന ഭൂതകാലം ഉണ്ടാകും. ഇപ്രകാരംതന്നെ (മണ്ടു) 'മണ്ടി', ('ചിന്തു') 'ചിന്തി', (തുപ്പു) 'തുപ്പി)',

ii.) ദീൎഘസ്വരത്തിലും, രണ്ടു ഹ്രസ്വങ്ങളിലും, പിന്നെ 'ഇ' ചേൎത്താൽ മതി.

ഉ-ം. (കൂടു) 'കൂടി', (മാറു) 'മാറി', (കരുതു) 'കരുതി', (മരവു) 'മരവി'.

iii.) 'കു', 'ങ്ങു', എന്നന്തമുള്ള അകൎമ്മങ്ങളിലും അവററിൽ നിന്നു ജനിക്കുന്ന 'ക്കു' എന്നന്തമുള്ള സകൎമ്മങ്ങളിലും ഇകാരം വേണ്ടതു.

Ex:

| | Past | | Past |
|---|---|---|---|
| áku (=become) | áyi | ákku (=cause to become, make) | ákki |
| iḷaku (=move, intr.) | iḷaki | iḷakku (=move, tr.) | iḷakki |
| tinggu (=be thronged) | tinggi | tikku (=throng, press) | tikki |

114. Are there (1.) any dubious cases and (2.) any irregularities in the case of the above classes of verbs, in relation to the formation of their past tenses?

There are many, particularly in the case of crude-forms ending in r, l, ḷ.

Ex:

| Crude-form | Past in 'i' | Past in 'tu' |
|---|---|---|
| 1. kollu (=kill) | kolli | konnu |
| chollu (=say) | cholli | chonnu |
| cháru (=lean) | chári | chárnnu |
| 2. áḷu (=rule) | | áṇḍu |
| varaḷ (=dry up) | | vaṟaṇṭu |
| íru (=saw) | | írnnu |
| póru (=accompany) | | pónnu |
| uṇ (=eat) | | uṇṭu |
| tin (=eat) | | tinnu |
| koḷḷu (=take) | | koṇḍu |
| akalu (=be distant) | | akannu |

N. B. In speaking of verbal roots the half 'u' at the end is not considered to form a syllable, the consonant preceding it is considered part of the preceding syllable.

ഉ-ം.

| | ഭൂതം | | ഭൂതം |
|---|---|---|---|
| ആക | ആയി (= ആകി) | ആക്ക | ആക്കി |
| ഇളക | ഇളകി | ഇളക്ക | ഇളക്കി |
| തിങ്ങ | തിങ്ങി | തിക്ക | തിക്കി |

114. ഇതിങ്കൽ (1) സംശയസ്ഥാനങ്ങളും (2) ക്രമതെറ്റുകളും ഇല്ലയൊ? പലതും ഉണ്ടു. വിശേഷാൽ രലാദികളന്തമുള്ളവററിൽ തന്നെ.

ഉ-ം.

| പ്രകൃതി. | ക്രമമായ ഭൂതം. | ക്രമം തെററിയ ഭൂതം. |
|---|---|---|
| 1. കൊല്ലു | കൊല്ലി | കൊന്നു |
| ചൊല്ലു | ചൊല്ലി | ചൊന്നു |
| ചാരു | ചാരി | ചാൎന്നു |
| 2. ആളു | | ആണ്ടു |
| വറൾ | | വറണ്ടു |
| ഈരു | | ഈൎന്നു |
| പോരു | | പോന്നു |
| ഉൺ | | ഉണ്ടു |
| തിൻ | | തിന്നു |
| കൊള്ളു | | കൊണ്ടു |
| അകലു | | അകന്നു |

115. With what verbs does 'tu' occur as the affix of the past tense?

In the case of the verb 'ey' and other crude-forms ending in 'y' also in the case of 'uzhu' (=plough) etc. 'poru' (=fight) and other crude-forms whose final consonant is a long palatal vowel or liquid.*

Ex: eytu (=ploughed), koytu (=reaped), uzhutu (=ploughed), tozhutu (=adored), vítu (=to fan), porutu (=fought).

116. What changes does 'tu' undergo?

'Tu' occurs also strengthened as 'ttu', ntu.
Of these 'ntu' is softened in 'nnu'.
After crude-forms ending in a palatal vowel 'ntu' is often softened into 'ńńu'; nevertheless these and others must be regarded as only forms of 'tu' the affix of the past tense.

117. When is 'ttu' used?

i.) After crude-forms ending in r, ru, zhu.

Ex: párkka, párttu (=stayed); etirkka, etirttu (=opposed); madhrkka, madhrttu (=became sweet); vízhkka, vízhttu (=threw down).

ii.) After several crude-forms ending in full 'u' exclusive of those referred to as ending in 'ku' etc.

Ex: pakuttu (=divided), eṭuttu (=lifted up, took up), taṇuttu (=became cold).

---

* Besides this it should be stated that all verbs not forming their past tense in 'i' form it in 'tu', particulars will be found in the answers which follow.

**115.** 'ത്ു' കാരത്താലുള്ള ഭൂതകാലം ഏതുക്രിയകളിൽ വരും?

എയ്യാദികളിൽ തന്നെ.

(ഉ-ം. എയ്തു, കൊയ്തു, ഉഴുതു, തൊഴുതു, വീതു, പൊരുതു.)

**116.** തുകാരം എങ്ങിനെ മാറും?

'തു' ബലപ്പെട്ടും 'ത്തു,' 'ന്തു,' ആയ്വരും, 'ന്തു' കാരം 'ന്നു' കാരമായി ദുഷിച്ചു പോകും, താലവ്യങ്ങളൊടു 'ന്തു' കാരം 'ഞ്ഞു' കാരമായും ദുഷിച്ചു പോകും; എന്നാൽ ഇവയെല്ലാം ഭൂതതുകാരത്തിന്റെ രൂപം തന്നെ.

**117.** 'ത്തു' എവിടെ വരും?

i.) 'ർ,' 'ള്,' 'ഴ്,' എന്നന്തമുള്ള പ്രകൃതികളിൽ

ഉ-ം. (പാർക്ക) 'പാർത്തു,' (എതിർക്ക) 'എതിർത്തു.' (മധുക്ക) 'മധുത്തു,' (വീഴ്ക്ക) 'വീഴ്ത്തു';

ii.) പലമുറ്റുകാരാന്തമുള്ള പ്രകൃതികളിൽ

ഉ-ം. 'പകുത്തു' 'എടുത്തു,' 'തണുത്തു'.

iii.) Several crude-forms ending in 'a' take 'ttu'.

Ex: urattu (=became strong), maṇattu (=smelt), kanattu (=became heavy), balattu (=became strong).

118. What change does 'ttu' undergo after crude-forms ending in a palatal?

After crude-forms ending in a palatal, 'ttu' changes into 'chchu'.

i.) Among crude-forms ending in 'i'.

Ex: (iṭikka), iṭittu, iṭichchu (=bruised).

ii.) Among those ending in palatal 'a'.

Ex: (viṟekka), viṟettu, viṟechchu (= shivered).

iii.) Among crude-forms ending in 'i, é, ei, ya'.

Ex: (chíkka), chíchchu (=became rotten); (vekka) vechchu (=put); (keikka) (keichchu) kachchu (= was bitter); (méy-kka), méyichchu, méchchu [=grazed (tr.)]

119. Into what is 'tu' changed after weak verbs ending in 'ṭu' ṟu and after strong verbs ending in 'ḷ', 'l'?

It becomes 'ṭṭu' 'ṟṟu' respectively.

Ex: (naṭu), naṭṭu (=planted); (kéḷkka), kéṭṭu (= heard); (kaḷ-kka) (kakka), kaṭṭu (=stole); (aṟu), aṟṟu (=broke off); (vilkka), viṟṟu (= sold).

120. Is 'tu' affixed to form the past tense of crude-forms ending in nasals?

Yes; in the case of many intransitives especially 'tu' occurs under the form of 'ntu'.

Ex: (véku), ventu (=burned); (nóku), nontu (= was painful); (puku), pukuntu (=praised).

iii.) ചില 'അ' പ്രകൃതികളിലും 'ത്തു' കാരം 'ത്തു' കാരമാവ്വതും;

ഉ-ം. 'ഉരത്തു,' 'മണത്തു,' 'കനത്തു' 'ബലത്തു.'

118. താലവ്യപ്രകൃതികളിൽ 'ത്തു' കാരം എങ്ങിനെ മാറിപ്പോകും?

താലവ്യപ്രകൃതികളിൽ 'ത്തു' കാരം 'ച്ചു' കാരമാപ്പോകും;

i.) 'ഇ' പ്രകൃതികളിൽ.

ഉ-ം. (ഇടിക്ക,) 'ഇടിത്തു' 'ഇടിച്ചു.'

ii.) താലവ്യാകാരത്തിൽ പിന്നെ (വിറക്ക,) 'വിറെത്തു,' 'വിറെച്ചു.'

iii.) 'ഈ,' 'എ,' 'ഐ,' 'യ,' പ്രകൃതികളിൽ (ചീക്ക) 'ചീച്ചു,' (വെക്ക,) 'വെച്ചു;' ('കൈക്ക,') കൈച്ചു 'കച്ചു;' (മേയ്ക്ക,) മേയിച്ചു 'മേച്ചു.'

119. 'ട്' 'റ്' എന്ന അബലകളിലും, 'ൾ,' 'ൽ' എന്ന ബലക്രിയകളിലും 'തു' കാരം എങ്ങനെ മാറിപ്പോകും?

'ട്ടു' 'റ്റു' എന്നായി തീരും.

ഉ-ം. (നട,) 'നട്ടു; (കേൾക്ക) 'കേട്ടു;' (കൽകാ കക്ക) 'കട്ടു;' (അറു) 'അററു;' (വിൾക്ക,) 'വിററു.'

120. തുകാരത്തോടു അനുനാസികം ചേരുന്നതും ഉണ്ടോ?

അനേകം അകമ്മകങ്ങളിൽ പ്രത്യേകം 'തു' കാരം, 'ന്തു' കാരമായി മാറും.

ഉ-ം. (വേക) 'വെന്തു;' (നോക,) 'നൊന്തു ;' (പുക) 'പുകന്തു.'

121. How is 'ntu' softened in the case of many verbs?
It becomes 'nnu', particularly after crude-forms ending in 'a'.

Ex: (nikakka) nikaṅnu (= was level); (kiṭakka) kiṭannu (=lay); parannu (= spread); piṟannu (= was born); chumannu (= bore); aḷannu (= measured); viśannu (= was hungry).

122. Into what is 'ntu' softened after crude-forms ending in a palatal vowel?
It becomes 'ṅṅu'.

Ex: (kari) kariṅṅu (= charred); (chí) chíṅṅu (= became rotten); páṅṅu (= ran); méṅṅu (= grazed intr.); tóṅṅu.

123. Into what is 'nlu' softened when it follows roots ending in ra, la, ṟa, zha, ḷa?
As follows:

i) 'rntu' becomes 'nnu'.

Ex: (chér) chérnnu (= joined); takarnnu (= split, break in pieces).

ii) 'lntu' becomes 'nnu'.

Ex: (chel) chennu (= went, moved); konnu (= killed).

iii) 'nntu' becomes 'nnu'.

Ex: (tín) tinnu (= ate); ennu (= said).

iv) 'ḷntu' becomes ṇṭu.

Ex: (áḷ) áṇṭu (= ruled); víṇṭu (= gained, won); koṇṭu (= took).

v) 'zhuntu' becomes 'ṇu,' 'ṇṇu'.

Ex: (ázhu, áṇu) umiṇṇu (= spat); pukaṇṇu (pukaḷnnu) (= spat).

124. Are there any exceptions to these rules?
There are. Some irregularities may be briefly noticed.

121. 'ന്തു' കാരം പലക്രിയകളിലും എങ്ങനെ ദുഷിച്ചു പോകും?

'ന്നു' കാരമാപ്പുരും; വിശേഷാൽ 'അ' പ്രകൃതികളിൽ തന്നെ.

ഉ-ം. (നികക്ക,) 'നികന്നു;' കിടക്ക, 'കിടന്നു,' 'പരന്നു,' 'പിറന്നു,' 'ചുമന്നു,' 'അളന്നു' 'വിശന്നു.'

122. താലവ്യാന്തമുള്ളവററിൽ 'ന്തു' കാരം എങ്ങിനെ മാറിപ്പോകും?

'ഞ്ഞു' കാരമായി പോകും.

ഉ-ം. (കരി) 'കരിഞ്ഞു,' (ചീ) ചീഞ്ഞു, 'പാഞ്ഞു,' 'മേഞ്ഞു,' 'തോഞ്ഞു.'

123. രലാദി പ്രകൃതികളിൽ എങ്ങനെ മാറും?

താഴെ പറഞ്ഞപ്രകാരം തന്നെ.

i.) 'ർന്തു' 'ന്നു,' എന്നാപ്പോകും

ഉ-ം. (ചേർ) 'ചേർന്നു,' 'തകർന്നു.'

ii.) 'ൽന്തു' 'ന്നു,' എന്നാപ്പോകും

ഉ-ം. (ചെൽ) 'ചെന്നു;' 'കൊന്നു.'

iii.) 'ൻന്തു' (ൻറ) 'ന്നു,' എന്നാപ്പോകും

ഉ-ം. (തിൻ) 'തിന്നു,' 'എന്നു.'

iv.) 'ൾന്തു' 'ണ്ടു,' എന്നാപ്പോകും

ഉ-ം. (ആൾ) 'ആണ്ടു,' 'വീണ്ടു,' 'കൊണ്ടു'

v.) 'ഴന്തു' 'ന്നു,' 'ണ്ണു,' എന്നാപ്പോകും

ഉ-ം. (ആഴ, ആണ) 'ഉമിണ്ണു,' 'പുകണ്ണു' (പുകൾന്നു.)

124. ഒരം സൂത്രങ്ങളെ ലംഘിച്ചുള്ള ഭൂതരൂപങ്ങളും ഉണ്ടോ?

ഉണ്ടു; ചില വികാരങ്ങളെ ചുരുക്കിപ്പറയാം

Ex: (kaṇ) kaṇṭu (=saw); (chá) chattu (=died); (vá) vannu (=came); ventu (=burned); nontu (=was pained, fasted); (nilkka) ninnu (=stood); (ezhunnílkka) ezhunníṟṟu (=got up and stood); (puku) pukku (=entered); (miku) mikku (=increased) *obsolete*; (taku) takku (=became fit) *obsolete*.

125. Give an example of the past tense with the personal terminations.

Weak Verb.

| | Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|---|
| Singular | Mas. | kaṇṭán (=he, she, it, saw) | kaṇṭáya (=thou sawest) | kaṇṭén (=I saw) |
| | Fem. | kaṇṭál | | |
| | Neut. | kaṇṭatu | | |

Strong Verb.

| | Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|---|
| Plural | Mas. Fem. | kaṇṭár (=they saw) | kaṇṭír (=you saw) | kaṇṭóm (=we saw) |
| | Neut. | kaṇṭava | | |

This is found only in poetry, at present 'kaṇṭu' (=saw), 'póyi' (=went) etc. are used for all genders, numbers and persons.

ഉ-ം. (കൺ) 'കണ്ടു,' (ചാ) 'ചത്തു,' (വാ) 'വന്നു,' 'വെന്തു,' 'നൊന്തു.' (നില്ക്ക) 'നിന്നു,' (എഴുന്നീല്ക്ക) 'എഴുന്നീറ്റു.' (പുക) 'പുക്കു,' (മിക) 'മിക്കു,' (തക) 'തക്കു.'

**125.** ത്രിപുരുഷന്മാരെ ഭൂതകാലത്തിൽ എങ്ങനെ പറയുന്നു?

അബലം.

| | ലിംഗം | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|---|
| ഏകവചനം. | പു: | കണ്ടാൻ. | കണ്ടായ. | കണ്ടേൻ. |
| | സ്ത്രീ: | കണ്ടാൾ. | | |
| | ന: | കണ്ടതു. | | |

ബലം.

| | ലിംഗം | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|---|
| ബഹുവചനം. | പു: സ്ത്രീ: | കണ്ടാർ. | കണ്ടീർ. | കണ്ടോം (?) |
| | ന: | കണ്ടവ. | | |

ഇതു പാട്ടിൽ മാത്രം നടപ്പു; ഇപ്പോഴുള്ളവർ എല്ലാ പുരുഷലിംഗവചനങ്ങൾക്കും 'കണ്ടു,' പോയി, എന്നിങ്ങനെ പറയുന്നു.

## THE IMPERATIVE.

126. What is the imperative?

The imperative is the form used 1st for commands, 2nd for requests.

Ex: 1. pó (=go!), vá (=come!)

2. taruvin (=give ye!), cholvin (=say ye!)

127. What is the form of the 2nd person singular of the imperative?

The crude-form of the verb may be used for the singular imperative.

Ex: pó, vá, iru (=be!), paṟa (=say!), nillu (=stand!), nalku.

128. What is the form of the 2nd person plural of the imperative?

It is formed by adding 'vin' to the crude-form or 'ppin' to the strengthened crude-form.

Ex: varuvin (=come ye!), póvin (=go ye!), irippin (=be ye!). Such forms as 'nókkuvin' (=see ye!), 'irikkuvin' (=be ye!) also occur.

With the nasals, 'min' is used.

Ex: káṇmin (=see ye!).

129. How are the 1st and 3rd persons of the imperative formed?

As follows:

Ex: ṅán pókaṭṭe (=let me go!), atuvaraṭṭe (= let it come!).

This is called the suggestive form.

## വിധി.

126. വിധി എന്നു എന്തു?

വിധി (1) നിയോഗിക്കുന്നതും (2) അപേക്ഷി ക്കുന്നതും ആകുന്നരൂപം തന്നെ.

1. 'പൊ,' 'വാ;' 2. തരുവിൻ, ചൊൽവിൻ.

127. ഏകവചനത്തിലെ മദ്ധ്യമപുരുഷവിധി എങ്ങിനെ?

ക്രിയയുടെ പ്രകൃതി മതി.

ഉ-ം. 'പൊ,' 'വാ,' 'ഇരു,' 'പറ,' 'നില്ല,' 'നൽകു.'

128. ബഹുവചനത്തിലെ മദ്ധ്യമപുരുഷവിധി എങ്ങിനെ?

ക്രിയാ പ്രകൃതിയോടു 'വിൻ;' ബലക്രിയകളോടു 'പ്പിൻ' ചേൎന്നിട്ടുളവാകും.

ഉ-ം. 'വരുവിൻ,' 'പോവിൻ,' 'ഇരിപ്പിൻ;' 'നോക്കുവിൻ,' 'ഇരിക്കുവിൻ' എന്നരൂപങ്ങളും കാണാം.

അനുനാസികങ്ങളോടു 'മിൻ' വരും.

ഉ-ം. കാണ്മിൻ.

129. ഉത്തമപ്രഥമപുരുഷന്മാൎക്കു വിധിയായുള്ളതു എന്തു രൂപം?

ഉ-ം. ഞാൻ പോകട്ടെ; അതുവരട്ടെ, എന്നതുതന്നെ.

ഇതിന്നു നിമന്ത്രണരൂപം എന്നു പേരുണ്ടു.

## THE INFINITIVE VERBAL FORMS.

### I. THE INFINITIVE.

130. How many forms are there of the infinitive?

The old infinitive and the new infinitive.

131. How is the old infinitive formed?

The old infinitive is formed by adding the affix 'a' (palatal) to the crude-form, or in the case of strong verbs to the strengthened crude-form.

Ex: áka (= to become), ákka (= to make), paṟaya (= to say), koṭukka (= to give).

When a vowel follows, this 'a' is sometimes elided.

Ex: áké = áka + é.

132. What is the form of the new infinitive?

It is formed by adding the affix 'ka' to the crude-form or in the case of strong verbs to the strengthened crude-form.

Ex: koḷḷuka (= to take), koṭukkuka (= to give), paṟaka (= to say).

### II. THE VERBAL NOUN.

133. What is the verbal noun?

The verbal noun is a form which while expressing action is used both as a noun and as a verb.

134. What is the form of the verbal noun?

The first verbal noun has the same form as the new infinitive.

## അപൂൎണ്ണ ക്രിയ.

### I. ഭാവരൂപം.

130. ഭാവരൂപം എത്രവിധമുള്ളു?

പഴയ ഭാവരൂപം പുതിയ ഭാവരൂപം എന്നീര ണ്ടുണ്ടു.

131. പഴയ ഭാവരൂപം എങ്ങിനെ?

ക്രിയാ പ്രകൃതിയോടു (ബലക്രിയയാൽ ബലക്രി യയോടു) 'അ' പ്രത്യയം വന്നാൽ പഴയ ഭാവ രൂപം തന്നെ.

ഉ-ം. 'ആക,' 'ആക്ക,' 'പറയ,' 'കൊടുക്ക.'

സ്വരം പരമായാൽ ഈ അകാരം ലോപിച്ചു പോ കിലുമാം.

ഉ-ം. 'ആകെ'=ആക+എ.

132. പുതിയ ഭാവരൂപം എങ്ങിനെ?

പ്രകൃതിയോടു (ബലക്രിയയാൽ ബലപ്രകൃതി യോടു) കകാരം ചേൎന്നിട്ടുണ്ടാകുന്നു.

ഉ-ം. 'കൊള്ളുക,' 'കൊടുക്കുക,' 'പറക.'

### II. ക്രിയാനാമം.

133. ക്രിയാനാമം എന്നതു എന്തു?

ക്രിയയുടെ പ്രയോഗവും, നാമത്തിന്റെ പ്രയോ ഗവും, കലൎന്നിട്ടു, ഒരു ക്രിയയെ അറിയിക്കുന്ന തു തന്നെ.

134. ഇതിന്റെ രൂപം എത്ര വിധം?

ഒന്നാമതിന്നു പുതിയ ഭാവരൂപം തന്നെ.

Ex: aṭikka (=the striking, or to strike), ákkuka (=the making, or to make).

The second verbal noun is formed by adding 'kal' or 'kkal' to the crude-form.

Ex: cheykal (=the doing), koṭukkal (=the giving).

135. In what respect does the verbal noun agree with verbs, and in what respect with nouns?

It resembles verbs in having a subject and object, and it resembles nouns in being declined, and standing as a subject.

Ex: avan ninne aṭikkayál [=by his (lit. he) beating thee]; ní enne rájyattilninnu purattákkuka véṇṭu nrŭpa [=O king, thy (lit. thou) pulling me out of the kingdom will be necessary].

In the first example, the verbal noun 'aṭikkayál' (=by beating) is governed by its subject 'avan' (=he) and governs its object 'ninne' (=thee), and is so far a verb; while at the same time it is in the instrumental case and is so far a noun. In the second example, the verbal noun 'ákkuka' (=put, make) has its own subject and object 'ní' (=thou), and 'enne' (=me), and is so far a verb; while it is the subject and nominative to 'véṇṭu' (=will be necessary), and is so far a noun.

ഉ-ം. 'അടിക്ക,' 'ആക്കുക'.

രണ്ടാം ക്രിയാനാമം പ്രകൃതിയോടു 'കൽ', 'ക്കൽ', ചേൎക്കയാൽ തന്നെ ഉണ്ടാക്കാം.

ഉ-ം. 'ചെയ്യൽ', 'കൊടുക്കൽ',

135. ക്രിയാനാമം ഏതു പ്രകാരത്തിൽ ക്രിയക്കൊക്കും, ഏതുപ്രകാരത്തിൽ നാമത്തിന്നൊക്കും?

ആഖ്യയും കൎമ്മവും ഉള്ളതു കൊണ്ടു ക്രിയക്കൊക്കുകയും വിഭക്തിയുള്ളതുകൊണ്ടും ആഖ്യയായ്നില്ക്കുന്നതു കൊണ്ടും നാമത്തിന്നൊക്കുകയും ചെയ്യും.

ഉ-ം. അവൻ നിന്നെ 'അടിക്കയാൽ'; നീ എന്നെ രാജ്യത്തിൽ നിന്നു പുറത്താ'ക്കുക' വേണ്ടു നൃപ.

ഒന്നാമത്തെ ഉദാഹരണത്തിൽ 'അടിക്കയാൽ' എന്ന ക്രിയാനാമം 'അവൻ' എന്ന ആഖ്യയെ ആശ്രയിക്കുകയും 'നിന്നെ' എന്ന കൎമ്മത്തെ ഭരിക്കയും ചെയ്യുന്നതുകൊണ്ടു ക്രിയക്കു ഒക്കുന്നു. അതിന്നു തൃതീയ വിഭക്തിയുള്ളതുകൊണ്ടു നാമത്തിന്നും ഒക്കുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽ 'ആക്കുക' എന്ന ക്രിയാനാമത്തിന്നു 'നീ' എന്ന ആഖ്യയും 'എന്നെ' എന്ന കൎമ്മവും ഉള്ളതാകകൊണ്ടു ക്രിയക്കു ഒക്കുന്നു. വേണ്ടു എന്ന ക്രിയക്കു ആഖ്യയായി പ്രഥമ വിഭക്തിയിൽ നില്ക്കുകയും ചെയ്യുകൊണ്ടു നാമത്തിന്നും ഒക്കുന്നു.

## III. ADVERBIAL PARTICIPLES.

136. What is the adverbial or verb-requiring participle?

The adverbial participle is that form of infinitive verb which requires to be followed by another verb in order to give a complete sense.

Ex: atu póypóyi [=it is lost (lit. having gone, is gone)]; in this the second 'póyi' (= is gone) is a past tense (finite), the first 'póy' (= having gone) is an adverbial participle.

kolluván varunnu; in this expression, as 'kolluván' (= about to kill or to kill), requires 'varunnu' (= he comes) to complete the sense, it is evident that it is a verb-requiring or adverbial participle.

137. What is the form of the past adverbial participle?

The same as that of the past tense with the exception that the final vowel is shortened as much as possible in speaking and writing.

Ex: áykkòṇṭu (= having become and being taken); in this 'áy' is the past adverbial participle.

vanneṭuttu (= having come, he took it); in this 'vannu' is the past adverbial participle.

váyichchukúṭá (lit. having read, it will not join; i. e. it cannot be read), 'váyichchúṭá; in these 'váyichchu' is the past adverbial participle. The past tenses (finite) 'áyi' and 'vannu' are shortened into 'áy', and 'vannŭ' respectively.

## III. ക്രിയാന്യൂനങ്ങൾ.

136. ക്രിയാന്യൂനം (വിനയെച്ചം) എന്നുള്ളതു എന്തു?

**വേറൊരു ക്രിയയാൽ അൎത്ഥം പൂൎണ്ണമായ്വരുന്ന അപൂൎണ്ണക്രിയതന്നെ ക്രിയാന്യൂനം (വിനയെച്ചം).**

ഉ-ം. 'അതു പോയ്പ്പോയി', എന്ന വാചകത്തിൽ രണ്ടാമത്തെ 'പോയി', എന്നുള്ളതു ഭൂതകാലം തന്നെ; ഒന്നാമത്തെ 'പോയ് എന്നു', ള്ളതു ക്രിയാന്യൂനം; 'കൊല്ലുവാൻ വരുന്നു', എന്നവാചകത്തിൽ 'കൊല്ലുവാൻ', എന്നതിന്റെ അൎത്ഥം 'വരുന്നു', എന്ന പദത്താൽ അത്രെ പൂൎണ്ണമായി വരുന്നതുകൊണ്ടു 'കൊല്ലുവാൻ' ക്രിയാന്യൂനം എന്നു സ്പഷ്ടം.

137. ഭൂതകാലത്തിന്റെ ക്രിയാന്യൂനത്തിന്നു എന്തുരൂപം കൊള്ളാം?

**ഭൂതരൂപമത്രെ; ഒടുക്കത്തെ സ്വരം ഉച്ചാരണത്തിലും, എഴുത്തിലും, കഴിയുന്നേടത്തോളം ചുരുങ്ങിപ്പോകും.**

ഉ-ം. 'ആയ്ക്കൊണ്ടു'; ഇതിൽ 'ആയ്' എന്നുള്ളതു ഭൂതക്രിയാന്യൂനം; 'വന്നെടുത്തു', ഇതിൽ 'വന്നു', എന്നതു ഭൂതക്രിയാന്യൂനം; 'വായിച്ചുകൂടാ', 'വായിച്ചൂടാ' 'ഇതിൽ 'വായിച്ചു' എന്നതു ഭൂതക്രിയാന്യൂനം; 'ആയി', 'വന്നു', എന്ന ഭൂതങ്ങൾ 'ആയ്', 'വന്ന്', എന്നിങ്ങിനെ ചുരുങ്ങിപ്പോയി.

138. What is the form of the future adverbial participle?

It is formed by adding the affix 'án' to the second future tense (finite).

Ex: ákuván (or áván) (=about to become, or to become), arivám (=about to know, or to know). These are evidently formed by adding the affix 'án' to the second futures 'áku' (or ávu) and 'arivu'.

139. Is there any present adverbial participle?

Yes; it is met with preceding the auxiliary verbs 'uṇṭu', and 'illa'. Its form is the same as that of the finite present.

Ex: pókunnuṇṭu (=I am going), varunnuṇṭu, cheyunnuṇṭu.
pókunnilla (=I am not going), varunnilla, cheyyunnilla.

In these pókunnu (=going), varunnu (=coming), and cheyyunnu (=doing), are evidently verb-requiring present participles, since they require the verbs uṇṭu (=I am) and illa (=I am not), to complete them.

## THE ADNOUNAL PARTICIPLE.

140. What is the adnounal, or noun-requiring participle?

The adnounal or noun-requiring participle is that form of the infinitive verb which requires a following noun to complete the sense.

138. ഭാവിയുടെ ക്രിയാന്യൂനത്തിന്റെ രൂപം എങ്ങനെ?

രണ്ടാം ഭാവിയോടു 'ആൻ', പ്രത്യയം ചേൎന്നു വരും.

ഉ-ം. 'ആകുവാൻ', 'ആവാൻ' അറിവാൻ, 'തിന്മാൻ' ഇവകൾ, രണ്ടാം ഭാവികളായ, 'ആക' 'ആവു', 'അറിവു', 'തിന്മു', എന്നവകളൊടു 'ആൻ' പ്രത്യയം ചേൎക്കയാൽ ഉണ്ടായവതന്നെ.

139. വൎത്തമാനക്രിയാന്യൂനം ഉണ്ടോ?

ഉണ്ടു; രൂപം വൎത്തമാനത്തോടു ഒക്കും. ഇതു പിന്തുടരുന്ന 'ഉണ്ടു' 'ഇല്ല' എന്നുള്ള സഹായക്രിയകളോടു വരും.

ഉ-ം. 'പോകുന്നുണ്ടു', 'വരുന്നുണ്ടു', 'ചെയ്യുന്നുണ്ടു', 'പോകുന്നില്ല', 'വരുന്നില്ല', 'ചെയ്യുന്നില്ല', ഇതിൽ പോകുന്നു, വരുന്നു, ചെയ്യുന്നു, എന്നവ വൎത്തമാനക്രിയാന്യൂനങ്ങൾ എന്നു സ്പഷ്ടം.

## ശബ്ദന്യൂനം.

140. ശബ്ദന്യൂനം (പെരെച്ചം) എന്നുള്ളതു എന്തു?

പിന്തുടരുന്ന നാമത്താൽ അൎത്ഥം പൂൎണ്ണമായ്വരുന്ന അപൂൎണ്ണക്രിയതന്നെ ശബ്ദന്യൂനം.

Ex: varunna áḷ (=the man who is coming), póya kuṭṭi (=the boy who went); in these two expressions the sense of 'varunnu' (=who is coming), and póya (=who went) is suspended until it is completed by the nouns 'áḷ' and 'kuṭṭi'; hence the verbs 'varunnu', and 'póya', are noun-requiring or adnounal participles.

141. How are the adnounal present and past participles formed?

By adding 'a' pure to the adverbial participles.

| Adverbial participle. | | Adnounal participle. | Adverbial participle. | | Adnounal participle. |
|---|---|---|---|---|---|
| ákunnu (=becoming) | + a | = ákunna (= who or which is becoming) | pukunnu | + a | = pukunna |
| áy (=having become) | + a | =áya, (ákiya) (= who or which became) | pukki | + a | = pukkiya, (pukka) |
| koṭukkunnu | + a | =koṭukkunna | veḷukkunnu | + a | = veḷukkunna |
| koṭuttu | + a | = koṭutta | veḷuttu (= having become white) | + a | =veḷutta (= which became white) |

142. Is 'a' the affix of the adnounal participle ever added alone without the intervention of the signs of the temporal affixes?

ഉ-ം. 'വരുന്ന ആൾ,' 'പോയ കുട്ടി,' എന്നീരണ്ടു വാചകങ്ങളി, ൽ 'വരുന്ന,' 'പോയ,' എന്നവകളുടെ അൎത്ഥങ്ങൾ പിൻ തുടരുന്ന 'ആൾ,' 'കുട്ടി,' എന്നവകളാൽ അത്രെ പൂൎണ്ണമായ്വരുന്നതു; അതു കൊണ്ടു 'വരുന്ന,' 'പോയ' എന്നുള്ള ക്രിയകൾ ശബ്ദന്യൂനങ്ങൾ അത്രെ.

**141.** വൎത്തമാനഭൂതകാലങ്ങൾക്കു ശബ്ദന്യൂനം ഉണ്ടാകുന്നതു എങ്ങിനെ?

ക്രിയാന്യൂനത്തോടു 'അ' എന്ന പ്രത്യയം ചേരുകയാൽ തന്നെ.

| ക്രിയാന്യൂനം. | | ശബ്ദന്യൂനം. | ക്രിയാന്യൂനം. | | ശബ്ദന്യൂനം. |
|---|---|---|---|---|---|
| ആകുന്നു | +അ | = ആകുന്ന | പുകുന്നു | +അ | = പുകുന്ന |
| ആയ് | +അ | = ആയ (ആകിയ) | പുക്കി | +അ | = പുക്കിയ (പുക്ക) |
| കൊടുക്കുന്നു | +അ | = കൊടുക്കുന്ന | വെളുക്കുന്നു | +അ | = വെളുക്കുന്ന |
| കൊടുത്തു | +അ | = കൊടുത്ത | വെളുത്തു | +അ | = വെളുത്ത |

**142.** 'അ' എന്നുള്ള ശബ്ദന്യൂന പ്രത്യയം കാലപ്രത്യയം കൂടാതെ ചേരുന്നതുണ്ടോ?

It is in the case of certain old defective verbs; these have lost their verbal force (i. e. the idea of action or assumption of a new state) and are now used only to shew qualities or attributes, and no idea of time being attached to them they are used without the temporal affixes. This form might be called the "aoristic" adnounal participle.

Ex: nalla (= which is good), valla (= which are a few), pazhaya (= which is old).

143. What is the form of the adnounal future participles?

The two future tenses (finite) are used also as adnounal future participles. 'A' the proper affix of the adnounal participles is not used in this case.

Ex: i. (The 1st future) ákum kálam, ámpóḷ (= the time which will be), koṭukkum néram (= the time when he will give); in these examples the verbs, ákum, am (= which will become), koṭukkum (which will give) are adnounal future participles.

ii. (The second future) ávóḷam [= till it will become, (lit. to the) measure when it will become], póvóḷam, marippóruvan (= one who will die); in these examples the verbs á (vu) [= which (or when it) will become], pó (vu) [which (or when) it will go], marippu (= who will die), are adnounal future participles.

ചില പഴയ ഊനക്രിയകളോടു ചേക്കുന്നതുണ്ടു; ആവക ക്രിയകൾ ക്രിയാഭാവം വിട്ടു, നാമങ്ങളുടെ ഗുണലക്ഷണാദികൾ മാത്രം, പ്രവൃത്തിച്ചതിനാൽ കാലഭേദം ഇല്ലാതായ്പോയതു കൊണ്ടു, കാലപ്രത്യയങ്ങൾ കൂടാതെ നടക്കുന്നു; ഇങ്ങിനെയുള്ള രൂപത്തിന്നു അകാലശബ്ദന്യൂനമെന്നു പറയാം.

ഉ-ം. നല്ല, വല്ല, പഴയ.

**143.** ഭാവിയുടെ ശബ്ദന്യൂനം എങ്ങിനെ?

രണ്ടു ഭാവിരൂപങ്ങളും അകാരം കൂടാതെ പ്രയോഗിക്കുന്നു.

i.) ഉ-ം. (ഒന്നാം ഭാവി) 'ആകും കാലം,' 'ആംപോൾ,' 'കൊട്ടുക്കും നേരം;' ഇവയിൽ, 'ആകും,' 'ആം,' 'കൊട്ടുക്കും,' എന്ന ക്രിയകൾ ഭാവിശബ്ദന്യൂനങ്ങൾ അത്രെ.

ii.) (രണ്ടാം ഭാവി) 'ആവോളം,' 'പോവോളം,' 'മരിപ്പോരുവൻ' ഇവയിൽ 'ആ (വു,)' 'പോ (വു,)' 'മരിപ്പു,' എന്ന ക്രിയകൾ ഭാവിശബ്ദന്യൂനങ്ങൾ അത്രെ.

## PARTICIPIAL NOUNS.

144. Are any personal participial nouns formed from the adnounal participles?

Yes, the most common forms are shewn below:

| | Present | | Past | | Future | |
|---|---|---|---|---|---|---|
| Sing. M. | naṭakkunnavan | (=he, she, it, they who or which walks or walk) | naṭannavan | (=he or she who walked, that which walked, they who walked) | naṭakkuvavan | (=he who will walk etc.) |
| „ F. | naṭakkunnavaḷ | | naṭannavaḷ | | naṭakkuvavaḷ | |
| „ N. | naṭakkunnatu | | naṭannatu | | naṭakkuvatu | |
| Plu. M. F. | naṭakkunnavar | | naṭannavar | | naṭakkuvavar (naṭappór) | |
| „ N. | naṭakkunnava | | naṭannava | | naṭakkuvava (naṭappór) | |

These are also capable of declension throughout the various cases, just as nouns.

145. Has the neuter of the personal participial noun of the three tenses only one form or several?

The neuter of the personal participial noun may be formed with 'atu', or 'itu'; in poetry a form with 'utu'* also occurs.

* This 'utu' is an old demonstrative.

144. ശബ്ദന്യൂനങ്ങളാൽ ക്രിയാപുരുഷനാമങ്ങളും ഉണ്ടാകുന്നുവൊ?
ഉണ്ടാകും; അവ താഴെ കാണിച്ചിരിക്കുന്നു.

| വൎത്തമാനം. | ഭൂതം. | ഭാവി. |
|---|---|---|
| നടക്കുന്നവൻ | നടന്നവൻ | നടക്കുവവൻ |
| നടക്കുന്നവൾ | നടന്നവൾ | നടക്കുവവൾ |
| നടക്കുന്നതു | നടന്നതു | നടക്കുവതു |
| നടക്കുന്നവർ | നടന്നവർ | നടക്കുവവർ (നടപ്പോർ) |
| നടക്കുന്നവ | നടന്നവ | നടക്കുവവ (നടപ്പോർ) |

വിഭക്തിഭേദങ്ങളും ധരിക്കും.

145. ഇങ്ങിനത്തെ ത്രികാലക്രിയാപുരുഷനാമത്തിന്റെ നപുംസകത്തിന്നു രൂപം ഒന്നു തന്നെയൊ?
ക്രിയാപുരുഷനാമത്തിന്റെ നപുംസകത്തിൽ 'അതു' എന്നതും, 'ഇതു' എന്നതും, വരും. പാട്ടിൽ 'ഉതു'[*] എന്നതും നടക്കുന്നു.

* ൟ 'ഉതു' എന്നതു പഴയ ഒരു ചൂണ്ടുപേർ തന്നെ.

Ex: akalunnitu, vannitu, ávitu, ariyunnitu, tírnnitu, póvutu. These are sometimes used in place of the finite verb.

A neuter participial noun may be formed by the addition of 'onnu' also.

Ex: Singular: 'itunnonnu' (=that which puts), 'cheytonnu' (=that which does), 'iripponnu' (=that which is).
Plural: 'irunnó chilava', 'irippó chilava'.

## SUBJUNCTIVE AND CONCESSIVE.

146. What is the subjunctive?

It is the form of the infinitive verb which is used to denote a supposition upon which something else is consequent.

147. What is the form of the first subjunctive?

If 'ál' (=ákil) is added to the adverbial past participle, the subjunctive is formed.

Ex: áyál (=if I, you, he, she, it, we or they be), útiyál (=if I etc. blow) (=útinál), pukkál (=if I etc. enter), 'kotuttál' (=if I etc. give).

148. How is the second subjunctive formed?

The second subjunctive is formed by adding 'il' the affix of the locative case to the first verbal noun. The final 'a' is elided.

Ex: ákil (=if I etc. be), varikil, cholkil, kotukkil; similarly we may say onnukil (=if it so happen).

ഉ-ം. 'അകലുന്നിതു,' 'വന്നിതു,' 'ആവിതു,' 'അറിയുന്നിതു; 'തീന്നിതു' 'പോവുതു.

ഇവററിൽ അനുഭവം ചിലപ്പോൾ ത്രികാലങ്ങളിലെ പൂൎണ്ണക്രിയയോടൊക്കും;

'ഒന്നു' എന്നതും ചേൎത്താൽ ശബ്ദാന്ത്യനൎത്ഥാലുണ്ടായ നപുംസകക്രിയാപുരുഷനാമത്തിന്നു കൊള്ളാം.

ഉ-ം. ഏ: വ: 'ഇട്ടന്നൊന്നു,' 'ചെയ്യൊന്നു,' 'ഇരിപ്പൊന്നു.'
ബ: വ: 'ഇരുന്നൊ ചിലവ,' 'ഇരിപ്പൊ ചിലവ.'

## സംഭാവനാനുവാദകങ്ങൾ.

146. സംഭാവന എന്നതു എന്തു?

ഇന്നതു സംഭവിച്ചാൽ മററൊന്നു സംഭവിക്കും എന്നുള്ള ഭാവത്തിൽ വരുന്ന അപൂൎണ്ണക്രിയാരൂപം തന്നെ.

147. ഒന്നാം സംഭാവന എങ്ങിനെ ഉണ്ടാകും?

ഭൂതത്തിന്റെ ക്രിയാന്ത്യനത്തോടു 'ആൽ' (=ആകിൽ) ചേരുന്നതിനാൽ ഉണ്ടാകും.

ഉ-ം. 'ആയാൽ,' 'ഊതിയാൽ,' (=ഊതിനാൽ,) 'പുക്കാൽ,' 'കൊട്ടത്താൽ'.

148. രണ്ടാം സംഭാവന എങ്ങിനെ ഉണ്ടാകും?

ഒന്നാം ക്രിയാനാമത്തോടു 'ഇൽ' എന്നുള്ള സപ്തമിപ്രത്യയം ചേരുന്നതിനാൽ ഉണ്ടാകും; അകാരം ലോപിച്ചുപോകും.

ഉ-ം. 'ആകിൽ', 'വരികിൽ', 'ചൊൽകിൽ', 'കൊടുക്കിൽ'; അതിൻവണ്ണം 'ഒന്നുകിൽ', എന്നു പറയാം.

149. How are the concessive participles formed?

The first concessive participle is formed by adding the indeclinable 'um' to the first subjunctive, and the second concessive is formed by adding 'um' to the second subjunctive.

Ex: (First concessive), áyálum (=although I etc. be), koṭuttálum (=although I etc. give).

(Second concessive), ákilum (=if I etc. be), íṭukilum (=íṭilum) koṭukkilum, irikkilum. Such forms as, 'koṭukkuvilum', 'koṭukkúlum', 'irippúlum', 'áyinum' (=ánum), * 'éninum' (=énum) may also be used. (Their meaning is the same as that of the forms first given).

## THE NEGATIVE MOOD.

150. What is the negative mood?

That form of the verb which denies the action or state expressed by the verb.

151. How many tenses has the negative mood?

Strictly speaking there is only one, which is (in form) a future.

Ex: áká (= it will not, does not become), vará (=it will not, does not come), ariyá, nillá (nilká), irá, iriyá, irikká, naṭakká.

152. Can the negative take the personal affixes?

---

* Note. There is an old form of the locative affix in 'in'. This also appears in 'ingane' = inggu + in + e = inggu + il + e; i. e. the locative of the demonstrative noun inggu. Inggane literally means 'in this very way'.

149. അനുവാദകങ്ങൾ എങ്ങിനെ ഉണ്ടാകും?

ഒന്നാം സംഭാവനയോടു 'ഉം', അവ്യയം ചേൎത്താൽ ഒന്നാം അനുവാദകവും, രണ്ടാം സംഭാവനയോടു 'ഉം' അവ്യയം ചേൎത്താൽ രണ്ടാം അനുവാദകവും ഉണ്ടാകും.

i·) ഉ-ം· (ഒന്നാം അനുവാദകം) 'ആയാലും', 'കൊടുത്താലും'·

ii·) (രണ്ടാം അനുവാദകം) 'ആകിലും', 'ഈടുകിലും' (=ഈടിലും), 'കൊടുക്കിലും', (=കൊടുക്കുവിലും, കൊടുക്കുലും), 'ഇരിക്കിലും', (=ഇരിപ്പുലും), 'ആയിനും' (=ആനും), 'ഏനിനും' (=ഏനും), എന്നും കേൾക്കുന്നു· *

## നിഷേധക്രിയ.

150. നിഷേധക്രിയ (മറവിന) എന്നതു എന്തു?

ക്രിയയുടെ അൎത്ഥത്തെ നിഷേധിക്കുന്ന രൂപം തന്നെ.

151. നിഷേധകാലങ്ങൾ എത്രയുണ്ടു?

സൂക്ഷ്മത്തിൽ കേവലം ഒന്നെ ഉള്ളു; ഭാവി തന്നെ.

ഉ-ം· 'ആകാ', 'വരാ', 'അറിയാ', 'നില്ലാ', (നില്ക്കാ) 'ഇരാ'; 'ഇരിയാ', 'ഇരിക്കാ', ,നടക്കാ'·

152. നിഷേധത്തിലും ത്രിപുരുഷന്മാർ നടക്കുമൊ?

---

* ഇൻ എന്ന പഴയ സപ്തമിപ്രത്യയം ഉണ്ടു· ഇതു ഇങ്ങിനെ= ഇങ്ങു+ഇൻ+എ=ഇങ്ങു+ഇൽ+എ എന്ന 'ഇങ്ങു' ചൂണ്ടു പേരുടെ സപ്തമിയിലും കാണുന്നു·

It can.

Ex:

| Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|
| Singular. Masculine | aṛiyán (=he, she, it will not, does not know) | aṛiyáya (= thou wilt not, dost not know) | aṛiyá (=I shall not, do not know) |
| Feminine | aṛiyáḷ | | |
| Neuter | aṛiyátu<br>aṛiyá | | |

| Gender | 3rd Person | 2nd Person | 1st Person |
|---|---|---|---|
| Plural. Masculine, Feminine | aṛiyár (= they will not, do not know). | aṛiyír (?) (=you will not, do not know). | aṛiyam (?) (=we will not, do not know) |
| Neuter | aṛiyá | | |

153. Has the negative mood any adnounal participles?

(a). It has. The form of one is exactly the same as that of the negative finite verb.

Ex: kollákula (= a murder which does not kill), néṭáppon (=gold which is not got) etc.; in these examples 'kollá' (=which does not kill) and 'néṭá' are negative adnounal participles.

(b). The neuter participial nouns formed from these adnounal participles are used as finite verbs also.

Ex: atu varátu (= it will not, does not, or did not come), mazha viṭátu (=the rain will etc. not leave off), atu taṭṭáttu (taṭṭáttatu) (=it will etc. not take effect).

154. What is the form of the second adnounal negative participle?

നടക്കും.

ഉ-ം.

ഏകവചനം.

| ലിംഗം | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|
| പു: | അറിയാൻ | | |
| സ്ത്രീ: | അറിയാൾ | അറിയായ | അറിയേൻ |
| ന: | അറിയാതു | | |
| | അറിയാ | | |

ബഹുവചനം.

| ലിംഗം | പ്ര: പു: | മ: പു: | ഉ: പു: |
|---|---|---|---|
| പു: സ്ത്രീ: | അറിയാർ | അറിയീർ (?) | അറിയം (?) |
| ന: | അറിയാ | | |

153. നിഷേധത്തിൽ ശബ്ദന്യൂനവും ഉണ്ടോ?

(a) ഉണ്ടു; ഒന്നിന്റെ രൂപം ഒരു ഭേദവും കൂടാതെയുള്ള പൂൎണ്ണനിഷേധത്തിന്റെ രൂപം പോലെ നടക്കുന്നു.

ഉ-ം. 'കൊല്ലാക്കല', നേടാപ്പൊൻ', ഇത്യാദികളിൽ 'കൊല്ലാ', 'നേടാ', എന്നുള്ളവ നിഷേധശബ്ദന്യൂനങ്ങൾ അത്രെ.

(b) ഠരം ശബ്ദന്യൂനത്തിൽ നിന്നു ജനിക്കുന്ന നപുംസകൈകവചനക്രിയാപുരുഷനാമം പൂൎണ്ണക്രിയയായും നടക്കും.

ഉ-ം. 'അതുവരാതു', 'മഴവിടാതു', 'അതുതട്ടാത്തു', (തട്ടാത്തതു).

154. രണ്ടാം നിഷേധശബ്ദന്യൂനം എങ്ങിനെ?

It is formed by adding 'ta' or 'tta' to the finite negative verb.

Ex: varáta, varátta.

The participial nouns formed from these have the following forms.

Ex: varáttavan (=he who did etc. not come), varáttavaḷ (she who did etc. not come), varáttatu (=that which did etc. not come), varáttavar (=they who did etc. not come).

155. Has the negative mood any adverbial participles? It has. The first is formed by adding the affix 'te' and the second by adding the affix 'ńńu' to the above said form of the finite negative verb.

Ex: varáte (=not having come, not coming), cheyyáte (=not having done, not doing), nilláte, nilkáte (=not having stood, not standing), grahiyáte (=not having understood), varáńńu (=not having come, not coming).

156. Has the negative mood any other forms? It has. The Malayális by adding 'innu' the old affix of the present tense to the above said neuter finite verb, have made a finite present tense.

Ex: 'varáyinnu' (= he etc. do not come), aṟiyáyinnu (=I, he, etc. do not know) etc. These have subsequently become changed into such forms as;

Ex: varáyunnu, aṟiyáyunnu, varáńńu, aṟiyáńńu.

Thus the negative mood can be completely conjugated as a finite verb.

പൂൎണ്ണനിഷേധത്തോടു 'ത' 'ത്ത' ചേൎക്കയാൽ ഉണ്ടാകുന്നതു തന്നെ.

ഉ-ം. 'വരാത,' 'വരാത്ത'.

ഇവയിൽ നിന്നുണ്ടാകുന്ന ക്രിയാപുരുഷനാമങ്ങൾ 'വരാത്തവൻ,' 'വരാത്തവൾ,' 'വരാത്തതു,' 'വരാത്തവർ,' 'വരാത്തവ' എന്നരൂപത്തിൽ തന്നെ നടക്കും.

155. നിഷേധത്തിൽ ക്രിയാന്യൂനം ഉണ്ടൊ?

ഉണ്ടു. ഒന്നാമത്തേതു. മേൽപറഞ്ഞനിഷേധ പൂൎണ്ണക്രിയയോടു 'തെ' പ്രത്യയവും, രണ്ടാമത്തെതു 'ഞ്ഞു' പ്രത്യയവും ചേൎക്കുന്നതിനാൽ ഉണ്ടാകും.

ഉ-ം. 'വരാതെ', 'ചെയ്യാതെ', 'നില്ലാതെ', 'നില്ക്കാതെ', 'ഗ്രഹിയാതെ' വരാഞ്ഞു ഇത്യാദി.

156. വേറെ രൂപങ്ങളും നിഷേധത്തിൽ ഉണ്ടൊ?

ഉണ്ടു; മലയാളികൾ മേൽപറഞ്ഞനിഷേധ പൂൎണ്ണക്രിയയോടു 'ഇന്നു' എന്ന പ്രത്യയം ചേൎത്തിട്ടു ഒരു വൎത്തമാനത്തെ നിൎമ്മിച്ചിരിക്കുന്നു.

ഉ-ം. 'വരായിന്നു', 'അറിയായിന്നു', എന്നിരൂപങ്ങൾ തന്നെ. അവ പിന്നെത്തതിൽ 'വരായുന്നു', അറിയായുന്നു, വരാഞ്ഞു, അറിയാഞ്ഞു എന്നു വന്നു.

ഇങ്ങിനെ ഇതിൽനിന്നൊരു പൂൎണ്ണക്രിയയുണ്ടായി.

157. Give the complete conjugation of the verb.

The Infinitive verb. Affirmative.

| | Present tense | Past tense | 1st Future | 2nd Future |
|---|---|---|---|---|
| Infinitive | cheyka | | | |
| Verbal noun | cheyka | | | |
| Participial nouns | cheyyunnavan | cheytavan | | cheyyuvavan |
| | etc. | etc. | | etc. |
| Adverbial Participle | cheyyunnŭ | cheytu | cheyván | |
| Adnounal Participle | cheyyunna | cheyta | cheyyum | cheyyu, cheyyú |
| Subjunctive | cheykil | cheytál | | |
| Concessive | cheykilum | cheytálum | | |

157. ക്രിയയുടെ രൂപമാല പറക.

## ക്രിയാമാല.

അപൂൎണ്ണക്രിയ. അനുസരണം.

| | വൎത്തമാനം. | ഭൂതം. | 1. ഭാവി. | 2. ഭാവി. |
|---|---|---|---|---|
| ഭാവരൂപം | ചെയ്ക | | | |
| ക്രിയാനാമം | ചെയ്ക | | | |
| ക്രിയാപുരുഷനാമം | ചെയ്യുന്നവൻ, ഇത്യാദി | ചെയ്തവൻ, ഇത്യാദി | | ചെയ്യുവവൻ, ഇത്യാദി |
| ക്രിയാന്യൂനം | ചെയ്യുന്നു് | ചെയ്തു | ചെയ്വാൻ | |
| ശബ്ദന്യൂനം | ചെയ്യുന്ന | ചെയ്ത | ചെയ്യും | ചെയ്യു, ചെയ്യൂ |
| സംഭാവന | ചെയ്കിൽ | ചെയ്താൽ | | |
| അനുവാദകം | ചെയ്കിലും | ചെയ്താലും | | |

The Infinitive verb. Negative.

| | Present tense | Past tense | Future tense |
|---|---|---|---|
| Infinitive | cheyyáyka | | |
| Verbal noun | cheyyáyka | | |
| Participial nouns | cheyyáyunnavan etc. | cheyyáttavan etc. | cheyáyuvan etc. |
| Adverbial Participle | | cheyyáte | cheyyáyván |
| | | cheyyáńńu | |
| Adnounal Participle | cheyyáyunna | cheyyáta | cheyyá |
| | | cheyyátta | |
| | | cheyyáńńa | |
| Subjunctive | cheyyáykil | cheyyáńńál | |
| Concessive | cheyyáykilum | cheyyáńńálum | |

അപൂൎണ്ണം. നിഷേധം.

| | വൎത്തമാനം. | ഭൂതം. | ഭാവി. |
|---|---|---|---|
| ഭാവരൂപം | ചെയ്യായ്ക | | |
| ക്രിയാനാമം | ചെയ്യായ്ക | | |
| ക്രിയാപുരുഷനാമം | ചെയ്യാവുന്നവൻ ഇത്യാദി | ചെയ്യാത്തവൻ ഇത്യാദി | ചെയ്യാവുവൻ ഇത്യാദി |
| ക്രിയാന്യൂനം | | ചെയ്യാതെ | ചെയ്യായ്വാൻ |
| | | ചെയ്യാഞ്ഞു | |
| ശബ്ദന്യൂനം | ചെയ്യായുന്ന | ചെയ്യാത | ചെയ്യാ |
| | | ചെയ്യാത്ത | |
| | | ചെയ്യാഞ്ഞ | |
| സംഭാവന | ചെയ്യായ്കിൽ | ചെയ്യാഞ്ഞാൽ | |
| അനുവാദകം | ചെയ്യായ്കിലും | ചെയ്യാഞ്ഞാലും | |

The finite verb. Affirmative.

| Number | Gender and person | Present | Past | 1. Future | 2. Future | Imperative |
| --- | --- | --- | --- | --- | --- | --- |
| Sing. num. | 1st person | | | | | cheyyaṭṭe |
| | 2nd person | | | | | cheyya, cheyka |
| | 3rd person Mas. | | | | | cheyyaṭṭe |
| | „ Fem. | | | | | cheyyaṭṭe |
| | „ Neut. | cheyyunnu | cheytu | cheyyum | cheyvu | cheyyaṭṭe |
| Plu. num. | 1st person | | | | | cheyyaṭṭe |
| | 2nd person | | | | | cheyvin |
| | 3rd person Mas. | | | | | cheyyaṭṭe |
| | „ Neut. | | | | | |

പൂർണ്ണം. അനുസരണം.

| വചനം. | ലിംഗപുരുഷങ്ങൾ. | വർത്ത: | ഭൂ: | 1. ഭാ: | 2. ഭാ: | വിധി. |
|---|---|---|---|---|---|---|
| ഏ: വ: | ഉ: പു: | ചെയ്യുന്നു | ചെയ്തു | ചെയ്യും | ചെയ്ക | ചെയ്യട്ടെ |
| | മ: പു: | | | | | ചെയ്യ, ചെയ്ക |
| | പു: പ്ര: | | | | | ചെയ്യട്ടെ |
| | സ്ത്രീ: പ്ര: | | | | | ചെയ്യട്ടെ |
| | ന: പ്ര: | | | | | ചെയ്യട്ടെ |
| ബ: വ: | ഉ: | | | | | ചെയ്യട്ടെ |
| | മ: | | | | | ചെയ്യിൻ |
| | പു: പ്ര: | | | | | ചെയ്യട്ടെ |
| | ന: പ്ര: | | | | | |

The finite verb. **Negative.**

| Number | Gender and person | Present | Past | 1. Future | 2. Future | Imperative |
|---|---|---|---|---|---|---|
| Sing. num. | 1st person | | | | | |
| | 2nd person | | | | | |
| | 3rd person Mas. | | | | | cheyyáyka |
| | „ Fem. | cheyyáyunnu | cheyyáññu | | cheyyáyvu | |
| | „ Neut. | | | | | |
| Plu. num. | 1st person | | | | | |
| | 2nd person | | | | | cheyyáyvin |
| | 3rd person Mas. | | | | | |
| | „ Neut. | | | | | |

പൂർണ്ണം | നിഷേധം.

| വചനം. | ലിംഗപുരുഷങ്ങൾ. | വർത്ത: | ഭൂ: | 1. ഭാ: | 2. ഭാ: | വിധി. |
|---|---|---|---|---|---|---|
| ഏ: വ: | ഉ: പു:<br>മ: പു:<br>പു: പ്ര:<br>സ്ത്രീ: പ്ര:<br>ന: പ്ര: | ചെയ്യായ്യുന്നു | ചെയ്യാഞ്ഞു | | ചെയ്യായ്യു | ചെയ്യായ്ക |
| ബ: വ: | ഉ:<br>മ:<br>പു: പ്ര:<br>ന: പ്ര: | | | | | ചെയ്യായ്കിൻ |

## DEFECTIVE VERBS.

158. What are Defective Verbs?

Verbs of which some of the tenses etc. are not in use are called defective verbs.

159. Mention some of them.

En, uḷ, il, al, veṇ, taku, miku etc.

160. What forms remain formed from the root 'en' (=to say, to think)?

They are shewn below:

| | Infinitive verb | | | Finite verb | |
|---|---|---|---|---|---|
| | Present | Past | 1st Future | Past | 1st Future |
| Infinitive | ena, ana | „ | „ | | |
| Verbal noun | enka | „ | „ | | |
| Participial noun | „ | ennavan | enmatu | | |
| and | | etc. | | | |
| Adv. participle | „ | ennu | enmán | ennu ennár | ennum ennar |
| Adnounal do. | „ | enna | „ | | |
| Subjunctive | „ | enkil | ennál | | |
| Concessive | „ | enkilum | ennálum | | |

161. What tenses remain formed from the root 'uḷ' (=be)?

The root 'uḷ' has its present tense 'uṇṭu' and also its adnounal past participle 'uḷḷa', it has no other forms. Corresponding forms from the compound verb 'uṇṭáku' are used instead of those in which this verb is defective, and the two words 'uṇṭů' and 'enkil' are used together to supply the place of a subjunctive.

158. ഊന ക്രിയകൾ എന്നതു എന്തു?

ത്രികാലങ്ങൾ ഒട്ടൊഴിയാതെ നടന്നു കാണാത്ത ക്രിയകൾ തന്നെ. ഊന ക്രിയകൾ.

159. അവററിൻ വിവരം എങ്ങിനെ?

എൻ, ഉൾ, ഇൽ, അൽ, വെൺ, തകു, മികു, മുത ലായവ തന്നെ.

160. എൻ ധാതു (=പറ, വിചാരിക്ക) വിന്നു ശേഷമായുള്ളവയിൽ ക്രിയാരൂപങ്ങൾ ഏവ?

അവ താഴെ കാണിച്ചവ തന്നെ.

| അപൂൎണ്ണം. | | | | പൂൎണ്ണം. | | |
|---|---|---|---|---|---|---|
| | വൎത്തമാനം | ഭൂതം | 1. ഭാവി | ഭൂ: | 1. ഭാവി | |
| ഭാവരൂപം | എന അനം | „ | „ | | | |
| ക്രിയാനാമം | എന്കു | „ | „ | | | |
| ക്രി: പു: നാമം | „ | എന്നവൻ ഇ | എന്മതു | | | |
| ക്രി: ന്യൂ: | „ | എന്നു [ത്യാദി | എന്മാൻ | എന്നാർ എന്നു | എന്നും | എന്മർ |
| ശ: ന്യൂ: | „ | എന്ന | „ | | | |
| സംഭാവന | „ | എങ്കിൽ | എന്നാൽ | | | |
| അനുവാദകം | „ | എങ്കിലും | എന്നാലും | | | |

161. ‘ഉൾ’ ധാതുവിന്ന ശേഷമായുള്ളവയിൽ ക്രിയാരൂപങ്ങൾ ഏവ?

‘ഉൾ’ ധാതുവിന്ന ‘ഉണ്ടു’ വൎത്തമാനകാലവും, ‘ഉള്ള’ എന്ന ഭൂതശബ്ദന്യൂനവും അല്ലാതെ മററു വേറെ ക്രിയാരൂപങ്ങൾ ഇല്ല, എന്നാൽ അതിന്നു പകരമായി ‘ഉണ്ടാക’ എന്നസമാസക്രിയയിൽ നിന്നുണ്ടായ രൂപങ്ങൾ കൊള്ളാം; സംഭാവനക്കു പകരം ഉണ്ടു+എങ്കിൽ എന്ന രണ്ടു പദങ്ങൾ കൂടി നടക്കും.

162. What verbs have only negative forms?

The verbs 'il', 'al'.

163. What tenses remain formed from the root 'il' (=not to be)?

They are shewn below:

| | Infinitive. | | | Finite. | | |
|---|---|---|---|---|---|---|
| | Present | Past | Future | Present | Past | 1st Future |
| Infinitive | illáyka | „ | „ | | | |
| Verbal noun | illáyka, illáyma | „ | „ | | | |
| Verbal personal noun | „ | illáttavan, illátavan etc. | | | | |
| Adverbial Participle | „ | illáńńu | illáyván | illáyinnu | illáńńu | illá, illa, îla |
| Adnounal do. | „ | illáta, illátta, illáńńa | | | | |
| Subjunctive | illáykil | illáńńál | | | | |
| Concessive | illáykilum | illáńńálum | | | | |

164. What tenses remain formed from the root 'al' (=not to become, not to be)?

The conjugation of 'al' is precisely similar to that of 'il'.

162. നിഷേധ ക്രിയ മാത്രം ശേഷിച്ചുള്ള ധാതുക്കൾ ഏവ?
'ഇൽ' 'അൽ' എന്നവ തന്നെ.

163. 'ഇൽ' ധാതുവിന്റെ ശേഷമായുള്ളന്നിട്ടുള്ള ക്രിയാരൂപങ്ങൾ ഏവ?
അവ താഴെ കാണിച്ചവ തന്നെ.

| അപൂൎണ്ണം. | | | | പൂൎണ്ണം. | | |
|---|---|---|---|---|---|---|
| | വൎത്തമാനം | ഭൂതം | ഭാവി | വൎത്ത: | ഭൂ: | 1 ഭാ: |
| ഭാവരൂപം | ഇല്ലായ്ക | " | " | ഇല്ലായ്കിന്ന | ഇല്ലാഞ്ഞു | ഇല്ലാ, ഇല്ല, ഇല്ലല |
| ക്രിയാനാമം | ഇല്ലായ്ക, ഇല്ലായ്മ | " | " | | | |
| ക്രിയാ: പു: നാമം | " | ഇല്ലാത്തവൻ<br>ഇല്ലാതവൻ ഇത്യാദി | " | | | |
| ക്രിയാന്യൂനം | " | ഇല്ലാഞ്ഞു | ഇല്ലായ്വാൻ | | | |
| ശബ്ദന്യൂനം | " | ഇല്ലാത, ഇല്ലാത്ത,<br>ഇല്ലാഞ്ഞ | " | | | |
| സംഭാവന | ഇല്ലായ്കിൽ | ഇല്ലാഞ്ഞാൽ | " | | | |
| അനുവാദകം | ഇല്ലായ്കിലും | ഇല്ലാഞ്ഞാലും | " | | | |

164. 'അൽ' ധാതുവിന്റെ ശേഷമായുള്ളന്നിട്ടുള്ള ക്രിയാരൂപങ്ങൾ ഉണ്ടൊ?
'അൽ' ധാതുവിന്, 'ഇൽ' ധാതുവിനുള്ള രൂപങ്ങളും മാത്രമെ.

165. What tenses remain formed from the root 'véṇ' (=be necessary)?

The first future véṇam (= it needs, it is necessary) is the chief. This is used as a present; the subjunctive 'véṇukil' (= if it be necessary) and concessive 'véṇukilum' (= although it be necessary) are also found. The other tenses of this root are supplied by those of the root 'véṇḍu' (= require).

166. What tenses are there remaining formed from the roots 'taku' and 'miku'?

The first futures 'takum' (=it is fit)* and 'mikum' (=it is much or increases),* the second futures 'takú' and 'mikú', and the adnounal past participles 'takka' and 'mikka' with the participial nouns derived from these.

167. Are there any other defective verbs?

Yes.

i. The root 'pól' (=be like); this has the 1st future 'pólum'; 'póla', 'póla' (vé) for verbal noun and infinitive; these are the only forms. — 'Pól' in 'orupóle' (=of the same kind alike), 'uṇṭupól' [=there is a saying (that) there is] &c. is probably a pure noun of the same form as 'chol'.

ii. The root 'mél'; this has only the 2nd future 'mélu', the negative future 'mélá' (= cannot) and the negative verbal noun 'méláyka' (=the not being able).

---

*Lit. 'will be fit'; and 'will increase' 'will be much or many'.

165. 'വെൺ' ധാതുവിന്നു ശേഷമായ്വന്നിട്ടുള്ള ക്രിയാരൂപങ്ങൾ ഏവ?

വേണം എന്ന ഒന്നാം ഭാവി ഒന്നുതന്നെ പ്രമാണം. വൎത്തമാനപ്രയോഗത്തിൽ തന്നെ ഇതു നടക്കുന്നു; വേണെകിൽ, എന്ന സംഭാവനയും വേണെകിലും എന്ന അനുവാദകവും കൂടെ ചിലപ്പൊൾ കാണും. മററു രൂപങ്ങൾക്കു പകരം 'വേണ്ടു' എന്നതിൽ നിന്നുണ്ടായ രൂപങ്ങൾ ഉപയോഗിച്ചു വരുന്നു.

166. 'തക', 'മിക', എന്ന ധാതുക്കൾക്കു ശേഷമായ്വന്നിട്ടുള്ള ക്രിയാരൂപങ്ങൾ ഏവ?

അവകൾക്കു, 'തകും' 'മികും' എന്ന ഒന്നാം ഭാവിയും, 'തക്കു' 'മിക്കു' എന്ന രണ്ടാം ഭാവിയും 'തക്ക' 'മിക്ക' എന്ന ഭൂതശബ്ദന്യൂനവും മാത്രം ഉണ്ടു.

167. ശേഷം ചില ഊനക്രിയകൾ ഉണ്ടോ?

i.) 'പോൽ' ധാതു; ഇതിൻെറ ഒന്നാം ഭാവി പോലും; ക്രിയാനാമവും ഭാവരൂപം പോല, പോല (വെ); ഇതുകൂടാതെ ഇതിന്നു മറെറാരു രൂപങ്ങളും ഇല്ല പക്ഷെ 'ഒരുപോലെ', 'ഉണ്ടുപോൽ', മുതലായവയിലെ 'പോൽ' എന്നുള്ളതു 'ചൊൽ' എന്നതിൻെറ രൂപത്താൽ വരുന്ന ശുദ്ധനാമം തന്നെ.

ii.) മേൽ ധാതു; ഇതിൻെറ രണ്ടാം ഭാവി 'മേല്ലു' നിഷേധഭാവി 'മേലാ', നിഷേധക്രിയാനാമം, 'മേലായ്ക്ക'.

iii. Though 'arutu' (= one cannot, ought not) is properly a neuter personal noun (= meaning 'a difficult thing') from the root 'aru' (= to be hard, difficult), yet it is conjugated throughout all the forms of the negative verb, as shewn below:

| Infinitive. | | | | Finite. | |
|---|---|---|---|---|---|
| | Present | Past | Future | Present | Past |
| Infinitive | arutáyka<br>arutáyma | | | | |
| Verbal noun | arutáyka<br>arutáyma | | | | |
| Participial noun | „ | arutáttavan etc. | | | |
| Adverbial Participle | „ | arutáte<br>arutáńńu | arutáyván | arutáyinnu | arutáńńu |
| Adnounal Participle | | arutáta<br>arutátta<br>arutáńńa | | | |
| Subjunctive | arutáykil | arutáńńál | | | |
| Concessive | arutáykilum | arutáńńálum | | | |

iii.) 'അരുതു' എന്നുള്ളതു അരു ധാതുവിന്റെ നപുംസകം എങ്കിലും നിഷേധ ക്രിയയുടെ മിക്കരൂപങ്ങളിലും പ്രയോഗിച്ചു വരുന്നു.

അതിന്റെ രൂപം താഴെ കാണിച്ചതു തന്നെ.

| അപൂൎണ്ണം. | | | | പൂൎണ്ണം | |
|---|---|---|---|---|---|
| | വൎത്തമാനം | ഭൂതം | ഭാവി | വൎത്തമാനം | ഭൂതം |
| ഭാവരൂപം | അരുതായ്ക<br>അരുതായ്മ | | | | |
| ക്രിയാനാമം | അരുതായ്ക<br>അരുതായ്മ | | | | |
| ക്രിയാപുരുഷനാമം | | അരുതാത്തവൻ ഇത്യാദി | | | |
| ക്രിയാന്യൂനം | | അരുതാതെ<br>അരുതാഞ്ഞു | അരുതായ്വാൻ | അരുതായ്കിന്നു | അരുതാഞ്ഞു |
| ശബ്ദന്യൂനം | | അരുതാത<br>അരുതാത്ത<br>അരുതാഞ്ഞ | | | |
| സംഭാവന | അരുതായ്കിൽ | അരുതാഞ്ഞാൽ | | | |
| അനുവാദകം | അരുതായ്കിലും | അരുതാഞ്ഞാലും | | | |

168. What forms exist derived from the root 'ur̥u'?

The adverbial participle 'ur̥r̥u' and the adnounal participle 'ur̥r̥a'.

169. What forms exist derived from the roots 'ir̥u', 'tar̥u'?

The adverbial participles only.

Ex: ir̥r̥u (ur̥r̥u) nókki; tar̥r̥u póyi.

170. Are there any other defective verbs?

Besides the above mentioned defective pure verbs, there are also some old defective verbs, which are used to express various adjuncts sometimes of nouns, sometimes of verbs.

These no longer convey the idea of action (or change of state) and hence the only forms in use are the adnounal past and future participles, the adverbial past participle, the infinitive, the old forms of the verbal noun, and the participial nouns, and even of these some are wanting in many such words; the principal are: nal (= be good), chev (= chem) (= be red, beautiful), veḷ (= be white), val (= be strong), peru (= be big), cher̥u (= be little), kur̥u (= be diminished), iḷa (= be young), mutu (= be old), putu (= be new), paz̲h̲a (= be old), kaṭu (= be hard) etc.

## INDECLINABLES.

171. What is an indeclinable?

A word which does not assume any of the affixes or undergo any of the changes of nouns and verbs.

168. ഉറു ധാതു എങ്ങിനെ?

ക്രിയാന്യൂനം ('ഉററു'); ശബ്ദന്യൂനം ('ഉററ').

169. 'ഇറു' 'തറു', മുതലായവററിന്നു എന്താകുന്നു?

ക്രിയാന്യൂനങ്ങൾ അത്രെ.

ഉ-ം 'ഇററു' (ഉററു) നോക്കി; 'തററു' പോയി.

170. ശേഷമുള്ള ഊനക്രിയകളുണ്ടോ?

മേൽ പറഞ്ഞ ഊനശുദ്ധക്രിയകൾ കൂടാതെ നാമങ്ങളുടെ ഗുണലക്ഷണങ്ങൾ മുതലായ വിശേഷണങ്ങൾ കാണിക്കുന്നതിന്നായുള്ളുന്ന അനേക പഴയ ഊനക്രിയകൾ ഉണ്ടു. ഇവ ക്രിയ കാണിക്കുന്ന ഭാവത്തെ വിട്ടുകൊണ്ടു മിക്കവാറും ഭൂതഭാവിശബ്ദന്യൂനങ്ങളും ഭൂതക്രിയാന്യൂനവും ഭാവരൂപവും പഴയ ക്രിയാനാമങ്ങളും ക്രിയാപുരുഷനാമങ്ങളും എന്നീരൂപങ്ങൾ മാത്രമെ ഉള്ളു. ചിലപ്പോൾ ഈ രൂപങ്ങളിലും ചിലതു പോയ്പ്പോയിട്ടു കാണും. ഇവററിൽ, നൽ, ചെവ്. (=ചെം) വെൾ, വൽ, പെരു, ചെറു, കുറു, ഇളു, മുതു, പുതു, പഴ, കടു ഇത്യാദി പ്രധാനം.

## അവ്യയങ്ങൾ.

171. അവ്യയം എന്നതു എന്തു?

നാമത്തിന്നും ക്രിയക്കും വരുന്നപ്രകാരം അക്ഷരവ്യയം മുതലായ മാററങ്ങൾ വരാത്ത പദം തന്നെ.

172. What are pure indeclinables?

'Um, ó, é, i, (as in 'alli') and such like.

173. What are the interjectional indeclinables?

Hé, há, hó, ayyó, chi, kú, om, uv, kaḷa kaḷa, kili kili, and other words used in exclamation and to express surprise, disgust, and other emotions.

174. Are there any other indeclinables?

Many Sanskrit indeclinables are used in Malayálam.

Ex: punar (=again), api (=even, though), sadá (=always), athavá (=otherwise), anyathá (=otherwise, or on the contrary), prati (=instead), upari (=upon, above), yadá? (=at what time?) tadá (=then), kadá? (=when?), tatra (=there), kutra? (=where?), kutrachil (=somewhere), atha (=after, and), tathá (=so), ékadá (=once), kadáchil (=sometimes), kéchana (=some), bhúyah (=again), núnam (=certain), muhu (=repeatedly), drůḍham (=certain) etc.

175. Are not some words which undergo inflection used as indeclinables?

No. An indeclinable is a word incapable of inflection; hence, néram (=time), aviṭe (=there, that place), póḷ (=time), anggu (=there, that place), pin (=rear), munbu (=front) etc. are not indeclinables, because they may be inflected to express case as in nérattóṭu, aviṭékku, pozhékku, anggunnu (=anggilninnu), pinnil, munpil etc.

172. ശുദ്ധാവ്യയങ്ങൾ ഏവ?

'ഉം,' 'ഒ,' 'ഏ,' 'ഈൗ' (അല്ലീ എന്നതിൽ) എന്നിങ്ങിനെ ചിലതുണ്ടു.

173. അനുകരണ അവ്യയങ്ങൾ ഏവ?

'ഹെ,' 'ഹാ,' 'ഹൊ,' 'അയ്യൊ,' 'ചീ,' 'കൂ,' 'ഓം,' 'ഉച്ഛ്,' 'കളകള,' 'കിലികിലി' എന്നുതുടങ്ങിയുള്ളവ സംബോധന, ആശ്ചൎയ്യം, ധിക്കാരം, മുതലായ ഭാവവികാരങ്ങളെ വൎണ്ണിക്കുന്ന ശബ്ദങ്ങൾ തന്നെ.

174. വേറെ അവ്യയങ്ങൾ ഉണ്ടൊ?

സംസ്കൃതാവ്യയങ്ങൾ മലയാളത്തിൽ വളരെ പ്രയോഗിക്കുന്നുണ്ടു.

ഉ-ം. പുനർ, അപി, സദാ, അഥവാ, അന്യഥാ, പ്രതി, ഉപരി, യദാ, തദാ, കദാ, തത്ര, കുത്ര, കുത്രചിൽ, അഥ, തഥാ, ഏകദാ, കദാചിൽ, കേചന, ഭൂയഃ, നൂനം, മുഹുഃ, ദൃഢം മുതലായവ.

175. രൂപഭേദംവരുന്ന ചിലപദങ്ങൾ അവ്യയങ്ങളായിനടക്കുന്നില്ലയൊ?

ഇല്ല; അവ്യയം രൂപഭേദം വരാത്ത പദം തന്നെ; അതുകൊണ്ടു, 'നേരം,' 'അവിടെ,' 'പോൾ,' 'അങ്ങു,' 'പിൻ,' 'മുമ്പു' മുതലായവ അവ്യയങ്ങൾ അല്ല; കാരണം, അവെക്കു 'നേരത്തോടു,' 'അവിടെക്കു,' 'പൊഴെക്കു,' 'അങ്ങുന്നു' (=അങ്ങിൽനിന്നു,) 'പിന്നിൽ,' 'മുമ്പിൽ' മുതലായ വിഭക്തി ഭേദങ്ങളുണ്ടു.

176. Can a word which assumes any of the inflections of the verb be an indeclinable?

No; hence, 'iṭṭu' (=having placed or been placed),* 'koṇṭu' (=having or being taken), 'véṇṭi' (=being required), 'kúṭi' (=having joined), 'paṭṭu' (=having suffered), 'ennu' (=having said), 'áy' (=having been or come into being) are *not* indeclinables, for they are the adverbial past participles of the verbs 'iṭu', 'véṇṭu', 'kúṭu', 'paṭu' (=peṭu), 'en', 'áku'.

Similarly 'kúṭa' is the infinitive of the verb 'kúṭu', 'mélpeṭṭu' is the adverbial past participle of the verb 'melpeṭu' (=to be or go above); and so on.

177. Can any case be an indeclinable?

No; hence the instrumental 'munnále' the datives 'annékku', 'varekku', the substituted-forms 'dúrattu', 'akattu' and such like cannot be indeclinables.

178. How else may we discriminate between indeclinables and words that are not indeclinables?

i.) The word which governs an accusative case is not an indeclinable, but is a transitive verb, hence 'koṇṭů', 'viśéshichchů' (=having excepted, except), 'póle' etc. are not indeclinables, for we say 'Rámané koṇṭu', 'dévéndrané póle', 'lakshmaṇané viśeshichchů'.

---

* This word when an auxiliary is often a mere expletive, and may be left out when translating into English.

176. ക്രിയയുടെ ഏതെങ്കിലും ഒരു രൂപഭേദം ഉള്ള പദം അവ്യയമായിരിപ്പാൻ പാടുണ്ടൊ?

ഇല്ല; അതുകൊണ്ടു, 'ഇട്ടു,' 'കൊണ്ടു,' 'വേണ്ടി,' 'കൂടി,' 'പട്ടു,' 'എന്നു,' 'ആയി' മുതലായവകൾ അവ്യയങ്ങൾ അല്ല; കാരണം, അവകൾ, 'ആക,' 'ഇടു' 'വേണ്ടു,' 'കൂടു,' 'പടു,' (=പെടു,) 'കൊള്ളു,' എൻ ആക എന്ന ധാതുക്കളിൽ നിന്നുണ്ടായ ഭൂതക്രിയാന്യൂനങ്ങളും, ഇപ്രകാരം 'കൂട' എന്നതു 'കൂടു' എന്നതിന്റെ ഭാവരൂപവും, 'മേല്പെട്ടു' എന്നതു 'മേല്പെടു' എന്ന സമാസക്രിയയിൽനിന്നുണ്ടായ ഭൂതക്രിയാന്യൂനവും ആകുന്നു.

177. ഏതെങ്കിലും ഒരുവിഭക്തിഅവ്യയമായിരിപ്പാൻ പാടുണ്ടൊ?

പാടില്ല; അതുകൊണ്ടു 'മുന്നാലെ,' എന്ന തൃതീയയും, 'അന്നേക്കു,' 'വരെക്കു,' എന്ന ചതുൎത്ഥികളും, 'ദൂരത്തു,' 'അകത്തു,' എന്ന ആദേശരൂപങ്ങളും, മററും അവ്യയങ്ങളായിരിപ്പാൻ പാടില്ല.

178. അവ്യയങ്ങൾഅല്ലെന്നു തിരിച്ചറിവാനായിമററെന്തു വഴികളുണ്ടു?

i.) ഒരു ദ്വിതീയവിഭക്തിയെ ഭരിക്കുന്ന പദം അവ്യയം അല്ല; അതു സകൎമ്മകക്രിയയായിരിക്കും. അതുകൊണ്ടു, 'കൊണ്ടു' 'വിശേഷിച്ചു,' 'പോലെ' എന്നവ അവ്യയങ്ങൾ അല്ല; കാരണം, 'രാമനെകൊണ്ടു' 'ദേവേന്ദ്രനെ പോലെ,' 'ലക്ഷ്മണനെ വിശേഷിച്ചു,' എന്നു പറഞ്ഞുവരുന്നുണ്ടു.

ii.) Words which stand as predicates to a nominative case are not indeclinables; hence in 'avan ozhike' (= he being excepted); 'ozhike' is not an indeclinable, it is the infinitive of the verb 'ozhiyunnu' (=to be vacated, left empty, left out).

ii.) ഏതുപദങ്ങൾക്കു പ്രഥമവിഭക്തികൾ ആഖ്യകളായിനില്ക്കുന്നവൊ ആവക പദങ്ങൾ അവ്യയങ്ങൾ അല്ല; അതുകൊണ്ടു 'അവൻ ഒഴികെ,' എന്നതിലുള്ള 'ഒഴികെ,' എന്നതു അവ്യയം അല്ല; അതു 'ഒഴിയുന്നു' എന്ന ക്രിയയുടെ ഭാവരൂപം തന്നെ.

---

# TABLES.

## MODE OF VERBAL ANALYSIS, (ANALYSIS OF A WORD.)

ipparaṅṅavarrilékkŭ.

1. i - - - demonstrative letter.

2. p - - - euphonic re-duplication after the palatal vowel 'i'.

3. para - - crude-form.

4 & 5. ṅṅŭ =ntu 'n' euphonic addition; 'tu' sign of past tense ('ntu' becomes 'ṅṅu' after the palatal 'a' at the end of 'para').

6. a - - - affix of the adnounal participle (elided before the following 'a').

7. a - - - demonstrative affix used to form participial nouns.

8. arrŭ - - affix of the crude-form of the 3rd person, neuter, pronominal noun used to form participial nouns.

9. il - - - locative affix.

10. é - - - affix of composition.

11. k - - - euphonic re-duplication after the palatal vowel.

12. kŭ - - dative affix.

## ക്രിയാപരിച്ഛേദനരീതി.

ഇപ്പറഞ്ഞവററിലേക്കു.

1. ഇ — ചുട്ടെഴുത്തു.
2. പ — 'ഇ' എന്ന താലവ്യസ്വരത്തിന്റെ പിന്നിൽ വരുന്ന സന്ധിപ്രത്യയം.
3. പറ — പ്രകൃതി.

4 & 5. ഞ്ഞു=ന്തു — ൻ. സന്ധിപ്രത്യയം-തു-ഭൂതകാലപ്രത്യയം ('പറ' എന്നതിന്റെ പിന്നെ വരുന്ന താലവ്യാകാരത്തിന്റെ പിന്നിൽ 'ന്തു' 'ഞ്ഞു' എന്നായ്പോകും.)

6. അ — പിൻവരുന്ന അകാരത്തിന്റെ മുമ്പിൽ ലോപിച്ചു പോയശബ്ദന്യൂനപ്രത്യയം.
7. അ — ക്രിയാപുരുഷനാമങ്ങളെ ഉണ്ടാക്കുവാനായി ഉപയോഗിച്ച ചുട്ടെഴുത്തു.
8. അററ് — ക്രിയാപുരുഷനാമങ്ങളെ ഉണ്ടാക്കുവാനായി ഉപയോഗിച്ച പ്രഥമപുരുഷനപുംസകപ്രതിസംജ്ഞാപ്രകൃതിയുടെ പ്രത്യയം.
9. ഇൽ — സപ്തമിപ്രത്യയം.
10. ഏ — സമാസപ്രത്യയം.
11. ക — താലവ്യസ്വരത്തിന്റെ പിന്നിൽ വരുന്ന സന്ധിപ്രത്യയം.
12. കു — ചതുർത്ഥിപ്രത്യയം.

## MODE OF PARSING.

Oru bráhmaṇan yágam cheyván áṭṭiné méṭichchu konṭu pókumpóḷ vazhiyil vechchu kaṇṭáṟé dushṭanmár palarum kúṭi bráhmaṇan áṭṭiné viṭṭu pókattakka vaṇṇam orupáyam cheyyéṇam ennu niśchayichchu.

| | |
|---|---|
| oru bráhmaṇan (= a brahmin) | NOUN, compound, masculine gender, singular number, 3rd person, nominative case. * [In this 'oru' (= a) is the compound-form of the numeral 'onnu' (= one)]. |
| yágam (=a sacrifice) | NOUN, neut. gen., sing. num., 3rd person, nom. case. † |
| cheyván (= being about to make) | VERB, weak, transitive, affirmative, infinitive, future adv. participle, completed by the verb 'méṭichchu' (= bought). ‡ |
| áṭṭiné (= a sheep) | NOUN, neut. gen., sing. num., 3rd person, accusative case. § |

* Subject to the verbs 'cheyván', 'méṭichchu', 'konṭu', 'pókum'. As subject, predicate, object, dependence, etc. are mentioned only in Syntax, they are not included in the above parsing; the teacher should, however, in the course of parsing, teach *orally* so much of Syntax as is necessary to understand the following foot-notes.

† Dependent, object to 'cheyván'.

‡ Infinitive verb of the subject 'bráhmaṇan'.

§ Object of the verb 'méṭichchu'.

## വ്യാകരിക്കേണ്ടുന്നരീതി.

ഒരു ബ്രാഹ്മണൻ യാഗം ചെയ്വാൻ ആട്ടിനെ മേടിച്ചു കൊണ്ടുപോകുമ്പോൾ വഴിയിൽ വെച്ചു കണ്ടാറെ ദുഷ്ടന്മാർ പലരും കൂടി ബ്രാഹ്മണൻ ആട്ടിനെ വിട്ടു പോകത്തക്കവണ്ണം ഒരുഉപായം ചെയ്യേണം എന്നു നിശ്ചയിച്ചു.

| | |
|---|---|
| ഒരുബ്രാഹ്മണൻ | നാമം, സമാസം, പുല്ലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പ്രഥമവിഭക്തി. * (ഇതിൽ 'ഒരു' എന്നതു; 'ഒന്നു' എന്ന സംഖ്യാനാമത്തിന്റെ സമാസരൂപം.) |
| യാഗം | നാമം, നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പ്രഥമവിഭക്തി. † |
| ചെയ്വാൻ | ക്രിയ, അബലം, സകർമ്മകം, അനുസരണം, അപൂർണ്ണം, ഭാവിക്രിയാന്യൂനം, 'മേടിച്ചു' എന്ന ക്രിയയാൽ പൂർണ്ണം. ‡ |
| ആട്ടിനെ | നാമം, നപുംസകലിംഗം, ഏ· വ: പ്രഥമപുരുഷൻ, ദ്വിതീയ വിഭക്തി. § |

* 'ചെയ്വാൻ', 'മേടിച്ചു', 'കൊണ്ടു', 'പോകും'. എന്ന ക്രിയകളുടെ ആഖ്യ; ആഖ്യ, ആഖ്യാതം, കർമ്മം, ആശ്രിതാധികരണം, ഇത്യാദികൾ വാക്യകാണ്ഡത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു ഇവിടെ വ്യാകരിക്കുന്നതിൽ കാണിപ്പാൻ പാടില്ല; എങ്കിലും ഉപാദ്ധ്യായ കുട്ടികൾ ഇവിടെ സൂചകമാർഗ്ഗമെ കാണിച്ചിരിക്കുന്നതു ഗ്രഹിപ്പാൻ വെണ്ടി ആവശ്യമായുള്ളതു വാക്കാൽ കുറെ ധരിപ്പിക്കെണം.

† ആശ്രിതാധികരണം; ചെയ്വാൻ എന്ന ക്രിയയുടെ കർമ്മം.

‡ ബ്രാഹ്മണൻ എന്ന ആഖ്യയുടെ അപൂർണ്ണക്രിയ.

§ മേടിച്ചു എന്ന ക്രിയയുടെ കർമ്മം.

| | |
|---|---|
| méṭichchu (=having got) | VERB, strong, trans., affirmative, infinitive, of the 'tu' class, past adv. participle, completed by the verb 'koṇṭu'.* |
| koṇṭu (=having brought) | VERB, strong, completed by the verb 'pókum' (all the rest, like 'méṭichchu'). |
| pókum (=which will go) | VERB, weak, intrans., affirmative, infinitive, 1st future, adnounal participle, completed by the noun 'póḷ'. † |
| póḷ [(at) the time] | NOUN, neut. gen., sing., 3rd pers., nom. case. ‡ |
| vazhiyil (=in the way) | NOUN, neut. gen., sing., 3rd pers., locative case, shewing the place where the action of seeing took place. |
| vechchu (=being situated) | VERB, strong, here intrans., affirmative, infinitive, of the 'tu' class, past adv. participle, completed by the verb 'kaṇṭu'. |
| kaṇṭu (=having seen) | VERB, weak, trans., affirmative, infinitive, of the 'tu' class, past adnounal participle, completed by 'ár̥u'. § |
| ár̥u [=(in) course, (in) succession to] | NOUN, neut. gen., sing., 3rd pers., nom. case. ¶ |
| e - - - - | INDECLINABLE. |
| dushṭanmár (=rogues) | NOUN, mas. gen., plu., 3rd pers., nom. case. ‖ |

*Infinitive verb of the subject 'bráhmaṇan'.

†Infinitive verb of the subject 'bráhmaṇan'.

‡Dependent, shewing time.

§Infinitive verb of the subject 'dushṭanmár'.

¶Dependent, shewing time.

‖Subject to the verbs 'kúṭi', 'nišchayichchu'.

| | |
|---|---|
| മേടിച്ചു. | ക്രിയ, ബ: സക: അനുസ: അപൂൎണ്ണം, ഉവക ഭൂതക്രി: ന്യൂ: 'കൊണ്ടു' എന്ന ക്രിയയാൽ പൂൎണ്ണം.* |
| കൊണ്ടു. | ക്രിയ, ബലം, 'പോകും' എന്ന ക്രിയയാൽ പൂൎണ്ണം (മറെറല്ലാം 'മേടിച്ചു' എന്നതിനെപോലെ.) |
| പോകും. | ക്രിയ, അബ: അക: അനുസ: അപൂൎണ്ണം (ഒന്നാം) ഭാവി. ശബ്ദന്യൂനം, 'പോൾ' എന്ന നാമത്താൽ പൂൎണ്ണം. † |
| പോൾ. | നാമം, നപു: ഏ: പ്ര: പു: പ്ര: വി: ‡ |
| വഴിയിൽ. | നാമം, നപു: പ്രഥമപുരുഷൻ, ഏ: വ: സപ്തമിവിഭക്തി, 'കണ്ടു' എന്ന ക്രിയ എവിടെ വെച്ചെന്നു കാണിക്കുന്നു. |
| വെച്ചു. | ക്രിയ, ബ: ഇവിടെ അക: അനുസ: അപൂൎണ്ണം, 'ഉ'വക, ഭൂതക്രി: ന്യൂ: 'കണ്ടു' എന്ന ക്രിയയാൽ പൂൎണ്ണം. |
| കണ്ടു. | ക്രിയ, അബ: സക: അനുസ: അപൂൎണ്ണം, 'ഉ' വക ഭൂത. ശ: ന്യൂ: 'ആറു' എന്ന നാമത്താൽ പൂൎണ്ണം. § |
| ആറു. | നാമം നപു: ഏ: പ്ര: പു: പ്രഥമ: വി: ¶ |
| എ. | അവ്യയം, ശുദ്ധം. |
| ഭിക്ഷുന്മാർ. | നാമം, പു: ബ: പ്ര: പു: പ്ര: വി: \|\| |

---

* 'ബ്രാഹ്മണൻ' എന്ന ആഖ്യയുടെ അപൂൎണ്ണ ക്രിയ.
† 'ബ്രാഹ്മണൻ' എന്ന ആഖ്യയുടെ അപൂൎണ്ണ ക്രിയ.
‡ 'ഭിക്ഷുന്മാർ' എന്ന ആഖ്യയുടേ അപൂൎണ്ണ ക്രിയ.
§ ആശ്രിതാധികരണം സമയത്തെ കാണിക്കുന്നു.
¶ ആശ്രിതാധികരണം സമയത്തെ കാണിക്കുന്നു.
|| കൂടി, 'നിശ്ചയിച്ചു' എന്ന ക്രിയകളുടെ ആഖ്യ.

| | |
|---|---|
| palar (=several persons) | NOUN, indef. pronominal, mas., plu., 3rd pers., nom. case, joining with the word 'dushṭanmár' as a semi-compound. |
| um - - - | INDECLINABLE. |
| kúṭi (=having joined together) | VERB, weak, intrans., affirmative, infinitive, of the 'i' class, past adv. participle, completed by the following verb 'niśchayichchu'. * |
| bráhmaṇan | NOUN, mas., sing., 3rd pers., nom. case. † |
| áṭṭiné - - - | NOUN, neut., sing., 3rd pers., accusative case, object to the verb 'viṭṭu'. |
| viṭṭu (=having abandoned) | VERB, weak, trans., affirmative, infinitive, of the 'tu' class, past adv. participle, completed by the verb 'póka'. ‡ |
| póka (=the going) | VERB, weak, intrans., affirmative, infinitive form, verbal noun. § |
| takka (=which is fit for, or fit to accomplish) | VERB, defective (root, 'taku') weak, intrans., affirmative, infinitive, adnounal participle, completed by the noun 'vaṇṇam'. |
| vaṇṇam [=(in a) manner, way] | NOUN, neut. gen., sing. num., 3rd pers., nom. case, ¶ the completion of the adnounal participle 'takka'. |

* Infinitive verb of the subject 'dushṭanmár'.

† Subject to the verbs 'viṭṭu', 'póka'.

‡ Infinitive verb of the subject 'bráhmaṇan'.

§ Subject to the verb 'takka'.

¶ Dependent, shewing manner.

| | |
|---|---|
| പലർ. | നാമം പ്രതിസംഖ്യ, പു: ബ: പ്ര: പു: പ്ര: വി: ദുഷ്ടന്മാർ' എന്നതിനോടു അരസമാസത്തിൽ വരുന്നതു. |
| ഉം. | അവ്യയം, ശുദ്ധം. |
| കൂടി. | ക്രിയ, അബ: അക: അനസ: അപൂർണ്ണം, 'ഇ' വക, ഭൂതക്രിയാന്യൂനം പിന്തുടരുന്ന 'നിശ്ചയിച്ചു' എന്നക്രിയയാൽ പൂർണ്ണം. * |
| ബ്രാഹ്മണൻ. | നാമം, പു: ഏ: വ: പ്ര: പു: പ്ര: വിഭക്തി. † |
| ആട്ടിനെ. | നാമം, നപു: ഏ: വ: പ്ര: പു: ദ്വിതീയ വിഭക്തി, 'വിട്ടു' എന്ന ക്രിയയുടെകർമ്മം. |
| വിട്ടു. | ക്രിയ, അബ: സക: അനസ: അപൂർണ്ണം, 'തു' വക ഭൂതക്രി: ന്യൂ: 'പോക' എന്നതിനാൽ പൂർണ്ണം. ‡ |
| പോക. | ക്രിയ, അബ: അക: അനസ: അപൂർണ്ണം ക്രിയാനാമം. § |
| തക്ക. | ക്രിയ, ഊനം, ('തക' ധാതു) അബ: അക: അനസ: അപൂർണ്ണം, ശബ്ദന്യൂനം, 'വണ്ണം' എന്നനാമത്താൽ പൂർണ്ണം. |
| വണ്ണം. | നാമം, നപു: ഏ: വ: പ്ര: പു: പ്ര: വി. ¶ 'തക്ക' എന്ന ശബ്ദന്യൂനത്തിന്റെ പൂർണ്ണം. |

* 'ദുഷ്ടന്മാർ' എന്ന ആഖ്യയുടെ അപൂർണ്ണക്രിയ.

† 'വിട്ടു' 'പോക'. എന്ന ക്രിയകളുടെ ആഖ്യ.

‡ 'ബ്രാഹ്മണൻ' എന്ന ആഖ്യയുടെ അപൂർണ്ണക്രിയ.

§ 'തക്ക' എന്ന ക്രിയയുടെ ആഖ്യ.

¶ ആശ്രിതാധികരണം പ്രകാരത്തെ കുറിക്കുന്നു.

| | |
|---|---|
| oru upáyam (=a stratagem) | NOUN, compound, neut. gen., sing. num., 3rd pers., nom. case,* ('oru' is parsed as before). |
| cheyya (=cheyka) (=the making) | VERB, weak, trans., affirmative, infinitive, verbal noun. † |
| véṇam (=is necessary) | VERB, defective, (root 'véṇ') weak, trans., affirmative, finite, future tense. ‡ |
| ennu (=having said) | VERB, weak, trans., affirmative, infinitive, of the 'tu' class, past adv. participle, completed by the verb 'niśchayichchu'. § |
| niśchayichchu (=they determined) | VERB, strong, (here) intrans., affirmative, finite verb, of the 'tu' class, past tense, mas., plu., 3rd pers. ¶ |

Translation: As a certain brahmin, having procured a sheep to make a sacrifice, was taking it along the road, some rogues saw him and thereon joined together and determined to make a stratagem to induce the brahmin to abandon the sheep.

---

* Dependent, object to the verb 'cheyka'.

† Verb of the subject 'nám' understood and subject to the verb 'véṇam'.

‡ Verb of the subject 'cheyka'.

§ The object of 'ennu' is the sentence from the beginning up to 'véṇam'.

¶ Infinitive verb of the subject 'dushṭanmár'.

ഒരുഉപായം — നാമം, സമാസം, നപു: ഏ: വ: പ്ര: പു: പ്ര: ഷി: * ('ഒരു' മുമ്പെത്തെ വണ്ണം തന്നെ.)

ചെയ്യു=(ചെയ്ക) — ക്രിയ, അബെ: സക: അനുസ: അപൂർണ്ണം, ക്രിയാനാമം. †

വേണം. — ക്രിയ, ഊനം, (വെൺധാതു) അബെ: സക: അനുസ: പൂർണ്ണം, ഭാവികാലം. ‡

എന്നു. — ക്രിയ, അബെ: സക: അനുസ: അപൂ: 'തു' വക, ഭൂതക്രിയാന്യൂനം 'നിശ്ചയിച്ചു' എന്ന ക്രിയയാൽ പൂർണ്ണം. §

നിശ്ചയിച്ചു. — ക്രിയ, (ബ: ഇവിടെ) അക: അനുസ: പൂർണ്ണം, 'തു' വക, ഭൂതം, പുല്ലിംഗം, ബ: വ: പ്ര: പു: ¶

---

* ആശ്രിതാധികരണം 'ചെയ്ക' എന്ന ക്രിയയുടെ കർമ്മം.

† 'നാം' എന്ന അസ്മച്ഛബ്ദാഖ്യയുടെ ക്രിയയും 'വേണം' എന്ന ക്രിയയുടെ ആഖ്യയും, തന്നെ.

‡ 'ചെയ്ക' എന്ന ആഖ്യയുടെ ക്രിയ.

§ ആദ്യം മുതൽ 'വേണം' വരേ 'എന്നു' എന്നതിന്റെ കർമ്മം തന്നെ.

¶ 'ഭക്തന്മാർ' എന്ന ആഖ്യയുടെ പൂർണ്ണക്രിയ.

## DERIVATION.

179. What is a root?

The root is that collection of letters from which the word is originally derived.

180. From how many sources have the words in Malayálam been derived?

The sources from which the words from the Malayálam language have been derived are two-fold. Some are of purely Malayálam origin, others were originally derived from the languages of other countries and are called foreign derivatives.

181. Give examples of words of purely Malayálam derivativion.

Tala (=head); ni (=thou); ti (=fire); vá (=come!).

182. How many classes are there of foreign derivatives?

Foreign derivatives are of many classes.

i.) Those derived from the Sanskrit such as 'jalam' (=water), 'madyam' (=spirituous liquor), 'karnnam' (=ear), 'nayanam' (=eye).

ii.) Those derived from the Arabic such as 'kattŭ' (=a note), 'chukkán' (=a rudder), 'vakkattu' (=edge?), 'sáypu' (=master, lord), 'badal' (=exchange).

iii.) Those derived from Hindustáni words such as 'chéla' (=a kind of cloth), 'bíbi' (= mistress), 'huṇḍi' ('uṇḍika') (=a bill of exchange).

## പദജനനം.

179. ധാതു എന്നതു എന്തു?

പദം ആദ്യത്തിൽ ഏതു മൂലാക്ഷരക്കൂട്ടത്തിൽ നിന്നു ജനിക്കുന്നുവൊ, ആ മൂലാക്ഷരക്കൂട്ടം തന്നെ ധാതു.

180. ഈ മലയാളത്തിൽ നടക്കുന്ന പദങ്ങളുടെ ഉല്പത്തി എത്ര വിധം ഉള്ളതു?

പദങ്ങൾ ഉത്ഭവിച്ചതു രണ്ടു വിധത്തിൽ അത്രെ. ചിലതു 'ദേശ്യം' ചിലതു പരദേശഭാഷകളിൽനിന്നുവന്ന 'അന്യദേശ്യം' എന്നിങ്ങിനെ രണ്ടു വിധം ഉള്ളതു.

181. ദേശ്യങ്ങൾ എങ്ങിനെ?

ഉ-ം. 'തല,' 'നീ,' 'തീ,' 'വാ.'

182. അന്യദേശ്യങ്ങൾ എത്ര വിധം?

അവ പലവിധമുള്ളവ.

i.) ഉ-ം. 'ജലം,' 'മത്സ്യം,' 'കണ്ണം,' 'നയനം' മുതലായവ സംസ്കൃതശബ്ദങ്ങളിൽനിന്നു വന്നവ.

ii.) 'കത്തു,' 'ചക്കാൻ,' 'വക്കത്തു,' 'സായ്പ്,' 'ബെദൽ' മുതലായവ അറവിഭാഷയിൽനിന്നു വന്നവ.

iii.) 'ചേല,' 'ബീബി,' 'ഹുണ്ടി,' (ഉണ്ടിക) തുടങ്ങിയുള്ളവ ഹിന്തുസ്ഥാനി ശബ്ദങ്ങൾ തന്നെ.

iv.) Portuguese words such as 'pintárikka' (=to paint), 'pérakka' (=the guava fruit), 'lélam' (=auction).

v.) English nouns such as 'áspatri' (=hospital), 'ripporṭu' (=report), 'akṭu' (=act).

183. Which is the most important class of foreign derivatives?

Those derived from the Sanskrit.

184. How many classes are there of Sanskrit derivatives?

Two, viz. *tatsama* (=the very same), and *tadbhava* (=of the same nature).

185. What is a *tatsama* Sanskrit derivative?

A word which retains the same crude-form which it had in Sanskrit.

Ex: 'mukham' (=face), 'jyéshṭan' (=elder brother), 'ḍhakka' (=a big drum), 'varsham' (=year), 'nirváham' (=means, remedy) are *tatsamas*.

186. What is a *tadbhava* Sanskrit derivative?

It is a word derived from a Sanskrit word but corrupted.

Ex: 'mukam', 'éṭṭan', 'chéṭṭan', 'uṭakkŭ', 'varisham', 'niṟuváham' are the *tadbhavas* of the above *tatsamas*.

187. Are there no rules for the changes which Sanskrit words undergo in becoming *tadbhavas*?

The changes are so various that it is difficult to explain them in brief; but they may be deduced from a careful investigation of the following examples:

iv.) 'പിന്താരിക്ക,' 'പേരക്ക,' 'ലേലം' മുതലായവ പോൎത്തുഗിസ്സു വാക്കുകൾ തന്നെ.

v.) 'ആസ്പത്രി,' 'റിപ്പൊൎട്ടു,' 'അക്കൂ.' മുതലായ ഇങ്ക്ലീഷ് നാമങ്ങൾ തന്നെ.

183. അന്യദേശ്യങ്ങളിൽ ഏതു കൂട്ടം മുഖ്യമായ്തു?

സംസ്കൃതത്തിൽനിന്നു വന്ന ശബ്ദങ്ങൾ തന്നെ.

184. സംസ്കൃതത്തിൽനിന്നു വന്ന ശബ്ദങ്ങൾ എത്രവിധം?

'തത്സമം,' 'തത്ഭവം' എന്നീരണ്ടു വിധം ഉള്ളതു.

185. തത്സമം എന്തു?

സംസ്കൃതപ്രകൃതിയൊടു സമമായുള്ള പ്രകൃതിയുള്ള വാക്കു.

ഉ-ം. 'മുഖം,' 'ജ്യേഷ്ഠൻ,' 'ഛത്രം,' 'വൎഷം,' 'നിൎവ്വാഹം,' മുതലായവ.

186. തത്ഭവം എന്തു?

സംസ്കൃതശബ്ദത്തിൽനിന്നുത്ഭവിച്ചു ഓരൊപ്രകാരത്തിൽ ദുഷിച്ചുപോയവാക്കു.

ഉ-ം. 'മുകം,' 'ഏട്ടൻ,' 'ചേട്ടൻ,' 'ഉടക്കു,' 'വരിഷം,' 'നിറുവാഹം' മുതലായവ.

187. തത്ഭവങ്ങളെ ഉണ്ടാക്കുന്ന വഴിക്കൊരു ചട്ടം ഇല്ലയൊ?

അതു പലപ്രകാരം ഉള്ളതാകകൊണ്ടു സംക്ഷേപിച്ചു പറവാൻ പ്രയാസം; ഈ താഴെ കാണിച്ചിരിക്കുന്ന ഉദാഹരണങ്ങളെ വിചാരിച്ചു കൊണ്ടു അതിന്റെ ക്രമം പഠിക്കണം:

| | TADBHAVAM | derived from the | TATSAMAM |
|---|---|---|---|
| (a.) | iṭavam | „ „ „ | rushabham (= a bull) |
| | kanam | „ „ „ | ghanam (= weight) |
| | kiríyam | „ „ „ | graham (= a planet) |
| | kémam | „ „ „ | kshémam (= health, robustness) |
| | chanku | „ „ „ | šankham (= a shell, *conch*) |
| | chanti, sandhu | „ „ „ | sandhi (= 1. joining, 2. fissure) |
| | cháttan | „ „ „ | šástávu (= 1. a ruler, commander, 2. a preceptor) |
| | cháttam | „ „ „ | šráddham (= a certain funeral ceremony) |
| | chácram | „ „ „ | ksháram (= an alkali, salt) |
| | taṇḍu | „ „ „ | daṇḍam (= a staff, pole) |
| | tamizhu | „ „ „ | dráviḍam (= Tamil) |
| | tívu, tíyan | „ „ „ | dwípam (= island) |
| | tóṇi | „ „ „ | dróṇi (= boat) |
| (b.) | attam | „ „ „ | hastam (= hand) |
| | anti | „ „ „ | sandhya (= evening) |
| | áyiram | „ „ „ | sahasram (= a thousand) |
| | íyam | „ „ „ | síyam (= lead) |
| | ízham | „ „ „ | simhaḷam (= Ceylon) |
| | tiru, trů | „ „ „ | šrí [= the goddess of prosperity; (the adj. = fortunate)] |
| | váddhyáyan | „ „ „ | upáddhyáyan (= teacher) |
| (c.) | arachan | „ „ „ | rájávu (= king) |
| | iravati | „ „ „ | révati (= the 27th lunar asterism) |
| | uruvu, uru | „ „ „ | rúpam (= form) |
| | ulakam, ulaku | „ „ „ | lókam (= world) |
| (d.) | chútu | „ „ „ | dyútam (= gaming) |
| (e.) | ráyan | „ „ „ | rájávu (= king) |
| | názhi | „ „ „ | náḍi (= pulse) |

| | തത്ഭവം. | തത്സമം. |
|---|---|---|
| (a) | ഇടവം. | ഋഷഭം. |
| | കനം. | ഘനം. |
| | കിരീയം. | ഗൃഹം. |
| | കേമം. | ക്ഷേമം. |
| | ചങ്കു. | ശംഖം. |
| | ചന്തി, സന്ധു. | സന്ധി. |
| | ചാത്തൻ. | ശാസ്താവു. |
| | ചാത്തം. | ശ്രാദ്ധം. |
| | ചാരം. | ക്ഷാരം. |
| | തണ്ടു. | ദണ്ഡം. |
| | തമിഴ. | ദ്രാവിഡം. |
| | തിവു, തീയൻ. | ദ്വീപം. |
| | തോണി. | ദ്രോണി. |
| (b) | അത്തം. | ഹസ്തം. |
| | അന്തി. | സന്ധ്യ. |
| | ആയിരം. | സഹസ്രം. |
| | ഈയം. | സീയം. |
| | ഈഴം. | സിംഹളം (സീഹളം.) |
| | തിരു, തൃ. | ശ്രീ. |
| | വാദ്ധ്യായൻ. | ഉപാദ്ധ്യായൻ. |
| (c) | അരചൻ. | രാജാവു. |
| | ഇരവതി. | രേവതി. |
| | ഉരുവു, ഉരു. | രൂപം. |
| | ഉലകം, ഉലകു. | ലോകം. |
| (d) | ചൂതു. | ദ്യൂതം. |
| (e) | രായൻ. | രാജാവു. |
| | നാഴി. | നാഡി. |

TADBHAVAM derived from the TATSAMAM

| | | | | | |
|---|---|---|---|---|---|
| | pakkam | " | " | " | paksham (=side) |
| | panti (pattu) | " | " | " | pankti (=point, cypher) |
| (f.) | éṇi | " | " | " | śréṇi (=ladder) |
| | tei | " | " | " | sasyam (=plant) |
| | péyi | " | " | " | piśácham (=devil, goblin) |
| (g.) | arakku | " | " | " | láksha (=shell-lac) |
| | pallakku | " | " | " | paryankam (=palanquin) |
| (h.) | anizham | " | " | " | anusham (=the 9th lunar asterism) |
| | áyiliyam | " | " | " | áśalésham (=the 9th lunar asterism) |
| | eman | " | " | " | yaman (=the god of death) |
| | nukam | " | " | " | yugam (=yoke) |
| | pichchaḷa | " | " | " | pittaḷa (=brass) |
| | káḷam | " | " | " | káhaḷam (=1. black, 2. a trumpet) |

## DERIVATION OF NOUNS.

188. From what are most pure Malayálam nouns derived?

**Most pure Malayálam nouns are derived from verbal roots.**

Thus: 'mín' (=1. a star, 2. a fish) is derived from 'minnu' (=to shine); 'kutira' (=a horse) is derived from 'kuti' (=to leap, to spring forward).

**Besides this many nouns formerly used as mere verbal nouns have now lost that character, and have become pure nouns.**

Ex: aṭukkal (=nearness, lit. *the approaching*),
tuppal (=spittle, lit. *the spitting*),
arike (=arika + e) (=proximity, lit. *the being near*).

189. Were these old verbal nouns formed by any other affixes than 'ka' 'kka' 'kal' and 'kkal'?

| | തത്ഭവം | തത്സമം |
|---|---|---|
| | പക്കം. | പക്ഷം. |
| | പന്തി (പത്തു.) | പങ്ക്തി. |
| (f) | ഏണി. | ശ്രേണി. |
| | തൈ. | സസ്യം. |
| | പേയി. | പിശാചം. |
| (g) | അരക്കു. | ലാക്ഷ. |
| | പല്ലക്കു. | പര്യങ്കം. |
| (h) | അനിഴം. | അനുഷം. |
| | ആയിലിയം. | ആശ്ലേഷം. |
| | എമൻ. | യമൻ. |
| | നുകം. | യുഗം. |
| | പിച്ചള. | പിത്തള. |
| | കാളം. | കാഹളം. |

## നാമജനനം.

188. ദേശ്യനാമങ്ങൾ മിക്കതും ഉത്ഭവിച്ചതു എങ്ങിനെ?

ദേശ്യനാമങ്ങൾ മിക്കതും ഉത്ഭവിച്ചതു ക്രിയാധാതുവിൽനിന്നുതന്നെ.

ഉ-ം. മിനു എന്നതിൽനിന്നു 'മീൻ' (=മിനുന്നതു.)
കതി എന്നതിൽ നിന്നു 'കതിര' (=കതിച്ചുചാടുന്നതു.) എന്നിവകൾ ഉണ്ടായി.

ഇതു കൂടാതെ അനേകം നാമങ്ങൾ പണ്ട ക്രിയാനാമങ്ങളായെടുത്തുവന്നവ ഇപ്പോൾ ക്രിയാഭാവം വിട്ടു ശുദ്ധനാമങ്ങളായ്പോയി.

ഉ-ം. 'അടുക്കൽ', 'ഉച്ചൽ', 'അരികെ,' (=അരിക+എ)

189. പണ്ടെത്തെ ക്രിയാനാമങ്ങൾക്കു ക, ക്ക, കൽ, ക്കൽ എന്ന രൂപങ്ങളല്ലാതെ വേറെ ഉണ്ടോ?

Yes, there were other ways formerly used to form pure verbal nouns, as shewn below:

| Affixes etc. | Old verbal nouns formed with such affixes. |
|---|---|
| 1. Certain verbal nouns are formed by a mere lengthening of the vowel of the root without the use of any affix. | Ex: tín (=food); úṉ (=food); chúṭu; (=heat); pór (=battle); kéṭu (=harm); véṟu (=difference); páṭu (= suffering etc.) |
| 2. A, am, al, ar, ir, ma, i. | Ex: nila (=stand-point); vaka (=kind); akalam (= width); kaḷḷam (= theft); tuppal (= spittle); aṭukkal (= nearness); ular (=dry); órmma (= recollection); tólma (= defeat); paśima (=softness); poṭi (=powder). |
| 3. Tal, ta, tam, tŭ, ti. | Ex: míttal (=upper part, surface); páchchal (=current); chítta (=badness); chérchcha (= connection); naṭattam (= conduct); veḷichcham (= light); koyttu (= harvest); óttu (= study); páṭṭu (= song); máṟṟu (= change); poṟuti (=patience); pakuti (=portion). |
| 4. Vu, avu, vi, ppu. | Ex: aṟivu (= knowledge); chávu (=death); óvu (=pain); oppu (=agreement); piṟappu (= birth); véḷvi (=marriage); kaḷavu (=lie); chelavu (=expense); piṟavi (=birth). |

ചിലതുണ്ടു; അവ താഴെ കാണിച്ചവതന്നെ.

| | |
|---|---|
| 1. ധാതുസ്വരദീൎഘത്താൽ ഉണ്ടാക്കിയതു. | തീൻ, ഊൺ, ചൂടു, പോർ, കേടു, വേറു, പാടു. |
| 2. അ, അം, അൻ, അൽ, അർ, ഇർ, മ, ഇ എന്ന പ്രത്യയങ്ങളാൽ ഉണ്ടാക്കിയതു. | നില, വക, അകലം, കള്ളം, തുപ്പൽ, അടുക്കൽ, ഉലർ, ഓൎമ്മ, തോല്വ, പശിമ, പൊടി. |
| 3. തൽ, ത, തം, തു, തി, എന്ന പ്രത്യയങ്ങളാലുണ്ടാക്കിയ ഭൂതരൂപങ്ങൾ. | മീത്തൽ, പാച്ചൽ, ചീത്ത, ചേച്ചു, നടത്തം, വെളിച്ചം, കൊയ്ത്തു, ഓത്തു, പാട്ടു, മാററു, പൊറുതി, പകുതി. |
| 4. വു, അവു, വി, പ്പു എന്നപ്രത്യയങ്ങളാൽ ഉണ്ടാക്കിയ ഭാവരൂപങ്ങൾ. | അറിവു, ചാവു, നോവു, ഒപ്പു, പിറപ്പു, വേൾവി, കളവു, ചെലവു, പിറവി. |

190. Mention some other pure nouns derived from verbs.

There are many old participial nouns which have lost their verbal character and are now used only as nouns.

Ex: i. With the affix 'an', múppan (=an elder, a head-man), vazhipókkan (= a traveller), maṭiyan (=a lazy man), chatiyan (= a deceiver), múkkupaṟiyan (= one who cuts off another's nose) etc.

ii. With the affix 'i', póṟṟi (= a maintainer, protector), káṇi (= a spectator), tántónni (= a self-sufficient man), maram-kayaṟi (= a tree-climber), náyáṭi (= a hunter), vátamkolli (= 'destroyer of rheumatism', the name of a certain plant), áḷakkolli (= a murderer), kunnuvázhi (a hill-chief) etc.

191. What are nounal derivatives?

Nouns formed from other nouns by appending certain affixes, (called *taddhita* affixes).

192. What are the personal nounal derivatives?

Personal nouns formed by adding to other nouns the affixes 'an', 'i' and 'tti'.

Ex: From 'kún' (=hunch) we get 'kúnan' (= hunch-back); from 'mala' (= hill) we get 'malayan' and 'malayi' (= a hill-man); from 'tívu' (= island) we get 'tívan' or 'tíyan' (= an islander) and 'tíyatti' [= an islander (fem.)]

193. Can 'avan' (found also as 'án' and 'ón') 'avaḷ', 'avar' (found also as 'ár' and 'ór') and the other pronouns be used as *taddhita* affixes?

190. ക്രിയയിൽ നിന്നുത്ഭവിച്ച മറ്റും ചില ശുദ്ധനാമങ്ങൾ പറക.
അനേകം പഴയ ക്രിയാപുരുഷനാമങ്ങൾ ക്രിയാഭാവം വിട്ടു ശുദ്ധനാമങ്ങളായി നടന്നുവരുന്നു.

ഉ-ം. i.) അൻ പ്രത്യയത്താൽ, മൂപ്പൻ, വഴിപോക്കൻ, മടിയൻ, ചതിയൻ, മുക്കുപറിയൻ മുതലായവയും ഉണ്ടാകും.

ii.) ഇ പ്രത്യയത്താൽ; പോററി, കാണി, താന്തോന്നി, മരം കയറി, നായാടി, വാതംകൊല്ലി, ആളക്കൊല്ലി, കന്നുവാഴി മുതലായവയും ഉണ്ടാകും.

191. തദ്ധിതനാമങ്ങൾ ഏവ?
നാമങ്ങളോടൊരൊ പ്രത്യയങ്ങളെ ചേൎത്തുണ്ടാക്കിയ നാമങ്ങൾ തന്നെ.

192. പുരുഷതദ്ധിതനാമങ്ങളെ എങ്ങിനെ ഉണ്ടാക്കും?
അൻ, ഇ, ത്തി എന്ന പ്രത്യയങ്ങളെ ചേൎത്തിട്ടു പുരുഷതദ്ധിതനാമങ്ങളെ ഉണ്ടാക്കും.
ഉ-ം. (ക്രൂൻ) 'ക്രൂനൻ', 'ക്രൂനി'; (മല) 'മലയൻ', 'മലയി'; (തീവു) 'തീവൻ', 'തീയൻ', 'തീയ്യത്തി'.

193. 'അവൻ' ('ആൻ,' 'ഓൻ') 'അവൾ,' 'അവർ,' ('ആർ', 'ഓർ') മുതലായ പ്രതിസംജ്ഞകളെയും ചേൎക്കാമൊ?

Yes.

Ex: vánavar, vánór (= the celestials); káṭṭavar (= jungle-men); dúrattón (= one at a distance); eviṭetón (= one of what place?); enggór (= those of what place?); kattanár (=a Syrian priest, lit. a man of the Lord); aṭiyár (= slaves, lit. those of the foot); peṇmaṇiyáḷ (= a jewel of a woman); meikkaṇṇáḷ (= a black eyed damsel) etc.

194. Is the affix of composition 'é' (see answer 215) used in nounal derivatives also?

Yes.

Ex: pinnéyavan (=he who is behind), pinnévar (=those who are behind), pinnévaṟṟinkal (=in those things which are behind); munnévan (= one before, or in front); munnétu (= that which happened or is before); paṇḍétu (= a thing of ancient times); tekkétu (= that in the south); anggéyavar (= those of that place), anggétu (= a thing of that place); akattétu (= that which is inside); pinnéttatu (= that which is behind); munpiléva (= those before); agrattinkaléva (= things at the head, or in front); nammuṭétu (= our thing), tanṟetu (= one's own thing), avarétu (= their thing).

195. Are there any other forms of nounal derivatives?

The nouns formed by adding 'áḷi', 'áḷan', 'áḷam' may be taken either as compounds or as nounal derivatives.

| | | |
|---|---|---|
| villáḷ (=a bowman) | villáḷi (= a bowman) | kúṭṭáḷi (= a companion) |
| káṭṭáḷan (=a jungle-man) | kammáḷar (= smiths) | |
| malayáḷam (= the hilly country) | malayáḷan (= a man of the hilly country) | malayáḷi (= a man of the hilly country) |

ചേൎക്കാം.

ഉ-ം· വാനവർ, വാനോർ, കാട്ടുവർ, ദൂരത്തോൻ, എവിടത്തോൻ, എങ്ങോർ, കത്തനാർ, അടിയാർ, പെണ്മണിയാൾ, മൈക്കണ്ണാൾ, മൈക്കണ്ണാർ ഇത്യാദി·

194. ഏ പ്രത്യത്താലുള്ള സമാസരൂപം (215 എന്ന പോലെ) തദ്ധിതങ്ങളിൽ കൂടെ കൊള്ളാമൊ?

'ഏ' പ്രത്യയം തദ്ധിതങ്ങളിലും കൊള്ളാം.

ഉ-ം· പിന്നേയവൻ, പിന്നേവർ, പിന്നേവററിങ്കൽ, മുന്നേവൻ, മുന്നേതു, പണ്ടേതു, തെക്കേതു, അങ്ങേയവർ, അങ്ങേതു, അകത്തേതു, പിന്നേത്തതു, മുമ്പിലേവ, അഗ്രത്തിങ്കലേവ, നമ്മുടേതു, തന്റേതു, അവരേതു·

195. വേറെ തദ്ധിതരൂപങ്ങളും ഉണ്ടോ?

'ആൾ', 'ആളി', 'ആളൻ', 'ആളം,' എന്നവ ചേൎക്കുന്നതിനാൽ ഉണ്ടാകുന്നവ സമാസം തന്നെയെങ്കിലും തദ്ധിതങ്ങളായും കൊള്ളിക്കാം.

| | | |
|---|---|---|
| വില്ലാൾ | വില്ലാളി | കൂട്ടാളി |
| കാട്ടാളൻ | കമ്മാളർ | |
| മലയാളം | മലയാളൻ | മലയാളി |

196. What is the affix used for abstract nounal derivatives?

'Ma' and 'ttanam'. (N. B. The 'a' in 'ma' is palatal.)

Ex: aṭima (=slavery); áṇma (=manliness); kónma, kóyma (=princedom); Malayáyma = Malayázhma = Malayálam (= the hilly country); kaḷḷattanam (=theft) etc.

197. What are the principal Sanskrit *taddhita* affixes?

i.) 'Vat' (=becoming 'ván', 'vate', and 'vattŭ' for the three genders) and 'mat' (=man, mati, mattŭ).

Ex: mas. guṇaván (=a virtuous man), fem. guṇavati, neut. guṇavattŭ; buddhimán (=a sensible man), buddhimati, buddhimattŭ.

ii.) 'śáli'.

Ex: dheiryyaśáli (= dheiryyaván) (= a courageous man), aṟivuśáli (= a learned man).

iii.) 'Káran', 'kári', 'káram'.

Ex: purushakáram or purusháram (= manliness); pújári (=a priest); paṇikkáran (=a workman, a servant); paṇakkáran (=a monied man); kutirakkáran (=a horseman, a horsekeeper); vélakkáran (=a servant); paṇakkáratti (=a monied woman) etc.

iv.) 'Twam', 'ta', 'yam'.

Ex: prabhutwam (=lordship, leadership); changgátitwam or changngáyittam (=companionship); áṇatwam (=manliness); krúrata (=cruelty); múḍhata (=folly); śúrata (=heroism); mauḍhyam (=folly).

These last-named (iv.) are abstract nouns.

196. ഭാവനാമങ്ങളായ്വരുന്ന തദ്ധിതങ്ങളുടെ പ്രത്യയം എങ്ങിനെ?

'മ' 'ത്തനം' എന്നവ തന്നെ.

ഉ-ം. അടിമ, ആണ്മ, (കൊന്മ കോയ്മ,) മലയായ്മ, (മലയാഴ്മ,) കള്ളത്തനം മുതലായവ.

197. സംസ്കൃതതദ്ധിതപ്രത്യയങ്ങളിൽ മുഖ്യമായവ ഏവ?

i.) 'വൽ', 'മൽ';

ഗുണവാൻ, (പു) ഗുണവതി (സ്ത്രീ), ഗുണവത്തു (ന,) ബുദ്ധിമാൻ, ബുദ്ധിമതി, ബുദ്ധിമത്തു.

ii.) 'ശാലി';

ധൈര്യശാലി (=ധൈര്യവാൻ.) അറിവുശാലി.

iii.) 'കാരൻ', 'കാരി', 'കാരം'.

ഉ-ം. പുരുഷകാരം, പുരുഷാരം, പൂജാരി, പണിക്കാരൻ, പണക്കാരൻ, കുതിരക്കാരൻ, വേലക്കാരൻ, പണക്കാരത്തി മുതലായവ.

iv.) 'ത്വം', 'ത', 'യം'.

ഉ-ം. പ്രഭുത്വം, ചങ്ങാതിത്വം, (ചങ്ങായിത്തം) ആണത്വം, ക്രൂരത, മൂഢത, ശൂരത, മൌഢ്യം മുതലായഭാവനാമങ്ങൾ തദ്ധിതങ്ങൾ അത്രെ.

## DERIVATION OF VERBS.

198. How many letters are sufficient to form a verbal root?

One or two letters are sufficient to form a verbal root.

Ex: ká, chá, nó, pó, mú, vá, kaḷ, chel, kaṇṇ, veḷ, cheṟu (chuṟu), peru, níḷ, neṭu, kuṟu, paẕha, nal, chí, putu, che (chu), chuṭu, chol.

199. Are these roots in use as verbal crude-forms?

Some are in use as verbal crude-forms.

Ex: 'káyunnu' (=it is warming), 'chel' (=move), 'chíyum' (=it will turn bad), 'chuṭukal' (=the getting hot) etc.

Some although in use as verbal crude-forms have become defective, and exist only in certain forms of the infinitive verb, these are chiefly used in qualifying nouns and verbs.

Ex: i. (a) 'Neṭiya' (lit. which became long), as in 'neṭiya manushyan' (=a tall man).

(b) 'neṭum' (lit. which is or will become long), as in 'neṭum pura' (=a long shed).

(c) 'neṭu' (lit. which is or will become long), as in 'neṭu paṭṭam' (=a long turban).

ii. (a) 'cheṟiya' (lit. which became small), as in 'cheṟiya kuṭṭi' (=a small boy).

(b) 'cheṟum' (lit. which is or will become small), as in 'cheṟum pul' (=low grass).

(c) 'cheṟu'—ditto—as in 'cheṟu nárangga' (=a lime or small orange).

## ക്രിയാജനനം.

198. ക്രിയാധാതുവിന്നു എത്ര അക്ഷരങ്ങൾ പോരും?

ക്രിയാധാതുവിന്നു ഒന്നു രണ്ടു അക്ഷരങ്ങൾ മതി.

ഉ-ം. കാ, ചാ, നൊ, പോ, മൂ, വാ, കൾ, ചെൽ, കൺ, വെൾ, ചെറു, (ചുറു,) പെരു, നീൾ, നെടു, കുറു, പഴ, നൽ, ചീ, പുതു, ചെ (ചു) ചുടു, ചൊൽ.

199. ഈ ധാതുക്കൾ തന്നെ ക്രിയാപ്രകൃതികളായി നടക്കുന്നുവൊ?

ചിലതു ക്രിയാപ്രകൃതികളായിട്ടു തന്നെ നടക്കുന്നു.

ഉ-ം. കായുന്നു, ചെൽ, ചീയും, ചുടുക ഇത്യാദി.

ചിലതു ക്രിയാപ്രകൃതികളായിട്ടു തന്നെ നടക്കുന്നു എങ്കിലും അവറ്റിന്നു ഊനതവന്നു അപൂൎണ്ണമായ ചിലരൂപങ്ങൾ മാത്രമെ ശേഷിക്കുന്നുള്ളു; ഈ വകയുടെ പ്രയോഗം അധികമായി നാമങ്ങളെയും ക്രിയകളെയും വിശേഷിക്കുന്നതിൽ ഉണ്ടാകും.

i. (a.) 'നെടിയ'; (നെടിയമനുഷ്യൻ എന്നുള്ളതിലെ പോലെ.)
(b.) 'നെടും'; (നെടുംപുര ,, ,, ,, )
(c.) 'നെടു'; (നെടുപട്ടം ,, ,, ,, )
ii. (a.) 'ചെറിയ'; (ചെറിയകുട്ടി ,, ,, ,, )
(b.) 'ചെറും'; (ചെറുമ്പുൽ ,, ,, ,, )
(c.) 'ചെറു'; (ചെറുനാരങ്ങ ,, ,, ,, )

iii. (a) 'peritŭ' (=periyatu) (=that which became big, a big thing).

(b) 'perum' (lit. that which is big), 'perum pámbŭ' (= a big snake).

200. How are most verbal crude-forms formed from verbal roots?

i.) Some by lengthening the vowel of the root.

Ex: niḷ = níḷŭ, kaṇ = káṇŭ.

ii.) Some form their crude-form by adding one or more letters to the root.

Ex: chá, chákŭ; po, pókŭ; vá, varŭ; veḷ, veḷa.

| | Root. | Crude-form. | | Root. | Crude-form. |
|---|---|---|---|---|---|
| i. | niḷ | níḷ (= grow long or tall) | h. | vaṟŭ | vaṟal (= dry, wither) |
| | paṟŭ | páṟŭ (= fly) | i. | paz̲ha | paz̲hakŭ (grow old, accustomed) |
| ii. | porŭ | pórŭ (= fight) | | nal | nalkŭ (= grant) |
| | | | | no | nókŭ (= be painful) |
| a. | kuṟŭ | kuṟa (= be or grow small) | | chá | chákŭ (= die) |
| | | | | po | pókŭ (= go) |
| b. | tir | tiri (= turn) | j. | putŭ | putukkŭ (= renew) |
| | patŭ | pati (= impress) | | mú | múkkŭ (= get old, ripe) |
| c. | toṭŭ | tuṭe (kkŭ) (= wipe) | | | |
| d. | cheṟŭ | chuṟuṉggŭ (= diminish) | | kaḷ | kakkŭ (kaḷkkŭ) (= steal) |
| e. | muṭŭ | muṭantŭ (= be lame) | | veḷ | veḷukkŭ (=be or grow white) |
| f. | tuḷ | tuḷumbŭ (= move from side to side) | | kuṟŭ | kuṟukkŭ (= make less). |
| g. | toṭŭ | tuṭarŭ (= be joined, follow) | k. | chevŭ | chuvakkŭ (= be or grow red) |
| | vá | varŭ (= come) | | | |

iii. (a.) പെരു ('പെരുതു;' =പെരിയതു എന്നുള്ളതിലെപോലെ)

(b.) 'പെരും;' പെരുമ്പാമ്പു.

200. ക്രിയാധാതുവിൽനിന്നു അധികമുള്ള ക്രിയാപ്രകൃതികൾ എങ്ങിനെ ഉണ്ടാകും?

i.) ചിലതു ധാതുവിൻ ദീൎഘത്താൽ അത്രെ.

ഉ-ം. നിൽ=നീളുന്നു; കൺ=കാണുന്നു.

ii.) ചിലതു ധാതുവിനോടു ഓരൊ അക്ഷരങ്ങളെ ചേൎക്കുന്നതിനാൽ പ്രകൃതിയാവ്വതും.

ഉ-ം. ചാ, 'ചാക', പൊ, 'പോക'; വാ, 'വരു'; വെൾ, 'വെളു'.

| | ധാതു. | പ്രകൃതി. | | ധാതു. | പ്രകൃതി. |
|---|---|---|---|---|---|
| i. | നിൽ | നീൽ | h. | വറു | വററു, വറൽ |
| | പറു | പാറു | i. | പഴ | പഴക |
| ii. | പൊരു | പോരു | | നൽ | നൽക |
| a. | കുറു | കുറ | | നൊ | നോക |
| b. | തിർ | തിരി | | ചാ | ചാക |
| | പതു | പതി | | പൊ | പോക |
| c. | തൊടു | തുടെ(ക്കു) | j. | പുതു | പുതുക്കു |
| d. | ചെറു | ചുരുങ്ങു | | മൂ | മൂക്കു |
| e. | മുടു | മുടന്തു | | കൽ | കക്കു (=കൽക്കു) |
| f. | തുൾ | തുളുമ്പു | | വെൾ | വെളുക്കുന്നു |
| g. | തൊടു | തുടരു | | കറു | കറുക്കു |
| | വാ | വരു | k. | ചെവ്വ | ചുവക്ക |

201. How are verbs of repetition formed?

First, by adding the affix 'ngguͧ'; second, by the repetition of the root.*

Ex: 1st from 'min' we have 'minungguͧ' (=twinkle); from 'ṅaḷ', 'ṅaḷungguͧ' (= be soaked, dripping).

2nd from 'veḷ', 'veḷuveḷukkuͧ' (=to grow whiter and whiter); from 'chuṭu', 'chuṭuchuṭukkuͧ' (= grow hotter and hotter); so 'nuṛunuṛungguͧ' (= shiver into pieces); and 'kiṛukiṛukkuͧ' (= croak repeatedly).

202. Are there any verbs derived from nouns?

There are many, mostly strong verbs.

i.) From nouns ending in 'u'.

Ex: from 'onnuͧ' (= one), 'onnikkuͧ' (= come into one, join, agree); from 'vanbuͧ' (= strength, power), 'vanbikkuͧ' (= become powerful); from 'kalluͧ' (=stone), 'kallikkuͧ' (=to become hard).

ii.) From nouns ending in 'am'.

Ex: tévárikkuͧ (= offer to a god), madhruͧkkuͧ (= become sweet), párikkuͧ (= increase), from 'téváram' (= an offering to a god), 'madhuram' (= sweetness), and 'páram' (= greatness) respectively.

iii.) From nouns ending in 'an'.

Ex: from 'madyapan' (= a drunkard), we have 'madyapikkuͧ' (= drink spirits).

---

* In the answers to this and the following six questions, the examples are given, in the case of strong verbs, in the strengthened crude-form.

201. പുനരത്ഥക്രിയകൾ എങ്ങിനെ ജനിക്കുന്നു?

ഒന്നാമത്തു ധാതുവിനോട 'ങ്ങു' പ്രത്യയം ചേൎക്കയാൽ തന്നെ. *

ഉ-ം. 'മിൻ,' 'ഞൾ' എന്നവയിൽനിന്നു 'മിനുങ്ങു'; 'ഞളുങ്ങു' എന്നവ ഉണ്ടായി;

രണ്ടാമത്തു ധാതുവിന്റെ ആവൎത്തനത്താൽ അത്രെ.

ഉ-ം. 'വെൾ,' 'ചുട്ടു,' 'നറു,' 'കിറു' എന്നവയിൽനിന്നു 'വെളുവെളുക്ക'; 'ചുട്ടുചുട്ടുക്ക'; 'നറുനറുങ്ങു'; 'കിറുകിറുക്ക' എന്നവ ഉണ്ടായി.

202. നാമങ്ങളിൽനിന്നു ജനിക്കുന്ന ക്രിയകൾ ഉണ്ടൊ?

അനേകം ഉണ്ടു; മിക്കതും ബലക്രിയകൾ തന്നെ.

i.) ഉകാരാന്തങ്ങളാൽ.

'ഒന്നു,' 'വമ്പു,' 'കല്ലു' എന്നവയിൽനിന്നു 'ഒന്നിക്ക,' 'വമ്പിക്ക,' 'കല്ലിക്ക' എന്നവയുണ്ടായി.

ii.) അമന്തങ്ങളാൽ.

'തേവാരം,' 'മധുരം,' 'പാരം' എന്നവയിൽനിന്നു 'തേവാരിക്ക,' 'മധുക്ക, 'പാരിക്ക' എന്നവയുണ്ടായി.

iii.) അനന്തങ്ങളാൽ.

മദ്യപൻ എന്നതിൽനിന്നു 'മദ്യപിക്ക' എന്നതുണ്ടായി.

---

* ഇതിന്നും പിൻവരുന്ന ആറുചോദ്യങ്ങൾക്കും ഉള്ള ഉത്തരങ്ങളിൽ ബലക്രിയകളുടെ സംഗതിയിൽ ഉദാഹരണങ്ങളിൽ കാണുന്നതു ബലപ്രകൃതികൾ തന്നെ.

iv.) From abstract nouns ending in 'a' (palatal) and 'i'.

Ex: from 'oruma' (= oneness), 'órmma' (= recollection), 'maṟa' (= what hides, or is hidden), 'nila' (= standing-place), 'taṭi' (= bulk), 'mozhi' (= word), we have 'orumikkŭ' (= bring into one, bring together), 'órmmikkŭ' (= recollect), 'maṟayŭ' (= to disappear), 'maṟekkŭ' (= hide), 'nilekkŭ' (= be established), 'taṭikkŭ' (= become bulky), 'mozhiyu' (= to speak, utter).

v.) From nouns ending in 'al'.

Ex: 'nizhalikkŭ' (= to shade) from, 'nizhal' (= shade); 'pútalikkŭ' (= have the dropsy), from 'pútal' (= dropsy).

vi.) From nouns ending in 'ir'.

Ex: 'etirkkŭ' (= oppose), from 'etir' (= opposition); 'kuḷirkkŭ (= to cool), from 'kuḷir' (= cold).

203. How are causal verbs formed?

One way is by changing the weak crude-form into a corresponding strong form.

Ex: 'ákkŭ' (=be) makes 'ákkŭ' (=cause to be, make)
ataṅggŭ (= be repressed, contained) makes aṭakkŭ (= cause to be etc.)
keṭŭ (= spoil) makes keṭukkŭ (= „ „ )
vaḷar (= grow) „ vaḷarkkŭ (= „ „ )
nana (= be wet) „ nanakkŭ (= „ „ )

204. What is the second way?

The second way in which causal verbs are formed is by adding 'ttŭ'.

iv.) 'അ,' 'ഇ,' അന്തമുള്ള ഭാവനാമാന്തങ്ങളാൽ;

'ഒരുമ,' 'ഓൎമ്മ,' 'മറ,' 'നില,' 'തടി,' 'മൊഴി' എന്നവയിൽ നി
ന്നു 'ഓൎമ്മിക്ക,' 'മറ(യ്ക്കു),' 'മറെക്ക,' 'നിലെക്ക,' 'തടിക്ക,' 'മൊഴി
(യ്ക്കു)' എന്നവ ഉണ്ടായി.

v.) അലന്തങ്ങളാൽ;

'നിഴൽ,' 'പൃതൽ' എന്നവയിൽനിന്നു 'നിഴലിക്ക' 'പൃതലിക്ക'
എന്നവയുണ്ടായി.

vi.) ഇരന്തങ്ങളാൽ;

'എതിർ,' 'കളിർ' എന്നവയിൽനിന്നു 'എതിൎക്ക;' 'കളിൎക്ക' എന്ന
വയുണ്ടായി.

203. ഹേതുക്രിയകളുടെ ഉത്ഭവം എങ്ങിനെ?

അബലപ്രകൃതിയെ ബലപ്രകൃതി ആക്കുകയാ
ൽ തന്നെ ഒന്നാമത്തെ വക ഉണ്ടാകും.

ഉ-ം. ആക, 'ആക്ക';
അടങ്ങു, 'അടക്ക';

കെട്ടു, 'കെട്ടുക';
വളർ, 'വളൎക്ക';
നന, 'നനെക്ക'.

204. രണ്ടാമത്തെ വക എങ്ങിനെ?

'ത്തു' ചേൎക്കയാൽ തന്നെ.

Ex: 'varŭ' (=come) makes 'varuttŭ' (=cause to come);
'vaḷar' (=grow, increase) makes 'vaḷarttŭ' (=cause to grow, or increase);
'peṭŭ' (=suffer) makes 'peṭuttŭ' (=cause to suffer);
'váṭŭ' (=wither) makes 'váṭṭŭ' (=cause to wither);
'káṇ' (=see) makes 'káṭṭŭ' (=cause to see, shew);
'ár̥ŭ' (=grow cool) makes 'ár̥r̥ŭ' (=make cool);
'akal' (=be at a distance) makes 'akar̥r̥ŭ' (=remove);
'tín' (=feed) makes 'tír̥r̥ŭ' (=cause to feed);
'káyŭ' (=get warm) makes 'káchchŭ' (=make warm).

205. What is the third way?

The third way in which causal verbs are formed is by adding 'vi', 'ppi'.

Ex: from 'ar̥i' (=know), 'ar̥ivikkŭ' or 'ar̥iyikkŭ' (=cause to know, inform);
„ 'káṇ' (=see), 'káṇpikkŭ' or 'káṇikkŭ' (=cause to see);
„ 'chol' (=say), 'cholvikkŭ' or 'chollikkŭ' (=cause to say);
„ 'ká' (=watch), 'káppikkŭ' (=cause to watch);
„ 'o' (=agree), 'oppikkŭ' (=cause to agree).

206. Has each verbal root only one causal form?

No; one verbal root sometimes has several causal forms.

Ex: from 'naṭa' (=walk etc.), naṭattŭ, naṭappikkŭ (=cause to walk, lead);
„ 'varŭ' (=come), varuttŭ, varuvikkŭ (=cause to come, bring).

From one causal we can make another causal.

Ex: naṭattippikkŭ (=cause to lead);
varuttippikkŭ (cause to bring).

ഉ-ം. വരു, 'വരുത്തു';

വളർ, 'വളൎത്തു';

പെട്ടു (പെട്ടുക) 'പെട്ടുത്തു';

വാട്ടു, 'വാട്ടു';

കാൺ, 'കാട്ടു';

ആറു, 'ആററു';

അകൽ, 'അകററു';

തിൻ, 'തീററു';

കായു, കാച്ചു.

205. മൂന്നാമത്തെവക എങ്ങിനെ?

'വി,' 'പ്പി,' ചേൎക്കയാൽതന്നെ.

ഉ-ം. അറി, 'അറിവിക്ക'; 'അറിയിക്ക';

കാൺ, 'കാണ്പിക്ക'; കാണിക്ക;

ചൊൽ, 'ചൊൽവിക്ക'; ചൊല്ലിക്ക;

കാ, 'കാപ്പിക്ക';

ഒ, 'ഒപ്പിക്ക'.

206. എല്ലാധാതുവിന്നും ഒരു ഹേതുക്രിയ തന്നെയൊ ഉള്ളു?

അതല്ല; പലപ്രകാരത്തിലും ഉണ്ടാകും.

ഉ-ം നട, 'നടത്തു'; നടത്തിപ്പിക്ക;

വരിക, 'വരുത്തു' വരുവിക്ക.

ഒരു ഹേതുക്രിയയിൽനിന്നു മറെറാരു ഹേതുക്രിയയെ ഉണ്ടാക്കാം.

ഉ-ം നടത്തിപ്പിക്ക, വരുത്തിപ്പിക്ക.

207. How are verbs formed from Sanskrit nouns?

i.) A very great number are derived in various ways from nouns ending in 'am'.

Ex: 'támasikkŭ' (=wait), from 'támasam' (=delay); so 'bhógikkŭ' (=enjoy) 'áśrayikkŭ' or 'áśrikkŭ' (=take refuge with, depend on).

ii.) Of nouns ending in 'i' which give rise to verbs there are:

Ex: 'vidhi' (=decree), hence 'vidhikkŭ'; 'śrishṭi' (=creation), from which we have 'śrishṭikkŭ' &c.

iii.) Others from nouns ending in 'anam'.

Ex: 'móshaṇikkŭ' from 'móshaṇam' (=deliverance).

In many the 'anam' is dropped.

Ex: 'varddhanam' (=increase), hence 'varddhikkŭ'; so from 'arppaṇam' (=offering), we may have 'arppaṇikkŭ' or 'arppikkŭ'.

Others from nouns of agency ending in 'tá'.

Ex: 'móshṭá' (=a thief), 'móshṭikkŭ'.

## COMPOUND WORDS.

208. What is a compound word?

Several words joined together to express a single notion are called a compound word; the one which comes first is called the former-member, that which comes after, the latter-member of the compound.

209. What is the form assumed by the former-member of the compound noun?

207. സംസ്കൃതനാമങ്ങളിൽനിന്നു ക്രിയകൾ ഉത്ഭവിക്കുന്നതു എങ്ങിനെ?

i.) അമന്തങ്ങളിൽ പ്രത്യേകം ബഹുവിധത്തിലും വരും.

ഉ-ം. താമസം, 'താമസിക്ക'; 'ഭോഗിക്ക';
'ആശ്രയിക്ക,' 'ആശ്രിക്ക;'

ii.) ഇകാരാന്തമുള്ള നാമങ്ങളിൽ.

ഉ-ം. വിധി, 'വിധിക്ക'; സൃഷ്ടിക്ക ഇത്യാദി.

iii.) 'അനം' എന്നന്തമുള്ള നാമങ്ങളിൽ.

ഉ-ം. മോഷണം, 'മോഷണിക്ക'.

പലതിലും 'അനം' ലോപിച്ചുപോകും.

ഉ-ം. വൎദ്ധനം, 'വൎദ്ധിക്ക,' അൎപ്പണം, 'അൎപ്പണിക്ക,' 'അൎപ്പിക്ക;'

iv.) 'താ' എന്ന കൎത്തൃനാമത്തിൽ.

ഉ-ം. മോഷ്ടാ, 'മോഷ്ടിക്ക.'

## സമാസിതങ്ങൾ.

208. സമാസിതം എന്നതു എന്തു?

ഒന്നിൽ അധികം പദങ്ങൾ ചേരുകയാൽ ഒരൎത്ഥം തന്നെ ജനിക്കുന്നതിന്നു സമാസിതം എന്നു പേർ; ആദ്യത്തിൽ വരുന്ന പദത്തിന്നു പൂൎവ്വപദമെന്നും, അതിൻ വഴിയെ വരുന്ന പദത്തിന്നു പരപദം എന്നും പറയാം.

209. സമാസിതനാമത്തിൽ പൂൎവ്വപദത്തിന്റെ രൂപം എങ്ങിനെ?

Most nouns assume the crude-form, when they stand as the former-member of a compound.

Ex: tí-kkal (=firestone, flint), nari-ppal (=tiger-tooth), mazha-kkálam (=the rainy season), peṇ-kula (=woman-killing), uḷ-ttár (=the 'internal flower', the mind), rá-kkaṇ (=the night-eye, i. e. the owl), pilá-v-ila (=a jack-tree-leaf). In these the crude-forms 'tí', 'nari', 'mazha', 'peṇ', 'uḷ', 'rá', 'pilá' stand as the first members of the compounds.

210. Must the former-member of a compound always be a noun?

No. The adverbial past participle sometimes forms the former-member of a compound.

Ex: aṭichchu-taḷi (=sprinkling after sweeping), tíṇṭi-kkuḷi (=washing after defilement).

211. What form do nouns ending in 'an' 'am' assume, when they become the former-members of a compound noun?

'N' and 'm' are sometimes elided,

Ex: mara-kkalam (=a wooden bowl), káṭṭáḷa-pati (=the prince of the forest tribes).

And sometimes not.

Ex: Chéramán-náṭu (=the country of Cherumán), muzha-kál (=knee), kuḷang-ngara (=the bank of a tank).

212. When 'an' 'am' are elided and the latter-member of the compound begins with a vowel, what is the usage?

The usage varies in this case.

അധികം നാമങ്ങളിൽ, സമാസത്താൽ ചേരുന്ന പൂൎവ്വപദം പ്രകൃതിയായാലും മതി.

ഉ-ം. 'തീക്കൽ,' 'നരിപ്പൽ,' 'മഴക്കാലം,' 'പെൺകല,' 'ഉൾത്താർ,' 'രാക്കൺ,' 'പിലാപ്പില' എന്നിവററിൽ 'തീ,' 'നരി,' 'മഴ,' 'പെൺ,' 'ഉൾ,' 'രാ,' 'പിലാ' എന്നീപ്രകൃതികൾ സമാസത്തിൻെറ പൂൎവ്വപദം ആകുന്നു.

210. പൂൎവ്വപദം എപ്പൊഴും നാമം തന്നെ ആയിരിക്കെണം എന്നുണ്ടൊ?

നാമം തന്നെ ആയിരിക്കെണം എന്നില്ല; ഭൂതക്രിയാന്യൂനവും ആയിരിക്കാം.

ഉ-ം. 'അടിച്ചുതളി,' തിണ്ടിക്കുളി.'

211. 'അൻ' 'അം,' എന്നന്തമുള്ള നാമങ്ങൾ സമാസിതനാമത്തിൻെറ പൂൎവ്വപദമാകുന്നതു എങ്ങിനെ?

'ൻ,' 'ം,' എന്നവ ലോപിച്ചു പോകും.

ഉ-ം. 'മരക്കലം,' 'കാട്ടാളപതി.'

'ൻ,' 'ം,' ലോപിക്കാത്തതും ഉണ്ടു.

ഉ-ം. 'ചേരമാൻനാടു,' 'മുഴംകാൽ,' 'കുളങ്ങര'.

212. 'അൻ,' 'ം,' ലോപിക്കും ദിക്കിൽ സ്വരം പരമായാൽ എങ്ങിനെ?

അതിന്നു പലപ്രയോഗങ്ങൾ ഉണ്ടു.

Ex: níla-añjanam (=a blue lotus), kala-v-aṟa (=a granary-room), mada-y-ána (=a rutting elephant), veḷichch-eṇṇa (=lamp-oil), Kruͧshṇ-áṭṭam (=the drama of Krishna).

In some cases when a vowel follows 'n' and 'm' are not elided.

Ex: paṇayam-óla (=a palmyra cadjan), Ráman-áṭṭam (=the drama of Ráma).*

213. Does augmentation ever occur in compound nouns?

Yes. The former member is often augmented by 'an', 'am', 'n' or 'm'.

Ex: tekkan-káṟṟu (=south-wind), ponn-ez͟huttan-chéla (=a cloth figured with gold), malan-puli (=a hill-tiger), panan-kula (=a bunch of palmyra fruit), pún-tén (=the honey of flowers), chuṇṭang-ga (=chuṇṭan-kkáy) (=the fruit of the prickly night-shade or 'chuṇṭa').

(In these the unaugmented former-members are 'tekkuͧ', 'ponn-ez͟huttuͧ', 'mala', 'pana', 'pú' and 'chuṇṭa' respectively).

214. Can the substituted-form be used as the former member of a compound noun?

It can, and in various ways (senses).

Ex: kúvaḷatt-ila (=a leaf of the kúvaḷam); van-káṭṭ-ána (=an elephant of the great forest).

áṟṟu-veḷḷam (=river-water); íz͟had-dwípu (=the island of Ceylon).

kiz͟hakkin-puṟam (=the eastern side); áṭṭin-pál (=goat's milk.

---

* Such instances are rare, generally the former-member of a compound word loses all signs of case.

ഉ-ം· 'നീലഅഞ്ജനം.' 'കലവറ,' 'മദയാന,' 'വെളിച്ചെണ്ണ,' 'കൃഷ്ണാട്ടം.'

സ്വരം പരമാകുന്ന ചിലദിക്കിൽ 'ൻ,' 'ം,' ലോപിക്കുന്നില്ല.

ഉ-ം· 'പുണയമോച,' 'രാമനാട്ടം.' *

213. സമാസിതനാമത്തിൽ ആഗമം കൂടെ പ്രയോഗിക്കുന്നുണ്ടോ?

'അൻ,' 'അം,' 'ൻ,' 'ം' ഈ ആഗമങ്ങൾ കൂടെ നടപ്പു.

ഉ-ം· 'തെക്കൻ കാററു,' 'പൊന്നെഴുത്തൻ ചേല,' 'മലമ്പുലി,' 'പനങ്കുല,' 'പൂന്തേൻ,' ചുണ്ടങ്ങ (= ചുണ്ടൻകായി.)

214. ആദേശരൂപത്തിന്റെ പ്രയോഗം സമാസിതനാമത്തിൽ പൂൎവ്വ പദമായ്നടക്കുമൊ?

പലപ്രകാരത്തിൽ നടക്കും.

ഉ-ം· 'കുവളത്തില,' 'വങ്കാട്ടാന,'

'ആററുവെള്ളം,' 'ഠരംഘട്ടചീപ്പു,'

'കിഴക്കിമ്പുറം,' 'ആട്ടിമ്പാൽ.'

---

* ഇതു ദുല്ലഭം, സാധാരണയായി സമാസത്തിൽ പൂൎവ്വപദത്തിന്റെ വിഭക്തിപ്രത്യയം ലോപിക്കണം.

215. Does the affix 'é' ever occur in compound nouns as an augment?

Yes; it is used in many ways in composition.

Ex: nálu náḷé-ppaṇi (=four days' work); oráṇṭatté-anubhavam (=one year's enjoyment).
annatté-rátri (=that day night); munpatté-ppóle (=as before).
rávilatté-bhakshaṇam (=morning's meal).

216. Is there any peculiarity in the use of pure Malayálam abstract nouns in composition?

Yes; the affixes 'ma', 'a', 'am', 'kkam', 'pu', 'ppu', betokening the abstract noun, are dropped, and the plain verbal root is used to qualify the noun following.* Thus above said 'nanma' (=nalma) becomes in composition 'nal'.

Ex: nal-kuḷam (= a good tank), nal-cherukkan (= a good boy).

The abstract noun 'vanpu' (=greatness, might), occurs in composition as 'van'.

Ex: van-kaṭal (=the mighty ocean), van-káṭu (=a great forest) van-mala (= a great mountain) etc.*

217. In such cases does the vowel of the root ever undergo any change?

It is sometimes lengthened.*

Ex: chév-aṭi (=beautiful foot); kár-íyam (=black lead); pér-ál (=the large kind of banyan tree); ár-uyir (='dear life' i. e. friend).

---

* These may also be taken as verbal roots used in composition with the force of adnounal participles. The above however is Dr. Gundert's view.

215. 'ഏ' പ്രത്യയവും കൂടെ ആഗമമായ്വരുമൊ?

അതു സമാസത്തിൽ പലവിധത്തിലും വരും.

ഉ-ം. 'നാലു നാളെപ്പനി,' 'ഓരാണ്ടത്തെ അനുഭവം,' 'അന്നത്തെ രാത്രി,' 'മുമ്പെത്തെപ്പോലെ,' 'രാവിലത്തെ ഭക്ഷണം.'

216. ദേശ്യഭാവനാമങ്ങൾ സമാസിതങ്ങളിൽ ചേരുന്നതിൽ ഏതെങ്കിലും വിശേഷം ഉണ്ടൊ?

ഉണ്ടു; 'മ,' 'അ,' 'അം,' 'ക്കം,' 'പു,' 'പ്പു' മുതലായ ഭാവനാമം ജനിപ്പിക്കുന്ന പ്രത്യയങ്ങൾ ലോപിച്ചു വെറും ധാതുമാത്രം ചേരും;

ഇപ്പറഞ്ഞപ്രകാരം നന്മ (=നൽമ) എന്നുള്ളതു സമാസത്തിൽ 'നൽ,' എന്നു നടക്കും.

ഉ-ം. 'നൽകുളം,' 'നൽചെറുക്കൻ;'

'വമ്പു' എന്നതു 'വൻ' എന്നു വരും.

ഉ-ം. 'വങ്കടൽ,' 'വങ്കാട്ടു,' 'വന്മല' ഇത്യാദി. *

217. ധാതുസ്വരത്തിന്നു ഭേദം വരുമൊ?

അതു ദീർഘിച്ചു പോകിലുമാം. *

ഉ-ം. 'ചേവടി,' 'കാരിയം,' 'പേരാൽ,' 'ആരുയിർ.'

---

* ഇവകൾ സമാസത്തിൽ ശബ്ദന്യൂനങ്ങളായി പ്രയോഗിച്ച ക്രിയാധാതുക്കൾ ആക്കി എടുക്കാവുന്നതും ആം; എന്നാൽ മുകളിൽ കാണിച്ചതു ഗുണ്ടർത്സായ്വിന്റെ അഭിപ്രായം ആകുന്നു.

218. Does the root in these cases ever receive any augmentation?

Some roots are augmented by 'am' 'in' and other affixes of composition.

Ex: iḷan-tala (=iḷam-tala) (= a young bud); karin-kal (= karin-kal) (=the black rock, granite).*

219. Does duplication ever occur as a means of composition?

Duplication occurs not only in the cases mentioned in answer No. 51, but also after words ending in a vowel in 'y' and in 'n' 'l' and other liquids, provided that the following member commences with a surd.

220. Should compound nouns be divided in parsing?

No. How many soever words a compound noun may consist of, the whole should be parsed as one noun.

Thus: sáma-dán-ádi-šríman-níti-šástra-karttákkaḷ [(= the authors of the auspicious branches of policy of which conciliation and giving (are) the first] should not be separated, but parsed as one compound noun.

221. What is to be remarked concerning the parsing of the various words used to qualify nouns?

---

* 'Iṭum' and 'karim' may also be regarded as obsolete forms of the future adnounal participle. (see qq. 216, 217.)

218. ഇങ്ങിനെയുള്ള ധാതുവിന്നു ആഗമം വരുമൊ?

ചിലതിന്നു 'അം,' 'ഇൻ' എന്നുള്ള സമാസ പ്രത്യയങ്ങൾ ആഗമമായ്വരും.

ഉ-ം. 'ഇളന്തല' (=ഇളം തല,) കരിങ്കൽ (=കരിൻകൽ.) *

219. സമാസത്തിൽ ദ്വിത്വം വരുമൊ?

ദേശ്യസമാസങ്ങളിൽ പൂൎവ്വപദം (51) പറഞ്ഞ സംഗതികളിലല്ലാതെ സ്വരാന്തമാകട്ടെ, യരലാദ്യന്തം ആകട്ടെ, ആയിരുന്നാൽ വരുന്ന ഖരങ്ങളിൽ ദ്വിത്വമായ്വരുന്നതുമാം.

220. സമാസിതനാമങ്ങളെ വിഭാഗിച്ചു വ്യാകരിക്കേണമൊ?

വേണ്ട; സമാസിതനാമത്തിൽ എത്ര പദങ്ങൾ ഇരുന്നാലും അവയെല്ലാം ഒന്നാക്കി എടുത്തു വ്യാകരിക്കേണ്ടതാകുന്നു.

ഉ-ം. 'സാമദാനാദിശ്രീമന്നീതിശാസ്ത്രകൎത്താക്കൾ' എന്നതിനെ വിഭാഗിച്ചു വ്യാകരിക്കേണ്ട— എന്നാൽ മുഴുവനും കൂടെ ഒരു സമാസനാമമായെടുത്തു വ്യാകരിക്കേണ്ടതാകുന്നു.

221. നാമങ്ങളെ വിശേഷിക്കുന്ന പദങ്ങളെ വ്യാകരിക്കുന്നതിനെ കുറിച്ചു വല്ലതും പറവാനുണ്ടൊ?

---

* 'ഇളം' 'കരിം' പഴയ ഭാവി ശബ്ദന്യൂനങ്ങളായും വ്യാകരിക്കാം. (ചൊ: 216. 217. നോക്കുക.)

Some discrimination is required for their parsing.

Some, as shewn above in answer 220, are roots joined in composition; these therefore should not be parsed separately.

Others again (as shewn in the answer on Adnounal Participles, qu. 147.) are adnounal participles of verbs.

Ex: veḷutta vastram (= a white cloth, lit. a cloth which has become white). In this 'veḷutta' is the adnounal participle of the verb 'veḷukkuka' (= to be or become white).

Others again are the genitive cases of nouns.

Ex: mádhuryattinṟe vákku (= a sweet speech, lit. the speech of sweetness).

Others again consist of a noun and the verb 'uḷḷa' (= which is), 'áya' (= which became), 'áyuḷḷa' (= which is become) etc.

Ex: pakshamáyuḷḷa vákku (= an agreeable or partial speech, lit. a speech which is become agreeability or partiality).

Here the noun 'paksham' (=agreeability) the verb 'áy' (=having become), the verb 'uḷḷa' (= which is) and the noun qualified, 'vákku' (= speech), should each be parsed separately; 'pakshamáyuḷḷa vákku' is not a compound, but consists of four separate words.

222. Why is it necessary to join together the several words in this way in order to express a single attribute?

അവകളെ വ്യാകരിക്കുന്നതിൽ കുറെ സൂക്ഷ്മം വേണ്ടതാകുന്നു; മുമ്പെ (220)ൽ കാണിച്ചപ്രകാരം ചിലവ സമാസത്താൽ ചേരുന്ന ധാതുക്കൾ ആകുന്നു; ആയ്തുകൊണ്ടു അവററെ വെവ്വേറെ എടുത്തു വ്യാകരിപ്പാൻ പാടില്ല; മററു ചിലവ ശബ്ദന്യൂനങ്ങളെ കുറിച്ചുള്ള (142ാം) ഉത്തരത്തിൽ കാണിച്ച പ്രകാരം ക്രിയകളുടെ ശബ്ദന്യൂനങ്ങളും ആകുന്നു.

ഉ-ം. 'വെളുത്ത വസ്ത്രം'; ഇതിൽ 'വെളുത്ത' എന്നതു വെളുക്കുക, എന്ന ക്രിയയിൽനിന്നുണ്ടായ ശബ്ദന്യൂനം.

മററു ചിലവ നാമങ്ങളുടെ ഷഷ്ഠികളാകുന്നു.

ഉ-ം. മാധുര്യത്തിന്റെ വാക്കു.

മററു ചിലവ ഒരു നാമത്താലും, 'ഉള്ള,' 'ആയ', 'ആയുള്ള' മുതലായ ക്രിയകളാലും ഉണ്ടാകും.

ഉ-ം. 'പക്ഷമായുള്ളവാക്കു'; ഈ സംഗതിയിൽ ആദ്യത്തെ നാമം 'പക്ഷം' എന്നതു വേറെ, 'ആയ', എന്നതു വേറെ, 'ഉള്ള' എന്നതു വേറെ, വിശേഷിക്കപ്പെടുന്നനാമമായ 'വാക്കു', എന്നതു വേറയും, വ്യാകരിക്കെണ്ടതാകുന്നു; 'പക്ഷമായുള്ള' വാക്കു എന്നതു സമാസം അല്ല; അതു പ്രത്യെകം പ്രത്യേകം ആയുള്ള നാലു പദങ്ങൾ തന്നെ.

222. ഒരു വിശേഷണമാക്കെണ്ടതിന്നു പല വാക്കുകളെ ഇപ്രകാരം ചേൎപ്പാൻ കാരണം എന്തു?

It is because Malayálam possesses no adjectives; 'pakshamáyuḷḷa' (though *translated* agreeable') is not an adjective; it can be divided into three several words, each of which has its own parsing.

223. Are there any compound verbs?

There are many.

The majority of these have some noun as the former-member of the compound, and 'peṭunnu', 'ákunnu', or some other such verb as the latter-member; if the noun has an affix, it drops it, and the following surd is doubled.

Ex: aka-ppeṭu (= be included), bhaya-ppeṭu (= be afraid), uṇṭ-ákku (= come into being; be), nann-ákku (= amend, repair), uru-máyu (= lose shape), véṟu-tirikku (= separate), uḷ-koḷḷu (= take in), and kei-koḷḷu (= accept).

മലയാഴ്മയിൽ ഗുണവാചകങ്ങൾ ഇല്ലായ്കകൊണ്ടത്രെ ഇപ്രകാരം ചേൎത്തതു; 'പക്ഷമായുള്ള' എന്നതു ഗുണവാചകം അല്ല; അതിനെ നാലു പദങ്ങളാക്കി വിഭാഗിച്ചു ഓരോന്നിനെ വെവ്വെറെ വ്യാകരിക്കാം.

223. സമാസിത ക്രിയകൾ ഉണ്ടൊ?

അനേകം ഉണ്ടു; ഇവററിൽ മിക്കതും പൂൎവ്വപദം നാമവും, പരപദം 'പെടുന്നു', 'ആകുന്നു' മുതലായ ചില ക്രിയകളും ആയിരിക്കും; നാമത്തിന്നു പ്രത്യയമുണ്ടായാൽ ലോപിച്ചു പരം വരുന്ന ഖരത്തിന്നു ദ്വിത്വം വരും.

ഉ-ം. അകപ്പെട്ടു, ഭയപ്പെട്ടു, ഉണ്ടാക, നന്നാക; ഉരുമായ്യ, വേറുതിരിക്ക, ഉൾകൊള്ളു, കൈക്കൊള്ളു.

# III. SYNTAX.

## THE ANALYSIS OF SENTENCES.

224. What is a sentence?

A sentence is that which arises from combining several words, so as to express a complete notion.

Ex: mukti siddhichchu [= (eternal) liberation was accomplished]; kámam kálan (= lust is death).

## SUBJECT, PREDICATE AND OBJECT.

225. How many words are necessary to form a sentence?

One to express the subject and another to express the predicate. Thus at least two words must be contained (expressed or understood) in every sentence.

Ex: ní pó (= go thou); pó (= go).

226. What are the subject and predicate?

The subject is the word which expresses that, concerning which we speak. It is also the nominative of the finite verb of the sentence.

Ex: Kéḷan nallavan (= Kéḷan is a good man); in this 'Kéḷan' is the subject.

The predicate is the word which expresses the action (done or suffered) or the attribute etc. assigned to the subject.

# III. വാക്യകാണ്ഡം.

## വാക്യപങ്കുകൾ.

224. വാക്യം എന്നതു എന്തു?

തികവുള്ള അഭിപ്രായം ജനിപ്പാൻ തക്കവണ്ണം പദങ്ങളെ ചേൎക്കുന്നതിനാൽ ഉണ്ടാകുന്നതു വാക്യം.

ഉ-ം. മുക്തിസിദ്ധിച്ചു; കാമം കാലൻ.

## ആഖ്യാഖ്യാതകൎമ്മങ്ങൾ.

225. വാക്യത്തിന്നു എത്രപദം വേണം?

വാക്യത്തിന്നു, ആഖ്യ കാണിക്കേണ്ടതിന്നു ഒന്നു, ആഖ്യാതം കാണിക്കേണ്ടതിന്നു മറെറാന്നു, ഇങ്ങിനെ രണ്ടു പദം തന്നെ സ്പഷ്ടമായെങ്കിലും, അസ്പഷ്ടമായെങ്കിലും, ഒരു വാക്യത്തിൽ അടങ്ങിയിരിക്കണം.

ഉ-ം. നീപോ; പൊ.

226. ആഖ്യ ആഖ്യാതം എന്നവ എന്തു

നാം ഏതിനെ കുറിച്ചു പറയുന്നുവൊ അതിനെ അറിയിക്കുന്നതു ആഖ്യ; ആയതു ക്രിയയെ ഭരിക്കുന്ന പ്രഥമതന്നെ.

ഉ-ം. 'കേളൻ നല്ലവൻ', ഇതിൽ, 'കേളൻ' എന്നതു ആഖ്യ;

ആ ആഖ്യയെ കുറിച്ചു അറിയിക്കുന്ന നാമം താൻ, ക്രിയതാൻ, ആഖ്യാതം തന്നെ.

Ex: Kéḷan nallavan; Ráman jáyichchu (= Ráman conquered). In these 'nallavan' (= a good man) and 'jayichchu' (= conquered) are the predicates.

227. Is not a third member sometimes necessary in a sentence?

i.) If the predicate is a transitive verb, a word to express the object (that which suffers the action) is necessary.

Ex: Saumitri vítihótrane jvalippichchitu (= Saumitri kindled the sacrificial fire).

ii.) If the predicate is a noun, the copula may be added as part of the predicate. The copula is some part of the verb 'ákunnu' (be, become) or its negative 'alla'.

Ex: Kéḷan nallavan 'ákunnu' (= Kélan is a good man).

228. What is the agent?

The agent is the word which expresses the doer of the action shewn by the verb. (As the agent is generally made the nominative to the verb, the subject is sometimes called the agent).

Ex: Saumitri vítihotrane jvalippichchitu (= Saumitri kindled the sacrificial fire); in this, the subject 'Saumitri' is also the agent.

229. Is the agent always the subject?

ഉ-ം. കേളൻ നല്ലവൻ; രാമൻ ജയിച്ചു; ഇവയിൽ 'നല്ലവൻ', 'ജയിച്ചു' എന്നവ ആഖ്യാതങ്ങൾ.

227. മൂന്നാമതൊരു പദം വാക്യത്തിന്നു ചിലപ്പോൾ വേണ്ടുന്നതില്ലയൊ?

i.) ആഖ്യാതം സകൎമ്മകക്രിയയാകുന്ന പക്ഷം, ക്രിയയെ അനുഭവിക്കുന്നതു കാണിപ്പാനായി ഒരു പദം മൂന്നാമതു വേണ്ടതാകുന്നു.

ഉ-ം. സൌമിത്രി വീതിഹോത്രനെ ജ്വലിപ്പിച്ചിതു.

ii.) ആഖ്യാതം നാമമായാൽ സംബന്ധക്രിയ അതിനോടു ചേൎക്കാം, സംബന്ധക്രിയ, 'ആക' * എന്ന ക്രിയയുടെ അനുസരണനിഷേധത്തിൽ ഏതുമായിരിക്കും.

ഉ-ം. കേളൻ നല്ലവൻ 'ആകുന്നു.'

228. കൎത്താവെന്നതു എന്തു?

കൎത്താവു, ക്രിയയെ ചെയ്യുന്നതിനെ കാണിക്കുന്ന പദം തന്നെ; കൎത്താവു സാധാരണയായി പ്രഥമവിഭക്തിയിൽ ആയിരിക്കും; (ആയതുകൊണ്ടു ചിലപ്പോൾ ആഖ്യ, കൎത്താവെന്നു വിളിക്കപ്പെടുന്നു.)

ഉ-ം. സൌമിത്രി വീതിഹോത്രനെ ജ്വലിപ്പിച്ചിതു, ഇതിൽ 'സൌമിത്രി' എന്ന ആഖ്യ, കൎത്താവു തന്നെ.

229. കൎത്താവു എല്ലായ്പൊഴും ആഖ്യയായിരിക്കുമൊ?

---

* ആക എന്നതിന്റെ നിഷേധം അല്ല എന്നതു തന്നെ.

No; because when the predicate is a verb in the passive, the object is nominative to the verb and thus the subject of the sentence.

Ex: Kirátanál mrŭgam kollappeṭṭŭ (= the beast was killed by the savage); in this 'mrŭgam' is not the agent, but still it is the subject and stands in the nominative case.

230. Shew how the subject is sometimes left merely understood.

In the expression 'pó' (= go), although there is the meaning of 'ní pó' (= go thou), the 'ní' (= thou) need not be expressed. 'Pó' (= go) itself is a complete sentence.

So, in the sentence 'varum ennu paṟayunnu' [= (*they*) say that (*he*) will come], the meaning is 'janangga!ḷ paṟayunnu' (= people say). It is in such cases that the subject is left understood.

231. Does it ever happen that the predicate is also left merely understood?

It often happens, in such collocations as 'atu konṭu entu phalam?' [= what (is) the use of that?], the verb 'unṭu' (= is) which is the predicate is usually not expressed; so, in 'saukhyamó ninggaḷkku?' (= are you well? lit. *health to you?*) the meaning if fully expressed would

കൎത്താവെല്ലാപ്പോഴും ആഖ്യയായി വരുന്നില്ല; കാരണം ആഖ്യാതം കൎമ്മത്തിൽ ക്രിയയായിരിക്കു മ്പൊൾ കൎമ്മം പ്രഥമ വിഭക്തിയിൽ ആയിരി ക്കും; ഇങ്ങിനെ വാക്യത്തിൽ ആഖ്യയായിരിക്ക യും ചെയ്യും.

ഉ-ം. 'കിരാതനാൽ മൃഗം കൊല്ലപ്പെട്ടു' ഇതിൽ 'മൃഗം' എന്നതു കൎത്താവല്ല എങ്കിലും ആഖ്യതന്നെ, പ്രഥമയിൽ നില്ക്കു.

230. ആഖ്യ അസ്പഷ്ടമായി വരുന്നതു എങ്ങിനെ എന്നു കാണിക്ക.

'പൊ' എന്നു പറയുന്നതിൽ 'നീപൊ' എന്നൎത്ഥം ഉണ്ടെങ്കിലും 'നീ' എന്ന പദം വേണ്ടാ; 'പോ' എ ന്നുള്ളതു പൂൎണ്ണവാക്യം ആകുന്നു താനും;

അപ്രകാരം തന്നെ 'വരും എന്നു പറയുന്നു' എ ന്നുള്ള വാക്യത്തിൽ 'ജനങ്ങൾ പറയുന്നു' എന്നു ള്ള അൎത്ഥം ജനിക്കുന്നു.

231. ആഖ്യാതം കൂടെ അസ്പഷ്ടമായി വരുമൊ?

ആഖ്യാതം പലപ്പോഴും അസ്പഷ്ടം ആയ്വരും; 'അ തുകൊണ്ടു എന്തു ഫലം?' എന്നുപറയുന്ന ദിക്കിൽ 'ഉണ്ടു' എന്ന ആഖ്യാതത്തെ സ്പഷ്ടമായ്പറയുമാറി ല്ല. അപ്രകാരം തന്നെ 'സൌഖ്യമൊ നിങ്ങൾക്കു?' എന്നതിൽ, അൎത്ഥം നല്ലവണ്ണം വെളിവാകെണ

be 'saukhyamuṇṭó?' (= is there health? etc.); in 'ńán anggóṭṭu' (= I thither), 'pókum' (= will go) is understood; in 'enggu?' (= lit. whither = whither are you going?) both subject and predicate are understood.

232. Do cases occur of the object being left understood? When the object, either from having been previously mentioned or any other cause, can easily be understood, it is seldom mentioned.

Ex: In 'ní tanné aṭichchuvó?' (=did you beat?), 'avané' (= him) standing for the name of some person previously mentioned, is not required.

233. How may several subjects, predicates or objects be united?

Several subjects, predicates, or objects, if nouns, may be united.

i.) By the use of the particle 'um'.

Ex: 'achchanum ammayum vannu' (= the father and the mother came); 'kaḷichchum puḷachchum irunnu' (= (they) played and amused themselves); 'Viśvámitran Rámanéyum Lakshmaṇanéyum puṇarnnu' (=Vishvámitran embraced Ráman and Lakshmaṇan).

ii.) By being formed into a compound word.

Ex: Brahma Vishṇu Giríśanmár múvarum ezhunneḷḷi (=Brahma Vishnu and Siva all three proceeded on their way); in this, the three subjects 'Brahma, Vishṇu, and Giríśan' are united into one compound word having one plural affix 'már'.

മെങ്കിൽ 'സൌഖ്യമുണ്ടൊ?' എന്നായിരിക്കും; പിന്നെ 'ഞാൻ അങ്ങോട്ടു' എന്നതിൽ 'പോകും' എന്നതു അസ്പഷ്ടവും; 'എങ്ങു?' എന്നതിൽ ആഖ്യയും ആഖ്യാതവും രണ്ടും അസ്പഷ്ടവും ആകുന്നു.

232. കൎമ്മം അസ്പഷ്ടമായ്വരുന്നതുണ്ടൊ?

മുമ്പെ പറഞ്ഞതു കൊണ്ടൊ, മററുവല്ല സംഗതി കൊണ്ടൊ കൎമ്മം ഇന്നതെന്നു ധരിപ്പാൻ എളുപ്പമായാൽ ആയ്തു സ്പഷ്ടമായ്വരുന്നതു ദുൎല്ലഭം

ഉ-ം. 'നീതന്നെ അടിച്ചുവൊ?' എന്നതിൽ 'അവനെ' എന്ന കൎമ്മത്തെ മുമ്പിൽ പറഞ്ഞിരിക്കുന്നവയല്ല ആളുടെ പേൎക്കു പകരം നില്ക്കുന്നതു കൊണ്ടു ആയതു തിരികയും പറയണം എന്നില്ല.

233. പല 'ആഖ്യകളെയും, 'ആഖ്യാതങ്ങളെയും, 'കൎമ്മങ്ങളെയും' ചേൎക്കുന്നതു എങ്ങിനെ?

നാമങ്ങളായിരിക്കുന്ന പല ആഖ്യകളും, ആഖ്യാതങ്ങളും, കൎമ്മങ്ങളും, ചേൎക്കുന്ന മാതിരിയാവിതു.

i.) 'ഉം' അവ്യയത്താൽ.

ഉ-ം. 'അച്ഛനും അമ്മയും വന്നു;' 'കളിച്ചും പുളച്ചും ഇരുന്നു;' 'വിശ്വാമിത്രൻ രാമനെയും ലക്ഷ്മണനെയും പുണൎന്നു.'

ii.) സമാസത്താൽ.

ഉ-ം. 'ബ്രഹ്മാവിഷ്ണുഗിരിശന്മാർ മൂവരും എഴുന്നെള്ളി' എന്നതിൽ 'ബ്രഹ്മാവു' 'വിഷ്ണു,' 'ഗിരിശൻ' എന്ന മൂന്നാഖ്യകൾ 'മാർ' എന്ന ബഹുവചന പ്രത്യയത്താൽ ഒന്നാക്കി ചേൎത്തിരിക്കുന്നു.

'Krůtyákrůtyangngaḷ iva' (=these are the things we should do, and these we should not do); in this, the two words 'krůtyam' and 'akrůtyam' are united into one compound word by the plural affix 'angngaḷ', and stand as the predicates. 'Ráma Lakshmaṇanmáré chennů etiréṟṟu' (=he went and met Ráma and Lakshmaṇa; in this, the two objects 'Ráma and Lakshmaṇa' are formed into one compound word by the plural accusative affix 'máré'.

If verbs, they may be joined:

i.) By being put into the infinitive with 'um' followed by the requisite 'cheyyunnu' (=do) etc.

Ex: kuḷikkayum japikkayum cheyyunnatu nityakarmmánushṭánam tanné (=to wash ourselves and say our prayers are perpetual daily duties); in this 'kuḷikkayum japikkayum cheyyunnatu' (=to wash ourselves and say our prayers) are the subjects.

Avan kuḷikkayum japikkayum cheytu (=he did wash himself and say his prayers); in this 'kuḷikkayum japikkayum cheytu' (=did wash himself and say his prayers) are the predicates.

Avan kuḷikkayum japikkayum cheyyunnatiné ńán kaṇṭu (=I saw him washing himself and saying his prayers); in this 'kuḷikkayum japikkayum cheyyunnatiné' (=lit. his doing his washing himself and saying his prayers) are the objects.

'കൃത്യാകൃത്യങ്ങൾ ഇവ' എന്നതിൽ 'കൃത്യം' 'അകൃത്യം' എന്ന രണ്ടു പദങ്ങൾ 'അങ്ങൾ' എന്ന ബഹുവചനപ്രത്യയത്താൽ ഒന്നായി ചേൎന്നു ആഖ്യാതങ്ങളായി നില്ക്കുന്നു;

'രാമലക്ഷ്മണന്മാരെ ചെന്നെതിരേററു,' ഇതിൽ 'രാമൻ' 'ലക്ഷ്മണൻ' എന്നിരണ്ടു കൎമ്മങ്ങൾ 'മാരെ' എന്ന ദ്വിതീയബഹുവചനപ്രത്യയം ഒന്നാക്കിചേൎത്തിരിക്കുന്നു.

പല ആഖ്യകളും ആഖ്യാതങ്ങളും കൎമ്മങ്ങളും ക്രിയകളായിരുന്നാൽ, അവററെ ചേൎക്കുന്ന മാതിരി ആവിതു.

i.) ഭാവരൂപം ആക്കി 'ഉം' ചേൎക്കുന്നതിനാൽ തന്നെ; ഒടുക്കത്തിൽ 'ചെയ്യു' ധാതുവിൽനിന്നുണ്ടായ ക്രിയയിൽ ഒന്നു വരെണം.

ഉ-ം. 'കളിക്കയും ജപിക്കയും ചെയ്യുന്നതു നിത്യകൎമ്മാനുഷ്ഠാനം തന്നെ' എന്നതിൽ 'കളിക്കയും' 'ജപിക്കയും' ചെയ്യുന്നതു എന്നതു ആഖ്യാതം.

'അവൻ കളിക്കയും ജപിക്കയും ചെയ്യുന്നതിനെ ഞാൻ കണ്ടു', എന്നതിൽ 'കളിക്കയും ജപിക്കയും ചെയ്യുന്നതിനെ' എന്നതു കൎമ്മം.

ii.) By being all but the last put into the form of the past adverbial participle with the last as a finite verb, verbal noun etc. as the case may be.

Ex: 'bráhmaṇaré konṭŭ vannŭ Kéraḷattil párppichchu' [=he brought the brahmins and settled them in Malabar (lit. he, having brought etc.)]; 'Varuṇané sévichchŭ tapassŭ cheytu' [=he worshipped Varuṇa and practised austerities (lit. having worshipped or worshipping, he etc.)

ADJUNCTS.

234. What are adjuncts?

Those words which exhibit the accidents attendant upon the predicate, subject or object are called adjuncts.

Ex: (Pred.) peinkiḷi 'teḷivil' páṭi (=the green parrot chanted clearly).

(Subj.) 'bhúmipan' Sudarśanan vichárichchu (=king Sudarśanan thought).

(Obj.) śástram 'onnŭ' uracheyyám (=I shall repeat one *of the* Shastras). In the above 'teḷivil' [=clearly (lit. *in* or *with* clearness), 'bhúmipan', and 'onnŭ' are adjuncts.

235. How may adjuncts be divided?

Into those relating to the subject called adjuncts of the subject, those relating to the predicate called adjuncts of the predicate, and those relating to the object called adjuncts of the object.

ii.) അവസാനത്തെ ക്രിയ ഒഴികെ മറെറല്ലാം ഭൂത ക്രിയാന്യൂനങ്ങൾ ആകുന്നതിനാൽ; ഒടുക്കത്തെതു സമയംപോലെ പൂൎണ്ണക്രിയ ക്രിയാനാമം ഭാവരൂപം മുതലായവററിൽ ഒന്നായിരിക്കേണം.

ഉ-ം. 'ബ്രാഹ്മണരെ കൊണ്ടു് വന്നു് കേരളത്തിൽ പാൎപ്പിച്ചു'; 'വരുണനെ സേവിച്ചു് തപസ്സു ചെയ്തു'.

## വിശേഷണങ്ങൾ.

234. വിശേഷണങ്ങൾ എന്നവ എന്തു?

ആഖ്യാതത്തിന്നും ആഖ്യക്കും കൎമ്മത്തിന്നും അതാതുസമയത്തുള്ള വിശേഷങ്ങളെക്കുറിച്ചു കാണിക്കുന്ന പദങ്ങൾ വിശേഷണങ്ങൾ എന്നു പേൎപ്പെടുന്നു.

ഉ-ം. (ആഖ്യാതത്തിന്നു) പൈങ്കിളി 'തെളിവിൽ' പാടി;

(ആഖ്യക്കു) 'ഭ്രമിപൻ' സുദൎശനൻ വിചാരിച്ചു;

(കൎമ്മത്തിന്നു) ശാസ്ത്രം 'ഒന്നു' രചിച്ചാം.
മേൽപറഞ്ഞവററിൽ 'തെളിവിൽ, 'ഭ്രമിപൻ', 'ഒന്നു', എന്നവ വിശേഷണങ്ങൾതന്നെ.

235. വിശേഷണങ്ങൾ എത്രവക?

ആഖ്യയെ വിശേഷിക്കുന്ന ആഖ്യാവിശേഷണമെന്നും, ആഖ്യാതത്തെ വിശേഷിക്കുന്ന ആഖ്യാതവിശേഷണമെന്നും, കൎമ്മത്തെ വിശേഷിക്കുന്ന കൎമ്മവിശേഷണമെന്നും ഈ മൂന്നു തന്നെ.

236. What may adjuncts of the predicate be?

They may be either (1) single words or (2) several words not forming a sentence or sub-sentence (see 242) or (3) sub-sentences (phrases).

Ex: (1.) 'teḷivil' páṭi (= she chanted clearly).

(2.) 'támasam viná' paṛaññákki (= he appointed him away without delay).

(3.) 'ñaṅgaḷ súkshikkáññál' atu nástiyám (= 'if we do not take care' it will waste away utterly).

237. What single words are used as adjuncts of the predicate?

There are two kinds; those that are used with nouns and those used with verbs.

238. What single words are used as adjuncts of the predicate, when the predicate is a noun?

With nouns, the adjuncts may be:

i.) Adnounal participles.

Ex: atu 'vallátta' móham (= that is an unbecoming desire).

ii.) The genitive.

Ex: itu 'enṛe' janmam (= this is my property); ennuṭe gurukkanmár antaṇa pravaranmár (= the most excellent among the brahmins are my spiritual preceptors).

iii.) The other oblique cases.

Ex: (Instr.) ivan 'dhanadanóṭu' sadrúśan (= he is like unto the god of wealth).

236. ആഖ്യാതവിശേഷണങ്ങൾ എങ്ങിനെ?

ആഖ്യാതവിശേഷണങ്ങൾ, (1) ഒറ്റപ്പദം മാത്രമൊ, (2) വാക്യം ഉപവാക്യം (242) അല്ലാത്ത പല പദങ്ങളൊ, (3) ഉപവാക്യങ്ങളൊ, ആയിരിക്കാം.

ഉ-ം. (1.) 'തെളിവിൽ' പാടി;

(2.) 'താമസം വിനാ' പറഞ്ഞാക്കി;

(3.) 'ഞങ്ങൾ സൂക്ഷിക്കാഞ്ഞാൽ' അതു നാസ്തിയാം.

237. ആഖ്യാതവിശേഷണങ്ങളായ്വരുന്ന ഒറ്റപ്പദങ്ങൾ ഏവ?

നാമങ്ങളൊടു ചേരുന്നവ, ക്രിയകളോടു ചേരുന്നവ, ഇങ്ങിനെ രണ്ടു വിധമുള്ളവിശേഷണങ്ങളുണ്ടു.

238. ആഖ്യാതം നാമമായാൽ ആഖ്യാതവിശേഷണങ്ങളായ്വരുന്ന ഒറ്റപ്പദങ്ങൾ ഏവ?

നാമവിശേഷണങ്ങളായിവരുന്നവകളാവിതു.

i.) ശബ്ദന്യൂനം.

ഉ-ം. അതു 'വല്ലാത്ത'മോഹം.

ii.) ഷഷ്ഠിവിഭക്തി.

ഉ-ം. ഇതു 'എന്റെ' ജന്മം; 'എന്നുടെ' ഗുരുകന്മാർ അന്തണപ്രവരന്മാർ.

iii.) മററുള്ള വളുവിഭക്തികൾ.

ഉ-ം. (തൃതീയ) ഇവൻ 'ധനമോടു' സദൃശൻ.

(Dative.) Kéraḷattil vázhunna manushyar 'swarggavásikaḷkkŭ' tulyar (= the inhabitants of Malabar are equal to those of paradise).

(Locative.) itu 'malanáṭṭilé' rájávŭ (= this is the king of the hill country); 'véṭaril' pradhánan ńán (= I am the chief of the hunters).

### iv.) The substituted-form of nouns.

Ex: itu 'Deivattin' vilásam tanne (= this is the providence of God); púrvaśikha 'paradéśattu' nishiddham (= the wearing of the top-knot in front is an offence in other countries).

### v.) Pronominal nouns.

Ex: (tán) 'sádhu tánavan' tanne [= he pre-eminently is (may be called) a good man].

enṟe bhóshatwam 'tanné' ńán anggóṭṭu chennu paṟańńatu [= what I went and said there was my folly 'alone' (lit. 'itself')].

### vi.) The definite numeral nouns with and without 'ám.'

Ex: suhrŭllábham ennatu 'ranṭám' tantram (= that called the acquisition of friends is the 'second' tantram); kottonnu kanṭam ranṭŭ (= one blow should be two pieces, i. e. should be sufficient to cleave in two).

### vii.) The indefinite numeral nouns.

Ex: (ellá) váḷeṭuttavar aṟupattunálu grámattil 'ellárum' alla (= it was not all the people of the sixty-four villages who took the sword).

(etrayum) 'etrayum' nannu kasháyam [= the decoction is 'very' (lit. ever so much) good].

(ചതുൎത്ഥി) കേരളത്തിൽ വാഴുന്ന മനുഷ്യർ 'സ്വൎഗ്ഗവാസികൾക്കു' തുല്യർ.

(സപ്തമി) ഇതു 'മലനാട്ടിലെ' രാജാവു; 'വേടരിൽ' പ്രധാനൻ ഞാൻ.

iv.) അദേശരൂപം.

ഉ-ം. ഇതു 'ദൈവത്തിൻ' വിലാസം തന്നെ; പൃച്ഛശിഖ 'പരദേശത്തു' നിഷിദ്ധം.

v.) പ്രതിസംജ്ഞാനാമങ്ങൾ.

ഉ-ം. സാധു 'താൻ' അവൻ തന്നെ;

എന്റെ ഭോഷത്വം 'തന്നെ' ഞാൻ അങ്ങോട്ടു ചെന്നു പറഞ്ഞു;

vi.) 'ആം' എന്നതിനോടു കൂടിയും, കൂടാതെയും, ഉള്ള പ്രതിസംഖ്യാനാമങ്ങൾ.

ഉ-ം. സുഹൃല്ലാഭം എന്നതു 'രണ്ടാം' തന്ത്രം; കൊത്തൊന്നു കണ്ടം 'രണ്ടു.'

vii.) സൎവ്വാൎത്ഥപ്രതിസംഖ്യകൾ.

ഉ-ം. വാളെടുത്തവർ അറുപത്തുനാലു ഗ്രാമത്തിൽ 'എല്ലാരും' അല്ല.

'എത്രയും' നന്നു കഷായം.

viii.) Nouns in apposition to express class, occupation, rank etc.

Ex: Vishṇuguptan Cháṇakya 'bráhmaṇan' tanne (= Vishnuguptan is the brahmin Chánakya); Sugrívanṟe agrajan 'vánarárájan' Báli (= Sugrivan's younger brother *was* the 'monkey king' Báli).

ix.) (Chiefly in poetry) Sanskrit adjectives and participles. *

Ex: ivan amalakula vibhava charitan Rŭtuvarṇṇan [= this is Rutuvarṇṇan, a magnanimous (king) of unstained race].

These are the chief.

239. What single words are used as adjuncts of the predicate when the predicate is a verb?

With verbs the adjuncts may be:

i.) The adverbial participles.

Ex: kiḷippeital 'vandichchu' chollináḷ [= the young parrot reverently (lit. having shewn reverence) spoke]; 'bhakshippáṇ' koṭuttitu (= he gave him to eat); váḷ churṟi víśi [= he waved his sword round (lit. having made it go round, he etc.)]

ii.) The subjunctive and concessive moods.

Ex: anweshichchál aṟiyum (= if you enquire, you will know); ní póyálum káryyatte sádhichchu pórá (= even though you go, you will not be able to accomplish the object).

---

* In the poetical style, these adjuncts are sometimes made the preceding member of a compound.

viii.) ജാതിയും പ്രവൃത്തിയും സ്ഥാനവും മററും കുറിക്കുന്ന ജാത്യാദിനാമങ്ങൾ.

ഉ-ം. വിഷ്ണുഗുപ്തൻ 'ചാണക്യബ്രാഹ്മണൻ' തന്നെ; സുഗ്രീവൻെറ അഗ്രജൻ 'വാനരരാജൻ' ബാലി.

ix.) സംസ്കൃതഗുണവാചകങ്ങളും, ക്രിയാന്യൂനങ്ങളും. (ഇതു പാട്ടിൽ തന്നെ നടപ്പു) *

ഇവൻ 'അമലകുലവിഭവചരിതൻ' ഋതുവർണ്ണൻ.

എന്നിവ പ്രധാനം.

239. ആഖ്യാതം ക്രിയയാകുമ്പോൾ ആഖ്യാതവിശേഷണങ്ങളായ്വരുന്ന ഒററപ്പദങ്ങൾ ഏവ?

ആഖ്യാതം ക്രിയയായാൽ അതിന്നു വിശേഷണങ്ങളായി വരുന്നവകളാവിതു.

i.) ക്രിയാന്യൂനം.

ഉ-ം. കിളിപ്പൈതൽ 'വന്ദിച്ചു' ചൊല്ലിനാൾ; 'ഭക്ഷിപ്പാൻ' കൊടുത്തിതു; വാൾ 'ചുററി' വീശി.

ii.) സംഭാവനകളും അനുവാദകങ്ങളും.

ഉ-ം. 'അപേക്ഷിച്ചാൽ അറിയും;', നീ പോയാലും' കാൎയ്യത്തെ സാധിച്ചു പോരാം.

---

* പാട്ടിൽ, വിശേഷണം സമാസത്തിൽ പൂൎവ്വപദമായിനില്ക്കുന്നു.

iii.) The infinitive; with this the particle 'e' or 'um' may be joined.

Ex: irimpum, tozhilum irikke keṭum [= iron and an art, when left unused (lit. merely to exist) spoil]; dravyam 'vaḷare' unṭu [= there is much wealth, lit. there is wealth (*so as*) to be much]; 'ákave' naśippikkum (= he will wholly destroy); 'perike' vaḷarnnu [= it grew (*so as*) to be big]; seilagahwaram 'póle' vápiḷarnnu [= its mouth opened (*so as*) to be like a mountain cave].

iv.) The dependant nominatives of certain nouns derived from verbs obsolete or defective, to these 'e' or 'um' is generally joined.

Ex: cheṟṟum grahichchíla [= he did not (*in*) the least understand]; ichchonnapóle bhavikkum [= it will be (*in*) the manner I have now said]; muṟṟum grahikkáte [= not having understood (*at*) all]; chákkukaḷe churṟum keṭṭichchu [= they tied (quilted) bags round themselves]; nanne varddhikkum [= it will progress well, lit. (*with*) goodness].

v.) The dependant nominative of ordinary nouns with or without 'e'.

Ex: 'Gókarṇṇam' pukku [= he went (*into*) Gókarṇṇam]; sénaye 'náludikkum' ayachchu [= he despatched his army (*to*) the four quarters]; 'pularkálame' ezhuníṟṟu [= he rose (*at*) daybreak]; 'buddhipúrvam' aṟiññu koṭuttatum alla [= it was not a thing given (*with*) full knowledge]; atu 'iṉgatre' véṇṭu [= that is wanted here (i. e. *I* want it)].

iii.) ഭാവരൂപം; ഇതോടു കൂടെ 'എ,' 'ഉം,' അവ്യയങ്ങളും ചേരും.

ഉ-ം. ഇരിമ്പും തൊഴിലും 'ഇരിക്കെ' കെടും; ദ്രവ്യം 'വളരെ' ഉണ്ടു; 'ആകവെ' നശിപ്പിക്കും; പെരികെ വളൎന്നു, ശൈലശഖരം 'പോലെ' വാപിളൎന്നു.

iv.) പഴയതൊ ഊനമൊ ആയ്പോയ ചില ക്രിയകളിൽനിന്നു ഉത്ഭവിച്ച ചിലനാമങ്ങളുടെ ആശ്രിതപ്രഥമകൾ; ഇവകളോടു സാധാരണയായി 'എ''ഉം' അവ്യയങ്ങൾ ചേൎക്കുന്നതുമുണ്ടു.

ഉ-ം. 'ചെററും' ഗ്രഹിച്ചീല; 'ഇച്ചൊന്നപോലെ' ഭവിക്കും; 'മുററും' ഗ്രഹിക്കാതെ; ചാക്കുകളെ 'ചുററും' കെട്ടിച്ചു; 'നന്നേ' വൎദ്ധിക്കും.

v.) 'എ' എന്ന അവ്യയത്തോടു കൂടിയൊ, കൂടാതെയൊ, ഉള്ള ഏതാൻ നാമങ്ങളുടെ ആശ്രിതപ്രഥമകൾ.

ഉ-ം. 'ഗോകൎണ്ണം' പുക്കു; സേനയെ നാലു 'ദിക്കും' അയച്ചു; പുലൎ'കാലമെ' എഴുന്നീററു; 'ബുദ്ധിപൂൎവ്വം' അറിഞ്ഞു കൊടുത്തതും അല്ല; അതു 'ഇങ്ങനത്രെ' വേണ്ടു.

vi.) All the oblique cases except the accusative and genitive.

Ex: akattu chennu (= he went inside); válál veṭṭi (= he cut *him down* with his sword); bráhmaṇanóṭu parañṅu (= he spoke with the brahmin); périni inikku raṇṭuṇṭu (= there are two other names of mine, lit. to me); ánamélninnu iṟaṅṅi (= he descended from the elephant); máṟil aṇiññu (= she wore it on her breast).

vii.) Sanskrit neuter adjectives and certain Sanskrit indeclinables.

Ex: bhrŭtukutukam chirichchu (= he laughed heartily); mudá chollinán (= he spoke pleasantly); ittham paṟaññu (= he spoke thus); mandamandam naṭakoṇṭán (= he walked very slowly).

These are the chief.

240. What may form adjuncts of the subject and adjuncts of the object?

Any of the above; if the subject or object be a noun, their adjuncts may be any of those mentioned as used with noun-predicates, and if the subject or object be a verb, any of those mentioned as used with verb-predicates.

Ex: i. (Adnounal participle as adjunct to the subject.) 'véṭṭa' bráhmaṇan oru nikshépam kaṇṭu (= the 'married' brahmin found a treasure).

ii. (Concessive as adjunct to the subject) 'vipattiláṇíṭilum' víran asára kárryam tuniññíṭumó?' (= will a hero, though in distress, do an unworthy action?)

vi.) ഷഷ്ഠി, ദ്വിതീയ, എന്ന വിഭക്തികൾ ഒഴികെ ശേഷമുള്ള എല്ലാ വളുവിഭക്തികൾ.

ഉ-ം. 'അകത്തു' ചെന്നു; 'വാളാൽ' വെട്ടി; 'ബ്രാഹ്മണനോടു' പറഞ്ഞു; പേരിനി 'ഇനിക്കു' രണ്ടുണ്ടു; 'ആനമേൽനിന്നി'റങ്ങി; 'മാറിൽ' അണിഞ്ഞു.

vii.) സംസ്കൃതത്തിൽ ഉള്ള ചില നപുംസകഗുണവാചകങ്ങളും, അവ്യയങ്ങളും.

ഉ-ം. 'ഭൃശകുതുകം' 'ചിരിച്ചു; 'മുദാ' ചൊല്ലിനാൻ; 'ഇത്ഥം' പറഞ്ഞു; 'മന്ദമന്ദം' നടകൊണ്ടാൻ.

എന്നിവ പ്രധാനം.

240. ആഖ്യാവിശേഷണങ്ങളും, കൎമ്മവിശേഷണങ്ങളും, ആകുന്നവ ഏവ?

ആഖ്യാവിശേഷണങ്ങളും, കൎമ്മവിശേഷണങ്ങളും, മേൽപറഞ്ഞവററിൽ ഏതും ആം; ആഖ്യയൊ, കൎമ്മമൊ, നാമമായാൽ നാമാഖ്യാതത്തിന്റെ വിശേഷണം എന്നു പറഞ്ഞവററിൽ ഏതും പററും; പിന്നെ ആഖ്യയൊ, കൎമ്മമൊ, ക്രിയയായാൽ ക്രിയാഖ്യാതത്തിനു വിശേഷണമായി വരുന്നവററിൽ ഏതും പററും.

i. ഉ-ം. (ആഖ്യാവിശേഷണമായ ശബ്ദന്യൂനം.) 'വേട്ട' ബ്രാഹ്മണൻ ഒരു നിക്ഷേപം കണ്ടു;

ii. (ആഖ്യാവിശേഷണമായ അനുവാദകം.) 'വിപത്തിലാണീടിലും' വീരൻ അസാരകാൎയ്യം തുനിഞ്ഞീടുമൊ?

iii. (Oblique case as adjunct to the object.) 'atile' nidhi koṭuttilla (=I did not give the treasure in it).

iv. (Pronominal noun as adjunct to the subject.) étum paṇiyilla (=there is no trouble).

v. (Sanskrit adjectives as adjuncts to the object both separate and compounded.) Naḷanrŭ paticharitam 'itu Kalimalavináśanam' nánárasátbhutam cholka, (=recite this history of Naḷa, the destruction of the impurities of Kali, and which consists of various delightful wonders).

241. How may more than one word not a sentence or sub-sentence (phrase) form adjuncts?

For example, when to a noun an infinitive form of the copulative verb is added, an adjunct is formed which is not a sentence or sub-sentence (phrase).

Ex: 'víran ám' Mauryyatanayan [=the heroic son of Mauryya (lit. who is a hero)]; á paṭṭaṇam 'nannáy' prakáśichu (=the city was beautifully brilliant (lit. having become a beautiful thing, was brilliant). So also 'ingngane uḷḷa' puram (=the city which was in this state).

In these, 'víran ám' (=heroic), 'nannáy' (=beautifully) and 'ingngane uḷḷa' (=which was in this state) are adjuncts.

242. What are sub-sentences (phrases)?

A sub-sentence (phrase) is that which has its own separate subject and predicate, but its verb is not finite.

---

N. B. The verbs which are adjuncts must *not* have a subject different from that of the principal verb, otherwise they become sub-sentences.

iii. (കൎമ്മവിശേഷണമായ വളവിഭക്തി.) 'അതിലെ' നിധികൊട്ടത്തില്ല;

iv. (ആഖ്യാവിശേഷണമായ പ്രതിസംജ്ഞനാമം.) ഏതും പണിയില്ല;

v. (കൎമ്മവിശേഷണങ്ങളായ സംസ്കൃതനാമ വിശേഷണങ്ങൾ.) നളനൃപതിചരിതം' ഇതു കലിമലവിനാശനം' നാനാരസാത്ഭുതം ചൊൽക.

241. വാക്യങ്ങളൊ, ഉപവാക്യങ്ങളൊ, അല്ലാത്ത പലപദങ്ങൾ ഒന്നായി വിശേഷണങ്ങളായിവരുന്നതു എങ്ങിനെ?

ഒരു നാമത്തോടു അപൂൎണ്ണ സംബന്ധക്രിയ ചേരുന്നതിനാൽ ഒരു വിശേഷണം ഉണ്ടാകുമാറുണ്ടു; ആ വിശേഷണം വാക്യവുമല്ല, ഉപവാക്യവുമല്ല *

ഉ-ം. 'വീരനാം മൌൎയ്യതനയൻ;' 'ആപട്ടണം നന്നായിപ്രകാശിച്ചു;' 'ഇങ്ങിനെയുള്ളപുരം;' എന്നവയിൽ 'വീരനാം' 'നന്നായി' 'ഇങ്ങിനെയുള്ള' എന്നവ വിശേഷണളാകുന്നു.

242. ഉപവാക്യങ്ങൾ എന്നവ എന്തു?

ഉപവാക്യത്തിൽ ഭിന്ന ആഖ്യയും, ആഖ്യാതവും ഉണ്ടു; എന്നാൽ ക്രിയ അപൂൎണ്ണം തന്നെ.

---

* വിശേഷണങ്ങളായിവരുന്ന ക്രിയകൾക്കു ഭിന്ന ആഖ്യകൾ ഉണ്ടായിരിക്കരുതു. ഭിന്ന ആഖ്യകൾ ഉണ്ടാകുന്ന പക്ഷം അവ ഉപവാക്യങ്ങളായിതീരും.

243. What are the four kinds of sub-sentences?

i.) **Those formed with verbal or participial nouns.**

Ex: kalmasham ákunnatu dharmmatte 'maṟakkayál' (=impurity (*is*) that which accrues by our forgetting duty).

ii.) **Those formed with adverbial or adnounal participles.**

Ex: śalyaruṭe śaram 'éláté' (áṟuméyilla) [=(there were none) 'whom the arrows of the Salyas did not reach']; 'keṭṭiyiṭṭa' náyikku kuppayellám chóṟu (=the food of the dog 'which is tied up' is the sweepings).

iii.) **Those formed with the subjunctive or concessive.**

Ex: (polláta phalam varum) 'olláta' karmmam cheytál (=evil fruit will come, if we do improper actions); oruttan 'koṭuttítilum' (bhaktiyilláykil pizha varum) (='even if one gives' offence will come if there be no faith).

iv.) **And those formed with the infinitive.**

Ex: 'enṟe paṟṟil púrṇṇa teḷivirikke' (avannu vidhi koṭuppán páṭuḷḷatalla) (=there being the fullest evidence in my favour, it was not proper to give judgment for him).

244. How are sub-sentences used?

243. നാലുവക ഉപവാക്യങ്ങൾ ഏവ?

i.) ക്രിയാനാമത്താലൊ ക്രിയാപുരുഷ നാമത്താലൊ ഉള്ള ഉപവാക്യങ്ങൾ.

ഉ-ം. (കല്മഷം ആകുന്നു ധൎമ്മത്തെ) 'മറക്കയാൽ.'

ii.) ക്രിയാന്യൂനങ്ങളാലൊ ശബ്ദന്യൂനങ്ങളാലൊ ഉള്ള ഉപവാക്യങ്ങൾ.

ഉ-ം. 'ശല്യരുടെ ശരം ഏലാതെ' (ആരുമെയില്ല.) 'കെട്ടിയിട്ടു' (നായിക്കു കുപ്പയെല്ലാം ചോറു.)

iii.) സംഭാവനാനുവാദകങ്ങളാൽ ഉള്ള ഉപവാക്യങ്ങൾ.

ഉ-ം. (പൊല്ലാത ഫലം വരും) 'ഒല്ലാത കൎമ്മം ചെയ്യാൽ;' 'ഒരുത്തൻ കൊട്ടത്തീടിലും' ഭക്തിയില്ലായ്കിൽ (പിഴവരും.)

iv.) ഭാവരൂപങ്ങളാൽ ഉള്ള ഉപവാക്യങ്ങൾ; ഇങ്ങിനെ നാലുവക തന്നെ.

ഉ-ം. 'എന്റെ പററിൽ പൂണ്ണു തെളിവിരിക്കെ' (അവനായ് വിധി കൊട്ടപ്പാൻ പാട്ടുള്ളതല്ല.)

244. ഉപവാക്യങ്ങളുടെ പ്രയോഗം എങ്ങിനെ?

As above said, in all the various uses of adjuncts. Those ending in an adnounal participle qualify nouns; those ending in an adverbial participle, in the concessive subjunctive or infinitive moods, or in the oblique case of a verbal or participial noun, qualify verbs. Hence sub-sentences of any kind may, like words, be adjuncts of either the subject or the predicate.

1. Ex: (Adnounal participial sub-sentence.) 'keṭṭiyiṭṭa' náyikku kuppayellám chóṟu (= the sweepings are food to the dog 'which people have tied up').

2. (Adverbial participial sub-sentences.) 'kízhóṭṭu póruván' étum paṇiyilla [= it is no trouble 'for one to descend' (*facilis descensus* etc.)]; 'móksham ozhiññu' karutáyka ní étum (= eternal liberation being excepted, be anxious about nothing).

3. (Subjunctive sub-sentence.) 'nirúpichchál' varuvánuḷḷa ápattu pókkámó? [= can an approaching misfortune be removed by considering (lit. if we consider)?].

4. (Concessive sub-sentence.) 'uṇṇikiṭákkaḷ pizhachchu kál vekkilum' kaṇṇinnu kautukam uṇṭám pitávinnu (= though infants only totter along, it is a delight to the father.)

ഉപവാക്യങ്ങൾ മുൻപറഞ്ഞപ്രകാരം വെവ്വേറെ വിശേഷണങ്ങളായ്ത്തന്നെവരും; ശബ്ദന്യൂനത്താൽ അവസാനിച്ച ഉപവാക്യങ്ങൾ നാമങ്ങളെ വിശേഷിക്കയും; ക്രിയാന്യൂനത്താലൊ, സംഭാവന അനുവാദകഭാവരൂപം എന്നവകളാലൊ, ക്രിയാനാമങ്ങളുടെയൊ ക്രിയാപുരുഷനാമങ്ങളുടെയൊ വ ഉവിഭക്തികളാലൊ അവസാനിച്ച ഉപവാക്യങ്ങൾ ക്രിയകളെയും വിശേഷിക്കയും ചെയ്യുന്നു; ആ എല്ലാ ഉപവാക്യങ്ങളും, ഒററപ്പദത്തെപ്പോലെ ആതുകൊണ്ടു ആഖ്യാവിശേഷണമൊ, ആഖ്യാതവിശേഷണമൊ ആയിരിക്കും.

1. ഉ-ം. (ശബ്ദന്യൂനോപവാക്യം.) 'കെട്ടിയിട്ട' നായിക്കു കൂപ്പയെല്ലാം ചോറു;

2. (ക്രിയാന്യൂനോപവാക്യം.) 'കീഴോട്ടു പോരുവാൻ' ഏതും പണിയില്ല; 'മോക്ഷം ഒഴിഞ്ഞു' കരുതായ്ക നീ ഏതും;

3. (സംഭാവനോപവാക്യം.) 'നിരുപിച്ചാൽ' വരുവാനുള്ളാപത്തു പോക്കാമൊ?

4. (അനുവാദകോപവാക്യം.) 'ഉണ്ണിക്കിടാക്കൾ പിഴച്ചു കാൽ വെക്കിലും, കണ്ണിന്നു കൌതുകമുണ്ടാം പിതാവിന്നു.

5. (Infinitive sub-sentence.) 'púrṇṇateḷivu enṟe paṟṟil irikké' avannáy vidhippán páṭuḷḷatalla (= when there is full proof in my favour it is not proper to pass a decree for him).

6. (Sub-sentences ending in the oblique case of verbal nouns.) kalmasham ákunnatu 'dharmmatté maṟakkayál' (= impurity (is) that which accrues by our forgetting duty).

7. (Participial sub-sentence in an oblique case.) 'chonnátiné' kéṭṭu (= having heard what he said).

245. What sub-sentences are used otherwise than as adjuncts?

Those ending with verbal and participial nouns in the nominative case; these may be used instead of nouns as subjects, predicates and objects.

Ex: 'atu ingngu konṭu pórukayum' véṇam [= (that) that should be brought hither is necessary]; 'ńán parigrahikka'yilla (= I will not receive it; lit. (that) I (should) receive it will not be]; 'Kali kaṭakka'yáytu (= the coming in of the Kali age took place); 'maryyáda langhikka' yógyamalla (= to transgress the rules of good conduct is not becoming).

246. What is a dependent sentence?

A dependent sentence has a separate subject and a separate predicate of its own, and also a finite verb, but it stands only in the place of the object or subject, or else as an adjunct.

5. (ഭാവരൂപോപവാക്യം.) പൂൎണ്ണതെളിവു എന്റെ പററിൽ ഇ രിക്കെ അവനായ് വിധിപ്പാൻ പാടുള്ളതല്ല;

6. (ക്രിയാനാമവളവിഭക്തിയിൽ അവസാനിക്കുന്ന ഉപവാക്യം.) കല്മഷം ആകുന്നതു 'ധൎമ്മത്തെ മറക്കയാൽ';

7. (ക്രിയാപുരുഷനാമവളവിഭക്തിയിൽ അവസാനിക്കുന്ന ഉ പവാക്യം.) 'ചൊന്നതിനെ' കേട്ടു.

245. വിശേഷണങ്ങളായ്‌വടക്കാത്ത ഉപവാക്യൾ ഏവ?

പ്രഥമ വിഭക്തിയിൽ ഉള്ള ക്രിയാനാമത്താലൊ ക്രിയാപുരുഷനാമത്താലൊ അവസാനിച്ച ഉ പവാക്യം തന്നെ; ഇവ നാമങ്ങൾക്കു പകരം ആ ഖ്യ, ആഖ്യാതം കൎമ്മം എന്നവയായി പ്രയോ ഗിക്കാം.

ഉ-ം. 'അതു ഇങ്ങുകൊണ്ടുപോരുകയും' വേണം; 'ഞാൻ പ രിഗ്രഹിക്ക'യില്ല; 'കലികടക്ക'യായതു; 'മൎയ്യാദലംഘിക്ക'യോഗ്യ മല്ല.

246. അധീനവാക്യം എന്നതു എന്തു?

അധീനവാക്യത്തിനു ഭിന്ന ആഖ്യ ആഖ്യാത ങ്ങളും പൂൎണ്ണക്രിയയും ഉണ്ടായിരുന്നാലും, അതു സ്വാതന്ത്ര്യമായി നില്ക്കാതെ മറെറാരു വാക്യത്തി ന്റെ ആഖ്യ, കൎമ്മം വിശേഷണം എന്നിവററി ന്റെ സ്ഥാനത്തിൽ മാത്രം നില്ക്കും.

247. What are those dependent sentences that stand in place of the object or subject?

These are always formed by some of the infinitive forms of 'en' (=say, think) to which they are objects (or with 'en' in a *passive* sense, *subjects*). These are called declaratory dependent sentences.

Ex: 1. 'aṭiyattinnu tarikayum véṇam' ennuṇarttichchu (=he represented, saying: "the giving this to your slave will be necessary").

2. 'véṇṭu' ennatu kéṭṭu nrůpan (=the king heard its being said "it will be necessary to etc.").

248. What dependent sentences are used as adjuncts?

Those beginning with an interrogative pronoun and relating to a demonstrative in the principal sentence. These are called relative sentences. They are adjuncts to the above said demonstrative pronouns. They often take the indeclinable 'ó'.

Ex: ' "yátóru janattinum yátóru janam priyam" áyavann'avan priyam [=to whatsoever person any person is dear, to that (*last named*) person that (*first named*) person will (*also*) be dear].

247. കൎമ്മമൊ ആഖ്യയൊ ആയിനില്ക്കുന്ന അധീനവാക്യങ്ങൾ എ ങ്ങിനെ?

ഇവററിന്നു പിന്നിൽ 'എൻ' (=പറ, വിചാരിക്ക്) ധാതുവിന്റെ അപൂൎണ്ണക്രിയയിൽ ഒന്നുവേണം; 'എൻ' ധാതു കൎത്തൃപ്രയോഗത്തിൽ* നടന്നാൽ അവ കൎമ്മങ്ങൾ തന്നെ; കൎമ്മണിപ്രയോഗത്തിൽ നടന്നാൽ ആഖ്യകളും തന്നെ; ഇവററിന്നു സൂചിതവാക്യമെന്നു പറയുന്നു.

ഉ-ം. 1. 'അടിയത്തിന്നു തരികയും വേണം' എന്നുണൎത്തിച്ചു; 2. 'വേണ്ട' എന്നു കേട്ടു നൃപൻ.

248. വിശേഷണങ്ങളായി ഉപയോഗിച്ചുവരുന്ന അധീനവാക്യങ്ങൾ എവ?

ആദ്യത്തിൽ ചോദ്യപ്രതിസംജ്ഞ നില്ക്കുകയും, പ്രധാനവാക്യത്തിൽ ഒരു ചൂണ്ടുപേരിന്നു സംബന്ധിക്കുകയും ചെയ്യുന്നവ തന്നെ; ഇവററിന്നു സംബന്ധിതവാക്യങ്ങൾ എന്നുപേർ; ഈവക മേൽപറഞ്ഞ ചൂണ്ടുപേൎക്കു വിശേഷണം തന്നെ; അവറേറാടു 'ഒ' അവ്യയം പലപ്പോഴും ചേരും.

ഉ-ം. 'യാതൊരുജനത്തിന്നും യാതൊരുജനം പ്രിയം' ആയവന്ന് അവൻ പ്രിയൻ.

---

* 301, 302 ചോദ്യങ്ങളിൽ നോക്കുക.

249. What is a principal sentence?

A principal sentence is that on some word in which a sub-sentence or dependent sentence depends.

Ex: In the above sentences (242), kalmasham ákunnatu (=evil is that which accrues); 'áruméyilla (=there was none); ńán póyíṭuvan (=I will go); pizha varum (=a fault will be committed); polláta phalam varum (=evil fruit will come) etc. are principal sentences to the sub-setences depending on certain word in them.

250. What are sub-adjuncts?

Sub-adjuncts are exactly the same as adjuncts except in their use, which is to qualify an adjunct or some word in an adjunct of more than one word.

Ex: kántane anwéshichchum kántárangngaḷilellám (=she sought her husband through all the forests); in this 'ellám' (=all) is a sub-adjunct. Vanántare pukkanéram perinpánpu vannaṭuttu (=at the time when she enterd the forest a great serpent approached her); in this 'vanántare' (=in the forest) and 'pukka' (=when she entered) are sub-adjuncts.

251. How are several adjuncts or sub-adjuncts joined?

They are joined like subjects and predicates by the particle 'um' and in the various other ways mentioned in answer 233.

249. പ്രധാനവാക്യം എന്നതു എന്തു?

ഏതുവാക്യത്തിലെ ഒരു പദത്തിന്നു ഉപവാക്യമാകട്ടെ അധീനവാക്യമാകട്ടെ ആശ്രയിക്കുന്നുവൊ, ആ വാക്യം തന്നെ ആ ഉപവാക്യത്തിന്നു പ്രധാനവാക്യം.

ഉ-ം. മേൽ (242) പറഞ്ഞവാക്യങ്ങളിൽ, 'കല്പഷം ആകുന്നതു' 'ആരുമെങ്ങില്ല'; 'ഞാൻ പോയിട്ടവൻ'; 'പിഴവരും'; 'പൊല്ലാത ഫലം വരും;' എന്നവ തങ്ങളെ ആശ്രയിച്ച ഉപവാക്യങ്ങൾക്കു പ്രധാനവാക്യങ്ങൾ തന്നെ.

250. ഉപവിശേഷണങ്ങൾ ഏവ?

വിശേഷണങ്ങളും ഉപവിശേഷണങ്ങളും രൂപത്തിൽ ഒന്നുതന്നെ; പ്രയോഗത്തിൽ മാത്രം ഭേദം; വിശേഷണത്തെയൊ, ഒന്നിനെക്കാൾ അധികം പദമുള്ള വിശേഷണത്തിലുള്ള ഒരു പദത്തെയൊ, വിശേഷിക്കുന്ന പദം ഉപവിശേഷണം തന്നെ.

ഉ-ം. 'കാന്തനെ അന്വേഷിച്ചും കാന്താരങ്ങളിലെല്ലാം' എന്നതിൽ 'എല്ലാം' എന്നതു ഉപവിശേഷണം; 'വനാന്തരെ പുക്കനേരം പെരിമ്പാമ്പുവന്നടുത്തു' എന്നതിൽ, 'വനാന്തരെ' 'പുക്ക' എന്നവ ഉപവിശേഷണങ്ങൾ.

251. പലവിശേഷണങ്ങളേയൊ, ഉപവിശേഷണങ്ങളെയൊ, എങ്ങിനെ ചേൎക്കുന്നു?

ആഖ്യകളെയും, ആഖ്യാതങ്ങളെയും, ചേൎക്കുന്നതുപോലെ 'ഉം' അവ്യയത്താലും (233) ൽ പറഞ്ഞിരിക്കുന്ന മററു പല മാതിരികളാലും, പല വിശേഷണങ്ങളെയൊ, ഉപവിശേഷണങ്ങളെയൊ, ചേൎക്കുന്നു.

Ex: anparil vanpum munpum uḷḷa ní (=thou art the most powerful and chief of generous beings); Bhaṭṭatiri ennum Sómátiri ennum Akkittiri ennum ingngane uḷḷa pérukaḷ (=the names Bhaṭṭatiri etc., lit. the names which are in this fashion, saying Bhaṭṭatiri etc.)

## THE RESPECTIVE USES (OR SENSES) OF THE INFLECTED FORMS AND OF THE INDECLINABLES.

### SYNTAX OF NOUNS.

252. What are the uses of the nominative case?

**The nominative case has two uses, one not dependent, and the other dependent; the former is when it stands as the nominative with which a verb agrees.**

253. What is agreement?

**Agreement is similarity in person, gender, and number — this takes place,**

**1. Between the subject and the predicate.**

Ex: avan sundaran (=he is a handsome man); avaḷ sundari (=she is a handsome woman); here as in 'avan sundaran' the subject 'avan' (=he) is masculine 3rd pers., sing. and the predicate 'sundaran' (=a handsome man) is also masculine, 3rd pers., sing.; there is said to be agreement (or concord) between them. So in the other sentences it may be shewn that the subject and predicate thus agree in gender and number.

ഉ-ം. അമ്പരിൽ വമ്പും മുമ്പും ഉള്ള നി; ഭട്ടതിരിയെന്നും സോമാതിരിയെന്നും അക്കിത്തിരിയെന്നും ഉള്ള പേരുകൾ.

# പ്രയോഗം.

## നാമപ്രയോഗം.

252. പ്രഥമയുടെ പ്രയോഗം എങ്ങിനെ?
പ്രഥമക്കു അനാശ്രിതമെന്നും ആശ്രിതമെന്നും രണ്ടുപ്രയോഗം ഉണ്ടു.
പ്രഥമ കർത്താവായി ഒരു ക്രിയയെ ഭരിക്കുമ്പോൾ അനാശ്രിതപ്രഥമ തന്നെ.

253. പൊരുത്തം എന്നതു എന്തു?
പൊരുത്തം എന്നതു, പുരുഷൻ ലിംഗം വചനം എന്നവയിൽ ഉള്ള ചേർച്ച തന്നെ.
അവയുണ്ടാകുന്നതാവിതു,

1. ആഖ്യയും ആഖ്യാതവും തമ്മിൽ.

ഉ-ം. അവൻ സുന്ദരൻ; അവൾ സുന്ദരി; ഇവിടെ 'അവൻ സുന്ദരൻ' എന്നതിൽ 'അവൻ' എന്ന ആഖ്യ പുല്ലിംഗം പ്രഥമപുരുഷൻ ഏകവചനവും, പിന്നെ ആഖ്യാതം ആകുന്ന 'സുന്ദരൻ' എന്നതും പുല്ലിംഗം പ്രഥമപുരുഷൻ ഏകവചനവും ആകുന്നു; ഇങ്ങിനെ ഉള്ളതിനാൽ ഇവ തമ്മിൽ പൊരുത്തം എന്നു ചൊല്ലുന്നു. 'അവൾ സുന്ദരി' മുതലായവ അങ്ങിനെ തന്നെ.

2. Besides this, the agreement between the noun and pronoun which stands instead of it, is another kind of concord.

Ex: 'itu enṟe kutira' [=this (*is*) my horse]; here 'kutira' (=horse) is neuter 3rd pers. singular, and the pronoun 'itu' which stands for it, is also neuter 3rd pers. sing.

254. Is agreement always strictly observed?

Agreement is not always strictly observed.

i.) ninnóḷam nannalla árum (= none is so good as thou!); here 'nallavar' (= good persons) which is according to agreement would be unidiomatic (lit. is not wanted) the neuter 'nannu' should be used (is enough).

ii.) káṇijanam vázhttinár (= the spectators praised); in this and similar sentences in consequence of the collective meaning of the subject, the plural number is most suitable in the predicate.

255. What is dependence?

The employment of a particular case depending upon some verb or noun.

Ex: avan Rámane ayachchu (= he sent Ráman); in this, the accusative 'Rámane' depends upon the verb 'ayachchu'; in this way all cases except the nominative when subject to a verb, depend upon some noun or verb.

**2. ഇതു കൂടാതെ, നാമത്തിന്നും അതിന്നു പകരം നില്ക്കുന്ന പ്രതിസംജ്ഞകൾക്കും തമ്മിലുള്ള പൊരുത്തം മറെറാരു പ്രകാരം ആകുന്നു.**

ഉ-ം. 'ഇതു എൻെറ കുതിര,' ഇവിടെ 'കുതിര' എന്നതു നപുംസകലിംഗം പ്രഥമപുരുഷൻ ഏകവചനവും അതിന്നു പകരം നില്ക്കുന്ന 'ഇതു' എന്ന പ്രതിസംജ്ഞയും നപുംസകലിംഗം പ്രഥമപുരുഷൻ ഏകവചനവും ആകുന്നു.

254. പൊരുത്തം എല്ലാപ്പോഴും സൂക്ഷ്മപ്രകാരം പ്രയോഗിക്കാമൊ?

**പൊരുത്തം എല്ലാപ്പോഴും സൂക്ഷ്മപ്രകാരം പ്രയോഗിക്കുന്നില്ല.**

i.) 'നിന്നോളം നന്നല്ല ആരും,' എന്നതിൽ പൊരുത്തം സൂക്ഷ്മപ്രകാരമുള്ള 'നല്ലവർ' എന്നു വേണ്ട, 'നന്നു' എന്നുള്ള നപുംസകം തന്നെ മതി.

ii.) 'കാണികജനം വാഴ്ത്തിനാർ,' ഇങ്ങിനെയുള്ളവയിൽ വൃന്ദാർത്ഥത്താൽ ആഖ്യാതത്തിന്നു ബഹുവചനം കൊള്ളാം.

255. ആശ്രിതാധികരണം എന്നതു എന്തു?

**ആശ്രിതാധികരണം, ഒരുക്രിയയെ എങ്കിലും നാമത്തെ എങ്കിലും ആശ്രയിച്ചു കാണുന്ന വിഭക്തികളുടെ പ്രയോഗം തന്നെ.**

ഉ-ം. 'അവൻ രാമനെ അയച്ചു' എന്നതിൽ, 'രാമനെ' എന്ന ദ്വിതീയ 'അയച്ചു' എന്നക്രിയയെ ആശ്രയിച്ചിരിക്കുന്നു; ഇതുപ്രകാരം തന്നെ, കർത്തൃവിഭക്തി ഒഴികെ മറെറല്ലാ വിഭക്തികളും നാമത്തെ എങ്കിലും, ക്രിയയെ എങ്കിലും, ആശ്രയിച്ചിരിക്കും.

256. Does the nominative ever occur in a dependent relation?

The nominative is used dependently to express place, quantity, time, and manner.

i.) (Place.) Ex: sénayé nálu 'dikkum' ayachchu (= he sent troops to all the four quarters); here 'dikku' (= quarter) a nominative is used to express place and depends upon the verb 'ayachchu' (= sent).

ii.) (Quantity.) Ex: pattu 'yójana' cháṭuvan (= I will leap ten leagues); araviral 'ázham' muṟikil (= if one be wounded to the depth of half a finger).

iii.) (Time.) Ex: 'pakal' kakkunnavane 'rátri' kanṭál (= if one sees at night one who steals in the day time).

iv.) (Manner.) Ex: karayum bhávam ninnán (= he stood after the manner of one who weeps, lit. *will weep*).

The indeclinable 'é' is frequently added.

Ex: 'dúramé' chennu (= he went to a distance).

Again in the case of the name of inanimate objects, the nominative is used dependently for the object.

Ex: paśukkaḷ 'pullu' tinnunnu (= cows eat grass).

257. What are the uses of the accusative?

It depends upon the verb as the object.

Ex: 'enné' tánggi (= he held me up, or supported me).

But accusatives are sometimes found depending upon intransitive verbs.

Ex: 'avaré' akannu [= he removed (*from*) them].

'dévané' kúppi [= he joined his hands, i. e. made adoration (*to*) the god].

'enné' piriññu [= they separated (*from*) me].

256. പ്രഥമ എപ്പോഴെങ്കിലും ആശ്രിതമായും വരുമൊ?

സ്ഥലം, പ്രമാണം, കാലം, പ്രകാരം, എന്നുള്ള അൎത്ഥങ്ങളൊടെ പ്രഥമ ആശ്രിതമായും വരും.

i.) (സ്ഥലം.) സേനയെ നാലു'ദിക്കും' അയച്ചു എന്നതിൽ 'ദിക്ക' എന്ന പ്രഥമ സ്ഥലപ്രയോഗത്തിൽ അയച്ചു എന്ന ക്രിയയെ ആശ്രയിച്ചു;

ii.) (പ്രമാണം.) പത്തു'യോജന' ചാടുവൻ; അരവിരൽ 'ആഴം' മുറികിൽ;

iii.) (കാലം.) 'പകൽ' കക്കുന്നവനെ; 'രാത്രി' കണ്ടാൽ;

iv.) (പ്രകാരം.) കരയും 'ഭാവം' നിന്നാൻ.

ഇവറ്റൊടു 'ഏ' അവ്യയം പലപ്പോഴും ചേരുന്നു.

ഉ-ം. ദൂരമേ ചെന്നു;

പിന്നെ നിൎജ്ജീവനാമങ്ങളിൽ പ്രഥമ കൎമ്മാൎത്ഥമായും ആശ്രയിച്ചുവരും.

ഉ-ം. പശുക്കൾ 'പുല്ലു' തിന്നുന്നു.

257. ദ്വിതീയയുടെ പ്രയോഗം എങ്ങിനെ?

ദ്വിതീയ കൎമ്മാൎത്ഥമായിട്ടു ക്രിയകളെ ആശ്രയിക്കുന്നു.

ഉ-ം. 'എന്നെ' താങ്ങി.

എങ്കിലും ചില ദ്വിതീയകൾ അകൎമ്മകക്രിയകളെയും ആശ്രയിക്കും.

ഉ-ം. 'അവരെ' അകന്നു; 'ദേവനെ' കുപ്പി; 'എന്നെ' പിരിഞ്ഞു.

258. Can two accusatives be used with one verb?

Two accusatives may be used with a verb governing two objects.

Ex: 'áytiné enné' upádešichchu (= he taught me that); 'avané yamalókatté' púkichchu (= he caused him to enter the world of death).

259. Can an accusative depend upon a noun?

The accusative is sometimes found depending upon nouns of liking and disliking.

Ex: áréyum priyam illa [= there is no love (*in his mind* for) any one]; nammé kúṟuḷḷór [= those (*in whose hearts*) there is affection (for) us]; nammé dwésham uṇṭu [= there is anger (*in his heart against*) us].

260. What are the uses of the instrumental case?

The instrumental case is used as 1. the agent of a verb in the passive voice, and to denote 2. ability, 3. the cause, 4. the instrument, and 5. part or portion; also 6. for the place of motion.

Ex: 1. (Agent of the passive voice.) Kéraḷa bhúmi Parašurámanál paṭakkappeṭṭu (= the land of Kéraḷa was created by Parašuráma).

2. (Ability.) ennál kazhiyáttatu (= that which will not be accomplished by me).

3. (Cause.) artthattál valippam (= power because of wealth).

4. (Instrument.) váḷál veṭṭi (=he cut him down with his sword).

5. (Part or Portion.) pattu talakaḷál onnu (= one of the ten heads).

6. (Place of motion.) pinnálé chennu (=he came along behind).

258. രണ്ടു ദ്വിതീയയും ഒരുവാക്യത്തിൽതന്നെ ചേരുമൊ?

രണ്ടു ദ്വിതീയയും ദ്വികർമ്മകക്രിയകളോടു ചേരും.

ഉ-ം. 'ആയതിനെ' 'എന്നെ' ഉപദേശിച്ചു; 'അവനെ' 'യമലോകത്തെ' പൂകിച്ചു.

159. ദ്വിതീയ, ക്രിയയെഅല്ലാതെ നാമത്തെയും ആശ്രയിച്ചുനില്ക്കുമൊ?

ദ്വിതീയ, പ്രിയാപ്രിയനാമങ്ങളെത്തന്നെ ആശ്രയിച്ചുകാണുന്നു.

ഉ-ം. 'ആരെയും' പ്രിയം ഇല്ല; 'നമ്മെ' ക്രുദ്ധുള്ളോർ; 'നമ്മെ' ദ്വേഷം ഉണ്ടു.

160. തൃതീയയുടെ പ്രയോഗം എങ്ങിനെ?

തൃതീയക്കു, 1. കർമ്മത്തിൽക്രിയയുടെ കർത്താവു, 2. കഴിവു, 3. കാരണം, 4. കരണം, 5. വിഭാഗം 6. ഗമനത്തിന്റെ സ്ഥലം ഈ ആറു പ്രയോഗങ്ങൾ പ്രധാനം.

1. ഉ-ം. (കർമ്മത്തിൽക്രിയയുടെ കർത്താവു.) കേരളഭൂമി 'പരശുരാമനാൽ'[3] പടക്കപ്പെട്ടു;

2. (കഴിവു.) 'എന്നാൽ' കഴിയാത്തതു;

3. (കാരണം.) 'അർത്ഥത്താൽ' വലിപ്പം;

4. (കരണം.) 'വാളാൽ' വെട്ടി;

5. (വിഭാഗം.) 'പത്തുതലകളാൽ' ഒന്നു.

6. (ഗമനത്തിന്റെ സ്ഥലം.) 'പിന്നാലെ' ചെന്നു.

261. What are the uses of the associative form of the instrumental case?

The associative is a mere variety of the instrumental; the following six are the principal uses of this case:—

1. proximity, 2. extent, 3. address, 4. separation or detachment, 5. object of similarity, and 6. manner.

Ex: 1. (Proximity.) 'vánóṭu' muṭṭum (=it will reach to the sky).

2. (Extent.) 'muṭiyóṭu' aṭiyiṭa muzhuvan (=the whole from the head to the foot).

3. (Address.) 'ninnóṭu' paṛaññu (= he spoke to you).

4. (Separation or Detachment.) 'avanóṭu' náṭu piṭichchaṭakki (=he conquered the country from him); Cháṇakkyanu 'Mauryyanóṭu' akalchcha (=the separation of Cháṇakyan from Mauryya).

5. (Object of similarity.) 'ennóṭu' ottór (=those who are like me).

6. (Manner.) 'nalamóṭu' chonnár (= they spoke with benignity).

262. What are the uses of the dative?

The principal uses of the dative are the following twelve, viz: 1. for the place *towards* which motion is indicated; 2. the place to which quarter or direction relates; 3. duration and point of time; 4. relative or comparative quantity; 5. the object of similarity; 6. the object of endeavour, or object in view; 7. the object of fitness; 8. the obtainer or proprietor; 9. the recipient; 10. the thing recompensed or retaliated; 11. cause; and 12. purpose or sake.

261. സാഹിത്യം എന്നതു എന്തു?

സാഹിത്യം തൃതീയയുടെ ഭേദം അത്രെ; ഇതിന്നു, 1. സാമീപ്യം, 2. പൎയ്യന്തം, 3. ഇടവാട, 4. വേൎവ്വാട, 5. തുല്യത, 6. പ്രകാരം ഈ ആറു പ്രയോഗങ്ങൾ പ്രധാനം.

1. ഉ-ം. (സാമീപ്യം.) 'വാനോടു' മുട്ടും;

2. (പൎയ്യന്തം.) 'മുടിയോടു' അടിയിട മുഴുവൻ;

3. (ഇടവാട.) 'നിന്നോടു' പറഞ്ഞു;

4. (വേൎവാട.) 'അവനോടു' നാടുപിടിച്ചടക്കി; ചാണക്യൻ 'മൌൎയ്യനോടു അകന്നു;

5. (തുല്യത.) 'എന്നോടു' ഒത്തോർ;

6. (പ്രകാരം.) 'നലമോടു' ചൊന്നാർ.

262. ചതുൎത്ഥിയുടെ പ്രയോഗം എങ്ങിനെ?

ചതുൎത്ഥിക്കു 1. ഗമനം, 2. ദിഗ്ഭേദം, 3. കാലം, 4. പ്രമാണം, 5. തുല്യത, 6. അഭിപ്രായം, 7. യോഗ്യത, 8. ഉടമ, 9. ദാനം, 10. പ്രതികാരം, 11. കാരണം, 12. നിമിത്തം ഈ പന്ത്രണ്ടു പ്രയോഗങ്ങൾ പ്രധാനം.

Ex: 1. (Place *towards* which motion is indicated.) 'kóṭṭekku' chennu (= he went to the fort); 'rájyattinnu' póyi (= he went to his country).

2. (Place to which quarter or direction relates.) 'nadikku' kizhakke (= to the east of the river); 'víṭṭinnu' angngé vaśattu (= the further side of the house).

3. (Duration and Point of time.) 'názhikakku' pattu kátam óṭum (= he will run ten leagues in an hour); 'eṭṭu maṇikku' vá (= come at eight o'clock).

4. (Comparative quantity.) 'neykku' iraṭṭi pál (= twice as much milk as ghee).

5. (Object of similarity.) 'niṇakku' saman (= equal to thee).

6. (Object of endeavour.) 'chútinnu tuniṅṅu [= he ventured on the wager (or game)].

7. (Object of fitness.) 'panikku nannu (= good for fever).

8. (Obtainer or Proprietor.) 'avanu' kiṭṭi (= it accrued to him, i.e. he got it); avannu dravyam uṇṭu (= there is wealth to him, i. e. he has wealth).

9. (Recipient.) 'avarkku' koṭuttu (= he gave it to them).

10. (Thing recompensed or retaliated.) 'śapichchatinnu' angngóṭṭu śapichchu (= he cursed him in return for his cursing).

11. (Cause.) á 'sangatikku' kuzhangngi (= they grew weary from that cause).

12. (Sake.) páram 'parihasichchíṭunnavarkaḷkku' narakam uṇṭu (= there is a hell for great mockers).

263. What is to be observed respecting the ablative?

It is only in Sanskrit words that the ablative occurs as a true case; in Malayálam it is a mere variation of the locative, i. e. it is the locative, + 'ninnu' an adverbial participle.

1. ഉ-ം· (ഗമനം·) 'കോട്ടെക്കു', ചെന്നു; 'രാജ്യത്തിന്നു' പോയി;

2. (ദിഗ്ദേശം·) 'നദിക്കു' കിഴക്കെ; 'വീട്ടിന്നു' അങ്ങേവശത്തു;

3. (കാലം·) 'നാഴികക്കു' പത്തുകാതം ഓട്ടം; എട്ടു 'മണിക്കു' വാ;

4. (പ്രമാണം·) 'നെയ്ക്കു' ഇരട്ടിപ്പാൽ;

5. (തുല്യത·) 'നിണക്കു' സമൻ;

6. (അഭിപ്രായം·) 'ചൂതിന്നു' തുനിഞ്ഞു;

7. (യോഗ്യത.) 'പനിക്കു' നന്നു;

8. (ഉടമ·) 'അവനു, കിട്ടി; 'അവന്നു' ദ്രവ്യംഉണ്ടു;

9. (ദാനം·) 'അവൎക്കു' കൊടുത്തു;

10. (പ്രതികാരം·) 'ശപിച്ചതിന്നു' അങ്ങോട്ടുശപിച്ചു;

11. (കാരണം·) 'ആസംഗതിക്കു' കുഴങ്ങി;

12. (നിമിത്തം.) പാരം 'പരിഹസിച്ചീടുന്നവൎക്കു' നരകം ഉണ്ടു.

263. പഞ്ചമിയുടെ അവസ്ഥ എന്തു?

പഞ്ചമി സംസ്കൃതത്തിൽ മാത്രം വിഭക്തിയായിവരുന്നതു; മലയാഴ്മയിൽ സപ്തമിയുടെ ഭേദം അത്രെ (സപ്തമി+'നിന്നു' എന്നുള്ള ക്രിയാന്യൂനം.)

264. How is the ablative used?

The ablative is used chiefly to express the following three senses, viz: 1. the place from which motion takes place; 2. distance; and 3. source or origin.

Ex: 1. (Motion from a place.) 'vazhiyil ninnu' ozhika (=move from the way); ánamélninnu irangngi (=he descended from the back of the elephant).

2. (Distance.) 'marattilninnu arakkátam dúram (=half a league from the tree).

3. (Source or origin.) 'náriyilninnu' janichchu (=he was born of a woman).

265. How is the genitive used?

The genitive is a form used in composition; it does not depend upon a verb but upon a noun; its principal uses are the following, viz: to express 1. the source or origin; 2. the controller or possessor; 3. the object of reference.

Ex: 1. (Source or origin.) 'marattinre' káya (=the fruit of the tree); 'rájávinre' putran (=the king's son).

2. (Controller.) 'Pándavaruté' nátu (=the country of the Pándava princes).

3. (Object of Reference.) 'uruppikayuté' vákku [=the mention of (or what was mentioned about) the rupee].

264. പഞ്ചമിയുടെ പ്രയോഗം എങ്ങിനെ?

പഞ്ചമിക്കു 1. പുറപ്പാടു, 2. ദൂരത, 3. ജനനം, ഈ മൂന്നു പ്രയോഗങ്ങൾ പ്രധാനം.

1. ഉ-ം. (പുറപ്പാടു.) 'വഴിയിൽ നിന്നു' ഒഴിക; 'ആനമേൽനിന്നു' ഇറങ്ങി;

2. (ദൂരത.) 'മരത്തിൽനിന്നു' അരക്കാതം ദൂരം;

3. (ജനനം.) 'നാരിയിൽനിന്നു' ജനിച്ചു.

265. ഷഷ്ഠിയുടെ പ്രയോഗം എങ്ങിനെ?

ഷഷ്ഠി, ക്രിയയെ അല്ല, നാമത്തെ മാത്രം ആശ്രയിച്ചു കാണുന്ന സമാസരൂപം തന്നെ; 1. ജനനം, 2. അധികാരം, 3. വിഷയസംബന്ധം എന്നുള്ള പ്രയോഗങ്ങൾ മുഖ്യം ആകുന്നു.

ഉ-ം. 1. (ജനനം.) 'മരത്തിന്റെ' കായ; 'രാജാവിന്റെ' പുത്രൻ;

2. (അധികാരം.) 'പാണ്ഡവരുടെ' നാടു;

3. (വിഷയസംബന്ധം.) 'ഉരുപ്പികയുടെ' വാക്കു.

266. How is the locative used?

The locative is used in the following ten senses, viz: to indicate 1. the support or recipient (i. e. that on or in which any thing is or is placed); 2. contiguous place (place *at* or near); 3. place towards or into which motion takes place; 4. time; 5. the object towards which feeling is directed; 6. the object of fear or anxiety; 7. comparison; 8. control or possession; 9. manner or quality; 10. apportionment.

Ex: 1. (Support or Recipient.) 'chumalil' ammayé eṭuttu (= he took his mother on his shoulders).

'pizhayátavankal' pizhachumatti (= he laid the fault on him who had not offended).

2. (Contiguous place.) ábharaṇaungaḷ 'máṟil' aṇaññu (=he put the ornaments on her breast); 'katavinkal' nilkka (= stand at the door).

3. (Motion to a place.) avar 'kóvilikkal' chennu (= they went to the palace); 'maṇṇil' víṇu [= he fell amongst the dust (or mud)].

4. (Time.) 'ádiyinkalé' ozhivu (= leaving off in the beginning).

5. (Object towards which feeling is directed.) 'maṇṇil móham (=lust for the dust, i. e. earthly-mindedness); 'dínaril' krupa (= kindness to the sick).

6. (Object of fear or anxiety.) 'póril' bhayam (= fear of the battle).

7. (Comparison.) 'munnétil' éṟṟam teḷiññár (= they are much more pleased than before); 'atil' itu nallatu (= this is better than that).

266. സപ്തമിയുടെ പ്രയോഗം എങ്ങിനെ?

സപ്തമിക്കു 1. ആധാരം, 2. സ്ഥലചേച്ഛ്യ, 3. ഗമനം, 4. കാലം, 5. വിഷയം, 6. ഭയചിന്താദി, 7. താരതമ്യം, 8. അധികാരം, 9. പ്രകാരം, 10. നിർദ്ധാരണം ഈ പത്തു പ്രയോഗങ്ങൾ പ്രമാണം.

1. ഉ-ം. (ആധാരം.) 'ചുമലിൽ' അമ്മയെ എടുത്തു;

'പിഴയാതവങ്കൽ' പിഴ ചുമത്തി;

2. (സ്ഥലചേച്ഛ്യ.) ആഭരണങ്ങൾ 'മാറിൽ' അണിഞ്ഞു;

'കതവിങ്കൽ' നില്ക്കു;

3. (ഗമനം.) അവർ 'കോവിൽക്കൽ' ചെന്നു; 'മണ്ണിൽ' വീണു;

4. (കാലം.) 'ആദിയിങ്കലെ' ഒഴിവു;

5. (വിഷയം.) 'മണ്ണിൽ' മോഹം; 'ദീനരിൽ' കൃപ;

6. (ഭയചിന്താദി.) 'പോരിൽ' ഭയം;

7. (താരതമ്യം.) 'മൂന്നേതിൽ' ഏററം തെളിഞ്ഞാർ; 'അതിൽ' ഇതു നല്ലതു;

8. (Control or Possession.) 'ennil' uḷḷa dravyam [=the wealth which is with me (i. e. which I have)].

9. (Manner or Quality.) 'teḷivil páṭi [=she sang or recited with clearness (i. e. clearly); 'kiṇaṟṟil' panni [=the pig in the well (i. e. 'that fell into' etc.)].

10. (Apportionment.) 'vastuvinkal' shaḷbhágam (=the sixth part of his goods).

267. How is the substituted-form or inflective base used?

The substituted-form or inflective base occurs in most of the senses of the locative, also in some of those of the dative and genitive.

Ex: 'akattu' chennu (=he went in); 'vīṭṭu' paṇi (=work in house-building); nanné 'dúratt' akunnu (=he removed to a great distance).

## NOUNS AND VERBS USED TO SUPPLY THE WANT OF PREPOSITIONS.

268. What nouns are used as supplementary to the case affixes.

1. In the senses of the instrumental, 'múlam' (=root, origin), 'káraṇam' (=cause), 'hétu' (=cause) etc. with the nominative, and having 'áy' understood.

Ex: sankaṭam 'múlam' [=in consequence of a grievance, *lit.* a grievance (*being*) the origin]; atu 'káraṇam' [=because of this, from this, (lit. this (*being*) the cause)]; atu 'hétu' *etc.*

2. In the senses of the dative, 'nimittam' (=purpose, reason) 'varé' (=line, limit) etc. with 'áy' expressed or understood.

8. (അധികാരം.) 'എന്നിൽ' ഉള്ള ദ്രവ്യം;

9. (പ്രകാരം.) 'തെളിവിൽ' പാടി; 'കിണററിൽ' പന്നി;

10. (നിൎദ്ധാരണം.) 'വസ്തുവികളിൽ' ക്ഷൽഭാഗം.

267. ആദേശരൂപത്തിന്റെ പ്രയോഗം എങ്ങിനെ?

ആദേശരൂപം സപ്തമിയുടെ പ്രയോഗങ്ങളിലും, ചതുൎത്ഥിയുടെയും, ഷഷ്ഠിയുടെയും, ചിലപ്രയോഗങ്ങളിലും, വരും.

ഉ-ം. 'അകത്തു' ചെന്നു; 'വീട്ടു' പണി; നന്നെ 'ദൂരത്ത'കന്നു.

## വിഭക്തിസഹായങ്ങൾ.

268. വിഭക്തിപ്രത്യയങ്ങൾക്കു പകരമായി വരുന്ന നാമങ്ങൾ ഏവ?

1. തൃതീയവിഭക്തിക്കു പകരം പ്രഥമവിഭക്തികളോടുകൂടെ 'മൂലം', 'കാരണം,' 'ഹേതു,' മുതലായ നാമങ്ങൾ വരും; 'ആയി' എന്ന ക്രിയ അസ്പഷ്ടം.

ഉ-ം. സങ്കടം 'മൂലം'; അതു'കാരണം'; അതു'ഹേതു'.

2. ചതുൎത്ഥി വിഭക്തിക്കു പകരം 'നിമിത്തം,' 'വരെ,' മുതലായ നാമങ്ങൾ; 'ആയി' എന്ന ക്രിയ സ്പഷ്ടവും അസ്പഷ്ടവുമായും വരും.

Ex: chonnatu 'nimittam' kruddhichchu Daśásyan [=Rávaṇan was enraged at (lit. by reason of) what was said]; Gangánadi 'varé' chennu (=he went as far as the Ganges).

3. In the senses of the locative, many nouns expressing place such as 'akam' (=interior, inside), 'kál' (=foot), 'mél' (=above), 'mun' (=fore, front), 'kei' (=hand), 'uḷ' (=inside) etc. these all unite with either the nominative or the substituted case to form a compound noun.

Ex: nenchakam (=in his heart); kaṇṇinkál (kaṇṇinkal) (=in the eye); kánmél (kálmél) (=on the foot); keiyuḷ (=in one's hand).

269. What verbs are used as supplementary to the case affixes (i. e. to supply the place of prepositions or postpositions)?

1. In the senses of the instrumental, the adverbial participle 'koṇṭu' (=having taken) is the principal one. It governs the accusative (of nouns expressing animate objects).

Ex: avané 'koṇṭu' cheyyichchu (=they, having taken him, caused it to be done, i.e. they caused it to be done by him); in this, 'koṇṭu' (=having taken) is completed by 'cheyyichchu' (=caused to be done).

'Toṭṭu' (=having touched), 'cholli' (=having mentioned), 'kuṟichchu' (=having indicated) are similarly used.

Ex: atir 'toṭṭu' piśaki (=they quarrelled touching the bounds); náṭu 'cholli' piṇakkam (=the quarrel respecting the country); ninne 'kuṟichch' illaśanka [=there is no suspicion concerning (lit. indicating) thee].

ഉ-ം. ചൊന്നതു'നിമിത്തം' ക്രുദ്ധിച്ചു ദശാസ്യൻ; ഗംഗാനദിവരെ ചെന്നു.

3. സപ്തമിവിഭക്തിക്കുപകരം സ്ഥലത്തിൻെറ അൎത്ഥമുള്ള 'അകം', 'കാൽ', 'മേൽ', 'മുൻ', 'കൈ', 'ഉൾ' മുതലായ പലനാമങ്ങളേയും എടുക്കാം. ഇവകൾ പ്രഥമയോടൊ, ആദേശരൂപത്തോടൊ, സമാസമായി ചേരുകയും ചെയ്യും.

ഉ-ം. നെഞ്ചകം, കണ്ണിങ്കാൽ (കണ്ണിങ്കൽ) കാമേൽ, (കാല്മേൽ) കൈയുൾ ഇത്യാദി.

269. വിഭക്തിപ്രത്യയങ്ങൾക്കു പകരമായാൻ സഹായമായാൻ വരുന്ന ക്രിയകൾ ഏവ?

1. തൃതീയക്കുപകരം 'കൊണ്ടു' എന്ന ക്രിയാന്യൂനം പ്രധാനം. ഇതു സജീവനാമങ്ങളുടെ ദ്വിതീയ വിഭക്തിയെഭരിക്കുന്നു.

ഉ-ം. അവനെ 'കൊണ്ടു' ചെയ്യിച്ചു; [ഇതിൽ 'കൊണ്ടു' എന്ന ക്രിയ 'ചെയ്യിച്ചു' എന്നതിനാൽ പൂൎണ്ണം;] ഇപ്രകാരം തന്നെ 'തൊട്ടു', 'ചൊല്ലി', 'കുറിച്ചു' എന്നക്രിയാന്യൂനങ്ങളും പ്രധാനമായി വരുന്നു.

ഉ-ം. അതിൽ 'തൊട്ടു' പിശകി; നാട്ടു 'ചൊല്ലി' പിണക്കം; നിന്നെ 'കുറിച്ചില്ല' ശങ്ക.

2. In the senses of the associative ablative, the adverbial participle 'áy' (=having been, being) is joined to the nominative with 'um'.

Ex: In 'ńán avanumáy vannu' [=I came with him, (lit. I and he came)], 'áy' is completed by 'vannu' (=came); árumáyiṭṭu yuddham [=with whom is there war? (lit. who also being *(included)* is there war?)] The adverbial participles 'onnichchu' (=joining, including), 'ottu' (=agreeing, accompanying), 'kalarnnu' (=mixing, joining), 'púṇṭu' (=joining) are also used in this sense.

3. The adverbial participles 'áy' (=having become, or come into existence), 'áykkoṇṭu' [lit. (it) having come into existence and being taken], 'véṇṭi' (=being needed) etc. are used with the dative in the sense of purpose or sake.

Ex: Guruvináy cheytu (=he did it for the Guru); in this, the subject of 'ay' is left indefinite.

In the same way the adverbial participle 'vechchu' (=having put or being situated) may be used with the locative.

Ex: vazhiyil vechchu kaṇṭu (=he met him in the road).

A word thus used as supplementary to the case-affixes is called a subsidiary word.

270. What peculiarity is there in the use of the numbers?

1. With numerals (definite or indefinite), the singular is in use instead of the plural.

2. സാഹിത്യത്തിന്നപ്രകാരം പ്രഥമവിഭക്തിയിൽ 'ഉം' എന്ന അവ്യയത്തോടുകൂടെ 'ആയി' എന്ന ക്രിയാന്യൂനത്തെ ചേൎക്കും.

ഉ-ം. ഞാൻ 'അവനുമായ' വന്നു, എന്നതിൽ, 'അയ' എന്ന ക്രിയ, 'വന്നു' എന്നതിനാൽ പൂൎണ്ണം; 'ആരുമായിട്ട' യുദ്ധം; ഒരം പ്രയോഗത്തിൽ 'ഒന്നിച്ചു,' 'ഒത്തു,' 'കലൎന്നു,' 'പൂണ്ടു' മുതലായ ക്രിയാന്യൂനങ്ങളെയും എടുക്കാം.

3. 'ആയി,' 'ആയ്ക്കൊണ്ടു,' 'വേണ്ടി,' മുതലായ ക്രിയാന്യൂനങ്ങൾ കാരണം, അല്ലെങ്കിൽ നിമിത്താൎത്ഥത്തിന്നായി ചതുൎത്ഥിക്ക ചേൎക്കാം.

ഉ-ം. 'ഗുരുവിനായി ചെയ്തു'; ഇതിൽ 'ആയി' എന്ന ക്രിയയുടെ ആൎത്ഥ അസ്പഷ്ടം.

'വെച്ചു' എന്നുള്ള ക്രിയാരൂപം ഇങ്ങിനെ സപ്തമിയോടു സഹായമായ്വരും.

ഉ-ം. 'വഴിയിൽ വെച്ചു കണ്ടു.'

ഇപ്രകാരം വിഭക്തികൾക്ക സഹായമായ്വരുന്ന പദത്തിന്ന 'ഉപപദം' എന്നു പറയാം.

270. വചനങ്ങളുടെ പ്രയോഗത്തിൽ എന്തു വിശേഷം ഉണ്ടു?

i.) സംഖ്യാനാമങ്ങളോടു ബഹുവചനത്തിന്നു പകരം ഏകവചനം വളരെ നടപ്പു.

Ex: nálu dikkŭ (=the four quarters), áṟu áḷ (=six persons), pala grámavum (=many villages).

2. In distributive expressions the singular is used instead of the plural.

Ex: tanngaḷ tanngaḷ vîṭṭil poyi (=they went each to his own house); îranṭu salphalam nalkinár [=they gave each two gifts (lit. two two gift)].

271. What peculiarity is there in the use of the pronouns.

Honorifically the plural is used instead of the singular, the third person instead of the 1st and 2nd, and pure nouns instead of pronouns.

Ex: 1. (Plural instead of singular.) 'nóm' kalpikkunnuṇṭu [=I (lit. *we*) order you].

2. (The 3rd person instead of the 1st and 2nd.) 'tán' paṟayunnatu śari [=what you say (lit. one says) is right].

3. (Pure nouns instead of pronouns.) 'bhaván' kalpichchatiné anusarichchu (=I have obeyed what your excellency ordered 'ijjanam' varátu [=I (lit. this person) will not come]; 'annge' trŭkkei [=your sacred hand (lit. the sacred hand of that place)]; 'nintiruvaṭi' niyógattál [=by your command (lit. the command of thy sacred foot)].

272. What uses are peculiar to 'tán' (=oneself etc.)?

'Tán' is used to express, 1. an indefinite subject, 2. distribution, 3. mutuality, 4. (in apposition) as an expletive, 5. intensity, and 6. emphasis.

ഉ-ം. 'നാലുദിക്കു'. 'ആറാൾ'. 'പലഗ്രാമവും'.

ii.) വിഭജനവാചകത്തിൽ ബഹുവചനം അല്ല, ഏകവചനം വെണം.

ഉ-ം. ഞങ്ങൾതങ്ങൾ 'വീട്ടിൽ' പോയി. ഈരണ്ടു 'സല്ഫലം' നല്കിനാർ.

271. പുരുഷപ്രതിസംജ്ഞകളുടെ പ്രയോഗത്തിൽ എന്തു വിശേഷം ഉണ്ടു?

മാനം നിമിത്തമായി ഏകവചനത്തിന്നു പകരം ബഹുവചനവും, ഉത്തമ മദ്ധ്യമ പുരുഷന്മാൎക്കു പകരം പ്രഥമ പുരുഷനും, പ്രതിസംജ്ഞകൾക്കു പകരം ശുദ്ധനാമങ്ങളും, നടക്കുന്നു.

1. ഉ-ം. (ഏക: വ: പക: ബഹുവചനം.) 'നോം' കല്പിക്കുന്നുണ്ടു;

2. (ഉത്ത: മദ്ധ്യ: പ: പ്രഥമ പുരുഷൻ.) 'താൻ' പറയുന്നതു ശരി;

3. (പ്രതിസം: പ: ശുദ്ധനാമങ്ങൾ.) 'ഭവാൻ' കല്പിച്ചതിനെ അനുസരിച്ചു; 'ഇജ്ജനം' വരാതു; 'അങ്ങെ' തുകൈക, 'നിന്തിരുവടി' നിയോഗത്താൽ.

272. 'താൻ' എന്നതിന്നു ഏതു പ്രയോഗങ്ങൾ പറവും?

'താൻ' എന്നതിന്നു 1. വ്യക്തമല്ലാത കൎത്താവു 2. വിഭാഗം, 3. അന്യോന്യത, 4. അരസമാസത്തിൽ നിരൎത്ഥം, 5. ഫലനവാചി, 6. തിട്ടം എന്നീ ആറു പ്രയോഗങ്ങൾ ഉണ്ടു.

Ex: 1. (Indefinite Subject.) 'tannil' eḷiyatu tanikkira [=one's prey or food is that which is weaker (lit. younger) than oneself].

2. (Distribution.) bhaktyá paṭhikka 'tán' kéḷkka 'tán' cheyyunnavan (=he who either reads or hears it with faith).

3. (Mutuality.) balanngaḷ 'tammil' óṟṟu (=the armies engaged with each other).

4. (In apposition as an expletive.) Ráman 'tannuṭe' rájyam (=Ráma's kingdom).

5. (Intensity.) etra 'tán' paṟaññálum (=how much soever he speaks).

6. (Emphasis.) avarkku 'tanné' kiṭṭi (=it accrued especially to themselves, i. e. they alone got it).

273. What noun of indefinite quantity has the senses of emphasis and limitation belonging to the letter 'e'?

The pronominal noun 'atre' (=so much).

Ex: avaralla ivan 'atre' = not *they*, but *he*, [so *much* (at least is there)].

274. What peculiarity is there in the use of the neuter pronouns formed from 'i' and 'é'?

They can be used to qualify nouns.

1. ഉ-ം. (വ്യക്തമല്ലാത്ത കൎത്താവു.) 'തന്നിൽ' എളിയതു 'തനിക്കിര;'

2. (വിഭാഗം.) ഭക്ത്യാപഠിക്ക 'താൻ,' കേൾക്ക 'താൻ,' ചെയ്യുന്നവൻ;

3. (അന്യോന്യത.) ബലങ്ങൾ 'തമ്മിൽ' ഏററു;

4. (അരസമാസത്തിൽ നിരൎത്ഥം.) രാമൻ 'തന്നുടെ' രാജ്യം;

5. (ഏനവാചി.) 'എത്രതാൻ' പറഞ്ഞാലും;

6. (തിട്ടം.) അവക്കു 'തന്നെ' കിട്ടി.

273. 'ഏ'കാരത്തിന്റെ തിട്ടമാത്രാൎത്ഥം ഏതുപ്രതിസംഖ്യക്കുണ്ടു?

'ഏ'കാരത്തിന്റെ തിട്ടമാത്രാൎത്ഥം, 'അത്രെ' എന്നതിന്നും ഉണ്ടു.

ഉ-ം. അവരല്ല ഇവൻ 'അത്രെ'.

274. 'ഇ', 'ഏ' ഇവററിൽ ജനിച്ച നപുംസകപ്രതിസംജ്ഞകളുടെ പ്രയോഗത്തിൽ എന്തു വിശേഷം ഉണ്ടു?

'ഇ', 'ഏ' എന്നീചുട്ടെഴുത്തുകളിൽ ജനിച്ച നപുംസകപ്രതിസംജ്ഞകൾ നാമങ്ങളെ വിശേഷിക്കുന്നതിന്നായി നടക്കും.

Ex: 'it'enṟé jívanum taruvan (=I will give even this life of mine); 'ét'oru bhágyaván (=what happy man?) 'até' prakáram [=(*in*) that very manner].

'Atu' may also be used in apposition as a mere expletive.

Ex: vánaranmár'atil' munpan (=the chief of the monkeys).

## SYNTAX OF VERBS (FINITE).

275. How is the present tense used?

The present tense may be used for 1. actions now going on, and 2. those which will shortly take place, and, 3. in a narrative style, for the past tense.

Ex: 1. (For actions now going on.) avan innu 'dukkhikkunnu' (=he mourns today).

2. (For actions which will shortly take place.) ńán náḷé 'varunnu' (=I come to-morrow).

3. (For the past tense.) Arjjunan pórkkaḷattil ettiyáṟé avanṟé astrattál 'vízhunnitu' chilar, móhichchitu chilar [=when Arjjuna reached the battle-field, some fall by his arrows, and others fainted (at the mere sight)].

276. How is the past tense used?

The past tense is used 1. for actions which are passed and 2. for actions continuing to the present time, and also 3. as an emphatic future.

1. (For past actions.) avan innalé 'póyi' (=he went yesterday).

2. (For actions continuing to the present time.) atinnŭ etra véṇṭu ennaṟiṅṅíla [=I do (lit. *did*) not know how much is wanted].

3. (Emphatic future.) káṟṟu víśunnunṭu, mazha peytu [=the wind is rising, it will surely rain (lit. it rained)].

ഉ-ം. 'ഇതെ'ന്റെ ജീവനും തരുവൻ; 'ഏതൊ'രുഭാഗ്യവാൻ; 'അതെ' പ്രകാരം.

'അത്തു' എന്നുള്ളതു അരസമാസത്തിൽ നിരൎത്ഥകവും ആകും.

ഉ-ം. വാനരന്മാ'രതിൽ' മുമ്പൻ.

## ക്രിയാപ്രയോഗം പൂൎണ്ണക്രിയ.

275. വൎത്തമാനകാലത്തിന്റെ പ്രയോഗം എങ്ങിനെ?

1. ഇപ്പോൾ നടക്കുന്നതിന്നും, 2. വേഗത്തിൽ വരുവാനുള്ളതിന്നും, 3. വൎണ്ണനയിൽ ഭൂതത്തിന്നും, വൎത്തമാനത്തെ കൊള്ളിക്കാം.

1. ഉ-ം. (ഇപ്പൊൾ നടക്കുന്നതിന്നു.) അവൻ ഇന്നു 'ദുഃഖിക്കുന്നു';

2. (വെഗത്തിൽ വരുവാൻ ഉള്ളതിന്നു.) ഞാൻ നാളെ 'വരുന്നു';

3. (വൎണ്ണനയിൽ ഭൂതത്തിന്നു.) അൎജ്ജുനൻ പോൎക്കളത്തിൽ എത്തിയാറെ, അവന്റെ അസ്ത്രത്താൽ 'വീഴുന്നിതു' ചിലർ, മോഹിച്ചിതു ചിലർ.

276. ഭൂതകാലത്തിന്റെ പ്രയോഗം എങ്ങിനെ?

1. കഴിഞ്ഞതിന്നും, 2. ഇപ്പോഴത്തെ കാലത്തോളം എത്തുന്നതിന്നും, 3. പൂൎണ്ണതിട്ടഭാവിക്കും, ഭൂതം പറ്റും.

1. ഉ-ം. (കഴിഞ്ഞതിന്നു.) അവൻ ഇന്നലെ 'പോയി';

2. (ഇപ്പൊഴത്തെ കാലത്തോളം എത്തുന്നതിന്നു.) അതിന്നു എത്ര വേണ്ടു 'എന്നറിഞ്ഞീല';

3. (പൂൎണ്ണതിട്ടഭാവിക്കു.) കാറ്റു വീശുന്നുണ്ടു; മഴപെയ്യു.

277. What are the uses of the 1st future tense?

The 1st future tense indicates 1. time to come, 2. doubt, 3. habitual action, and 4. ability.

Ex: 1. (Time to come.) í rógam alpa nāḷ kazhiññāl 'iḷakkum (=this illness will abate after a little while).

2. (Doubt.) innalé avan varumpóḷ ékadéśam ompatu maṇi rátri 'yákum' ennu tónnunnu [=I think it was (lit. *will be*) about nine o'clock at night when he came (lit. *will come*) yesterday].

3. (Habitual action.) annannu chenn'élkkum' [=day by day they engage (in this business, in the battle etc.)].

4. (Ability.) avan í paṇi 'eṭukkum' (=he can do this piece of work).

278. What are the uses of the 2nd future?

The 2nd future has the four following principal uses for 1. questions, 2. requests, 3. habitual action, and 4. the present time.

Ex: 1. (For questions.) ñán entu 'cheyyú?' (=what can I do?)

2. (For requests.) enpizha ní 'poṟuppú' (=bear with my fault!)

3. (Habitual action.) eppózhum 'irippú' ñán (=I shall always be).

4. (Present time.) avaré ppólé ñán uṇṭó 'káṭṭú' [=I am not behaving like them, am I? (lit. 'am I like them? I will shew'.)]

279. What are the uses of the imperative?

The imperative is used 1. to command, 2. to request, and 3. (in the 1st and 3rd persons) to advise.

Ex: 1. kéḷ eṭó! (=lo! hear!); kéḷppin! (=hear ye!).

2. ñán pókaṭṭé! (=let me go!); nanma varaṭṭé! (=let good come!).

3. enggánum poykkoḷvin! (=go away any where!).

277. ഒന്നാം ഭാവികാലത്തിന്റെ പ്രയോഗം എങ്ങിനെ?

ഒന്നാം ഭാവികാലം 1. വരുംകാലത്തേയും, 2. സംശയഭാവത്തെയും, 3. നിത്യക്രിയയെയും, 4. ശക്തിയെയും, കുറിക്കും.

1. ഉ-ം. (വരുംകാലം.) ഈരോഗം അല്പനാൾകഴിഞ്ഞാൽ 'ഇളകും';

2. (സംശയഭാവം.) ഇന്നലെ അവൻ വരുംപോൾ ഏകദേശം ഒമ്പതു മണിരാത്രി'യാകും' എന്നു തോന്നുന്നു;

3. (നിത്യക്രിയ.) അന്നന്നു ചെ'ന്നേല്ക്കും';

4. (ശക്തി.) അവൻ ഈ പണി 'എടുക്കും'.

278. രണ്ടാം ഭാവികാലത്തിന്റെ പ്രയോഗം എങ്ങിനെ?

രണ്ടാം ഭാവിക്കു, 1. ചോദ്യത്തിൽ ഭാവി, 2. അപേക്ഷ 3. നിത്യത, 4. വൎത്തമാനം, ഈ നാലു പ്രയോഗങ്ങൾ പ്രധാനം.

1. ഉ-ം. (ചോദ്യത്തിൽ ഭാവി.) ഞാൻ എന്തു 'ചെയ്യൂ';
2. (അപേക്ഷ.) എൻപിഴ നീ 'പൊറുപ്പൂ';
3. (നിത്യത.) എപ്പോഴും ഇ'രിപ്പൂ' ഞാൻ;
4. (വൎത്തമാനം.) അവരെപ്പോലെ ഞാൻ ഉണ്ടോ'കാട്ടൂ'.

279. വിധിപ്രയോഗം എങ്ങിനെ?

വിധിക്കു 1. നിയോഗം, 2. അപേക്ഷ, 3. ഉത്തമപ്രഥമകളിൽ നിമന്ത്രണം, ഈ മൂന്നുപ്രയോഗങ്ങൾ ഉണ്ടു.

1. ഉ-ം. 'കേൾ' എടൊ! 'കേൾപ്പിൻ'!
2. ഞാൻ 'പോകട്ടെ'! നന്മ'വരട്ടെ'!
3. എങ്ങാനും 'പോയ്ക്കൊൾവിൻ'!

## SYNTAX OF VERBS (INFINITIVE).

280. What are the uses of the infinitive?

1. The infinitive is used with the auxiliary 'cheyka' (=do) and other auxiliary verbs which have the same subject as the principal verb.

Ex: 'kuḷikka'yum 'japikka'yum cheytu (=he washed himself and said his prayers).

2. It has the uses of the past adverbial participle and of the conditional. It may take the indeclinable 'e'.

Ex: púrṇṇa teḷivŭ 'irikke' (=there being complete proof); 'vaḷaravé' varddhichchu (=it increased so as to be great); irikké keṭum (=if not used, it spoils).

3. Sometimes the infinitive is used to qualify the principal verb, and shew its time, manner, quantity etc. The infinitives of certain verbal roots obsolete in most of the forms are very commonly used in this way; they generally add the particles 'é' or 'um'; this is called the adverbial use of the infinitive.

Ex: 'ákavé' naśippikkum [=he will cause it to perish (so that what is destroyed may) become (the whole) i.e. he will destroy it wholly]; 'vaḷaré' paṛaññu [=he spoke much (lit. so as to be much)].

## അപൂൎണ്ണക്രിയയുടെ പ്രയോഗം.

280. ഭാവരൂപത്തിന്റെ പ്രയോഗം എങ്ങിനെ?

1. ഭാവരൂപം പ്രധാനക്രിയയുടെ ആഖ്യയെ ആശ്രയിക്കുന്ന 'ചെയ്ക' മുതലായ സഹായക്രിയകളോട ചേരും.

ഉ-ം. 'കളിക്കയും ജപിക്കയും' ചെയ്തു.

2. ഭൂതക്രിയാന്യൂനത്തിന്റെയും സംഭാവനയുടേയും പ്രയോഗങ്ങളോട വരും; 'എ' അവ്യയം ചേൎക്കുന്നതും ആം.

ഉ-ം. പൂൎണ്ണതെളിവു 'ഇരിക്കെ'; 'വളരവെ' വൎദ്ധിച്ചു; 'ഇരിക്കെ' കെട്ടം.

3. ചിലപ്പോൾ പ്രധാനക്രിയകളോട ചേൎന്ന അവററിന്റെ കാലം, പ്രകാരം, പരിമാണം, മററും കാണിച്ചു അവററെ വിശേഷിക്കുന്നു; ക്രിയാഭാവത്തെ വിട്ട ഊനമായിനടക്കുന്ന ചില ക്രിയാധാതുക്കളുടെ ഭാവരൂപം ഈ പ്രയോഗത്തിൽ തന്നെ വളരെ നടപ്പു; സാധാരണയായി 'എ', 'ഉം', അവ്യയങ്ങളും ചേരും; ഇതുഭാവരൂപത്തിന്റെ വിശേഷണപ്രയോഗം തന്നെ.

ഉ-ം. 'ആകവെ' നശിപ്പിക്കും; 'വളരെ'പറഞ്ഞു.

281. What are the uses of the verbal noun?

The verbal noun may stand in the nominative as the subject to 'ám' (=will be, will take place), 'vénam' (=is necessary) and other similar verbs, although it may at the same time be the predicate of a preceding subject.

Ex: ní 'ezhunnelluka' vénam; pattu yójana 'chát'ám; in this 'ezhunnelluka' (=the proceeding) is a verbal noun and stands in the nominative as subject to the verb 'vénam' (=is necessary); ní' (=thou) stands in the nominative as subject to the verb 'ezhunnelluka' and not to 'vénam'; so 'cháta (=the leaping) and not 'inikku'', understood, is the subject to 'ám' (=will be, will take place).

282. Is the first verbal noun ever used instead of the imperative?

It is; but the verb 'vénam' (=it is necessary) should always be understood as the predicate.

Ex: páttu 'pátuka' ní = ní pátu pátuka vénam (=that thou shouldst sing a song is necessary, i.e. sing a song!)

283. What further is to be observed respecting the verbal noun?

The first verbal noun is declined in the instrumental and locative cases, and the second verbal noun through all the cases except the accusative; both may be used similarly to nouns.

281. ക്രിയാനാമത്തിന്റെ പ്രയോഗം എങ്ങിനെ?

ക്രിയാനാമം ഒരാഖ്യയെ ആശ്രയിച്ചു ആഖ്യക്ക ആഖ്യാതമായി നില്ക്കുമ്പൊഴും 'ആം,' 'വേണം' മുതലായ ക്രിയകളുടെ ആഖ്യയായിപ്രഥമയിൽ നില്ക്കുന്നതുമുണ്ടു.

ഉ-ം. 'നി എഴുന്നെള്ളുക' വേണം; പത്തുയോജന ചാടാം; ഇതിൽ 'എഴുന്നെള്ളുക' എന്നതു ക്രിയാനാമം 'വേണം' എന്ന ക്രിയക്ക ആഖ്യയായി പ്രഥമ വിഭക്തിയിൽ ഇരിക്കുന്നു; 'നി' എന്ന പ്രഥമ 'എഴുന്നെള്ളുക' എന്നതിന്നു ആഖ്യയായി 'നില്ക്കുന്നു 'വെണം' എന്ന ക്രിയക്ക ആഖ്യയാനില്ക്കുന്നില്ല.' ഇപ്രകാരം തന്നെ, 'ആം' എന്നതിന്റെ ആഖ്യ അന്തൎഭവിച്ച 'ഇനിക്ക' എന്നതല്ല; 'ചാട' എന്നതു 'ആം' എന്നതിന്നു ആഖ്യ ആകുന്നു.

282. ഒന്നാം ക്രിയാനാമം എപ്പൊഴെങ്കിലും വിധി പ്രയോഗത്തിൽ വരുമൊ?

ഒന്നാം ക്രിയാനാമം വിധിപ്രയോഗത്തിൽ വരും എന്നാലും 'വേണം' എന്നുള്ള ക്രിയ അതിന്റെ ആഖ്യാതമായിട്ടു അന്തൎഭവിച്ചു എന്നു കണ്ടുകൊള്ളണം.

ഉ-ം. പാട്ടു പാടുക നീ=നീ പാട്ടു പാടുക വേണം.

283. ക്രിയാനാമത്തിന്നു മററു പ്രയോഗങ്ങൾ ഉണ്ടൊ?

ഒന്നാമത്തെ ക്രിയാനാമംതൃതീയസപ്തമിപ്രത്യയങ്ങളെയും, രണ്ടാം ക്രിയാനാമം ദ്വിതീയപ്രത്യയം ഒഴികെ, സകല വളവിഭക്തിപ്രത്യയങ്ങളെയും ധരിച്ചിട്ടു, നാമത്തെ പോലെ തന്നെ നടക്കയും ചെയ്യും.

Ex: 'póka' nallatu (=it is good to go); Ráman Sítayé 'vélkkayil' [=in the marriage (lit. marrying) of Ráma and Síta].

284. How is the past adverbial participle used?

The past adverbial participle is used to indicate 1. subordinate action, 2. cause, 3. means, 4. condition, 5. manner, 6. to form a compound noun.

Ex: 1. (Subordinate action.) akattu 'chennu' vátil'aṭachchu' vaṭi 'eṭuttu' nanné aṭichchán [=having gone inside, having shut the door (and) having taken a cudgel, he beat him well].

2. (Cause.) entu 'kaṇṭu' itra chirikkunnu? [=what is it that you have seen that you laugh so much? (lit. having seen what, etc.?)]

3. (Means.) 'ńénnu' chávén [=I shall die by hanging (having been hanged)].

4. (Condition.) 'kuṭichché' trůptiyuḷḷu [=if you drink you will be satisfied (lit. verily having drunk you etc.)]; tán 'chattu' mín piṭichchál entu lábham? [=if one catches fish and dies oneself (lit. having died) what use is it?]

5. (Manner.) 'chirichchu' paṟańńu (=he spoke laughing); chuṟṟinaṭannu [=he walked (going) round].

6. (To form compounds.) 'aṭichchu-taḷi (=sweeping and sprinkling); 'tíṇṭi'-kkuḷi (=being defiled and washing); neṭṭáṭṭam (=a long play).

285. How is the future adverbial participle used?

The future adverbial participle has the four following principal uses; 1st. to indicate approaching events; 2nd. results; 3rd. intention; 4th. fitness.

ഉ-ം. 'പോക നല്ലതു'; 'രാമൻ സീതയെ വേൾക്കയിൽ' മുതലായവ.

284\. ഭൂതക്രിയാന്യൂനത്തിന്റെ പ്രയോഗം എങ്ങിനെ?

ഭൂതക്രിയാന്യൂനത്തിനു 1. ക്രിയകളുടെ തുടച്ച 2. കാരണം, 3. കരണം, 4. സംഭാവന, 5. പ്രകാരം, 6. സമാസം ഈ ആറപ്രയോഗങ്ങൾ തന്നെ ഉണ്ടു.

1\. ഉ-ം. (ക്രിയകളുടെ തുടച്ച.) അകത്തു 'ചെന്നു' വാതിൽ'അടച്ചു' വടി 'എടുത്തു' നന്നെ അടിച്ചാൻ;

2\. (കാരണം.) എന്തു'കണ്ടു' ഇത്ര ചിരിക്കുന്നു?

3\. (കരണം.) 'ഞെന്നു' ചാവെൻ;

4\. (സംഭാവന.) 'കുടിച്ചെ' തൃപ്തിയുള്ളു; 'താൻ'ചത്തു'മീൻ പിടിച്ചാൽ എന്തുലാഭം';

5\. (പ്രകാരം.) 'ചിരിച്ചു'പറഞ്ഞു; 'ചുററി'നടന്നു;

6\. (സമാസത്തിൽ.) 'അടിച്ചു' തെളി; 'തിണ്ടി'ക്കളി; 'നെട്ടാ'ട്ടം.

285\. ഭാവിക്രിയാന്യൂനത്തിന്റെ പ്രയോഗം എങ്ങിനെ?

ഭാവിക്രിയാന്യൂനത്തിന്നു 1. അടുക്കുന്ന ക്രിയ, 2. ഫലം, 3. അഭിപ്രായം, 4. യോഗ്യത ഈ നാലു പ്രയോഗങ്ങൾ പ്രധാനം.

Ex: 1. (Approaching event.) 'marippán' múnnu náḷ aṇaññál [=if three days draw near (within which one has) to die].

2. (Result.) Rávaṇan Sítayé koṇṭu póytu swakulam 'muṭippán' [=Rávaṇa carried off Síta to the destroying of (lit. to destroy) his own tribe].

3. (Intention.) 'paṟaván' bhávichchu (=he thought to speak).

4. (Fitness.) 'kolluván' takka kuṟṟam cheytu [=he committed a crime worthy of death (lit. to die)].

286. How are the adnounal participles used?

They are used to qualify nouns, and also to connect the sentence or clause of which they form a part, with that of which their completion forms a part. (See 310).

Ex: náthan'illátta' paṭayáká (=an army which has no leader will perish; 'keṭṭiyiṭṭa' paṭṭikku kuppayellám chóṟu (=all the sweepings are the food of the dog which is tied up).

287. Are two adnounal participles ever used to qualify one noun?

Very rarely.

Ex: ácháram 'allátta' 'vallátta' móham (=an improper and bad desire).

In good Malayálam, the proper course is for the preceding qualification to be expressed as an adverbial participle.

Ex: ñán 'tiriññŭ' 'káṇátta' paśu (=the cow which I searched for and did not find), not 'ñán tiriñña káṇátta paśu'.

288. What is to be said concerning the subject of adnounal participles?

1. ഉ-ം. (അടുക്കുന്നക്രിയ.) 'മരിപ്പാൻ' മൂന്നനാൾ അണഞ്ഞാൽ;

2. (ഫലം.) രാവണൻ സീതയെകൊണ്ടുപോയതു സ്വകുലം 'മുടിപ്പാൻ';

3. (അഭിപ്രായം.) 'പറവാൻ' ഭാവിച്ചു;
4. (യോഗ്യത.) 'കൊല്ലുവാൻ' തക്കകുററം ചെയ്തു.

286. ശബ്ദന്യൂനത്തിന്റെ പ്രയോഗം എങ്ങിനെ?
നാമങ്ങളെ വിശേഷിക്കുന്നതിന്നു തന്നെ; എന്നാൽ ശബ്ദന്യൂനങ്ങളാൽ ഉണ്ടായ്വരുന്ന അപൂർണ്ണവാക്യങ്ങളെ പൂർണ്ണവാക്യങ്ങളോടു ചേർക്കുന്നതിന്നും കൊള്ളിക്കാം. (310 ൽ നോക്കുക.)
ഉ-ം. നാഥ'നില്ലാത്ത' പടയാകാ;
'കെട്ടിയിട്ടു' പട്ടിക്കു കുപ്പയെല്ലാം ചോറു.

287. രണ്ടുശബ്ദന്യൂനങ്ങൾ നാമവിശേഷണത്തിന്നു ചേരുമൊ?

ദുർല്ലഭമായ്വരും (ആചാരം 'അല്ലാത്ത' 'വല്ലാത്ത' മോഹം.) നല്ലമലയാളത്തിൽ ക്രിയാന്യൂനത്തെപ്പോലെ ഉപയോഗിച്ചു വരുന്നു.

ഉ-ം. ഞാൻ'തിരിഞ്ഞുകാണാത്ത'പശു. എന്നാൽ 'ഞാൻ തിരിഞ്ഞു കാണാത്ത പശു' എന്നു പറയുമാറില്ല.

288. ശബ്ദന്യൂനത്തിന്റെ ആഖ്യ എങ്ങിനെ?

The subject is found either in the word that precedes the participle or in that which follows. When the subject is in the noun that follows the participle it has sometimes to be understood from a noun not in the nominative case.

Ex: núlu núlkkunna cháliyanmáril oruvan (=one among the weavers who spin thread); in this 'cháliyanmár' (=weavers) is the subject (understood) to 'núlkkunna' (=who spin), and it must be understood from 'cháliyanmáril', a locative meaning 'among the weavers.'

289. Is there any thing particular to remark concerning the use of the future adnounal participle?

Yes; the future adnounal participle is used for past time also.

Ex: pórumpóḷ vazhiyinnu yátra cholli (=as he was going along he bade me farewell).

290. Is there any peculiarity in use of the participial noun?

Yes; (1) while forming in itself a sub-sentence, it may stand as the subject, predicate, object or adjunct of a sentence or of another sub-sentenc; (2) the neuter participial noun is very commonly used instead of the verbal noun.

ശബ്ദന്യൂനങ്ങളുടെ ആഖ്യ, മുമ്പെ വരുന്ന നാമത്തിൽ താൻ, പിന്നെവരുന്ന നാമത്തിൽ താൻ, വരും.

ശബ്ദന്യൂനത്തിന്റെ ആഖ്യ പിന്നെവരുന്ന നാമത്തിൽ ഇരിക്കുന്നപക്ഷത്തിൽ വളവിഭക്തികളിലും അന്തർഭവമായ്വരാറുണ്ടു.

ഉ-ം. 'വല്ല വല്ലുന്ന ചാലിയന്മാരിൽ,' ഇതിൽ 'ചാലിയന്മാരിൽ' എന്നതിലുള്ള 'ചാലിയന്മാർ' എന്നതു 'വല്ലുന്ന' എന്നാള്ളതിന്നു അന്തർഭവിച്ച ആഖ്യ.

289. ഭാവിശബ്ദന്യൂനത്തിന്റെ പ്രയോഗത്തിൽ എന്തെങ്കിലും വിശേഷം ഉണ്ടോ?

ഭാവിശബ്ദന്യൂനത്തിന്റെ പ്രയോഗത്തിൽ കുറെ വിശേഷം ഉണ്ടു; അതു ഭൂതത്തിന്നും പ്രയോഗിക്കാം.

ഉ-ം. 'പോരും' പൊൾ വഴിയിന്നു യാത്ര ചൊല്ലി.

290. ക്രിയാപുരുഷനാമത്തിന്റെ പ്രയോഗത്തിൽ ഏതെങ്കിലും വിശേഷം ഉണ്ടോ?

ക്രിയാപുരുഷനാമം, (1) ഭിന്ന ആഖ്യാഖ്യാതങ്ങളിരിക്കുമ്പോൾ താനൊരുപവാക്യം തന്നെ എന്നിട്ടും, മറ്റൊരുപവാക്യത്തിന്നാകട്ടെ, വാക്യത്തിന്നാകട്ടെ, ആഖ്യയായൊ ആഖ്യാതമായൊ കർമ്മമായൊ വിശേഷണമായൊ നില്ക്കും; (2) നപുംസകക്രിയാപുരുഷനാമം ക്രിയാനാമപ്രയോഗത്തിലും കൊള്ളാം.

Ex: 1. á paṭṭaṇattil 'uḷḷavar' aviṭé vannu (=the people who were in the city came to that place); 'áṭṭunnavané' neyván ákkarutu (=do not employ as a weaver the man who makes oil).

2. néru 'paṟayyunnatu' nallavaruṭé lakshaṇam (=the speaking the truth is the sign of good men).

291. How are the conditional participles used?

The two subjunctives are used in nearly the same way.

Ex: (1st Subjunctive.) paramártttham 'chonnál' (=if one speaks the truth).

(2nd Subjunctive.) ampu táné víṇu'pókil' ṡamikkum (=if the arrow falls out of itself, the wound will heal).

But the one with the affix 'ál' has also a temporal meaning.

Ex: anchunáḷ 'kazhiññál' pinné vareṇam (=come again when five days have elapsed).

The subjunctives 'káḷ (=káṇil)' (=if you look at, consider) and 'káṭṭil' (=if you shew) are used in comparisons; 'um' may be added.

Ex: dúratté bandhuvé'kkáḷ' azhalwakkatte ṡatru nallu (=an enemy near will be of more use than a friend at a distance; lit. if you consider a friend who is at a distance, an enemy near is of use); pushpabáṇané'kkáṭṭil' sundaran Naḷanrupan (=king Naḷa was more beautiful than the flower-arrowed god; lit. if you shew the flower-arrowed one, king Naḷa is beautiful).

ഉ-ം. 1. ആ പട്ടണത്തിൽ 'ഉള്ളവർ' അവിടെ വന്നു; 'ആട്ടുന്നവനെ' നെയ്യാൻ ആക്കരുതു;

2. നേരു 'പറയുന്നതു' നല്ലവരുടെ ലക്ഷണം.

291. സംഭാവനകളുടെ പ്രയോഗം എങ്ങിനെ?

രണ്ടു സംഭാവനയും ഏകദേശം ഒരുപോലെ പ്രയോഗിക്കാം.

ഉ-ം. (ഒന്നാം സംഭാവന.) പരമാൎത്ഥം 'ചൊന്നാൽ';

(രണ്ടാം സംഭാവന.) അന്യതാനെ വീണു 'പോകിൽ' ശമിക്കും.

എങ്കിലും 'ആൽ' പ്രത്യയത്തോടിരിക്കുന്നതിന്നു കാലാൎത്ഥം കൂടെ ഉണ്ടു.

ഉ-ം. അഞ്ചു നാൾ 'കഴിഞ്ഞാൽ' പിന്നെ വരേണം.

'കാൾ' (=കാണിൽ) 'കാട്ടിൽ' എന്ന സംഭാവനകൾ താരതമ്യപ്രയോഗത്തിൽ വരും 'ഉം' അവ്യയം ചേരുന്നതുമുണ്ടു.

ഉ-ം. ദൂരത്തെ ബന്ധുവെ'ക്കാൾ' അഴൽവക്കത്തെ ശത്രു നല്ലു; പുഷ്പബാണനെ'ക്കാട്ടിൽ' സുന്ദരൻ നളനൃപൻ.

292. How are the concessive participles used?

Both the concessive participles are used in the same way.

Ex: 'marichchálum' véṇṭatilla [=it is not *(a thing to be)* required *(at any one's hands)* i. e. is of no consequence, 'even if I die']; 'koṭuttíṭilum' bhakti illenkil pizha varum (=though 'one has given' etc.)

293. Is not the one with 'álum' used in an imperative use?

Yes; but in such instances, 'koḷḷám' is understood.

Ex: 'aṟiṅṅálum', 'órttálum' etc. if fully expressed would be 'aṟiṅṅálum koḷḷám' (=it would be acceptable if you knew), órttálum koḷḷám (=it would be acceptable if you remembered).

294. In what senses are the concessives 'enkilum' [=though (one) say], 'éninum' [=though (one) say], 'áyálum' [=though (it) be], 'ánum (=áyinum)' [=though (it) be], joined with the interrogative pronouns?

To give the meaning of indefiniteness and universality.

Ex: 'évanenkilum' (=any one); 'áránum' (=whosoever); 'ár-áyálum' (=whosoever); 'étánum' (=whatsoever); 'enggénum' (=wheresoever) etc.

295. With what may the infinitive and subjunctive and concessive be classed?

292. അനുവാദകങ്ങളുടെ പ്രയോഗം എങ്ങിനെ?

രണ്ടു അനുവാദകങ്ങളും ഒരുപോലെ തന്നെ പ്രയോഗിച്ചുവരുന്നു.

ഉ-ം. 'മരിച്ചാലും' വേണ്ടതില്ല; 'കൊട്ടത്തീടിലും' ഭക്തിയില്ലെങ്കിൽ പിഴവരും.

293. 'ആലും' പ്രത്യയത്തോടിരിക്കുന്നതിന്നു വിധിപ്രയോഗവും പറയുന്നില്ലയൊ?

വിധിപ്രയോഗവും പറയും; എങ്കിലും അങ്ങിനെയുള്ള പ്രയോഗത്തിൽ 'കൊള്ളാം' എന്നുള്ളതു അന്തൎഭവിച്ചിരിക്കുന്നു.

ഉ-ം. 'അറിഞ്ഞാലും' 'ഓൎത്താലും' ഇവ പൂൎണ്ണമാസ്സുറയുന്നതായാൽ 'അറിഞ്ഞാലും കൊള്ളാം'; 'ഓൎത്താലും കൊള്ളാം'; എന്നു പറയെണ്ടതാകുന്നു.

294. 'എങ്കിലും,' 'ഏനിനും,' 'ആയാലും' 'ആനും' (= ആയിനും), ഈ അനുവാദകങ്ങളെ ചോദ്യപേരുകളോടു ചേൎക്കുന്നതു എന്തു പ്രയോഗത്തിൽ ആകുന്നു?

സൎവ്വാൎത്ഥത്തിന്നു തന്നെ.

ഉ-ം. 'ഏവനെങ്കിലും'; 'ആരാനും'; 'ആരായാലും'; 'ഏതാനും'; 'എങ്ങേനും' മുതലായവതന്നെ.

295. ഭാവരൂപവും, സംഭാവനാനുവാദകങ്ങളും, ഏതു വകകളിൽ ചേൎക്കാം?

As the infinitive always requires another verb to complete it, it may be considered as merely a variety of the ordinary adverbial participle.

The subjunctive form in 'il' is the locative of the verbal noun. That in 'ál' is the adverbial, past participle with 'ákil' contracted. The concessive is merely a subjunctive + the indeclinable 'um'.

## AUXILIARY VERBS.

296. What are the auxiliary verbs?

Those which serve merely to express certain accidents of the principal action.

In the following list are given the auxiliary verbs, and the verbal inflections which they govern:

ഭാവരൂപം എപ്പോഴും മറെറാരുക്രിയയാൽ പൂൎണ്ണമാകേണ്ടുന്നതിനെക്കൊണ്ടു ക്രിയാന്യൂനത്തിന്റെ ഭേദമെന്നു പറയാം.

'ഇൽ' എന്നതിൽ അവസാനിക്കുന്ന സംഭാവന ക്രിയാനാമത്തിന്റെ സപ്തമിവിഭക്തിയും, 'ആൻ' എന്നതിൽ അവസാനിക്കുന്നതു ലോപിച്ചുണ്ടായ 'ആകിൽ' എന്നു കൂടിയുള്ള ഭൂതക്രിയാന്യൂനവുമത്രെ. അനുവാദകം=സംഭാവന+'ഉം', അത്രെ.

## സഹായക്രിയകൾ.

296. സഹായക്രിയകൾ ഏവ?

പ്രധാനക്രിയയുടെ അൎത്ഥത്തിൽ വെവ്വേറെ അല്പമായുള്ള ഭേദങ്ങൾ കാണിക്കുന്നവ തന്നെ.

| Auxiliary verbs. | Their government. | Their uses to express or to form | Examples. |
|---|---|---|---|
| 1. irikka (= be) | Past adv. participle | 1. Perfects * | párttirikkunnu (= have dwelt). |
| | | 2. Passives | ayachchirunnu (= was sent). |
| 2. uṇṭu, uḷḷa, uḷḷu (=be) | Pres. adv. participle | Progressives | varunnuṇṭu (= am coming). |
| | Past adv. participle + iṭṭu | Perfects | kaṇṭiṭṭuṇṭu (= have seen, saw). |
| | Future adv. participle | Obligation etc. | varuvánuḷḷa (= which is to come). |
| 3. iṭuka (= place) | Past adv. participle | 1. Expletive | póyíṭunnu [= (I) go, am going]. |
| | | 2. Perfect | vanniṭṭuṇṭu [= has come]. |
| 4. cheyka (= make, do) | Infinitive | To connect verbs | eṭukkayum vekkayum cheyyunnu [= (I) lift up and put down]. |

* So the corresponding English tenses are called. A literal translation of the Malayálam would be 'the Incomplete Past'. The action is viewed as still going on.

| സഹായക്രിയകൾ | ഏതിനെ ആശ്രയിക്കുന്നു | പ്രയോഗം<br>താഴെ പറയുന്നവററിനു | ദൃഷ്ടാന്തം |
|---|---|---|---|
| 1. ഇരിക്ക | ഭൂതക്രി: ന്യൂനം | 1. അസംപൂർണ്ണഭൂതം | പാർത്തിരിക്കുന്നു |
| | | 2. കർമ്മത്തിൽക്രിയ | അയച്ചിരുന്നു |
| 2. ഉണ്ടു, ഉള്ള, ഉള്ളൂ | വർത്തമാനക്രി: ന്യൂനം | ന്യസ്തവർത്തമാനം | വരുന്നുണ്ടു |
| | ഭൂതക്രി: ന്യൂനം+ഇട്ടു | അസന്നപൂർണ്ണഭൂതം | കണ്ടിട്ടുണ്ടു |
| | ഭാവിക്രി: ന്യൂനം | ബാദ്ധ്യത | വരുവാനുള്ള |
| 3. ഇടുക | ഭൂതക്രി: ന്യൂനം | 1. നിരർത്ഥം | പോയിടുന്നു |
| | | 2. അസംപൂർണ്ണഭൂതം | വന്നിട്ടുണ്ടു |
| 4. ചെയ്യു | ഭാവരൂപം | ക്രിയകളുടെ തുടർച്ച | എടുക്കയും വെക്കയും ചെയ്യുന്നു |

| Auxiliary verbs. | Their government. | Their uses to express or to form | Examples. |
|---|---|---|---|
| 5. peṭuka (= suffer) | Infinitive | Passive | kolla (= kolka) ppeṭunnu (= is being killed). |
| 6. vallá (= am not willing) | Infinitive | Unwillingness and Prohibition | cholka vallén [= (I) do not want to speak]. |
| | | | par̥akolla (= do not say). |
| 7. kúṭuka (= join, concur) | Past adv. participle | Possibility | atu váyichchu kúṭunnu (= can read it). |
| 8. illa (= is not) | Pres. adv. participle | Negative Progressives | varunnilla (= is not coming). |
| | Past adv. participle | Negative Past | vannilla (= did not come). |

N. B. The above should not be considered auxiliaries unless they have the same subject as the principal verb. Thus 'uḷḷa' and 'illátta' when joined with the active future adverbial participles are not auxiliaries but principal verbs, as in 'ní par̥avánuḷḷa vákkukaḷ' [= the words which are (for) you to speak].

| സഹായക്രിയകൾ | ഏതിനെ ആശ്രയിക്കുന്നു. | പ്രയോഗം<br>താഴെ പറയുന്നവററിന്നു | ദൃഷ്ടാന്തം |
|---|---|---|---|
| 5. പെടുക | ഭാവരൂപം | കർമ്മത്തിൽക്രിയ | കൊല്ല (=കൊൽക) പ്പെടുന്നു. |
| 6. വല്ലാ | ഭാവരൂപം | അനിഷ്ടം, വിരോധം | ചൊൽകവല്ലേൻ, പറകൊല്ല |
| 7. കൂടുക | ഭൂതക്രി: ന്യൂനം | കഴിവു | അതു വായിച്ചു കൂടുന്നു. |
| 8. ഇല്ല | വർത്തമാനക്രി: ന്യൂനം | ന്യസ്തവർത്തമാനനിഷേധം | വരുന്നില്ല |
| | ഭൂതക്രി: ന്യൂനം. | ഭൂതനിഷേധം | വന്നില്ല |

മേൽപറഞ്ഞവററിന്നു പ്രധാനക്രിയകളുള്ളആഖ്യകൾ അല്ല, ഭിന്നാഖ്യകൾ ഉണ്ടായിരുന്നാൽ അവ സഹായക്രിയകൾ അല്ല. ഇങ്ങിനെതന്നെ 'ഉള്ള' 'ഇല്ലാത്ത' എന്നവ ഭാവിക്രിയാന്യൂനങ്ങളോടു കർത്തൃപ്രയോഗത്തിൽ വന്നാൽ അവ സഹായക്രിയകൾ അല്ല; പ്രധാനക്രിയകൾ തന്നെ.

ഉ-ം. 'നീ പറവാനുള്ള വാക്കുകൾ' ഇതിൽ "പറവാൻ" എന്നുള്ള പ്രധാനക്രിയക്കു "നീ" എന്നതു ആഖ്യ; 'ഉള്ള' എന്നതിന്നു 'നീ' അല്ല, 'വാക്കുകൾ' ആഖ്യ ആയ്തുകൊണ്ടു 'ഉള്ള' എന്നതു ഇവിടെ സഹായക്രിയയല്ല, പ്രധാനക്രിയതന്നെ.

## SUBSIDIARY VERBS.

297. What are subsidiary verbs?

When the verb which in sense is the principal verb, is put as a past adverbial participle, and is completed by 'viṭuka' (=to leave), 'vekkuka' (=to put, place), 'kaḷayuka' (=to let go), póka (=to go) varika (=to come), kiṭakka (=to lie), etc. and these last named conjointly with their principal verb form but one single idea, they are called subsidiary verbs.

Ex: kaḷaññúṭṭu (=kaḷaññu'viṭṭu') [=he lost it, lit. having passed on, he left it]; iṭṭéchchu (=iṭṭu'vechchu') [=he put it down, lit. (having placed it), he put it]; póy'kaḷaññu' (=he went away, lit. having gone, he passed along); tírnnu'póyi' (=it was finished up; lit. being finished, it went); váyichchu 'varunnu' [=he goes on (lit. comes on) reading]; ezhuti'kkiṭannu' [=it was (lit. lay) written].

298. What verbs are used to express adjuncts having the sense of indefinite plurality?

The adnounal participles 'mikka' (=that is or are most), 'perutta' (=that is or are much or many), 'ẹ̄riya' (=that became great) etc. are used to qualify nouns, and the infinitives (joined with the particle 'e' or 'um') 'vaḷare' (=to be increased), 'ẹ̄rave' (=to be great), 'tulóm=tulavum' (=to be the whole), etc. qualify verbs in this sense.

## ഉപക്രിയകൾ.

297. ഉപക്രിയാപദങ്ങൾ ഏവ?

അൎത്ഥത്തിൽ പ്രധാനക്രിയയായുള്ളതു ഭൂതക്രിയാന്യൂനമായി തീൎന്നു, 'വിടുക', 'വെക്കുക,' 'കളയുക,' 'പോക,' 'വരിക,' 'കിടക്ക' മുതലായവകൊണ്ടു പൂൎണ്ണമാവുന്നു, രണ്ടും കൂടി ഒരെ അൎത്ഥം ജനിപ്പിക്കുമ്പോൾ, 'വിടുക' മുതലായവ ഉപക്രിയയെന്നു പറകയും ചെയ്യും.

ഉ-ം. കളഞ്ഞുട്ടു (=കളഞ്ഞു'വിട്ടു'); ഇട്ടേച്ചു; (=ഇട്ടു'വെച്ചു';) പോ'യ്ക്കളഞ്ഞു'; തീൎന്നു'പോയി'; വായി'ച്ചുവരുന്നു'; എഴുതി'ക്കിടന്നു' എന്നുള്ളവററിൽ 'വിട്ടു' 'വെച്ചു' 'കളഞ്ഞു' 'പോയി' 'വരുന്നു' 'കിടക്കുന്നു' എന്നിവ ഉപക്രിയകളാകുന്നു.

298. ആധിക്യങ്ങൾക്കായി വരുന്ന ക്രിയകൾ ഏവ?

'മിക്ക', 'പെരുത്ത', 'ഏറിയ' എന്നുതുടങ്ങിയുള്ള ശബ്ദന്യൂനങ്ങൾ നാമങ്ങളെ വിശേഷിക്കുന്നതിന്നും, 'വളരെ', 'ഏറവെ', 'തുലൊം' (=തുലവും) മുതലായി 'ഏ' 'ഉം' അവ്യയത്തോടു കൂടിയ ഭാവരൂപങ്ങൾ ക്രിയകളെ വിശേഷിക്കുന്നതിന്നും, എടുത്തുവരുന്നു.

Ex: 'mikka' pérum (=most persons); 'perutt' áḷukaḷ (=many persons); 'ėṟiya' purusháram (=a great multitude of people); 'vaḷare' uṇṭu [=there is (so as) to be much]; 'éṟa' paṟaññu (=he said much); 'tulóm' naśichchu (=it was wholly destroyed).*

299. What verbs are used to qualify words in the sense of fewness and mere indefiniteness?

For fewness, the infinitive 'kuṟaya' qualifies verbs.

Ex: 'kuṟé' anngóṭṭu chennu [=he went a little (lit. so as to be a little) in that direction].

For mere indefiniteness, the adnounal participles 'kaṇṭa' (=that one sees), 'valla' 'váchcha' (=some lit. that increased) qualify nouns.

Ex: 'kaṇṭa' janannngaḷ (=a few people); 'valla' dwípántaranngaḷ (=some foreign country or other); 'váchcha' vastu (=any thing).

300. Can indefinite pronominal nouns be formed from these?

Some personal nouns formed from these are used instead of indefinite pronominal nouns.

Ex: 'mikkavar' (=most persons), 'mikkatu' (=the most), 'kaṇṭavar' (= some people), 'vallavar' (= any one), 'váchchavar' (=some people, any persons).

## ACTIVE AND PASSIVE.

301. What is the active voice?

When the subject is the agent which performs the action, and is in the nominative case, then the verb is said to be in the active voice.

---

* Lit. 'The persons who are the majority', 'the persons who are many', 'a multitude that was very great' etc. But in the translation the verb is dropped as not needed in English.

ഉ-ം. 'മിക്ക'പേരും; 'പെരുത്താ'ളുകൾ, 'ഏറിയ' പുരുഷാരം; 'വളരെ' ഉണ്ടു; 'ഏറ' പറഞ്ഞു; 'തുലൊം' നശിച്ചു.

299. അല്പത, അസീമത, എന്നവററിൻെറ അൎത്ഥങ്ങൾക്കായി വരുന്ന ക്രിയകൾ ഏവ?

'കുറയ', എന്ന ഭാവരൂപം അല്പതയുടെ അൎത്ഥത്തിൽ ക്രിയയെ വിശേഷിക്കുന്നു.

ഉ-ം. 'കുറെ' അങ്ങൊട്ടു ചെന്നു.

'കണ്ട', 'വല്ല', 'വാച്ച' എന്ന ശബ്ദന്യൂനങ്ങൾ അസീമതയുടെ അൎത്ഥത്തിൽ നാമത്തെയും വിശേഷിക്കുന്നു.

ഉ-ം. 'കണ്ട'ജനങ്ങൾ; 'വല്ല' ദ്വീപാന്തരങ്ങൾ; 'വാച്ച'വസ്തു.

300. ഇവററിൽനിന്നു പ്രതിസംഖ്യകളെയും ഉണ്ടാക്കാമൊ?

ഇവയിൽ നിന്നുണ്ടായ ചില പുരുഷനാമങ്ങൾ പ്രതിസംഖ്യകൾക്കുപകരം നടന്നുവരുന്നു.

ഉ-ം. 'മിക്കവർ'; 'മിക്കതു'; 'കണ്ടവർ'; 'വല്ലവർ'; 'വാച്ചവർ'.

## കൎത്താവിൽകൎമ്മത്തിൽക്രിയകൾ.

301. കൎത്താവിൽക്രിയ എന്നതു എന്തു?

ആഖ്യയായ ക്രിയയെ ചെയ്യുന്ന കൎത്താവു പ്രഥമവിഭക്തിയിൽ ഇരിക്കുമ്പൊൾ ആ ക്രിയ കൎത്താവിൽക്രിയ എന്നു പേർപ്പെടുന്നു.

Ex: rájávuͧ rájyatte pálikkunnu (=the king governs the kingdom); in this, the subject 'rájávuͧ' (=king) is the agent and is in the nominative case; hence the verb 'pálikkunnu' (= governs) is said to be in the active voice.

302. What is the passive voice?

When the object of the action is in the nominative case and is the subject to the verb, then the verb is said to be in the passive voice, and may be called a passive verb.

Ex: rájyam rájávinál pálikkappeṭunnu (= the kingdom is governed by the king); and 'kaṭalássu tuṇi koṇṭu uṇṭákkiyatu' (=paper is made of cloth). In these, as the objects of the actions, 'rájyam' (=kingdom) and 'kaṭalássu' (=paper) are in the nominative case and stand as the subjects to the verbs 'pálikkappeṭunnu' (= is governed) and 'uṇṭákkiyatu' (=is made), those verbs are said to be used passively, and may be called passive verbs.

303. Is the auxiliary verb 'peṭuka' (=suffer) the only means of expressing a passive sense?

No, various auxiliaries are used, and sometimes though rarely even the ordinary transitive verb without an auxiliary.

Ex: pána poṭṭichchu póyi (=the pot broke, or was broken); kaṭalássu tuṇi koṇṭu uṇṭákkiyatu (=paper is made of cloth); nálám tantram labdhanášam ennu chollunnu [= the fourth tantram is called labdhanášam; or, (people) call the fourth, etc.]

ഉ-ം. 'രാജാവു രാജ്യത്തെ പാലിക്കുന്നു' എന്നതിൽ 'രാജാവു' എന്ന കൎത്താവു ആഖ്യ യായിട്ടു പ്രഥമവിഭക്തിയിൽ ഇരിക്കുന്നതുകൊണ്ടു 'പാലിക്കുന്നു' എന്ന ക്രിയ കൎത്താവിൽക്രിയ തന്നെ.

302. കൎമ്മത്തിൽക്രിയ എന്നതു എന്തു?

കൎമ്മം പ്രഥമവിഭക്തിയിൽ ഇരുന്നു ക്രിയാപദത്തിന്നു ആഖ്യയായ്വന്നാൽ അപ്പോൾ ആ ക്രിയ കൎമ്മണിപ്രയോഗത്തിൽ ഇരുന്നു കൎമ്മത്തിൽ ക്രിയയെന്നു പേർ ധരിക്കുന്നുണ്ടു.

ഉ-ം. 'രാജ്യം രാജാവിനാൽ പാലിക്കപ്പെടുന്നു,' 'കടലാസ്സു തുണികൊണ്ടുണ്ടാക്കിയതു', എന്നിവററിൽ 'രാജ്യം', 'കടലാസ്സു' എന്ന കൎമ്മങ്ങൾ പ്രഥമവിഭക്തികളിൽ ആഖ്യകളായി നില്ക്കുന്നതുകൊണ്ടു 'പാലിക്കപ്പെടുന്നു' 'ഉണ്ടാക്കിയതു' എന്ന ക്രിയകൾ കൎമ്മത്തിൽ ക്രിയകൾ തന്നെ.

303. കൎമ്മണിപ്രയോഗത്തിന്നു തുണ നില്ക്കുന്നതു എപ്പോഴും 'പെടുക' എന്ന സഹായക്രിയ തന്നെയൊ?

'പെടുക' എന്ന സഹായക്രിയ മാത്രം അല്ല അതിന്നു വെവ്വെറെ സഹായക്രിയകൾ ഉണ്ടാകുന്നതും, ദുൎല്ലഭമായ സഹായക്രിയ കൂടാതെ ഉള്ള സകൎമ്മകക്രിയ തനിയായ് നില്ക്കുന്നതും ആം.

ഉ-ം. 'പാന പൊട്ടിച്ചുപോയി;' കടലാസ്സു തുണികൊണ്ടുണ്ടാക്കിയതു; നാലാം തന്ത്രം ലബ്ധനാശം എന്നു ചൊല്ലുന്നു.

## USES OF THE INDECLINABLES.

304. What are the uses of the particle 'é'?

The particle 'é' is used to indicate 1. place, 2. completeness or intensity, and 3. limit, also 4. for questions, and 5. to enable nouns to qualify verbs.

Ex: 1. (Place.) 'paṭiññāṟe' (=in the west); 'ákáśamárggame' chennu (=he went through the skies, or by way of the sky); ninnuṭe 'vazhiyo' vannu [=he came after you (lit. in your path)].

2. (Completeness or Intensity.) kannukiṭákkaḷe 'kúṭṭamé' maṭakki (=he turned back all the cattle together); 'árumé' káṇáte (=seeing none); paṇṭoru 'náḷume' kaṇṭaṟiyá (=I never knew of such things in all my life).

3. (Limit.) 'raṇṭé' uḷḷu (=I have only two); 'nammuṭe' 'pápame' káraṇam (=our sin alone is the cause); 'enkilé' nallu (=if you indeed say so, it is well); 'vekkaye' vénṭu (=*putting it down* is necessary, you cannot but put it down).

4. (Question.) ní 'allé' paṟaññatu? (=it was thou, was it not, that said so?)

5. (To enable nouns to qualify verbs.) 'nanné' pukazhtti (=he praised him well); 'sukhamé' kaṭannu (=he crossed happily); ('nannu' and 'sukham' are properly nouns meaning 'benefit' or 'good', and 'happiness').

## അവ്യയപ്രയോഗം.

304\. 'ഏ' അവ്യയത്തിന്റെ പ്രയോഗം എങ്ങിനെ?

'ഏ' അവ്യയത്തിന്നു, 1. സ്ഥലം, 2. പൂൎണ്ണത്വം, 3. മാത്രം, 4. ചോദ്യം, എന്നിവററിന്നും, 5. നാമങ്ങൾ ക്രിയകളെ വിശേഷിക്കും വണ്ണം ശക്തിപ്പെടുത്തുവാൻ എന്നീ അഞ്ചു പ്രയോഗങ്ങൾ പ്രധാനം.

1\. ഉ-ം. (സ്ഥലം.) 'പടിഞ്ഞാറെ'; 'ആകാശമാൎഗ്ഗമെ' ചെന്നു; നിന്നട 'വഴിയെ' വന്നു;

2\. (പൂൎണ്ണത്വം.) കന്നുകിടാക്കളെ 'കൂട്ടമെ' മടക്കി; 'ആരുമെ' കാണാതെ; പണ്ടൊരു 'നാളുമെ' കണ്ടറിയാ;

3\. (മാത്രം.) 'രണ്ടേ'ഉള്ളൂ; നമ്മുടെ 'പാപമെ' കാരണം; 'എങ്കിലെ' നല്ലൂ; 'വെക്കയെ' വേണ്ടൂ;

4\. (ചോദ്യം.) നീ 'അല്ലെ പറഞ്ഞതു?

5\. (വിശേഷണീകരണം.) 'നന്നേ' പുകഴ്ത്തി; 'സുഖമേ' കടന്നു.

305. Which is the interrogative particle?

The letter 'o'; this is used 1. for alternative questions, 2. as a distributive, 3. to give a noun pre-eminence in the sentence, 4. to indicate doubt, 5. to shew indefiniteness, and 6. for antithesis of cause and consequence, 7. joined to a negative, it is used to express a strong affirmative.

Ex: 1. (Alternative questions.) 'bhakti koṇṭó' 'karmmam koṇṭó' salgati varú? (=will salvation come by faith or by works?)

2. (As a distributive.) 'appózhó' sukham ér̥um 'ippózhó' sukham ér̥um? (=will happiness be greater then or now?)

3. (To give a noun pre-eminence in the sentence.) 'avaḷ cheytató' ellárum kaṇṭu (=as for what she did, all saw it); 'nidrayó' ńanngaḷkku násti (=as for sleep, we have none).

4. (Doubt.) avan 'varumó'? [=will he come? (implying that I am not sure that he will)].

5. (Indefiniteness.) inicheykayillennu 'etrayó' prárthichchu (=he begged and prayed him ever so much saying that he would not do it again).

6. (Antithesis of cause and consequence.) nám kúṭé 'chelláykiló' káryyam tírá (=if we do not accompany you, then indeed the matter will not be settled); práṇané 'tyajikkiló' mukti varum (=if we abandon life, then indeed salvation may be attained).

7. (With a negative, strong affirmation.) ní 'kaṇṭatalló'! (=did you not see it!)

305. ചോദ്യാവ്യയം ഏതു?

ചോദ്യാവ്യയം 'ഒ' കാരംതന്നെ; ഇതു, 1. ഇരട്ടിച്ചോദ്യത്തിന്നും, 2. ഇരട്ടിവാക്യത്തിന്നും, 3. ഒരു നാമത്തെ വാക്യത്തലയാക്കുന്നതിന്നും, 4. സംശയഭാവത്തിന്നും, 5. അസീമതെക്കും, 6. വാക്യങ്ങളുടെ പ്രതികൂലതക്കും, 7. നിഷേധത്തോടുകൂടെ അനുസരണത്തിന്റെ നിശ്ചയത്തിന്നും കൊള്ളാം.

1. (ഇരട്ടിച്ചോദ്യം.) 'ഭക്തികൊണ്ടൊ' കൎമ്മം'കൊണ്ടൊ' സൽഗതിവരു?

2. (ഇരട്ടിവാക്യം.) 'അപ്പൊഴൊ' സുഖം ഏറു 'ഇപ്പോഴൊ' സുഖം ഏറും?

3. (ഒരു നാമത്തെ വാക്യത്തലയാക്കുക.) 'അവൽ ചെയ്യുതൊ' എല്ലാരും കണ്ടു; 'നിദ്രയൊ' ഞങ്ങൾക്കു നാസ്തി;

4. (സംശയഭാവം.) അവൻ 'വരുമൊ';

5. (അസീമത.) ഇനി ചെയ്യുയില്ലെന്നു 'എത്രയൊ' പ്രാൎത്ഥിച്ചു;

6. (വാക്യങ്ങളുടെ പ്രതികൂലത.) നാം കൂടെ 'ചെല്ലാഞ്ഞിലൊ' കാൎയ്യം തീരാ; പ്രാണനെ 'ത്യജിക്കിലൊ' മുക്തിവരും;

7. (നിഷേധത്തോടുനിശ്ചയം.) നീ 'കണ്ടുതല്ലൊ'!

306. What are the uses of the particle 'um'?

It is used to indicate, 1. totality, 2. alternative expressions, 3. concession, etc.

Ex: 1. (Totality.) 'raṇṭu kaṇṇum' póyi (=both my eyes are gone); itranáḷum [=so many days (as this)]. *

2. (Alternatives.) kolkilum ám kolláykilum ám (=he may either kill or not kill).

3. (Concession.) 'enniṭṭum' avan anusarichchiṭṭilla [=even then (lit. even this being said. i. e. being the fact) he did not obey]. (This concessive 'um' is exemplified in every concessive verb.)

307. How is 'um' used with the interrogative-pronominal-nouns?

If 'um' be added, the interrogative nouns acquire an indefinitely-universal force.

Ex: évanum (=whosoever, any one); évarum (=whosoever, every one); ennum (=what day soever, whensoever, for ever) etc.

## MEANS OF CONJUNCTION.

308. What are the other uses of the particle 'um'?

'Um' is also used to connect the members of sentences, and to connect sentences.

---

* N. B. This 'um' must always be used after a numeral or indefinite numeral, or noun of quantity, unless it is implied that only part, not the whole, is mentioned. Thus: 'raṇṭu kaṇṇu' would imply that there were more than the two eyes mentioned.

306. 'ഉം' അവ്യയത്തിന്റെ പ്രയോഗം എങ്ങിനെ?

'ഉം' അവ്യയം, 1. സംഖ്യാപൂൎണ്ണത, 2. ഇരട്ടിവാചകം, 3. അനുവാദകാൎത്ഥം മുതലായ പ്രയോഗങ്ങൾക്ക കൊള്ളാം.

1. ഉ-ം. (സംഖ്യാപൂൎണ്ണത.) 'രണ്ടുകണ്ണും' പോയി; ഇത്രനാളും;

2. (ഇരിട്ടിവാചകം.) 'കൊല്ലിലും' ആം 'കൊല്ലാകിലും' ആം;

3. (അനുവാദകാൎത്ഥം.) 'എന്നിട്ടും' അവൻ അനുസരിച്ചിട്ടില്ല. (അനുവാദകാൎത്ഥക 'ഇ,' 'ഉം' അവ്യയം സകല അനുവാദകക്രിയകളിലും കാണും).

307. 'ഉം' അവ്യയം ചോദ്യപ്രതിസംജ്ഞകളോടു ചേൎന്നാൽ അതിന്റെ പ്രയോഗം എങ്ങിനെ?

'ഉം' അവ്യയം ചോദ്യപ്രതിസംജ്ഞകളോടു ചേൎന്നാൽ അവ സൎവ്വാൎത്ഥമായി തീരും.

ഉ-ം. ഏവനും; ഏവരും; എന്നും മുതലായവ.

## ചേൎപ്പാനുള്ള സാധനങ്ങൾ.

308. 'ഉം' അവ്യയത്തിന്നു വേറെ പ്രയോഗങ്ങൾ ഉണ്ടോ?

'ഉം' അവ്യയം, വാക്യപ്പങ്ക്തികളെയും, പലവാക്യങ്ങളെയും തമ്മിൽ തമ്മിൽ കൂട്ടിച്ചേൎപ്പാൻ കൊള്ളാം.

I. (To connect the members of sentences.)

Ex: 1. (Subjects.) achchan'um' amma'yum' vannu.

2. (Predicates.) itu cholka'yum' kéḷkka'yum' cheytu (=this was said and heard).

3. (Objects.) aṭiyár kuṭiyáré'yum' varutti (=he assembled the slaves and the freemen).

II. (To connect sentences.) inngum daṇḍam illa ennu avar paṟaññáṟé aṭiyan yátra'yum' vazhanngi [=after (lit. by the way of) their saying: 'here also there is no distress I (lit. your slave) obtained leave to depart'].

309. What other means of conjunction besides 'um' are there for joining sentences?

Sentences and sub-sentences are connected chiefly by the use of verbal forms which relate to both sentences.

310. What are the chief of these means of conjunction?

I. The adnounal participle of any verb may not only form the predicate to the nominative which governs it, but will serve also to connect the sub-sentence thus formed with the sentence of which the completion of the adnounal participle forms a part.

Ex: anujan cholliya vákkatu kéṭṭu (= he heard the word which his younger brother said); avan bhakshikkumpóḷ nášam

I. ഉ-ം. വാക്യപ്പങ്കുകളെ ചേൎക്കുക.

1. (ആഖ്യകൾ.) അച്ചനും അംബയും വന്നു.

2. (ആഖ്യാതങ്ങൾ.) ഇതു ചൊൽക'യും' കെൾക്ക'യും' ചെയ്യു.

3. (കൎമ്മങ്ങൾ.) അടിയാർ കുടിയാരെ'യും' വരുത്തി.

II. (പലവാക്യങ്ങളെ ചേൎക്കുക.) ഇങ്ങും ഭണ്ഡം ഇല്ല എന്നു അവർ പറഞ്ഞാറെ അടിയൻ യാത്ര'യും' വഴങ്ങി.

309. വാക്യങ്ങളെ ചേൎക്കേണ്ടതിന്നു 'ഉം' കൂടാതെ മറെറു ചേൎപ്പാനുള്ള സാധനങ്ങൾ ഉണ്ടോ?

രണ്ടു വാക്യങ്ങളെയും ഉപവാക്യങ്ങളെയും ചേൎക്കുന്നതിന്നായിട്ടു ആ വാക്യങ്ങൾക്കു രണ്ടിന്നും പറ്റുന്ന ഒരു ക്രിയയെ ഉപയോഗിക്കാം.

310. ചേൎപ്പാനുള്ള സാധനങ്ങളിൽ പ്രധാനസാധനങ്ങൾ ഏവ?

I. യാതൊരു ശബ്ദന്യൂനങ്ങളും അവററെ ഭരിക്കുന്ന പ്രഥമക്കു ആഖ്യാതമായി നില്ക്കുന്നതു കൂടാതെ, ഇവ രണ്ടിന്നാലും ഉണ്ടായിട്ടുള്ള ഉപവാക്യത്തെ പ്രധാനവാക്യത്തോടു ചേൎക്കുകയും ചെയ്യുന്നു.

ഉ-ം. അനുജൻ 'ചൊല്ലിയ' 'വാക്കു' കേട്ടു; അവൻ 'ഭക്ഷിക്കും,

vannu (= destruction came at the time when he was eating); in these, the sub-sentences 'anujan cholliya' (= which the younger brother said), and 'avan bhakshikkum' (= when he was eating) are connected with the sentences 'vákkatu keṭṭu' (= he heard the word) and 'pól násam vannu' (= destruction came at the time) by the connecting force residing in the adverbial participial form. *

II. 1. The adverbial participles, 2. the infinitive, 3. the subjunctive, 4. the concessive, and 5. the oblique cases of the verbal and participial nouns have a similar connecting force. Any of the examples given before, of sub-sentences will form examples of this, but the following ones may be given here.

Ex: 1. aṇiyalam keṭṭiyé (deivamávu) [= only after the ornaments are put on, will (the idol) become a god]. kízhóṭṭu póruván (étum paṇiyilla)].

---

* 'Pól' (= time) is a noun in the 'ásrita prathama' (= dependent nominative) used for the locative 'pózhil' (= at the time) and forming an adjunct to the following verb. The sub-sentence prefixed to 'pól' is always a sub-adjunct. So also the participial sub-sentences prefixed to the dependent nominative 'néram' (= time), 'prakáram' (= manner), 'vaṇṇam' (= measure, mode), 'áṟu' (= way), 'sésham' (= afterwards) etc. are sub-adjuncts. These dependent nominative have *'at the' 'in the'* etc. understood before them, as may be required.

പൊാൾ നാശം വന്നു.

ഇവററിൽ, 'അവൻ ചൊല്ലിയ,' 'അവൻ ഭക്ഷിക്കും' എന്ന ഉപവാക്യങ്ങൾ, 'വാക്കു കെട്ടു,' 'പോൾ നാശംവന്നു' എന്ന വാക്യങ്ങളോടു ശബ്ദ്യന്യൂനത്തിൻെറ ചേൎപ്പാനുള്ള ശക്തികൊണ്ടു ചേൎക്കപ്പെടുന്നു. *

II. 1. ക്രിയാന്യൂനം 2. ഭാവരൂപം 3. സംഭാവന, 4. അനുവാദകം, 5. ക്രിയാനാമങ്ങളുടെയും ക്രിയാപുരുഷനാമങ്ങളുടെയും വളവിഭക്തികൾ ഇവററിന്നും കൂടെ ചേൎപ്പാനുള്ള ശക്തി ഉണ്ടു. ഉപവാക്യങ്ങൾക്കായി മുമ്പിൽ പറഞ്ഞ ദൃഷ്ടാന്തങ്ങൾ എല്ലാം ഇവററിന്നും പാററും; എന്നാലും താഴെ ചില ദൃഷ്ടാന്തങ്ങളും കൂടെ പറയാം.

1. ഉ-ം. 'അണിയലം കെട്ടിയെ' (ദൈവം ആവു); 'കീഴോട്ടു പോരുവാൻ' (ഏതും പണിയില്ല);

---

* 'പോൾ' (=നേരം) എന്ന നാമം 'പൊഴിൽ' എന്ന സപ്തമിക്കു പകരം ആശ്രിതപ്രഥമയിൽനില്ക്കുകയും, പരംവരുന്ന ക്രിയക്കു വിശേഷണമായി തീരുകയും ചെയ്യുന്നു. 'പോൾ' എന്നതിൻെറ പൂൎവ്വത്തിൽ നില്ക്കുന്ന ഉപവാക്യം എപ്പൊഴും ഉപവിശേഷണം തന്നെ. അപ്രകാരം തന്നെ 'പ്രകാരം' 'വണ്ണം', 'ആറു', 'ശേഷം' മുതലായ ആശ്രിതപ്രഥമകളുടെ പൂൎവ്വത്തിൽ നില്ക്കുന്ന ശബ്ദ്യന്യൂനോപവാക്യങ്ങളും ഉപവിശേഷണങ്ങൾ തന്നെ.

2. púrṇṇateḷivu enṟé paṟṟil irikke (avannáy vidhippán páṭuḷḷatal la).

3. gurunáthan aruḷcheytál (etirvákku paṟakolla) (= if your teacher favours you with instruction, do not contradict).

4. kshíram koṇṭu nanachchu vaḷarttálum (véppinṟé keippu śamichchíṭumó?) (= even though you water it with milk, will the bitterness of the margosa be abated?)

5. avar paṟakayál (sammatamáyi) [= from their (lit. they) speaking acquiescence ensued]; atiné jayichchatinṟé śésham maṭanngi póyi (= after he had conquered it, he returned).

III. The verbal forms 'enna' [= which (he etc.) said, which was said], 'ennu' (= saying, having said) 'enkil' [= if (you etc.) say], 'enkilum' [= though (you etc.) say], 'koṇṭu' (= having taken viz: as a reason or motive), 'alláté' (= not being, i. e. besides), 'kúṭáté' (= not adding) and others are also used to connect expressions and relate to both sentences.

Ex: 'ní varum' (enna vákku kéṭṭu) (= I heard the news which *people* said "you will come"); here 'enna' (= which *people* said) has 'ní varum' (= you will come) as its object while it is an adjunct to 'vákku' (= word) in the principal sentence, and thus relates to and connects both sentences.

So in ellárum paṟaka 'koṇṭu', konnatu cheṭṭi tanné 'ennŭ' niśchayichchu [= as all said this, he concluded that the merchant was the murderer (lit. taking into consideration the saying this (by) all, he concluded saying, etc.)] Here 'koṇṭu' has preceding sentence as its object, while it is completed by the verb 'niśchayichchu' in the following sentence, and depends on the subject of that verb. So with 'ennŭ'.

2. 'പൂൎണ്ണതെളിവു എന്റെ പററിൽ ഇരിക്കെ' (അവനായ് വിധിപ്പാൻ പാടുള്ളതല്ല);

3. 'ഗുരുനാഥൻ അരുൾചെയ്യാൽ' (എതുവാക്കു പറകൊല്ല);

4. 'ക്ഷീരം കൊണ്ടു നനച്ചു വളൎത്താലും' (വേപ്പിന്റെ കൈപ്പു ശമിച്ചീടുമൊ);

5. 'അവൻ പറകയാൽ' (സമ്മതം ആയി;) 'അതിനെ ജയിച്ചതിന്റെ ശേഷം' (മടങ്ങിപ്പോയി).

III. 'എന്ന,' 'എന്നു', 'എങ്കിൽ,' 'എങ്കിലും,' 'കൊണ്ടു,' 'അല്ലാതെ,' 'കൂടാതെ' എന്നും മററും പല ക്രിയാരൂപങ്ങളും മുൻവാക്യത്തിന്നും പിൻവാക്യത്തിന്നും പററുകയാൽ ഇവററെ പ്രയോഗിക്കുന്നതു കൊണ്ടും വാക്യങ്ങൾചേരും.

ഉ-ം. നീവരും 'എന്ന'വാക്കുകേട്ടു.
ഇതിൽ 'വാക്കു' എന്നതിന്റെ വിശേഷണമായ 'എന്ന' എന്നതിന്നു 'നീവരും' എന്നുള്ള അധീനവാക്യം കൎമ്മം തന്നെ. ആയതു കൊണ്ടു 'എന്നു' എന്നതു രണ്ടു വാക്യത്തിന്നും പററുകയും അവകളെ ചേൎക്കയും ചെയ്യും.

ഉ-ം. എല്ലാവരും പറക'കൊണ്ടു' കൊന്നതു ചെട്ടി തന്നെ 'എന്നു' നിശ്ചയിച്ചു എന്നതിൽ 'കൊണ്ടു' എന്നതിന്റെ കൎമ്മം മുൻപറഞ്ഞ വാക്യം തന്നെ. എന്നാൽ 'കൊണ്ടു' എന്ന ക്രിയ നിശ്ചയിച്ചു എന്ന ക്രിയയാൽ പൂൎണ്ണമാകകയും അതിന്റെ ആഖ്യയെ ആശ്രയിക്കുകയും ചെയ്യുന്നു.

IV. Various nouns and verbs are used to connect independent sentences.

Such are 'pinne' [=(*at*) an after period, afterwards]; 'káraṇam' (=cause); 'atu nimittam' [= that (*being*) the reason]; 'atu káraṇam' [=that (*being*) the cause]; 'atu koṇṭu' [=taking this (*into consideration*)]; 'ennatu koṇṭu' [=taking (*into consideration*) what is said above] etc. All these though standing as adjuncts to a following verb shew a reference to some previous sentence.*

---

* N. B. This part of Syntax can be only very briefly touched upon in this smaller Grammar.

THE END.

**IV. സ്വാധീനവാക്യങ്ങളെ ചേൎക്കുന്നതിന്നു അനേക നാമങ്ങളും ക്രിയകളും കൂടെ എടുക്കാം.**

ഉ-ം. 'പിന്നെ,' 'കാരണം,' 'അതുനിമിത്തം,' 'അതുകാരണം', 'അതുകൊണ്ടു,' 'എന്നതുകൊണ്ടു,' മുതലായവ;

ഇവയെല്ലാം പരംവരുന്ന ക്രിയകൾക്കു വിശേഷണമായിരുന്നാലും പൂൎവ്വത്തിൽ പറഞ്ഞ വാക്യത്തിന്നും സംബന്ധം ഉണ്ടെന്നും കാണിക്കും. *

---

* വാക്യച്ഛേച്ഛ് ഇവിടെ എത്രയും ചുരുക്കിപ്പറവാൻ മാത്രമെ പാടുള്ളൂ.

**സമാപ്തം.**

Agrajan chonnán appóḷ "bhúmipálanmár óṭṭum sugrahanmáralláavarkk'enngine paksham ennum ágraham ent'ennatum árambhament'ennatum vyagram-enniye párttu bódhippán eḷut'alla". Sódaran chonnán appóḷ "anngunnu paṛańńatum ádarikk'éṇṭum-paramárttham enn'irikkilum vankaṭal-kare chennu nilkkum-póḷ šiva! šiva! sankaṭam atil iṛanngiṭuván ennu tónnum".

---

| | |
|---|---|
| agrajan (=elder brother). | NOUN, masculine gender, singular number, 3rd person, nominative case, subject to the verb 'chonnán'. |
| chonnán (=said). | VERB, weak, transitive, affirmative, finite verb, past tense, of the 'tu' conjugation, predicate of the subject 'agrajan' (agreeing with it in gender and number) having for its object the sentence beginning with 'bhúmipálanmár' and ending with 'eḷutalla'. |
| appóḷ (= *at* that time) | Compound NOUN, dependent nominative, (shewing time), depending upon the verb 'chonnán'. |
| bhúmipálanmár (=the rulers of the earth) | NOUN, mas. gen., plu. num., 3rd pers., nom. case, subject to the verb 'alla'. |
| oṭṭŭ (= *in* the least) | NOUN, dependent nominative depending on the verb 'alla' and shewing quantity. |
| um - - - - - - - | Pure INDECLINABLE (used to express totality). |

## പൂൎണ്ണവ്യാകരിപ്പു രീതി.

അഗ്രജൻ ചൊന്നാനപ്പോൾ "ഭൂമിപാലന്മാരൊട്ടും സുഗ്രഹന്മാരല്ലവൎക്കിങ്ങിനെ പക്ഷമെന്നും ആഗ്രഹമെന്തെന്നതും ആരംഭമെന്തെന്നതും വ്യഗ്രമെന്നിയെ പാൎത്തു ബോധിപ്പാൻ എളുതല്ല". സോദരൻ ചൊന്നാനപ്പോൾ "അങ്ങുന്നു പറഞ്ഞതും ആദരിക്കേണ്ടും പരമാൎത്ഥം എന്നിരിക്കിലും വങ്കടൽകരെ ചെന്നു നില്ക്കുമ്പോൾ ശിവശിവ സങ്കടം അതിൽ ഇറങ്ങീടുവാൻ എന്നു തോന്നും."

---

അഗ്രജൻ. നാമം, പുല്ലിംഗം, ഏകവചനം, പ്രഥമപുരുഷൻ പ്രഥമവിഭക്തി 'ചൊന്നാൻ' എന്ന ക്രിയാഖ്യാതത്തിന്റെ ആഖ്യ.

ചൊന്നാൻ. ക്രിയ, അബലം, സകൎമ്മകം, അനുസരണം, പൂൎണ്ണം, ഭൂതകാലം, 'തു'വക, അഗ്രജൻ എന്ന ആഖ്യയുടെ ആഖ്യാതം (ലിംഗവചനങ്ങളാൽ പൊരുത്തം.) 'ഭൂമിപാലന്മാർ' മുതൽ 'എളുതല്ല' എന്നതു വരെ കൎമ്മം.

അപ്പോൾ. സമാസിതനാമം, ആശ്രിതപ്രഥമ, കാലപ്രയോഗം, 'ചൊന്നാൻ' എന്ന ക്രിയയെ ആശ്രയിച്ച വിശേഷണം.

ഭൂമിപാലന്മാർ. നാമം, പു:, ബ: വ:, പ്ര: പു:, പ്ര: വി:, 'സുഗ്രഹന്മാർ' എന്ന ആഖ്യാതത്തിന്റെ ആഖ്യ.

ഒട്ടും. നാമം, ആശ്രിതപ്രഥമ, പ്രമാണപ്രയോഗം, 'അല്ല' എന്ന ക്രിയയുടെ വിശേഷണം.

ഉം. അവ്യയം (സംഖ്യാപൂൎണ്ണതപ്രയോഗം.)

| | |
|---|---|
| sugrahanmár (=persons easy to deal with) | NOUN, mas. gen., plu. num., 3rd pers., nom. case, predicate of the subject 'bhúmipálanmár'. |
| alla (=are not) | VERB, defective (root 'al') weak, intrans., negative, finite verb, future tense, copula uniting the subject 'bhúmipálanmár' and the predicate 'sugrahanmár'. |
| avarkku (=to them) | NOUN, demonstrative pronominal, mas. gen., plu. num., 3rd pers., dative (shewing possession), of the 'ku' declension, adjunct of the predicate 'uṇṭákum' understood. |
| ennginé (=in what way) | NOUN, interrogative pronominal, (an old locative form with 'é' attached, shewing manner) adjunct to the predicate 'uṇṭákum' understood. |
| paksham (=inclination) | NOUN, neut. gen., sing. num., 3rd pers., nom. case, subject to the predicate 'uṇṭákum' understood. |
| ennu (=saying) | VERB, defective (root 'en') weak, trans., affirmative, infinitive verb, past adverbial participle of the 'tu' conjugation completed by the verb 'bódhippán' and having for its subj. 'nám' understood, and for object, 'avarkku ennginé paksham'. |
| um (=and) | Pure INDECLINABLE, used to connect 'ennu' and 'ennatu'. |
| ágraham (=*their* wish) | NOUN, neut. gen., sing. num., 3rd pers., nom. case, subject to and agreeing with 'entu'. |

**സുഗ്രഹന്മാർ.** നാമം, പു:, ബ: വ:, പ്രഥ: പു:, പ്ര: വി:, 'ഭൂമിപാലന്മാർ' എന്ന ആഖ്യയുടെ ആഖ്യാതം.

**അല്ല.** ക്രിയ, ഊനം (അൽധാതു), അബ:, അക:, നിഷേധം, പൂൎണ്ണം, ഭാവി, 'ഭൂമിപാലന്മാർ' എന്ന ആഖ്യയേയും 'സുഗ്രഹന്മാർ' എന്ന ആഖ്യാതത്തേയും ചേൎക്കുന്ന സംബന്ധക്രിയ.

**അവൎക്കു.** നാമം, മൂന്നുപേർ, പു:, ബ: വ:, പ്രഥ: പു:, ചതുൎത്ഥി, 'ക' വക, (ഉടമപ്രയോഗം), (ഉണ്ടാകും) എന്ന അന്തൎഭവിച്ച ആഖ്യാതത്തിന്റെ വിശേഷണം.

**എങ്ങിനെ.** നാമം, ചോദ്യപ്രതിസംജ്ഞ ('എ' അവ്യയത്തോടു കൂടിയ പഴയ സപ്തമിരൂപം), പ്രകാരപ്രയോഗം, 'ഉണ്ടാകും' എന്ന അന്തൎഭവിച്ച ആഖ്യാതത്തിന്റെ വിശേഷണം.

**പക്ഷം.** നാമം, നപു:, ഏ: വ:, പ്ര: പു:, പ്ര: വി:, 'ഉണ്ടാകും' എന്ന അന്തൎഭവിച്ച ആഖ്യാതത്തിന്റെ ആഖ്യ.

**എന്നു.** ക്രിയ, ഊനം (എൻധാതു), അബലം, സക:, അനസ, അപൂൎണ്ണം, ഭൂതക്രിയാന്യൂനം, 'തു' വക 'ബോധിപ്പാൻ' എന്ന ക്രിയയാൽ പൂൎണ്ണം; (ആഖ്യ 'നാം' അന്തൎഭവിച്ചു പോയി) 'അവൎക്കു എങ്ങിനെ പക്ഷം' എന്നകൎമ്മത്തിന്റെ സകൎമ്മകക്രിയ.

**ഉം.** അവ്യയം, 'എന്നു,' 'എന്നതു' എന്നീരണ്ടുപദങ്ങളെ കൂട്ടിച്ചേൎക്കുവാൻ പ്രയോഗിച്ചതു.

**ആഗ്രഹം.** നാമം, നപു:, ഏ: വ:, പ്ര: പു:, പ്ര: വി:, 'എന്തു' എന്നതിനോടു പൊരുത്തമാകയും അതിന്നു ആഖ്യയാകയും ചെയ്യുന്നു.

| | |
|---|---|
| entŭ (=what) | NOUN, interrogative pronominal, neut. gen., sing. num., 3rd pers., nom. case, predicate to 'ágraham'. |
| ennatŭ (=that which *is* said) | VERB, defective (root 'en') weak, trans. affirmative, infinitive verb, participial noun, past tense, (of the 'tu' conjugation), neut. gen., sing. num., 3rd pers., dependent nominative, object to the trans. verb 'párttŭ' and having 'ágraham entŭ' for its own object and 'nám' understood for its subject. |
| um - - - - - - - - | As before. |
| árambham (=effort) entŭ ennatum | These are to be parsed just in the same way as 'ágraham', 'entŭ', 'ennatum'. |
| vyagram(=perplexity) | NOUN, neut. gen., sing. num., 3rd pers., nom. case, joined with the indeclinable 'enniye'. |
| enniye (=without) | An INDECLINABLE, from the Sanskrit indeclinable 'anyé', adjunct to the verb 'bódhippán'. |
| párttu (=having looked at or observed) | VERB, strong, trans., affirmative infinitive verb, adv. participle, (used to shew the connection of actions) past tense (of the 'tu' conj.), completed by 'bódhippán', and predicate of the subject 'nám' understood. |
| bódhippán (=to understand) | VERB, strong, intrans., affirmative, infinitive verb, future adv. participle, (used to express fitness etc.,) completed by the verb 'alla': subj. 'nám' understood. |

എന്തു. നാമം, ചോദ്യപ്രതിസംജ്ഞ, നപു:, ഏ: വ:, പ്ര: പു:, പ്ര: വി:, 'ആഗ്രഹം' എന്ന ആഖ്യക്കു ആഖ്യാതം.

എന്നതു. ക്രിയ, ഊനം (എൻധാതു), അബ:, സക:, അനുസ:, അപൂൎണ്ണം, ക്രിയാപുരുഷനാമം, ഭൂതം 'തു' വക, നപു:, ഏ: വ:, പ്രഥ: പു:, ആശ്രിതപ്രഥമ, ആഖ്യ 'നാം' (അന്തൎഭ:) 'പാൎത്തു' എന്ന സകൎമ്മകക്രിയയുടെ കൎമ്മം, 'ആഗ്രഹം എന്തു' എന്നുള്ളതു തിന്നു ഇ കൎമ്മമാകുന്നു.

ഉം. മുമ്പെത്തെ പ്രകാരം തന്നെ.

ആരംഭം.
എന്തു.
എന്നതും. } ഇവമൂന്നും 'ആഗ്രഹം', 'എന്തു', 'എന്നതും' എന്നവകളെപോലെ തന്നെ.

വ്യഗ്രം. നാമം, നപു:, ഏ: വ:, പ്ര: പു:, പ്ര: വി:, 'എന്നിയെ' എന്ന അവ്യയത്തോടു ചേരുന്നു.

എന്നിയെ. സംസ്കൃതാവ്യയമായ 'അന്യേ' എന്നതിൽനിന്നു ദുഷിച്ചുണ്ടായ അവ്യയം 'ബോധിപ്പാൻ' എന്ന ക്രിയയ്ക്കു വിശേഷണം.

പാൎത്തു. ക്രിയ, ബ:, സക:, അനുസ:, അപൂൎണ്ണം, ക്രിയാന്യൂനം (ക്രിയാതുടൎച്ചപ്രയോഗം), ഭൂതം, 'തു' വക: 'ബോധിപ്പാൻ' എന്നതിനാൽ പൂൎണ്ണം, 'നാം', എന്ന അന്തൎഭവിച്ച കൎത്താവിന്റെ ക്രിയ.

ബോധിപ്പാൻ. ക്രിയ, ബ:, അക:, അനുസ:, അപൂൎണ്ണം, ഭാവി, ക്രിയ, ന്യൂ: (യോഗ്യത തുടങ്ങിയ പ്രയോഗം) 'അല്ല' എന്ന ക്രിയയാൽ പൂൎണ്ണം, (ആഖ്യ 'നാം' അന്തൎഭ:).

| | |
|---|---|
| eḷutu (=an easy thing) | Derivative NOUN (old participial noun) neut. gen., sing. num., 3rd pers., nom. case, subject to the verb-predicate 'alla'. |
| alla (=is not) | VERB, defective (root 'al') weak, intrans., negative, finite verb, future tense, pred. of the subj. 'eḷutu' neut gen., sing. num., 3rd pers. |
| sódaran (=*his* brother)<br>chonnán (=said)<br>appóḷ (=*at* that time) | (These three are to be parsed in the same way as 'agrajan, chonnán, appóḷ'; only that the object of 'chonnán' here, is the sentence beginning with 'anngunnu' and ending in 'tónnum'). |
| anngunnu (=from thence; i. e. by you) | NOUN, demonstrative pronominal, mas. gen., sing. num., 2nd pers., ablative case, (used to express agent of the passive verb), adjunct to 'parańńatu'. |
| parańńatu (=what was spoken) | VERB, weak, intrans., affirmative, infinitive verb, participial noun, past tense (of the 'tu' conjugation) neut. gen., sing. num., 3rd pers., passive usage, nomin., subject to 'paramártham'. |
| ádarikka (=considering) | VERB, strong, trans., affirmative, infinitive verb, verbal noun, neut. gen., sing. num., 3rd pers., nom. case, subject of the predicate 'véṇṭum', and pred. of the subject 'nám' understood. |
| véṇṭum (=which will require) | VERB, weak intrans., affirmative, infinitive, future adnounal part., infin., pred. of the subject 'ádarikka' and completed by the noun 'paramárttham'. |

എള്ളു. തദ്ധിതനാമം, (പഴയക്രിയാപുരുഷനാമം), നപു:, ഏ: വ:, പ്രഥ: പു:, പ്ര: വി:, 'അല്ല' എന്ന ക്രിയാഖ്യാതത്തിന്റെ ആഖ്യ.

അല്ല. ക്രിയ, ഊനം (അൽധാതു), അബ:, അക:, നിഷേധം, പൂൎണ്ണം, ഭാവി, 'എള്ളു' എന്ന ആഖ്യയുടെ ആഖ്യാതം, നപു:, ഏ: വ:, പ്ര: പു:,

സോദരൻ. ചൊന്നാൻ. അപ്പോൾ. (ഇവ മൂന്നും 'അഗ്രജൻ' 'ചൊന്നാൻ' 'അപ്പോൾ' എന്നവയെ പോലെ തന്നെ. എന്നാൽ ഇവിടെ 'ചൊന്നാൻ' എന്നതിന്റെ കൎമ്മം 'അങ്ങുന്നു' മുതൽ 'തോന്നും' വരെ ആകുന്നു.)

അങ്ങുന്നു. നാമം, ചൂണ്ടുപേർ, പു., ഏ: വ:, മ: പു:, പ: വി:, (കൎമ്മത്തിൽ ക്രിയയുടെ കൎത്താവു പ്രയോഗം.) 'പറഞ്ഞു' എന്നതിന്റെ വിശേഷണം.

പറഞ്ഞു. ക്രിയ, അബ:, അക:, അനുസ:, അപൂൎണ്ണം, ക്രിയാപുരുഷനാമം, ഭൂതം, 'ു' വക; നപു:, ഏ: വ:, പ്ര: പു:, പ്ര: വി: കൎമ്മണിപ്രയോഗം പരമാൎത്ഥം എന്ന നാമാഖ്യാതത്തിന്റെ ആഖ്യ.

ആദരിക്ക. ക്രിയ, ബ:, സക:, അനുസ:, അപൂൎണ്ണക്രിയാനാമം, ഏ: വ:, പ്ര: പു:, പ്ര: വി:, 'വേണ്ടും' എന്ന ക്രിയയുടെ ആഖ്യ, 'നാം' എന്ന അന്തഃ ആഖ്യയുടെ ആഖ്യാതം.

വേണ്ടും ക്രിയ, അബ:, അക:, അനു:, അപൂ:, ഭാവിശബ്ദന്യൂനം, 'ആദരിക്ക' എന്ന ആഖ്യയുടെ അപൂൎണ്ണക്രിയാഖ്യാതം 'പരമാൎത്ഥം' എന്ന നാമത്താൽ പൂൎണ്ണം.

| | |
|---|---|
| paramárttham (=truth) | NOUN, neut. gen., sing. num., 3rd pers., nom. case, noun-predicate to 'paraṅṅatu'. |
| ennu (=having said) | VERB, completed by the verb 'irikkilum' and having for its object 'anngunnu paraṅṅatu ádarikkéṇṭum paramárttham', (the rest as before). |
| irikkilum (=though it be) | VERB, strong. intrans., affirmative, infin. verb, 2nd concessive, completion of 'ennu' (its own completion is not given above, and its subject is indefinite). |
| vankaṭalkara (=*on* the sea-shore) | Compound NOUN, neut. gen., sing. num., 3rd pers., dependent nominative (used to shew place). |
| é - - - - - - - - - | Pure INDECLINABLE, used to convert a nominative into an adjunct. |
| chennu (=having gone) | VERB, weak, intrans., affirmative, infinitive verb, past adv. participle (used to shew the connection of actions), of the 'tu' conjugation, infinitive of the subject 'nám' understood, completed by the verb 'nilkkum'. |
| nilkkum (=when we stand) | VERB, strong, intrans., affirmative, infinitive verb, future tense, adnounal participle (used to express habitual action), infinitive predicate of the subject 'nám' understood, and completed by the noun 'póḷ'. |
| póḷ (=*at* the time) | NOUN, nom. case, dependent (used to indicate time), adjunct to 'tónnum'. |
| Siva Siva (=O Siva, Siva!) | NOUN, mas. gen., sing. num., 2nd pers., vocative case (exclamatory form). |

പരമാൎത്ഥം. നാമം, നപു:, ഏ: വ:, പ്ര: പു:, പ്ര: വി:, 'പറഞ്ഞതു' എന്നതിന്നു നാമാഖ്യാതം.

എന്നു. ക്രിയ, 'ഇരിക്കിലും' എന്ന ക്രിയയാൽ പൂൎണ്ണം 'അങ്ങുന്നു പറഞ്ഞതു ആദരിക്കേണ്ടും പരമാൎത്ഥം' എന്നതു കൎമ്മം. (മറെറല്ലാം മുമ്പെത്തെപ്പോലെ തന്നെ.)

ഇരിക്കിലും. ക്രിയ, ബ:, അക:, അനു:, അപൂ:, രണ്ടാം അനുവാദകം, 'എന്നു' എന്നതിൻെറ പൂൎണ്ണം; (പൂൎണ്ണം മെൽ പറഞ്ഞതിലില്ല. ആഖ്യ അസ്പഷ്ടം.)

വങ്കടൽകര. സമാസിതനാമം, നപു:, ഏ: വ:, പ്രഥ: പു:, ആശ്രിതപ്രഥമ, സ്ഥലപ്രയോഗം.

എ. അവ്യയം, വിശേഷണീകരണപ്രയോഗം.

ചെന്നു. ക്രിയ അബ:, അക:, അനുസ:, അപൂൎണ്ണം, ഭൂതക്രിയാന്യൂനം 'തു' വക, (ക്രിയകളുടെ തുടൎച്ച പ്രയോഗം) 'നാം' എന്ന അന്തൎഭവിച്ച ആഖ്യയുടെ അപൂൎണ്ണക്രിയാഖ്യാതം, 'നില്ക്കും' എന്ന ക്രിയയാൽ പൂൎണ്ണം.

നില്ക്കും. ക്രിയ ബ:, അക:, അനുസ:, അപൂൎണ്ണം, ഭാവിശബ്ദന്യൂനം (നിത്യത പ്രയോഗം) 'നാം' എന്ന അന്തൎഭവിച്ച ആഖ്യയുടെ അപൂൎണ്ണക്രിയാഖ്യാതം 'പോൾ' എന്ന നാമത്താൽ പൂൎണ്ണം.

'പോൾ' നാമം, പ്ര: വി:, ആശ്രിതാധികരണം (കാലപ്രയോഗം), 'തോന്നും' എന്നതിന്നു വിശേഷണം.

ശിവ!<br>ശിവ! } നാമം, പു:, ഏ: വ:, മദ്ധ്യ: പു:, സംബോധന (വിളിരൂപം.)

| | |
|---|---|
| sankaṭam (=distress) | NOUN, neut. gen., sing. num., 3rd pers., nominative case, subject to the verb-predicate 'ákunnu' und. |
| atil (=into it) | NOUN, demonstrative pronominal, neut. gen., sing. num., 3rd pers., locative case (used to shew place). |
| iṟangi (=to go down) - - - - - | VERB, past adverbial participle, of the 'i' conj., completed by the verb 'íṭuván' (the rest as 'chennu'). |
| íṭuván - - - - - | Auxiliary VERB, weak, future adverbial participle (used to express that from which result accrues), completed by the verb 'ákunnu' understood (the rest as 'bódhippán'). |
| ennu (=having said) | Defective VERB, completed by the verb 'tónnum' and having for its object 'sankaṭam atil iṟangíṭuván', (the rest as before). |
| tónnum (=it will or habitually does appear) | VERB, weak, intrans., affirmative, finite verb, 1st future tense, (used to express habitual action), indefinite subject, neut. gen., sing. num., 3rd pers. |

Translation: *His* elder brother then said "Kings are not at all easy persons to deal with; to observe and understand without perplexity, what their intentions *are*, and what their wishes *are*, and *to* what their efforts *tend*, is not easy. *His* brother then said "Though what you have said is truth requiring to be considered, *still* when one goes and stands on the sea-shore, Siva, Siva! *at first* it seems very uncomfortable to go into it *but afterwards*" etc.

സങ്കടം. നാമം, നപു:, ഏ: വ:, പ്രഥ: പു:, പ്ര: വി, : 'ആകുന്നു' എന്നന്തർഭവിച്ച ക്രിയാഖ്യാതത്തിന്റെ ആഖ്യ.

അതിൽ. നാമം, ചൂണ്ടുപേർ, നപു:, ഏ: വ:, പ്ര: പു:, സപ്തമിയിൽ സ്ഥലപ്രയോഗം.

ഇറങ്ങി. ക്രിയ, ഭൂതക്രിയാന്യൂനം 'ഇ' വക, ഈടുവാൻ എന്ന ക്രിയയാൽ പൂർണ്ണം. (മറ്റെതു 'ചെന്നു' എന്നതിനെ പോലെ)

ഈടുവാൻ. സഹായക്രിയ, അബലം, ഭാവിക്രിയാന്യൂനം (ഫല പ്രയോഗം) 'ആകുന്നു' എന്നന്തർഭവിച്ചതു അതിന്റെ പൂർണ്ണം, (മറ്റെല്ലാം 'ബോധിപ്പാൻ' എന്നതു പോലെ.)

എന്നു. ഊനക്രിയ, 'തോന്നും' എന്ന ക്രിയയാൽ പൂർണ്ണം 'സങ്കടം അതിൽ ഇറങ്ങീടുവാൻ' എന്നതു അതിന്റെ കർമ്മം. (മറ്റെല്ലാം മുമ്പേത്തെ പോലെ തന്നെ.)

തോന്നും. ക്രിയ, അബ:, അക:, അനുസരണം, പൂർണ്ണം, ഒന്നാം ഭാവി (നിത്യതപ്രയോഗം.) ആഖ്യ അസ്പഷ്ടം, നപു:, ഏ: വ:, പ്ര: പു:

# MODEL OF THE ANALYSIS

I'kollam varé anyáyappeṭṭa nilanngaḷ keivašam tanikku véṟe pravrutti uṇṭáya nimittam anantaravanáya étán nilam véṟe kuṭiyánmár naṭakkunnatil Ráman, Koṭṭan, maṟṟum anyáyakkáran adhikamáyum bódhippichchirikkunnu.

| Sentences | Kinds of sentence | Subjects |
|---|---|---|
| (a.) I'kollam varé anyáyappeṭṭa nilanngaḷ keivašam uṇṭáyirunna | Sub-sentence, sub-adjunct to the word 'káraṇavan' in (b.) | nilanngaḷ |
| (b.) káraṇavan Ampúṭṭi marichchatinṟe | Sub-sentence, sub-adjunct to the word 'šésham' in (c.) and principal sentence to (a.) | Ampúṭṭi |
| (c.) šésham tanikku véṟe pravrutti uṇṭáya | Sub-sentence, sub-adjunct to the word 'nimittam' in (e.) | pravrutti |
| (d.) 1. anantaravanáya 2. onnám | Sub-sentences, sub-adjuncts to the word 'pratiye' in (e.) | 'prati' understood from 'pratiye' in (e.) |

OF SENTENCES. (PROSE.)

uṇṭáyirunna kárаṇavan Ambúṭṭi marichchatinṟe šésham onnám pratiyékkoṇṭu nilam naṭattichchu vannu ennum itil Ampu ivarékkoṇṭu ozhippichchu vánngiyirikkunnu ennum

| Adjuncts of subject | Predicates | Adjuncts of the predicate | Objects | Adjuncts of the object |
|---|---|---|---|---|
| anyáya-ppeṭṭa | uṇṭáyirunna | íkollam varé keivašam | | |
| káraṇa-van | marichchatinṟe | | | |
| véṟe | uṇṭáya | 1. šésham<br>2. tanikku | | |
| | 1. anantarava-náya<br>2. onnám | | | |

വാക്യപരിച്ഛേ

ഈ കൊല്ലം വരെ അന്യായപ്പെട്ട നിലങ്ങൾ
ച്ചതിൻെറ ശേഷം തനിക്കു വേറെ പ്രവൃത്തി ഉണ്ടാ
ണ്ടു നിലം നടത്തിച്ചുവന്നു എന്നും, ഇതിൽ ഏതാൻ
ട്ടൻ, അമ്പു ഇവരെക്കൊണ്ടു ഒഴിപ്പിച്ചുവാങ്ങിയിരി
ബോധിപ്പിച്ചിരിക്കുന്നു.

| വാക്യങ്ങൾ. | വാക്യഭേദങ്ങൾ. | ആഖ്യകൾ. |
|---|---|---|
| (a.) ഈ കൊല്ലം വരെ അന്യായപ്പെട്ട നിലങ്ങൾ കൈവശം ഉണ്ടായിരുന്ന | ഉപവാക്യം. (b.) ഇൽ 'കാരണവൻ' എന്നതിന്നു ഉപവിശേഷണം | നിലങ്ങൾ |
| (b.) കാരണവൻ അമ്പൂട്ടി മരിച്ചതിൻെറ | ഉപവാക്യം. (c.) എന്നതിൽ 'ശേഷം' എന്നതിന്നു ഉപവിശേഷണം; (a.) എന്നതിന്നു പ്രധാനം | അമ്പൂട്ടി |
| (c.) ശേഷം തനിക്കു വേറെ പ്രവൃത്തി ഉണ്ടായ | ഉപവാക്യം. (e.) എന്നതിൽ 'നിമിത്തം' എന്നതിന്നു ഉപവിശേഷണം | പ്രവൃത്തി |
| (d.) 1. അനന്തരവനായ<br>2. ഒന്നാം | ഉപവാക്യങ്ങൾ. (e.) എന്നതിൽ 'പ്രതിയെ' എന്നതിന്നു ഉപവിശേഷണങ്ങൾ | 'പ്രതിയെ, എന്നതിൽ അടങ്ങിയ പ്രതി |

ദ ന രീ തി (ഗദ്യം.)

കൈവശം ഉണ്ടായിരുന്ന കാരണവൻ അമ്പൂട്ടി മരിയനിമിത്തം അനന്തരവനായ ഒന്നാം പ്രതിയെ കൊന്നിലം വേറെ കുടിയാന്മാർ നടക്കുന്നതിൽ, രാമൻ, കൊക്കുന്നു എന്നും, മററും അന്യായക്കാരൻ അധികമായും

| ആഖ്യാവിശേഷണങ്ങൾ. | ആഖ്യാതങ്ങൾ. | ആഖ്യാതവിശേഷണങ്ങൾ. | കർമ്മങ്ങൾ. | കർമ്മവിശേഷണങ്ങൾ. |
|---|---|---|---|---|
| അന്യായപ്പെട്ട | ഉണ്ടായിരു [ന്ന | ഈ കൊല്ലം വ രെ കൈവശം | | |
| കാരണവൻ | മരിച്ചതി [ന്റെ | | | |
| വേറെ | ഉണ്ടായ | 1. ശേഷം 2. തനിക്ക | | |
| | 1 അനന്തരവനായ 2 ഒന്നാം | | | |

| Sentences | Kinds of sentence | Subjects |
|---|---|---|
| (e.) nimittam pratiye koṇṭu nilam naṭattichchu vannu | Declaratory dependent sentence, object of 'ennu' in (i.) and principal sentence to (c.) and (d.) | tán (understood) |
| (f.) itil étán nilam vére kuṭiyánmár naṭakkunnatil | Sub-sentence, adjunct of the object in (g.), its principal sentence | kuṭiyánmár |
| (g.) Ráman, Koṭṭan, Ampu ivarékkoṇṭu ozhippichchu vánngiyirikkunnu | Declaratory dependent sentence, object of the word 'ennu' in (i.) and principal sentence to (f.) | tán (understood) |
| (h.) adhikamáy | Sub-sentence, adjunct to the predicate of (i.) | indefinite |

| Adjuncts of subject | Predicates | Adjuncts of the Predicate | Objects | Adjuncts of the object |
|---|---|---|---|---|
| | 1.konṭu, 2.naṭa-ttichchu, vannu (these three together form a compound predicate) | nimittam | 1. pratiye, 2. nilam | (d.) |
| véṛe | naṭakkunnatil | | nilam | itil étán |
| | 1.konṭu, 2.ozhi-ppichchu, vá-nngiyirikku-nnu, (compound) | | Ráman, Koṭṭan Ampu (these three joined together by 'ivare') are objects to 'konṭu': 'nilam' understood is object to the other predicates | (f.), itil, etán |
| | adhikamáy | um | | |

| വാക്യങ്ങൾ. | വാക്യഭേദങ്ങൾ. | ആഖ്യകൾ. |
| --- | --- | --- |
| (e.) നിമിത്തം പ്രതിയെകൊണ്ടു നിലം നടത്തിച്ചുവന്നു | സൂചിതോപവാക്യം (i.) എന്നതിൽ 'എന്നു' എന്നതിന്റെ കൎമ്മം; (c.) (d.) എന്നവററിന്നു പ്രധാനം | താൻ (അന്തഃ:) |
| (f.) ഇതിൽ ഏതാൻ നിലം വേറെ കുടിയാന്മാർ നടക്കുന്നതിൽ | ഉപവാക്യം (g.) എന്ന, അതിന്റെ പ്രധാനവാക്യത്തിന്റെ കൎമ്മവിശേഷണം | കുടിയാന്മാർ |
| (g.) രാമൻ, കൊട്ടൻ, അമ്പു ഇവരെക്കൊണ്ടു ഒഴിപ്പിച്ചുവാങ്ങിയിരിക്കുന്നു | സൂചിതോപവാക്യം (i.) എന്നതിൽ 'എന്നു' എന്നതിന്റെ കൎമ്മം; (f.) എന്നതിന്നു പ്രധാനം | താൻ (അന്തഃ:) |
| (h.) അധികമായ് | ഉപവാക്യം (i.) എന്നതിന്റെ ആഖ്യാതവിശേഷണം | അസ്പഷ്ടം |

| ആഖ്യാവിശേഷണങ്ങൾ. | ആഖ്യാതങ്ങൾ. | ആഖ്യാതവിശേഷണങ്ങൾ. | കൎമ്മങ്ങൾ. | കൎമ്മവിശേഷണങ്ങൾ |
|---|---|---|---|---|
| | 1. കൊണ്ടു; 2. നടത്തിച്ചു, 3‘വന്നു’ (കൂട്ടിച്ചേൎത്തമൂന്നാഖ്യാതങ്ങൾ | നിമിത്തം | 1. പ്രതിയെ, 2. നിലം | (d.) |
| വേറെ | നടക്കുന്നതിൽ | | നിലം | ഇതിൽ, ഏതാൻ |
| | 1. കൊണ്ടു, 2. ഒഴിപ്പിച്ചു, വാങ്ങിയിരിക്കുന്നു (കൂട്ടിച്ചേൎത്തആഖ്യാതം | | 1. രാമൻ, കൊട്ടൻ, അന്യ (ഇവരെ, എന്നതിനാൽകൂട്ടിച്ചേൎത്തു) ‘കൊണ്ടു’ 2. ‘നിലം’ (അന്തഃ:) | (f.) ഇതിൽ ഏതാൻ |
| | അധികമായ് | ഉം | | |

| Sentence | Kind of sentence | Subject |
|---|---|---|
| (i.) ennum ennum maṟṟum anyáyakkáran bódhippichchirikkunnu | Principal sentence to (a.) (b.) (c.) (d.) (e.) (f.) (g.) and (h.) | anyáyakkáran |

| Adjuncts of subject | Predicate | Adjuncts of the predicate | Objects | Adjuncts of the object |
|---|---|---|---|---|
| | bódhippichchi-rikkunnu | ennŭ, ennŭ | 1. (*through ennŭ*) the Declaratory dependent sentences (e.) and (g.)<br>2. mar̥r̥um | |

| വാക്യങ്ങൾ. | വാക്യഭേദങ്ങൾ. | ആഖ്യകൾ. |
|---|---|---|
| (i.) എന്നും എന്നും മറ്റും അന്യായക്കാരൻ ബോധിപ്പിച്ചിരിക്കുന്നു. | (a.) (b.) (c.) (d.) (e.) (f.) (g.) (h.) എന്നവറ്റിന്നു പ്രധാനവാക്യം. | അന്യായ[ക്കാരൻ |

| ആഖ്യാവിശേഷണങ്ങൾ. | ആഖ്യാതങ്ങൾ. | ആഖ്യാതവിശേഷണങ്ങൾ. | കൎമ്മങ്ങൾ | കൎമ്മവിശേഷണങ്ങൾ |
|---|---|---|---|---|
| | ബോധിപ്പിച്ചിരിക്കുന്നു. | എന്നു, എന്നു | 1.(e.) (g.) എന്ന സൂചിതവാക്യങ്ങളും, (എന്നു എന്നതിന്റെ മുഖാന്തരം.) 2. മററും | |

# MODEL OF THE ANALYSIS

I. "Nannalla mahadweiram árkkum ennariyénam; van-

| Sentences | Kinds of sentence | Subjects |
| --- | --- | --- |
| (a.) nannalla mahadweiram árkkum | Declaratory dependent sentence, object of 'ennu' in (b.) | mahadweiram |
| (b.) ennarika | Sub-sentence to (c.) and principal sentence to (a.) | ní (understood) |
| (c.) (arika) vénam | Independent sentence principal sentence to (a.) (b.) | (a.) + (b.) |
| (d.) vandyanmáráyulla | Sub-sentence, adjunct of 'avaré' in (e.) | (understood from avaré in (e.) |
| (e.) avaré vandichu kolka | principal sentence to (d.) sub-sentence and subject to (f.) | nám (understood) |
| (f.) (vandyanmáráyullavaré vandichchukolka) vénam | Independent sentence, principal sentence to (d.) (e.) | (d.) + (e.) |

# OF SENTENCES. (POETRY.)

dyanmáráyuḷḷóre vandichu koḷka véṇam."

| Adjuncts of subject | Predicates | Adjuncts of the predicate | Objects | Adjuncts of the object |
|---|---|---|---|---|
| | nannalla | ár̥kkum | | |
| | ennu ar̥ika | | (a.) | |
| | véṇam | | | |
| | vandya-nmáráyuḷḷa | | | |
| | vandichchu koḷka | | avaré | |
| | véṇam | | | |

## വാക്യപരിച്ഛേ

I. "നന്നല്ല മഹദൈരം ആക്കം എന്നറിയേണം;

| വാക്യങ്ങൾ | വാക്യഭേദങ്ങൾ | ആഖ്യകൾ |
|---|---|---|
| (a.) നന്നല്ല മഹദൈരം ആക്കം | സൂചിതോപവാക്യം (b.) ൽ 'എന്നു' എന്നതിന്നു കൎമ്മം | മഹദൈരം |
| (b.) എന്നറിക | (c.) എന്നതിന്നുപവാക്യം; (a.) എന്നതിന്നു പ്രധാനം | നീ (അന്തൎഭ:) |
| (c.) (അറിക) വേണം | സ്വതന്ത്രവാക്യം; (a.) (b.) എന്നവററിന്നു പ്രധാനം | (a. + b.) ം |
| (d.) വന്ദ്യന്മാരായുള്ള | ഉപവാക്യം; (e.) യിലെ 'അവരെ' എന്നതിൻെറ വിശേഷണം | (e.) യിലെ 'അവരെ' എന്നതിൽനിന്നു (അന്തൎഭവിച്ചു) |
| (e.) അവരെ വന്ദിച്ചുകൊൾക | (d.) എന്നതിന്നു പ്രധാനം; (f.) ന്നു ഉപവാക്യവും ആഖ്യയും ആണ | നാം (അന്തൎഭ:) |
| (f.) (വന്ദ്യന്മാരായുള്ളവരെ വന്ദിച്ചുകൊൾക) വേണം | സ്വതന്ത്രവാക്യം; (d.) (e.) എന്നവററിന്നു പ്രധാനം | (d.)+(e.) |

ദ ന രീ തി (പാട്ടു)

വന്ദ്യന്മാരായുള്ളോരെ വന്ദിച്ചു കൊൾകവേണം”

| ആഖ്യാവിശേഷണങ്ങൾ | ആഖ്യാതങ്ങൾ | ആഖ്യാതവിശേഷണങ്ങൾ | കൎമ്മങ്ങൾ | കൎമ്മവിശേഷണങ്ങൾ |
|---|---|---|---|---|
| | നന്നല്ല | ആൎക്കും | | |
| | എന്നു അറിക | | (a.) | |
| | വേണം | | | |
| | വന്ദ്യന്മാരായുള്ള | | | |
| | വന്ദിച്ചു കൊൾക | | അവരെ | |
| | വേണം | | | |

II. "Akkatha swámikkippóḷ

| Sentence | Kind of Sentence | Subject |
|---|---|---|
| (a.) akkatha ippóḷ kéḷkka | Sub-sentence and subject to (b.) | 'swámi' understood from 'swámikku' |
| (b.) swámikku (kéḷkka) vénam | Declaratory dependent sentence, object to 'enkil' in (c.), and principal sentence to (a.) | (a.) |
| (c.) enkil | Sub-sentence and adjunct of the predicate of (e.) | Indefinite |
| (d.) cholka | Sub-sentence and subject to (e.) | ńán (understood) |
| (e.) (choll) m | Principal sentence to (a.) (b.) (c.) (d.) | (d.) |

kéḷkkéṇamenkil chollám".

| Adjuncts of subject | Predicate | Adjuncts of the predicate | Object | Adjuncts of the object |
|---|---|---|---|---|
| | kéḷkka | ippóḷ | akkatha | |
| | véṇam | swámikku | | |
| | enkil | | (a.)+(b.) | |
| | cholka | | | |
| | ám | | | |

II. “അക്കഥ സ്വാമിക്കിപ്പോൾ

| വാക്യങ്ങൾ | വാക്യഭേദങ്ങൾ | ആഖ്യകൾ |
|---|---|---|
| (a.) അക്കഥ ഇപ്പോൾ കേൾക്ക | (b.) എന്നതിന്നു ഉപവാക്യവും ആഖ്യയും ആണ | സ്വാമിക്കു എന്നതിൽ അടങ്ങി വരുന്ന ‘സ്വാമി’ |
| (b.) സ്വാമിക്കു (കേൾക്ക) വേണം | സൂചിതോപവാക്യം<br>(c.) ൽ ‘ഉള്ള’ എങ്കിൽ എന്നതിന്നു കൎമ്മം (a.) എന്നതിന്നു പ്രധാനം | (a.) |
| (c.) എങ്കിൽ | ഉപവാക്യം<br>(e.) എന്നതിന്നു ആഖ്യാതവി: | (അസ്പഷ്ടം) |
| (d.) ചൊൽക | ഉപവാക്യം<br>(e.) എന്നതിന്നു ആഖ്യ | ഞാൻ (അന്തൎഭ:) |
| (e.) (ചൊല്ലു) ആം | (a.) (b.) (c.) (d.) എന്നവററിന്നു പ്രധാനവക്യം | (d.) |

കേൾക്കേണമെങ്കിൽ ചൊല്ലാം"

| ആഖ്യാവിശേഷണങ്ങൾ | ആഖ്യാതങ്ങൾ | ആഖ്യാതവിശേഷണങ്ങൾ | കൎമ്മങ്ങൾ | കൎമ്മവിശേഷണങ്ങൾ |
|---|---|---|---|---|
| | കേൾക്ക | ഇപ്പോൾ | അക്കഥ | |
| | വേണം | സ്വാമികൾ | | |
| | എങ്കിൽ | | (a.)+(b.) | |
| | ചൊൽക | | | |
| | ആം | | | |




1922 g 7657.

c.

A

# CATECHISM

OF

# MALAYALAM GRAMMAR

BY

H. GUNDERT, D. Ph.

REVISED, RE-ARRANGED, ENLARGED AND TRANSLATED

BY

L. GARTHWAITE

വ്യാകരണ

# ചോദ്യോത്തരം

PUBLISHED BY ORDER OF THE
DIRECTOR OF PUBLIC INSTRUCTION

MANGALORE
PRINTED BY PLEBST & STOLZ, BASEL MISSION PRESS
1867

UNIV. BIBL. TÜBINGEN